വാല്യം 2
ഇഷ്യൂ 1
2019

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം





കേരള സർക്കാർ

നിയമ വകുപ്പ് പ്രസിദ്ധീകരണം



# നിയമധ്വനി

## പത്രാധിപ സമിതി

*ചീഫ് എഡിറ്റർ*
**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി

*എഡിറ്റർ*
**എൽ. ശോഭാ നായർ**
അഡീഷണൽ നിയമ സെക്രട്ടറി

*അംഗങ്ങൾ*
**ഗ്രാൻസി. റ്റി. എസ്.**
ജോയിന്റ് സെക്രട്ടറി

**സോണിഷ്. കെ.**
സെക്ഷൻ ആഫീസർ

**ശ്രീരഞ്ജിത്. എം. സി.**
അസിസ്റ്റന്റ് ലീഗൽ ആഫീസർ

**സഞ്ജയ് കുമാർ. വി. കെ**
ലീഗൽ അസിസ്റ്റന്റ്

*പുറംതാൾ രൂപകല്പന*
**രൂപകല്പന വിഭാഗം**
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം-2019

GCPT Graphic designing Section

*വിലാസം*
നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695 001.

*ഫോൺ*
0471-2517064, 0471-2517066



## പ്രസാധക കുറിപ്പ്

മാതൃഭാഷയിലുള്ള ഭരണനിർവ്വഹണം
ജനാധിപത്യ സംവിധാനത്തിൽ
ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ലക്ഷ്യം
കൈവരിക്കുന്നതിനായി സർക്കാർ വിവിധ
കർമ്മ പദ്ധതികൾ നടപ്പിലാക്കി വരികയാണ്.
ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും
ഹൈക്കോടതിയുടേയും വിധിന്യായങ്ങൾ
മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി
പ്രസിദ്ധീകരിക്കുക എന്ന ഉദ്ദേശത്തോടെയാണ്
നിയമ (ഔദ്യാഗിക ഭാഷ- പ്രസിദ്ധീകരണ) സെൽ
രൂപീകരിച്ചിരിക്കുന്നത്. ഈ വകുപ്പിൽ നിന്നും
വിധിന്യായങ്ങളുടെ പരിഭാഷകൾ ഉൾപ്പെടുത്തി
പ്രസിദ്ധീകരിക്കുന്ന '**നിയമധ്വനി**' എന്ന
പ്രസിദ്ധീകരണത്തിനു ദിനംപ്രതി വായനക്കാർ
നൽകുന്ന പ്രോത്സാഹനം പ്രശംസനീയമാണ്.
എല്ലാ മാന്യവായനക്കാർക്കും ഐശ്വര്യപൂർണ്ണമായ
ഓണാശംസകൾ നേർന്നുകൊണ്ട്.

ആശംസകളോടെ ....

**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
19-08-2019

## സുപ്രീം കോടതി വിധിന്യായങ്ങൾ

1. കേന്ദ്രീയ വിദ്യാലയാ സാൻഗതനും മറ്റുള്ളവരും *Vs* റ്റി. ശ്രീനിവാസ്......... 3

2. എം.എ. ആന്റണി *Vs* സ്റ്റേറ്റ് ഓഫ് കേരള ........ 8

3. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് *Vs* വാസിഫ് ഹൈഡറും മറ്റുള്ളവരും ........ 26

4. പ്രകാശ് ചന്ദ് ദാഗാ *Vs* സവേതാ ശർമ്മയും മറ്റുള്ളവരും ........ 34

5. സതീഷ് ചന്ദ്ര രത്തൻലാൽ ഷാ *Vs* ഗുജറാത്ത് സംസ്ഥാനവും മറ്റുള്ളവരും ........ 39

6. ആർ. ലക്ഷ്മികാന്തം *Vs* ദേവരാജി ........ 44

## ഹൈക്കോടതി വിധിന്യായങ്ങൾ

1. കെ. എൻ. രാധകൃഷ്ണൻ *Vs* കേരള സംസ്ഥാനം ........ 51

2. എ. പുരുഷോത്തമനും മറ്റുള്ളവരും *Vs* സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ........... 57

3. കേരള സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റ്സ് അസ്സോസ്സിയേഷനും മറ്റുള്ളവരും *Vs* കേരള സർക്കാരും മറ്റുള്ളവരും ........ 61

4. ഷിബുവും മറ്റുള്ളവരും *Vs* സ്റ്റേറ്റ് ഓഫ് കേരള ........ 72

5. എ. പി. ശ്രീധരി ശിവരാജും മറ്റുള്ളവരും *Vs* അർജ്ജുൻ രാധാകൃഷ്ണനും മറ്റുള്ളവരും ........ 83

GCPT. 5/3304/2019

# സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് എൻ. സന്തോഷ് ഹെഗ്ഡെ

&

### ബഹു. ജസ്റ്റിസ് എസ്. ബി. സിൻഹ

**കേന്ദ്രീയ വിദ്യാലയാ സാൻഗതനും മറ്റുള്ളവരും**

**Vs**

**റ്റി. ശ്രീനിവാസ്**

**സിവിൽ അപ്പീൽ നമ്പർ 4985/2004**

**[പ്രത്യേകാനുമതി ഹർജി (സി) നമ്പർ. 24698/2003-ൽ നിന്നും ഉത്ഭവിച്ചത്]**

**2004 ആഗസ്റ്റ് 5-ന് വിധി പ്രസ്താവിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഒരു കേസിൽ ഉൾപ്പെട്ട ചാർജ്ജുകളിൽ ഒരേ സമയം വകുപ്പുതല നടപടിയും ക്രിമിനൽ വിചാരണയും തുടരാനാകുമോ എന്നതാണ് ഇവിടത്തെ വിഷയം. അച്ചടക്ക നടപടികളിലെ പ്രശ്ന വിഷയം, അയാളെ സർവ്വീസിൽ നിന്നും നീക്കുന്നതിനോ അഥവാ ഒരു കുറഞ്ഞ ശിക്ഷയ്ക്കോ യോഗ്യമാകുന്ന അങ്ങനെയുള്ള പെരുമാറ്റത്തിന് എതിർകക്ഷി കുറ്റക്കാരനാണോ എന്നും ക്രിമിനൽ നടപടികളിലെ പ്രശ്നവിഷയം അയാൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിമിനൽ കുറ്റങ്ങൾ തെളിയിച്ചിട്ടുണ്ടോ എന്നും തെളിയിച്ചിട്ടുണ്ടെങ്കിൽ എന്ത് ശിക്ഷ അയാൾക്ക് മേൽ ചുമത്തണമെന്നുമാണ്. ക്രിമിനൽ നടപടികളിലെ സമീപനവും ഉദ്ദേശ്യവും അച്ചടക്ക നടപടികളും മൊത്തത്തിൽ വിഭിന്നവും വ്യത്യസ്തവുമാണ്. ആകയാൽ ഒരു കേസിൽ ഒരു വകുപ്പുതല അന്വേഷണവും ക്രിമിനൽ വിചാരണയും ഒരേസമയം തുടരാവുന്നതാണ്.

### വിധിന്യായം

**ജസ്റ്റിസ് എൻ. സന്തോഷ് ഹെഗ്ഡെ**

1. കക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനെ കേട്ടു.

2. അനുമതി നൽകി.

3. ഞങ്ങളുടെ മുമ്പാകെയുള്ള അപ്പീലിലെ അപ്പീൽവാദികൾ, ഹൈദരാബാദിലെ ആന്ധ്രാപ്രദേശ് ഹൈക്കോടതി മുമ്പാകെയുള്ള അവരുടെ റിട്ട് ഹർജി തള്ളിയതിൽ സങ്കടപ്പെടുന്നു. ഈ അപ്പീൽ തീർപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

4. ഇവിടത്തെ എതിർകക്ഷി ആദ്യ അപ്പീൽവാദിയോടൊപ്പം വിശാഖപട്ടണത്ത് അപ്പർ ഡിവിഷൻ ക്ലാർക്കായി ജോലി ചെയ്ത് വരവെ സി.ബി.ഐ. ഒരു കെണിയിൽ പെടുത്തിയശേഷം അറസ്റ്റ് ചെയ്യുകയും അഴിമതി നിരോധന ആക്റ്റിലെ 7-ാം വകുപ്പ് 13 (i) (ഡി) വകുപ്പുമായി കൂട്ടിവായിച്ചപ്രകാരം

ശിക്ഷിക്കാവുന്ന കുറ്റത്തിന് ചാർജ്ജ് ചെയ്യുകയും ഇത് സംബന്ധിച്ച ഒരു കേസ് ക്ഷമതയുള്ള കോടതി മുമ്പാകെ തീർപ്പാകാതെ വിചാരണയിലുമാണ്. പ്രസ്തുത വിചാരണ നിലനിൽക്കുന്ന സമയത്ത്, എതിർകക്ഷി ക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിക്കുന്നതിന് അപ്പീൽവാദികൾ തീരുമാനി ക്കുകയും മൂന്ന് കുറ്റങ്ങൾ ചുമത്തിക്കൊണ്ട് ഒരു ചാർജ്ജ് മെമ്മോ എതിർകക്ഷിക്ക് കൊടുക്കുകയും ചെയ്തു. ചാർജ്ജ് മെമ്മോയിലെ ആദ്യ ഭാഗത്ത്, എതിർകക്ഷി ക്കുള്ള ആരോപണമായി പരാമർശി ച്ചിരിക്കുന്നത്, 3 1 (1) (i) ചട്ടം ലംഘിച്ചുകൊണ്ട് എതിർകക്ഷി 200 രൂപ കൈക്കൂലി വാങ്ങി എന്നതാണ്. പ്രസ്തുത ചാർജ്ജ് മെമ്മോയിലെ II-ാം ഭാഗത്ത്, ചുമതലയോടുള്ള സത്യസന്ധമായ കൂറ് പൂർണ്ണമായും നിലനിർത്താത്തതും, 1964-ലെ സിസിഎസ് (കോൺടക്ട്) ചട്ടങ്ങളിലെ 3 1 (i)-ഉം (ii)-ഉം (iii)-ഉം ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഒരു ജീവനക്കാരനല്ലാതാകുന്ന ഒരു വഴിയിൽ പ്രവർത്തിക്കുന്ന അപ്പീൽവാദികളുടെ സ്വഭാവത്തെ പരാമർശിച്ചിരിക്കുന്നതും പ്രസ്തുത ചാർജ്ജ് മെമ്മോയിലെ III-ാം ഭാഗത്ത്, എതിർകക്ഷി, അയാൾ 2002 സെപ്റ്റംബർ 16-ന് പോലീസ് കസ്റ്റഡി യിലായിരുന്നു എന്ന വസ്തുത മറച്ചുവച്ചു വെന്നും ആയത് അപ്പീൽവാദികൾ പറയുന്നതനുസരിച്ച്, 1964-ലെ സിസിഎസ് (കോൺടക്ട്) ചട്ടങ്ങളിലെ 3 1 (i)-ഉം (ii)-ഉം (iii)-ഉം ചട്ടങ്ങൾ വീണ്ടും ലംഘിച്ചുകൊണ്ടുള്ള ഒരു പെരുമാറ്റദൂഷ്യം ആണെന്നും പരാമർശിച്ചിരിക്കുന്നു.

5. ഇവിടത്തെ എതിർകക്ഷി, സമാന വസ്തുതകളിൽ ഒരു ക്രിമിനൽ കേസ് അയാൾക്കെതിരെ ക്ഷമതയുള്ള ഒരു കോടതി മുമ്പാകെ തീർപ്പാക്കാതെ നിലനിൽക്കുമ്പോൾ ഒരു വകുപ്പുതല അന്വേഷണം നടത്തുന്നതിനുള്ള അപ്പീൽവാദികളുടെ പ്രസ്തുത തീരുമാനത്തെ ചോദ്യം ചെയ്തു. ഹൈദരാബാദിലെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഹൈദരാബാദ് ബഞ്ച് മുമ്പാകെയാണ് ഇത് ചോദ്യം ചെയ്യപ്പെട്ടത്. ചാർജ്ജ് മെമ്മോയിലെ ആദ്യ രണ്ട് ഭാഗങ്ങളും, അഴിമതി നിരോധന ആക്റ്റിലെ വ്യവസ്ഥ കളിൻകീഴിൽ പ്രത്യേക കോടതി മുമ്പാകെ ഹർജിക്കക്ഷിക്കെതിരെ ചാർജ്ജ് ചെയ്തിരുന്ന കുറ്റവും അനന്യമാകുന്നതും ചാർജ്ജ് മെമ്മോയിലെ മൂന്നാം ഭാഗം വിചാരണയിലെ ഒരു വിഷയവസ്തുവാകുന്നില്ലായെങ്കിലും 1-ഉം 2-ഉം ചാർജ്ജുകളോട് ബന്ധപ്പെടുത്തിയ ഒരു ചാർജ്ജാകുന്നു എന്നും ഉള്ള നിഗമനത്തിൽ എത്തിച്ചേരുകയും, ആയതിനാൽ എതിർ കക്ഷിയുടെ അപേക്ഷ അനുവദിച്ചുകൊണ്ടും, അപേക്ഷകൻ, തീർപ്പാകാതെ ഇരിക്കുന്ന ക്രിമിനൽ വിചാരണയിൽ അയാളുടെ ന്യായീകരണം വിശദമാക്കുന്നതുവരെ ചാർജ്ജ് മെമ്മോയെ തുടർന്നുള്ള നടപടികളെല്ലാം നിർത്തിവയ്ക്കണമെന്ന് ട്രിബ്യൂണൽ അതിന്റെ 2-7-2003-ലെ ഉത്തരവിനാൽ അപ്പീൽവാദിയോട് നിർദ്ദേശിച്ചു. എന്നിരുന്നാലും, എതിർകക്ഷി, ന്യായീകരണം വിശദമാക്കിയശേഷം അച്ചടക്കനടപടികളുമായി മുന്നോട്ടുപോകാൻ അത് അനുമതി നൽകി, ആയത്, ക്രിമിനൽ കോടതി മുമ്പാകെയുള്ള വിചാരണ തീർപ്പാകുന്നതുവരെ അച്ചടക്ക നടപടികൾ ഏറെക്കുറെ നിർത്തിവയ്ക്കുന്നതായ ഫലം ഉളവാക്കുന്നതായി അർത്ഥമാകും.

6. ട്രിബ്യൂണലിന്റെ പ്രസ്തുത ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ട്, മേൽപ്രസ്താവിച്ചപോലെ, ഇവിടത്തെ അപ്പീൽവാദികൾ ഹൈക്കോടതി, മുമ്പാകെ റിട്ട് ഹർജി സമർപ്പിച്ചു. ഹൈക്കോടതി, ചോദ്യം ചെയ്യപ്പെട്ട ഉത്തരവിനാൽ, ക്രിമിനൽ വിചാരണ കഴിയുന്നതുവരെ അച്ചടക്ക നടപടികൾ നിർത്തിവയ്ക്കണമെന്നതിൽ ട്രിബ്യൂണലുമായി യോജിക്കുകയും, കുറഞ്ഞപക്ഷം 3-ാം നമ്പർ ചാർജ്ജ്

സംബന്ധിച്ച് ആയത് 1-ഉം 2-ഉം ചാർജ്ജുകളിൽ നിന്നും സ്വതന്ത്രമായതിനാൽ, വകുപ്പുതല അന്വേഷണം തുടരാൻ അതിനെ അനുവദിക്കണമെന്ന അപ്പീൽവാദിയുടെ അപേക്ഷ 3-ാം നമ്പർ ചാർജ്ജ് മറ്റു രണ്ട് ചാർജ്ജുകളും തമ്മിൽ ബന്ധപ്പെട്ടതാണെന്ന കാരണത്താൽ നിരസിക്കുകയും ചെയ്തു. ട്രിബ്യൂണലിന്റെ ഉത്തരവ് ശരിവച്ചുകൊണ്ടുള്ള പ്രസ്തുത ഹൈക്കോടതിയുടെ ഉത്തരവിനെ തിരെയാണ് ഇവിടത്തെ അപ്പീലിൽ അപ്പീൽ വാദികൾ ഞങ്ങളുടെ മുമ്പാകെയുള്ളത്.

7. ഒരു ക്രിമിനൽ വിചാരണ നിലനിൽക്കുന്നു എന്ന കാരണത്താൽ മാത്രം, ക്രിമിനൽ നടപടികളിൽ ഉൾപ്പെട്ടിട്ടുള്ള അതേ ചാർജ്ജുകൾ ഉൾക്കൊള്ളുന്ന ഒരു വകുപ്പുതല അന്വേഷണം വിലക്കിയിട്ടുള്ളതോ അഥവാ ആരംഭിക്കാൻ കഴിയാത്തതോ അല്ല എന്നത് ഇപ്പോൾ നിയമത്തിലെ സുസ്ഥാപിത തത്വമാണെന്നും മറ്റുവിധത്തിൽ വിധിച്ചതിൽ കീഴ്ക്കോടതികൾക്ക് പിശക് പറ്റിയിട്ടുണ്ടെന്നും അപ്പീൽവാദികൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ. രാകേഷ് കെ. ഖന്ന ബോധിപ്പിച്ചു. കുറഞ്ഞത് 3-ാം നമ്പർ ചാർജ്ജ്, വിചാരണയിലെ വിഷയവസ്തു അല്ലാത്തതും, ആയതിൽ വകുപ്പുതല അന്വേഷണം തുടരുന്നതിന് വകുപ്പിനെ അനുവദിക്കേണ്ടതുമായിരുന്നു എന്നുകൂടി അദ്ദേഹം ബോധിപ്പിച്ചു. അയാളുടെ തർക്കത്തെ പിന്തുണച്ചുകൊണ്ട്, ഈ കോടതിയുടെ **സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ** Vs **ബി.കെ. മീനയും മറ്റുള്ളവരും** [മനു/എസ്സി/0008/1997: (1997) 1 എൽഎൽജെ 746 എസ്സി,] കൂടാതെ, **ക്യാപ്റ്റൻ എം.പോൾ ആന്റണി** Vs **ഭാരത് ഗോൾഡ് മൈൻസ് ലിമിറ്റഡും മറ്റൊരാളും** [മനു/എസ് സി/0225/1999: (1999) 1 എൽഎൽജെ 1094 എസ് സി] എന്നീ കേസുകളിലെ രണ്ട് വിധിന്യായങ്ങൾ വിദ്വാനായ അഭിഭാഷകൻ അവലംബിച്ചു.

8. ക്രിമിനൽ കോടതി മുമ്പാകെയും വകുപ്പുതല അന്വേഷണ സമിതിക്ക് മുമ്പാകെയുമുള്ള ചാർജ്ജുകൾ അനന്യമായതിനാൽ അപ്പീൽവാദികളുടെ എതിർവാദത്തിന് ഭംഗം വരുത്തുന്ന സമാന്തര നടപടികൾ അപ്പീൽവാദികൾക്ക് അനുവദിക്കാൻ കഴിയില്ല എന്ന് എതിർകക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ ശ്രീ. പി.എസ്. നരസിംഹ തർക്കിച്ചു. വകുപ്പുതല അന്വേഷണത്തിൽ അവലംബിക്കുന്ന അതേ വസ്തുതകളും ഘടകങ്ങളും തന്നെ ക്രിമിനൽ കോടതി മുമ്പാകെയുള്ള പ്രോസിക്യൂഷൻ നടപടികൾക്കും അവലംബിക്കും എതിനാൽ, അയാളുടെ ന്യായീകരണം മുൻകൂട്ടി വെളിപ്പെടുത്തുതിന് എതിർകക്ഷി നിർബന്ധിതനാകുന്നതും ആയത് ക്രിമിനൽ കോടതി മുമ്പാകെയുള്ള അയാളുടെ കേസിന് ഗുരുതരമായ ഭംഗം വരുത്തും എന്ന് അയാൾ ബോധിപ്പിച്ചു. വിദ്വാനായ അഭിഭാഷകൻ അതേ വിധിന്യായങ്ങൾ തന്നെ അവലംബിച്ചു. അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകനും അയാളുടെ തർക്കത്തെ പിന്തുണച്ചുകൊണ്ട് ആയതിൽ തന്നെ അവലംബിക്കുകയും ആയതിന്റെ പരാമർശം ഇവിടെ മേൽ പറഞ്ഞ പ്രകാരം കൊടുത്തിട്ടുണ്ട്.

9. **എം. പോൾ ആന്റണിയുടെ കേസിന്റെ** (മുകളിലെ) ഒരു വായന, ഒരു ക്രിമിനൽ കേസിലെ നടപടികളും വകുപ്പുതല നടപടികളും ഒരേസമയം നടത്തുതിന് സാധിക്കും എന്ന അടിസ്ഥാനതത്വത്തിൽ ജൂഡീഷ്യൽ അഭിപ്രായ സമന്വയം ഉള്ളതായി ഇവിടെ ശ്രദ്ധിച്ചു, എന്നിരുന്നാലും, ചില വ്യത്യസ്തതകൾ പ്രസ്തുത അടിസ്ഥാന തത്വത്തിൽ രൂപപ്പെടുന്നതായി ഈ കോടതി ശ്രദ്ധിച്ചു.

10. **സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ** Vs **ബി. കെ. മീനയും മറ്റുള്ളവരും (മുകളിലെ)-ൽ ഈ കോടതി വിധിച്ചു:**

"അച്ചടക്കനടപടികൾ നിർത്തി വയ്ക്കുന്നതിന് വേണ്ടിയുള്ള ഒരു സാധുവായ കാരണം രൂപപ്പെടുന്നതായി സുപ്രീംകോടതിയുടെ തീർപ്പുകളിൽ നിർദ്ദേശിക്കപ്പെട്ട ഒരേ ഒരു കാരണം 'ക്രിമിനൽ കേസിൽ ജീവനക്കാരന്റെ ന്യായീകരണത്തിന് ഭംഗം വരരുത് എന്നതാണ്.'. എന്നിരുന്നാലും, വസ്തുതാപരവും നിയമപരവുമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഗുരുതരസ്വഭാവമുള്ള കേസുകളിൽ ഇത് ചെയ്യാമെന്ന് കൂടുതലായി വ്യവസ്ഥ ചെയ്തു കൊണ്ട് ഈ കാരണത്തിന് വേലി കെട്ടിയടച്ചു. ചാർജ്ജുകൾ ഗുരുതരമായവ മാത്രമല്ല, കേസ് സങ്കീർണ്ണമായ നിയമപരവും വസ്തുതാപരവുമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുതുകൂടിയാകണമെന്ന് ഇത് അർത്ഥമാക്കുന്നു. **കൂടാതെ, ഓരോ കേസിലും, അതതുസംഗതിപോലെ, വകുപ്പുതല അന്വേഷണം നിർത്തി വയ്ക്കുന്നതിന്റെ 'ഹിതം', 'അഭിലഷണീയത' അഥവാ 'ഔചിത്യ ബോധം' എന്നിവ ആ കേസിലെ എല്ലാ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് തീരുമാനിക്കേണ്ടതാണ്. അച്ചടക്കനടപടികൾ നിർത്തി വയ്ക്കുന്നത് പതിവ് പോലെയുള്ള ഒന്ന് ആകാൻ സാധിക്കാത്തതും പാടില്ലാത്തതുമാണ്. അനുകൂലവും പ്രതികൂലവുമായ എല്ലാ പ്രസക്ത ഘടകങ്ങളും വിവേചിക്കേണ്ടതും സുപ്രീംകോടതിയുടെ തീർപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ തത്വങ്ങളുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനം എടുക്കേണ്ടതുമാണ്."**

(ഊന്നൽ നൽകുന്നു)

11. മേൽപ്പറഞ്ഞതിൽ നിന്നും, ഓരോ കേസിലും ഒരു വകുപ്പുതല അന്വേഷണത്തെ സംബന്ധിച്ച്, അതത് സംഗതിപോലെ, ഹിതം, അഭിലഷണീയത അഥവാ ഔചിത്യബോധം എന്നിവ ആ കേസിലെ എല്ലാ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് തീരുമാനിക്കേണ്ടതാണെന്ന് വ്യക്തമാണ്. അച്ചടക്കനടപടികൾ നിർത്തിവയ്ക്കുന്നത് പതിവ് പോലെയുള്ള ഒന്ന് ആകാൻ സാധിക്കാത്തതും പാടില്ലാത്തതുമാണ് എന്ന് കൂടി ഈ വിധിന്യായത്തിൽ പ്രതിപാദിക്കുന്നു.

12. നിലവിലെ കേസിൽ, ട്രിബ്യൂണലിന്റെ ഉത്തരവിൽ നിന്നും, അതുകൂടാതെ ചോദ്യം ചെയ്യപ്പെട്ട ഹൈക്കോടതി ഉത്തരവിൽ നിന്നും താഴത്തെ രണ്ട് ഫാറങ്ങളും വകുപ്പുതല നടപടികൾ നിർത്തിവയ്ക്കുന്നതിന് അവരെ പ്രേരിപ്പിച്ച കേസിലെ പ്രത്യേക വസ്തുതകൾ പരിഗണിച്ചതായി ഞങ്ങൾ കാണുന്നില്ല. നേരെമറിച്ച്, ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ ചൂണ്ടിക്കാണിക്കുന്നത് എല്ലാ കേസിലും ഒരു വകുപ്പുതല അന്വേഷണം, അതേ പെരുമാറ്റദൂഷ്യം സംബന്ധിച്ച് ഒരു ക്രിമിനൽ വിചാരണ നിലവിലുള്ളിടത്ത് നിർത്തി വയ്ക്കേണ്ടതായിരുന്നു എന്നപോലെ ട്രിബ്യൂണലും ഹൈക്കോടതിയും മുന്നോട്ടുപോയി എന്നാണ്. നിയമവിരുദ്ധമായി കൈക്കൂലി വാങ്ങിയത് സംബന്ധിച്ചുള്ള ചാർജ്ജിന്റെ ഗുരുതര സ്വഭാവവും അങ്ങനെയുള്ള ഗൗരവമേറിയ ചാർജ്ജുകൾ അയാൾക്കെതിരെ ചുമത്തിയിട്ടും അപ്പീൽവാദി സർവ്വീസിൽ തുടരുന്നതിന്റെ അഭിലഷണീയതയും ട്രിബ്യൂണലോ ഹൈക്കോടതിയോ പരിഗണിച്ചില്ല. പ്രസ്തുത സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ (മുകളിലെ) കേസിൽ, ക്രിമിനൽ നടപടികളിലെ സമീപനവും ഉദ്ദേശ്യവും അച്ചടക്ക നടപടികളും മൊത്തത്തിൽ വിഭിന്നവും വ്യത്യസ്തവുമാണെന്ന് ഈ കോടതി കൂടുതലായി നിരീക്ഷിച്ചിട്ടുണ്ട്. അച്ചടക്ക നടപടികളിലെ പ്രശ്നവിഷയം അയാളെ, അതത് സംഗതിപോലെ, സർവ്വീസിൽ നിന്നും നീക്കുന്നതിനോ അഥവാ ഒരു കുറഞ്ഞ ശിക്ഷയ്ക്കോ യോഗ്യമാകുന്ന അങ്ങനെയുള്ള പെരുമാറ്റത്തിന് എതിർകക്ഷി കുറ്റക്കാരനാണോ

എന്നാകുന്നതും, എന്നാൽ ക്രിമിനൽ നടപടികളിലെ പ്രശ്നവിഷയം അയാൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിമിനൽ കുറ്റങ്ങൾ തെളിയിച്ചിട്ടുണ്ടോ എന്നും തെളിയിച്ചിട്ടുണ്ടെങ്കിൽ എന്ത് ശിക്ഷ അയാൾക്ക് മേൽ ചുമത്തണമെന്നുമാണെന്ന് വിധിച്ചു. മേൽപറഞ്ഞ കേസിൽ, തെളിവിന്റെ നിലവാരം, അന്വേഷണത്തിന്റെ രീതിയും അന്വേഷണവും വിചാരണയും നിയന്ത്രിക്കുന്ന ചട്ടങ്ങളും ഇരുകേസിലും വിഭിന്നവും വ്യത്യസ്തവുമാണെന്ന് കൂടുതലായി നിരീക്ഷിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് ഓഫ് രാജസ്ഥാന്റെ കേസിൽ, വസ്തുതകൾ ഈ കേസിലെ വസ്തുതകളുമായി ഏറെക്കുറെ സമാനമായതായി കാണുന്നതും, അച്ചടക്ക നടപടികൾ നിർത്തിവച്ചതിൽ ട്രിബ്യൂണലിന് വീഴ്ച സംഭവിച്ചു എന്നും വിധിച്ചു.

13. ഈ കോടതി പ്രതിപാദിച്ച മേൽ നിയമത്തിന്റെ തോത് നിലവിലെ കേസിന്റെ വസ്തുതയിൽ അനുയോജ്യമായി ബാധകമാകുന്നു എന്ന് ഞങ്ങൾ കരുതുന്നു. **ക്യാപ്റ്റൻ എം. പോൾ ആന്റണി കേസിൽ** (മുകളിലെ) ഈ കോടതി രാജസ്ഥാൻ കേസിൽ (മുകളിലെ) പ്രതിപാദിച്ച തത്വം അംഗീകരിച്ചതായി കൂടി നിരീക്ഷിക്കുന്നു.

14. മേൽപ്പറഞ്ഞതുപോലെ, നിലവിലെ കേസിൽ, ഒരു വകുപ്പുതല അന്വേഷണവും ഒരു ക്രിമിനൽ വിചാരണയും ഒരേസമയം തുടരാൻ കഴിയില്ല എന്ന പോലെ ട്രിബ്യൂണലും ഹൈക്കോടതിയും രണ്ടും മുന്നോട്ടു പോകുകയും ആയതിനാൽ അവർ വകുപ്പുതല അന്വേഷണം നിർത്തിവയ്ക്കുകയും, ആയത്, അതുകൊണ്ടുതന്നെ, ഞങ്ങളുടെ അഭിപ്രായത്തിൽ, മേൽ ഉദ്ധരിച്ച കേസുകളിൽ പ്രതിപാദിച്ചിട്ടുള്ള തത്വങ്ങൾക്ക് എതിരുമാണ്.

15. ട്രിബ്യൂണലും ഹൈക്കോടതിയും, രണ്ടും, ഈ കേസിലെ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കാതെ, എല്ലാ കേസിലും ഒരേ ചാർജ്ജുകളിൽ ഒരു ക്രിമിനൽ വിചാരണയുള്ളിടത്ത് അച്ചടക്കനടപടികൾ നിർത്തിവയ്ക്കേണ്ടത് തീർച്ചയായും വേണമെന്നപോലെ മുന്നോട്ടുപോകുകയും ഒരു തെറ്റായ നിയമ തത്വത്തിൻമേൽ മുന്നോട്ടു പോകുകയും ചെയ്തു എന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നതും, ഇതിന്റെ പശ്ചാത്തലത്തിൽ, അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകൻ ബദലായി തർക്കിച്ചതുപോലെ, ഏറ്റവും കുറഞ്ഞത്, 3-ാം നമ്പർ ചാർജ്ജെങ്കിലും വകുപ്പുതല അന്വേഷണത്തിൽ തീരുമാനിക്കാൻ അനുവദിക്കണമോ എന്ന രണ്ടാമത്തെ പ്രശ്നവിഷയത്തിലേക്ക് ഞങ്ങൾക്ക് കടക്കേണ്ട ആവശ്യമില്ല.

16. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ, ഈ അപ്പീൽ വിജയിക്കുന്നു. ട്രിബ്യൂണലിന്റെയും ഹൈക്കോടതിയുടെയും ചോദ്യംചെയ്യപ്പെട്ട ഉത്തരവുകൾ അസ്ഥിരപ്പെടുത്തുന്നു. അപ്പീൽ അനുവദിച്ചു.

# ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ഡോ. അരിജിത് പസായത്ത്**

**&**

**ബഹു. ജസ്റ്റിസ് എൽ. എസ്. പാന്ത**

**ക്രിമിനൽ അപ്പീൽ നമ്പർ 811/2009**

**[പ്രത്യേകാനുമതി ഹർജി (ക്രിമിനൽ) നമ്പർ 5624/2006-ൽ നിന്നും ഉത്ഭവിച്ചത്]**

**എം. എ. ആന്റണി**

**Vs**

**സ്റ്റേറ്റ് ഓഫ് കേരള**

**2009 ഏപ്രിൽ 4-ന് വിധി പ്രസ്താവിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

വധശിക്ഷയിലെ സാഹചര്യ തെളിവ് എന്താണ്-സംഭവസമയം മുതൽ അടുത്ത പ്രഭാതം വരെ പ്രതി സന്നിഹിതനായിരുന്നു, കൂടാതെ ആ വേളയിൽ അയാളുടെ വീട്ടിൽ അയാൾ ഉണ്ടായിരുന്നതുമില്ല. കൂടാതെ ഇൻഡ്യൻ തെളിവ് ആക്റ്റിലെ 27-ാം വകുപ്പ് പ്രകാരം സംഭവസ്ഥലത്തുനിന്നും അയാളുടെ വസ്ത്രങ്ങൾ വീണ്ടെടുക്കുകയും ചെയ്തു. വിചാരണക്കോടതിയും ഹൈക്കോടതിയും ഇപ്രകാരം തെളിയിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിയെ ശിക്ഷിച്ചു. സാഹചര്യങ്ങളുടെ ഒരു പരമ്പരയുടെ അടിസ്ഥാനത്തിൽ ഇടപെടേണ്ട ആവശ്യമില്ല. ജാമ്യത്തിലായിരുന്ന സമയത്ത് സ്വതന്ത്രമായും സ്വമേധയാലും പ്രതി നടത്തിയ കുറ്റസമ്മത പ്രസ്താവന നിരസിക്കാൻ കഴിയില്ല. പരിക്കുകൾ രേഖപ്പെടുത്തുമ്പോൾ കോടതിക്ക് പുറത്ത് നടത്തിയ കുറ്റസമ്മതം ഡോക്ടർ രേഖപ്പെടുത്തി. കീഴ്ക്കോടതികൾ ഡോക്ടറുടെ മൊഴി ഒരു സ്വതന്ത്ര സാക്ഷിയുടേതെന്ന പോലെ സ്വീകരിച്ചു. കോടതിക്ക് പുറത്ത് കുറ്റസമ്മതം നടത്തിയതായി അപ്രകാരം രേഖപ്പെടുത്തിയ തെളിവ് വിശ്വസിക്കത്തക്കതാണ്. (വിധി ന്യായം ജസ്റ്റിസ് അരിജിത് പസായത്ത്.

1. അനുമതി നൽകി.

2. ഈ അപ്പീലിൽ, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ (ചുരുക്കത്തിൽ 'ഐപിസി') 449, 379, 380, 302-ഉം 201-ഉം വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് അപ്പീൽവാദിയെ ശിക്ഷിച്ചത് ശരിവച്ചുകൊണ്ടുള്ള കേരള ഹൈക്കോടതിയുടെ ഒരു ഡിവിഷൻ

ബഞ്ചിന്റെ വിധിന്യായത്തെ ചോദ്യം ചെയ്യുന്നു. അപ്പീൽവാദിക്ക്, ഐപിസി 302-ാം വകുപ്പുമായി ബന്ധപ്പെട്ട കുറ്റത്തിന് മരണശിക്ഷയും യഥാക്രമം ജീവപര്യന്ത തടവും 7 വർഷം തടവും 449, 380-ഉം 201-ഉം വകുപ്പുകളുമായി ബന്ധപ്പെട്ട കുറ്റത്തിന് 7 വർഷത്തെ തടവും നൽകി. ഐപിസി 379-ാം വകുപ്പുമായി ബന്ധപ്പെട്ട കുറ്റത്തിന് യാതൊരു പ്രത്യേക ശിക്ഷയും ചുമത്തിയിരുന്നില്ല. മരണശിക്ഷയുടെ സ്ഥിരീകരണത്തിന് വേണ്ടി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (ചുരുക്കത്തിൽ 'സംഹിത') 366 (1)-ാം വകുപ്പ് പ്രകാരം ഹൈക്കോടതിയിലേക്ക് റഫറൻസ് നൽകി. അപ്പീൽവാദി ഒരു അപ്പീൽ കൂടി ബോധിപ്പിക്കുകയും ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്താൽ മരണശിക്ഷ റഫറൻസും ക്രിമിനൽ അപ്പീലും രണ്ടും തീർപ്പാക്കുകയും ചെയ്തു.

3. അപ്പീൽ വാദിക്കെതിരായ കുറ്റാരോപണങ്ങൾ സാരാംശത്തിൽ താഴെ പറയും പ്രകാരമാണ്:

2001 ജനുവരി 6-നും 7-നും ഇടയ്ക്കുള്ള രാത്രി കേരള സംസ്ഥാനത്തെ എറണാകുളം ജില്ലയിലെ ആലുവ മുൻസിപ്പൽ ടൗണിലെ അന്തേവാസികൾ ഗാഢനിദ്രയിലായിരുന്നപ്പോൾ, ടൗണിന്റെ മധ്യ ഭാഗത്തായി സ്ഥിതിചെയ്യുന്ന മാഞ്ഞൂരാൻ ഹൗസ് ദാരുണമായ കുറ്റകൃത്യത്തിന്റെ രംഗഭൂമിയായി മാറി. മാഞ്ഞൂരാൻ ഹൗസിലെ ഒരു കുടുംബത്തിലെ ആറംഗങ്ങൾക്ക് മൂന്നു മണിക്കുറുകൾക്കുള്ളിൽ അവരുടെ ജീവൻ നഷ്ടപ്പെട്ടു, ആന്റണി അഥവാ ആന്റപ്പൻ, ഇവിടത്തെ അപ്പീൽ വാദി, വിദേശത്ത് ജോലിയുടെ അന്വേഷണത്തിൽ, ആയതിന് അയാൾക്ക് പണം ആവശ്യമായിരുന്നു, എന്നാൽ മാഞ്ഞൂരാൻ കുടുംബാംഗങ്ങൾ കൊടുക്കാൻ വിസമ്മതിച്ചു, അതിനാൽ, പ്രോസിക്യൂഷന്റെ വിവരണം പ്രകാരം, കത്തിയും കോടാലിയും ഉപയോഗിച്ചു കൊണ്ടും വൈദ്യുതാഘാതമേൽപ്പിച്ചും അമർത്തിയും 6-1-2001 രാത്രി ഏകദേശം 10 മണിയോടെ കൊച്ചുറാണിയേയും ക്ലാരയേയും പാതിരാത്രിയിൽ അഗസ്റ്റിനെയും അയാളുടെ ഭാര്യ മേരിയേയും അവരുടെ കുട്ടികളായ ദിവ്യയേയും ജെസ് മോനേയും കൊലചെയ്തു. രാത്രി 10 മണിക്ക് പൂർണ്ണ ഓജസ്സോടെയിരുന്ന മാഞ്ഞൂരാൻ ഹൗസ് പാതിരാ മണിയോടെ ഒരു ശ്മശാന ഭൂമിയായി മാറി. അപ്പീൽവാദി, കൊച്ചുറാണിയേയും ക്ലാരയേയും കൊലപ്പെടുത്തിയശേഷം, ഒരു സിനിമ കാണാനായി പോയ കുടുംബത്തിലെ മറ്റു നാലംഗങ്ങളുടെ വരവിനായി കാത്തുനിന്നു എന്ന് പറയപ്പെടുന്നു. അവരെത്തിച്ചേർന്നതും അയാൾ അവരെ ശവങ്ങളാക്കി. അവരെ കൊല്ലാനായി അവരുടെ വരവിനായി അയാൾ കാത്തുനിന്നത്, അവർ സിനിമ കാണാൻ പോയപ്പോൾ അയാൾ വീട്ടിലുണ്ടായിരുന്നതിനാൽ, അയാൾ നേരത്തെ നടത്തിയ രണ്ട് കൊലപാതകങ്ങൾക്കും അവർ അയാളെ സംശയിക്കും എന്നയാൾക്ക് അറിയാമായിരുന്നതിനാലാണ്. ഈ കൊലപാതകങ്ങളെല്ലാം ആസൂത്രിതമായും കൃത്യതയോടും നടത്തിയതും, അയാൾ സംഭവസ്ഥലത്ത് നിന്നും പോകുന്നതിന് മുമ്പ്, അവരിൽ ജീവന്റെ അല്പാംശം പോലും ശേഷിച്ചിട്ടില്ല എന്ന് അപ്പീൽവാദി ഉറപ്പ് വരുത്തുകയും ചെയ്തു എന്ന് പ്രോസിക്യൂഷൻ ആരോപിച്ചു. കൊലപാതകങ്ങളുടെ വിചാരണയ്ക്ക് വച്ചപ്പോൾ, അപ്പീൽവാദി, എന്നിട്ടും നിരപരാധിയാണെന്ന് വാദിക്കുകയും വിചാരണ ആവശ്യപ്പെടുകയും ചെയ്തു.

4. വിചാരണ കോടതി മേൽ നിരീക്ഷിച്ചതുപോലെ പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തി.

5. നിയമം താഴെ പറയുന്ന രീതിയിൽ പ്രവർത്തനം ആരംഭിച്ചു:-

6. ജോസഫ് അഥവാ രാജൻ, അയാളുടെ അളിയൻ അഗസ്റ്റിൻ അഥവാ ബേബി, സഹോദരി മേരി അഥവാ ബേബി മക്കളായ ദിവ്യമോൾ, ജെസ്മോൻ, അളിയന്റെ പെങ്ങൾ റാണി (കൊച്ചുറാണി) യും അമ്മ റാഫേലുമൊത്ത് കുടുംബമായി മാഞ്ഞൂരാൻ ഹൗസിൽ താമസിച്ചു വരുന്നതും 6-1-2001 6 പി.എം.-നും 7-1-2001 10 പി.എം.-നും ഇടയ്ക്കുള്ള ഒരു സമയത്ത് ആരോ അയാളുടെ സഹോദരിയേയും അളിയനെയും മക്കളേയും കൊലപ്പെടുത്തിയതായി എറണാകുളം ജില്ലയിലെ ആലുവ പോലീസ് സ്റ്റേഷനിൽ 7-1-2001 രാത്രി 11.30-ന് അറിയിച്ചു. അയാൾ ഇക്കാര്യത്തിൽ നടപടി എടുക്കണമെന്നാവശ്യപ്പെട്ടു. പ്രഥമ വിവരത്തിൽ എഗ്സിബിറ്റ് പി1 പോലീസ് സബ് ഇൻസ്പെക്ടർ എൻ. പി. ജോൺ രേഖപ്പെടുത്തി. വിവരം നൽകിയ ജോസഫ്, അയാളുടെ സഹോദരി മേരി, അളിയൻ അഗസ്റ്റിൻ അവരുടെ കുട്ടികളായ ദിവ്യമോൾ, ജെസ്മോൻ എന്നിവരെ ആലുവയിലെ അവരുടെ വസതിയിൽ വച്ച് ആരോ കൊലപ്പെടുത്തിയ വിവരം നൽകാൻ വന്നതാണെന്ന് പറഞ്ഞു. അയാൾ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടയാളും അയാളുടെ അച്ഛനോടും അമ്മയോടും ഭാര്യയോടും കുട്ടികളോടുമൊപ്പം താമസിക്കുകയുമാണ്. അയാൾ അവിടെ ഒരു സ്റ്റേഷനറി കട നടത്തുന്നു എന്നും അയാളുടെ സഹോദരി മേരിയെ മാഞ്ഞൂരാൻ ഹൗസിലെ അഗസ്റ്റിന് വിവാഹം ചെയ്തുകൊടുത്തു എന്നും അയാൾ പറഞ്ഞു. അയാളുടെ അളിയൻ ആലുവയിൽ ഒരു ഹാർഡ് വെയർ ഷോപ്പ് നടത്തുന്നു. കുട്ടികൾ രണ്ട് പേരും സ്കൂളിൽ പഠിക്കുന്നു. 6-1-2001-ന് അയാളുടെ സഹോദരി അയാളുടെ അച്ഛന് അസുഖമായതിനാൽ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് വീട്ടിൽ വന്നു. അയാളുടെ ഭാര്യ അവരുടെ വീട്ടിലേക്ക് പോയതിനാൽ അവരോടൊപ്പം തങ്ങുന്നതിന് 7-1-2001-ന് രാവിലെ 9.30 മണിയോടെ അവരുടെ വീട്ടിൽ വരാം എന്ന് പറഞ്ഞിരുന്നു. ശനിയാഴ്ച രാവിലെ അയാളുടെ ഭാര്യ അവരുടെ വീട്ടിലേക്ക് പോയി. ആ സമയം അയാളുടെ സഹോദരി ലിസി വീട്ടിലുണ്ടായിരുന്നു. ലിസിക്ക് അവളുടെ വീട്ടിലേക്ക് പോകേണ്ടതിനാൽ ബേബി വരാൻ താത്പര്യപ്പെട്ടു. അയാളുടെ സഹോദരിയെ 10 മണിക്ക് ശേഷവും കാണാത്തതിനാൽ അയാൾ അവളുമായി ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു. ഫോൺ ബെല്ലടിച്ചുകൊണ്ടിരുന്നെങ്കിലും ആരും എടുത്തില്ല. അയാളുടെ സഹോദരിയുടെ വസതിയിലെ ഫോൺ ബെല്ലടിച്ചിട്ടും ആരും മറുപടി പറയാത്തതിനാൽ അന്വേഷിക്കുന്നതിന് നരീക്കോട്ടുള്ള ജോസിനോട് അയാൾ ആവശ്യപ്പെട്ടു. കുറച്ച് സമയത്തിന് ശേഷം ജോസ്, അയാളുടെ മൂത്ത സഹോദരൻ ജോസിന്റെ മകനെ അയാളുടെ സഹോദരിയുടെ വീട്ടിലേക്ക് അയച്ചപ്പോൾ, വീട് പൂട്ടിയിരിക്കുന്നതായും അവിടെയാരും ഇല്ലാത്തതായും അവരുടെ വാഹനവും അവിടെ കണ്ടില്ല എന്നും ഫോണിലൂടെ അറിയിച്ചു. ക്രിസ്തു ജയന്തി 2000-വുമായി ബന്ധപ്പെട്ട ഒരു ചടങ്ങിൽ പങ്കെടുക്കുന്നതിന് അവൾക്ക് ആഗ്രഹമുണ്ടായിരുതിനാൽ അതിന് അവൾ പോയിട്ടുണ്ടാകുമെന്ന് കരുതി രാത്രി 8 മണിവരെ അവർ കാത്തിരിക്കുകയും, അതിനുശേഷം വീണ്ടും ജോസുമായി ഫോണിൽ ബന്ധപ്പെടുകയും വീണ്ടും അന്വേഷിക്കുന്നതിന് അയാളോട് ആവശ്യപ്പെടുകയും ചെയ്തു. കുറച്ച് സമയത്തിന് ശേഷം, ജോസ് തിരികെ

വിളിക്കുകയും, അയാളുടെ സഹോദരി യേയും അളിയനേയും രണ്ടുപേരേയും കാണുന്നില്ല എന്ന് സെബാസ്റ്റ്യൻ അറിയിച്ച തായി പറഞ്ഞു. അവർ എവിടെ എന്നറിയുന്നതിന്, അയാൾ അയാളുടെ അളിയൻ സണ്ണിയോടൊപ്പം അയാളുടെ സഹോദരിയുടെ വീട്ടിൽ ഏകദേശം രാത്രി 10 മണിയോടെ എത്തി. വാഹനം മുറ്റത്ത് ഉണ്ടായിരുന്നു. വരാന്തയിൽ വെളിച്ച മുണ്ടായിരുന്നില്ല. പിന്നീട് അയാൾ പൂമുഖത്തേയ്ക്ക് പ്രവേശിക്കുകയും വാതിലിൽ മുട്ടുന്നതിനായി കർട്ടൻ ഉയർത്തുകയും, വാതിലുകളിൽ ഒരെണ്ണം തുറന്നു കിടക്കുന്നതായി അയാൾ കണ്ടു. അയാൾ ടോർച്ച് തെളിച്ചപ്പോൾ പെട്ടെന്ന്, അയാളുടെ സഹോദരിയുടെ മകൻ ജെസ്മോന്റെ കാലുകൾ അയാൾ കണ്ടു. അവൻ തറയിൽ കിടക്കുകയായിരുന്നു. അവന്റെ ശരീരത്തിന് സമീപം രക്തക്കറകൾ ഉണ്ടായിരുന്നു. തൊട്ടടുത്ത മുറിയിൽ, അയാൾ ദിവ്യമോളുടെ കാലുകൾ കണ്ടു; അവൾ കമിഴ്ന്നു കിടക്കുകയായിരുന്നു. അയാളുടെ സഹോദരി അവളുടെ തല താഴോട്ടു വച്ച് ഇരിക്കുന്ന സ്ഥിതിയിലും, അതിനടുത്തായി അയാളുടെ അളിയൻ പുറംതിരിഞ്ഞ് കിടക്കുന്നുണ്ടായിരുന്നു. അയാൾ വിളിച്ചപ്പോൾ യാതൊരു പ്രതികരണവും ഉണ്ടായിരുന്നില്ല. അവർ മരിച്ചതായി കാണപ്പെട്ടു. ഉടൻതന്നെ അവർ വീടിന് പുറത്തുവന്ന് അയാളുടെ കസിൻ ആയ ജോസിന്റെ വീട്ടിലേക്ക് പോകുകയും അയാളെ അറിയിക്കുകയും ചെയ്തു. ജോസ് റോബിനെ വിളിക്കുകയും അവരെല്ലാവരും കൂടി റോബിന്റെ കാറിൽ സ്റ്റേഷനിലേക്ക് പോകുകയും ചെയ്തു. അയാളുടെ സഹോദരിക്കും അളിയനും കുട്ടികൾക്കും പുറമേ അയാളുടെ അളിയന്റെ അമ്മയും സഹോദരിയും കൂടി അവരോടൊപ്പം താമസിച്ചിരുന്നു. അവർക്കെന്ത് സംഭവിച്ചു എന്ന് അയാൾ അറിഞ്ഞില്ല. അവരെ അവിടെ കണ്ടില്ല. അയാളുടെ അളിയന്റെയും സഹോദരിയുടേയും അവരുടെ കുട്ടികളു ടേയും വേഷം അവർ പുറത്തു പോകുമ്പോൾ ധരിക്കുന്നതായിരുന്നു. അയാളുടെ അളിയന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിരുന്നില്ല. അയാളുടെ അളിയൻ, ഒരു പുതിയ വീട് നിർമ്മി ക്കുന്നതിന് വേണ്ടി അടിസ്ഥാനം കെട്ടിയപ്പോൾ അയാളുടെ കുടുംബവുമായി ഒരു കേസ് അയാൾക്കുണ്ടായിരുന്നതും അയാളുടെ സഹോദരി പറഞ്ഞതനുസരിച്ച്, സമീപഭാവിയിൽ തന്നെ അതിന്റെ വിധി അവർ പ്രതീക്ഷിച്ചിരുന്നതുമാണ്. അയാളുടെ അളിയനും അയാളുടെ മൂത്ത സഹോദരൻമാരുമായി അവരുടെ വസ്തുവുമായി ബന്ധപ്പെട്ട് ഒരു തർക്കമുണ്ടായിരുന്നു. പുറത്ത് നിന്നും ഏതെങ്കിലും ശത്രുക്കൾ അളിയന് ഉള്ളതായി അയാൾക്കറിയില്ല. രാവിലത്തെ പത്രവും പാലുമെല്ലാം വീടിന്റെ വരാന്തയിൽ കിടന്നിരുന്നു. സംഭവം 6-1-2001 6 പി.എം.-നും 7-1-2001 10 പി.എം.-നും ഇടയ്ക്ക് സംഭവിച്ചതാണ്. വിവരം നൽകിയ ആളിന്റെ പ്രസ്താവനയിൽ നിന്നും 7-1-2001-ന് ഏകദേശം 9 പി.എം.-നും 10 പി.എം.-നും ഇടയ്ക്ക് ആറ് ആൾക്കാർ കൊലചെയ്യപ്പെട്ടെന്ന് ആദ്യമായി ശ്രദ്ധയിൽ പെട്ടെന്നും ആ കാര്യം അന്നേ ദിവസം 11.30 പി.എം.-ന് പോലീസ് റിപ്പോർട്ട് ചെയ്തെന്നും കാണുന്നു.

6. അവിടെ യാതൊരു പ്രത്യക്ഷ തെളിവും ഇല്ലാത്തതിനാൽ പ്രതിക്ക് മേൽ കുറ്റം ഉറപ്പിക്കുന്നതിന് പ്രോസിക്യൂഷൻ സാഹചര്യങ്ങൾ അവലംബിച്ചു. അപ്രകാരം കുറ്റസ്ഥാപനം രേഖപ്പെടുത്തി.



GCPT. 5/3304/2019

ഹൈക്കോടതി കുറ്റസ്ഥാപനം സ്ഥിരപ്പെടുത്തുകയും ശിക്ഷ ചുമത്തുകയും ചെയ്തു.

7. അപ്പീലിനെ അനുകൂലിച്ചുകൊണ്ട്, ഇത് ഒരു സാഹചര്യതെളിവിന്റെ കേസായതിനാൽ, സാഹചര്യങ്ങളുടെ ശൃംഖല അപ്രകാരം പൂർണ്ണമായതായിരുന്നു എന്ന് പ്രോസിക്യൂഷൻ തെളിയിക്കേണ്ട ആവശ്യമുണ്ടായിരുന്നു എന്നും കുറ്റകൃത്യത്തിന്റെ കാരണക്കാരനായി മറ്റേതെങ്കിലും ആളുടെ വിദൂര സാധ്യത പോലും അവർ തള്ളിക്കളഞ്ഞു എന്നും അപ്പീൽവാദിക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചു. ധാരാളം ശൃംഗലാംഗങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ടെന്നും അപ്പീൽവാദി നൽകിയ വിശദീകരണം ശരിയായ വീക്ഷണത്തിൽ പരിഗണിച്ചില്ല എന്നും ബോധിപ്പിച്ചു.

8. മറുവശത്ത്, എതിർകക്ഷി-സംസ്ഥാനത്തിന് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ഹൈക്കോടതിയുടെ വിധിന്യായത്തെ പിന്തുണച്ചു.

9. താഴെ പറയുന്ന വസ്തുതകളായിരുന്നു പ്രോസിക്യൂഷൻ പരിശോധനയ്ക്ക് വിധേയമാക്കിയതെന്ന് ശ്രദ്ധിക്കേണ്ടതാണ്.

(എ) ഉദ്ദേശ്യം;

(ബി) പ്രതിയുടെ/അപ്പീൽവാദിയുടെ 6-1-2001-ലെ സാന്നിദ്ധ്യം;

(സി) സംഭവസ്ഥലത്ത് 7-1-2001-ന് നേരത്തെയുള്ള സമയത്തെ സാന്നിദ്ധ്യം;

(ഡി) 2001 ജനുവരി 6-7 രാത്രിയിലെ വീട്ടിൽ നിന്നുള്ള അസാന്നിദ്ധ്യം;

(ഇ) 1872-ലെ ഇന്ത്യൻ തെളിവ് ആക്റ്റിലെ (ചുരുക്കത്തിൽ 'തെളിവ് ആക്റ്റ്') 27-ാം വകുപ്പ് പ്രകാരമുള്ള വസ്ത്രങ്ങളുടെ വീണ്ടെടുക്കൽ;

(എഫ്) വിരലടയാളങ്ങൾ;

(ജി) പ്രതിയുടെ/അപ്പീൽവാദിയുടെ ശിരോചർമ്മത്തിലെ മുടിയുടെ വീണ്ടെടുക്കൽ;

(എച്ച്) ജുഡീഷ്യൽ കുറ്റസമ്മതം;

(ഐ) കോടതിക്ക് പുറത്തുള്ള കുറ്റസമ്മതം.

10. പ്രതിയുടെ/അപ്പീൽവാദിയുടെ നിലപാട് പ്രധാനമായി താഴെ കൊടുത്തിരിക്കുന്നതു പോലെയാണ്:

(എ) **അന്വേഷണത്തിന്റെ പരമ്പര പോലീസ് കരുതിക്കൂട്ടി പിൻതുടരാത്തതും നയിക്കുന്നതിൽ പോലീസിന് തെറ്റുപറ്റുകയും ചെയ്തു. ആയത് അപ്പീൽവാദിയുടെ നിരപരാധിത്വം കാണിക്കുന്നു:** വളരെ പ്രാരംഭത്തിൽ, പ്രതി കുറ്റകൃത്യത്തിൽ ഉൾപ്പെട്ടു എന്ന് വ്യക്തമായി കാണിക്കുന്ന സാഹചര്യങ്ങളൊന്നും ഇല്ല എന്ന് കേസിലെ റിക്കാർഡുകൾ വെളിപ്പെടുത്തുന്നു. എന്നിട്ടും അന്വേഷണത്തിന്റെ ഈ നിര അന്വേഷണ ഏജൻസി പിൻതുടർന്നില്ല. ചില വിചിത്രമായ കാരണങ്ങളാൽ കേസ് തെളിയിച്ചതായി കാണിക്കാൻ അവർ ആഗ്രഹിച്ചതും ആ പ്രക്രിയയിൽ അപ്പീൽവാദിയെ ഒരു ബലിയാടാക്കുകയും ചെയ്തു.

(ബി) **കൊച്ചുറാണിയുടെ ഗുഹ്യപ്രദേശ മുടിയിലും വജീനൽ സ്വാബ്-ലും ഉള്ള ബീജകോശത്തിന്റെ സാന്നിദ്ധ്യം:** ഗുഹ്യപ്രദേശ മുടിയിലും വജീനൽ സ്വാബ്-ലും മനുഷ്യ ബീജകോശം കണ്ടുപിടിച്ചു എന്ന് പി.ഡബ്ള്യു.53-ന്റെ തെളിവിൽ വന്നു. അപ്പീൽവാദിയുടെ രക്ത സാമ്പിളുകൾ എടുത്ത ശേഷം ഈ സ്വാബുകൾ ഡി.എൻ.എ. ടെസ്റ്റിന് വിധേയമാക്കി. 27-12-2002 തീയതിയിലുള്ള

എഗ്സിബിറ്റ്.90 പുരുഷ ഡി.എൻ.എ. യുടെ ഒരു ഉറവിടമെന്ന നിലയിൽ അപ്പീൽ വാദിയെ പൂർണ്ണമായും കുറ്റവിമുക്തനാക്കി.

കൊച്ചുറാണിയുടെ ശരീരത്തിൽ നിന്നും തയ്യാറാക്കിയ ഇൻക്വസ്റ്റ് റിപ്പോർട്ട്, അവളുടെ പാവാട മുകളിലേക്ക് ചുരുട്ടി വച്ചിരുന്നു എന്നും സ്വകാര്യ ഭാഗങ്ങളിൽ വെള്ള ദ്രാവകം കണ്ടു എന്നും പറയുന്നു. അത് അടുത്ത് തന്നെ നടന്ന സമ്പർക്കമായിരുന്നു. അന്വേഷണ പരമ്പര പിന്തുടരുമ്പോൾ, അത് നേരത്തെ നടന്ന ഒരു സമ്പർക്കമായിരുന്നെങ്കിൽ വളരെ ദിവസങ്ങൾക്ക് ശേഷം ഗുഹ്യപ്രദേശ മുടിയിൽ കറകൾ ലഭ്യമാകുകയില്ലായിരുന്നു എന്നത് മറന്നുകൊണ്ട് അത് യോജിപ്പോടെയുള്ള ഒരു സമ്പർക്കമാകും എന്ന് പറഞ്ഞുകൊണ്ട് അതിൽ നിന്നും അകന്ന് ഒരു വിശദീകരണത്തിന് പ്രോസിക്യൂഷൻ ശ്രമിച്ചതായി കാണുന്നു.

വീടിനുള്ളിലെ കുറഞ്ഞത് 10 എണ്ണം കാല്പ്പാടുകളുടെ സാന്നിദ്ധ്യം കരുതിക്കൂട്ടി പരിശോധിക്കാത്തതാണ് മറ്റൊരു അന്വേഷണരീതി. എന്തെങ്കിലും നിഗമനത്തിൽ എത്തിച്ചേരുന്നതിന് കാല്പ്പാടുകൾക്ക് മതിയായ വ്യക്തത ഉണ്ടായിരുന്നില്ല എന്ന് പ്രോസിക്യൂഷൻ വാദിക്കേണ്ടതായിരുന്നു. സത്യത്തിൽ ഈ വസ്തുത മറികടക്കുന്നതിന് പ്രതി സോക്സ് ധരിച്ചിരുന്നെന്ന് അവർ അവകാശപ്പെടുകയും സോക്സ് വീണ്ടെടുത്തപോലെ കാണിക്കുകയും ചെയ്തു. ഇത് തീർച്ചയായും, കാല്പ്പാട് സിദ്ധാന്തം പരിശോധിക്കാത്ത അവരുടെ പെരുമാറ്റത്തെ മൂടിവയ്ക്കുന്നതിന് വേണ്ടിയുള്ള പ്രോസിക്യൂഷന്റെ ഒരു കള്ളക്കഥയാണ്. കൂടുതലായി, ഈ കേസിൽ ഉപയോഗിച്ച ആയുധങ്ങൾ, കോടാലി, രണ്ട് കത്തികൾ, ഒരു വെട്ടുകത്തിയും ഒരു ഇരട്ട കഠാരയുമാണ്. ഇവയിൽ ഏതെങ്കിലും ആയുധങ്ങളിൽ നിന്നും വിരലടയാളമൊന്നും തന്നെ എടുക്കുന്നതിന് ആവശ്യപ്പെടാത്തതും താരതമ്യതയ്ക്കായി അയയ്ക്കാത്തതുമാണ്. വീട്ടിൽ നിന്നും ഒൻപത് വിരലടയാളങ്ങൾ എടുത്തു എന്നും അതിൽ അഞ്ചെണ്ണം താരതമ്യതയ്ക്കുവേണ്ടി വ്യക്തമല്ലായിരുന്നെന്നും രണ്ടെണ്ണം പൊരുത്തപ്പെടാതെ ശേഷിക്കുന്നതായും ശേഷിക്കുന്ന രണ്ടിൽ ഒന്ന് പി.ഡബ്ല്യു.14 ടിന്റു ജോസഫ് അഗസ്റ്റിന്റെ ഒരു അനന്തിരവന്റേതുമായി യോജിക്കുന്നതും മറ്റേത് പ്രതി-അപ്പീൽ വാദിയുടേതുമായി യോജിക്കുന്നതും ആണെന്ന് പ്രോസിക്യൂഷൻ അവകാശപ്പെട്ടു. ആയുധങ്ങളിൽ നിന്നും എന്തുകൊണ്ട് യാതൊരു വിരലടയാളവും എടുത്തില്ല എന്നും ആരുടെ വിരലടയാളങ്ങളുടെ സാന്നിദ്ധ്യമാണ് അപ്രകാരം എണ്ണത്തിൽ കൂടുതലായി ഉണ്ടായിരുന്നത് എന്നും പ്രോസിക്യൂഷൻ പരിശോധിച്ചിട്ടേയില്ല.

പരമപ്രധാനമായി, പ്രോസിക്യൂഷൻ പറയുന്നതനുസരിച്ച്, വാതിൽകുറ്റിയിലെ വിരലടയാളങ്ങൾ രക്തക്കറയുണ്ടായിരുന്നതും പ്രതിയുടേതുമായി യോജിക്കുന്നതുമാണ്. എന്നിരിക്കിലും, വിദഗ്ദ്ധന്റെ അഭിപ്രായത്തിൽ, രക്തക്കറകളിൽ നിന്നും രക്തക്കറയുടെ ഗ്രൂപ്പ് വിവരിച്ച് പറയാൻ സാധ്യമല്ല.

മറ്റൊരു പ്രധാന സാഹചര്യം, ടി.വി. ഗംഗാധരന്റെ (പി.ഡബ്ല്യൂ 25) കടയിൽ പി.ഡബ്ല്യൂ. 74 സുരേഷ്, പരേതയുടെ രണ്ട് മാലകളും ഒരു പാദസരവും അപ്രകാരം പണയം വച്ചതായി പറയുന്നതാണ്. കുറ്റം നടത്തിയതിന് അപ്പീൽവാദിയെ സംശയിക്കുന്നുണ്ടെന്ന് അയാൾക്ക് പൂർണ്ണ അറിവുണ്ടായിരുന്നതിനാൽ, പ്രതി 9-1-2001-ന് ബോംബെയിൽ വച്ച് സ്വർണ്ണം സുരേഷിനെ ഏൽപ്പിക്കുകയും, സുരേഷ് 16-1-2001-ന് കേരളത്തിൽ എത്തുകയും 31-1-2001-ന് സ്വർണ്ണം പണയം വയ്ക്കുകയും ചെയ്തു എന്ന് പോലീസ് ഒരു കേസ്

ഉണ്ടാക്കി. ഇതിന്റെ പിൻബലത്തിന് പോലീസ് പി.ഡബ്ല്യൂ. 25 മുഖാന്തിരം എഗ്സിബിറ്റ് പി-22 മാർക്ക് ചെയ്തു. പി.ഡബ്ല്യൂ. 25-ന്റെ കടയിൽ നിന്നും 20-2-2001-ൽ സമകാലികമായി പിടിച്ചെടുത്ത ഒരു പണയ രജിസ്റ്റർ ആയിരുന്നു എഗ്സിബിറ്റ് പി-22. എങ്കിലും, രജിസ്റ്ററിൽ പിന്നീട് എഴുതിയെന്നും രണ്ട് മാസങ്ങൾക്ക് ശേഷം വീണ്ടെടുത്തു എന്നും പി.ഡബ്ല്യൂ-25 കുറ്റസമ്മതം നടത്തി. പിടിച്ചെടുത്ത ദിവസം, വീണ്ടെടുത്തതെന്താണെന്നത്, പണയ ബോണ്ടും ടോക്കണുമായിരുന്നു. എബ്രഹാം ചെറിയാൻ (പി.ഡബ്ല്യൂ.59), അന്വേഷണ ഉദ്യോഗസ്ഥൻ, ബോണ്ടുകൾ വീണ്ടെടുത്തിരുന്നു, എന്നാൽ, കോടതിയിൽ ഹാജരാക്കിയില്ല എന്ന് സമ്മതിച്ചു. ആഭരണങ്ങളുടെ വീണ്ടെടുക്കൽ, അതായത്, രണ്ട് മാലകളും ഒരു പാദസരവും ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് വഴി ഹൈക്കോടതി അവിശ്വസിച്ചു. എങ്കിലും അതിശയി പ്പിക്കുന്നത് എന്താണെന്നത്, യഥാർത്ഥ ത്തിൽ പോലീസ് വീണ്ടെടുത്തിരു ന്നില്ലെങ്കിൽ അവർ സുരേഷിനെതിരെ (പി.ഡബ്ല്യൂ.74) അന്വേഷണം തുടർന്നോ? ഇല്ലെങ്കിൽ, എന്തുകൊണ്ട് ഇല്ല? പോലീസ് അവർക്ക് നന്നായി അറിയാവുന്ന കാരണങ്ങൾക്കായി മറ്റ് ധാരാളം കെട്ടുകഥകൾ ആലങ്കാരികമായി അവലംബിച്ചു.

**(സി) വീട്ടിൽ നിന്നും പ്രതിയുടെ വിരലടയാളം വീണ്ടുകിട്ടൽ**: പ്രതി, അഗസ്റ്റിന്റെ ബന്ധത്തിൽ ഒരു സഹോദരനായി വരുമെന്നും അയാൾ ഇടയ്ക്കിടെ അഗസ്റ്റിന്റെ വീടും സാക്ഷി ജോസിന്റെ വീടും സന്ദർശിക്കുന്ന പതിവുണ്ടെന്നും 'തറവാട്'-ൽ അമ്മയ്ക്ക് അയാളുമായി മകനെ പോലെയുള്ള ബന്ധമുണ്ടായിരുന്നതിനാൽ പ്രതിക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു എന്നും അഗസ്റ്റിന്റെ സ്വന്തം സഹോദരൻ എം. ജി. ജോസ് (പി.ഡബ്ല്യൂ. 14) പറഞ്ഞു. സമാനമായി, പരേതനായ അഗസ്റ്റിന്റെ മറ്റൊരു സഹോദരൻ എം. റ്റി. ജോർജ്ജ് (പി.ഡബ്ല്യൂ. 15)-ഉം പ്രതി പതിവായി അഗസ്റ്റിന്റെ വീട് സന്ദർശിക്കാറുണ്ടായിരുന്നു എന്ന് പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ, വാതിൽപടിയിലെ വിരലടയാളങ്ങൾ പ്രതിയുടേതുമായി യോജിക്കുന്നു, തുല്യ മായി പി.ഡബ്ല്യൂ.14-ടിങ്കു ജോസിന്റെ വിരലടയാളവും ആയി കൂട്ടി യോജിക്കുന്നു എന്ന് അനുമാനിച്ചുകൊണ്ട്, അപ്പീൽവാദി തീർച്ചയായും, ഒരു പതിവ് സന്ദർശക നാകയാൽ ഇത് അപ്പീൽ വാദിക്കെതിരെ യുള്ള ഒരു സാഹചര്യമല്ല.

വിരലടയാളം കെ. യോഗേന്ദ്ര സാഖ്യ (പി.ഡബ്ല്യൂ. 7)-യുടേതുമായി യോജിക്കു ന്നതും റിപ്പോർട്ട് എഗ്സിബിറ്റ് പി-11 ആയി മാർക്ക് ചെയ്യുകയും ചെയ്തു. വിരലടയാളത്തിന്റെ താരതമ്യം അറസ്റ്റ് സ്ലിപ്പിന്റെ വിരലടയാളവുമായി ചെയ്ത താണെന്ന് റിപ്പോർട്ട് വെളിപ്പെടുത്തുന്നു. അതിന് പുറമേ, അവിടെ മറ്റ് 7 വിരലടയാളങ്ങൾ ഉണ്ടായിരുന്നെന്നും അവയിൽ അഞ്ചെണ്ണം, വ്യക്തത യില്ലാത്തതും രണ്ടെണ്ണം യോജിക്കാൻ കഴിയാത്തതാണെും റിപ്പോർട്ട് പറയുന്നു. ഇത് കുറ്റം നടത്തുന്നതിന് പരിസരത്ത് അപരിചിതർ പ്രവേശിച്ചിട്ടുണ്ടെന്ന് കാണിക്കുന്നു. കൂടുതലായി, റിപ്പോർട്ട്, പ്രതിയുടെ വിരലടയാളത്തിന്റെ പഴക്കം വെളിപ്പെടുത്തുന്നില്ല. പ്രതി തീർച്ചയായും ആ വീട് ധാരാളം പ്രാവശ്യം സന്ദർശി ച്ചിട്ടുള്ളതും 5-1-2001-നും 6-1-2001-നും ഉറപ്പായി അയാൾ വീട് സന്ദർശിച്ചിട്ടുണ്ട്. രണ്ടാമതായി, പ്രിസണേഴ്സ് ആക്റ്റിന്റെ തിരിച്ചറിയൽ പ്രകാരം, ജുഡീഷ്യൽ

മജിസ്ട്രേറ്റ് മുമ്പാകെ സാമ്പിൾ വിരലടയാളം എടുക്കപ്പെടുകയും ഈ നടപടി പാലിക്കാത്തതും, ഈ സാഹചര്യത്തിൽ ഈ കോടതിയുടെ **മുഹമ്മദ് അമനും മറ്റൊരാളും** Vs **സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ**-ൽ [മനു/എസ്.സി/0771/1997: 1997 ക്രി.എൽ.ജെ. 3567] വിധിയിൽ യാതൊരു അവലംബവും സ്ഥാപിക്കാൻ കഴിയില്ല.

മൂന്നാമതായി, അപ്രകാരം പറയപ്പെടുന്ന സാമ്പിൾ വിരലടയാളങ്ങൾ കണ്ടുപിടിക്കാൻ കഴിയാത്തതും പ്രത്യേകിച്ചും, ഗ്രൂപ്പ് കണ്ടെത്താൻ കഴിയാത്തതും എഗ്സിബിറ്റ് പി-39-ൽ നിന്നും വ്യക്തമാണ്. യാതൊരു കാരണവും നൽകിയിട്ടില്ല. ആയതിനാൽ വിരലടയാളങ്ങൾ ഒരു സാഹചര്യമല്ലാത്തതും, സാഹചര്യങ്ങളുടെ ശൃംഖലയിൽ ഒരു അടിസ്ഥാനമോ ബന്ധമോ രൂപപ്പെടുത്താൻ കഴിയുന്നതുമല്ല.

(ഡി) **മുടിയുടെ വീണ്ടെടുപ്പ്:**

പരമേശ്വരൻ നായർ (പി.ഡബ്ല്യു.53), അയാൾ തയ്യാറാക്കിയ എഗ്സിബിറ്റ് ഡി-12 റിപ്പോർട്ടിൽ ജെസ്മോന്റെ ശരീരത്തിൽ ഒരു കറുത്ത മുടി അയാൾ കണ്ടെത്തിയതായും, അത് അയാൾ അന്വേഷണ ഉദ്യോഗസ്ഥനെ ഏൽപ്പിച്ചു എന്നും, അയാൾ അത് സ്ഥിരീകരിച്ചിട്ടില്ലെന്നും, അത് ശിരോചർമ്മത്തിലെ ഒരു മുടിയായിരുന്നെന്നും വലിച്ച് പുറത്തെടുത്ത ഒരു മുടിയായിരുന്നെന്നും പറയുന്നു. മഹത്വപൂർണ്ണമായത് എന്തെന്നാൽ, 8-1-2001-ൽ വീണ്ടെടുത്തതായി ആരോപിക്കുന്ന സ്ഥിരീകരിക്കാത്ത തലമുടിയെക്കുറിച്ചുള്ള യാതൊരു വിവരവും വീണ്ടെടുത്ത വസ്തുവും പ്രതിയെ വിസ്തരിക്കുതിനുമുൻപ്, അതായത്, കുറഞ്ഞത് 18-2-2001 വരെ പോലീസ് കോടതിയിൽ അയച്ചിരുന്നില്ല എന്നതാണ്. പ്രസ്തുത വിവരം അയച്ച യഥാർത്ഥ തീയതിയെക്കുറിച്ച് ഒരിടത്തും പ്രതിപാദിച്ചിട്ടില്ല. ഇത് ഒരു സിബിഐ അന്വേഷണം ഉത്തരവിടുന്ന സമയത്ത് ഹൈക്കോടതി പ്രതികൂലമായി പരാമർശിച്ചു. മുഖ്യമായ തെന്തെന്നാൽ, പി.ഡബ്ല്യു.53-ന്റെ എഗ്സിബിറ്റ് പി-36 റിപ്പോർട്ടിൽ അത് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന് അയച്ചപ്പോൾ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ സീൽ അതിലുണ്ടായിരുന്നതും, എന്നാൽ, ആ പായ്ക്കറ്റിൽ രണ്ട് സീൽ ചെയ്യാത്ത പായ്ക്കറ്റുകൾ അടങ്ങിയിരുന്നെന്നും, ആയത് ജെസ്മോന്റെ ശരീരത്തിൽ നിന്നും വീണ്ടെടുത്തതായി ആരോപിക്കുന്ന മുടികൾ (ഒരു മുടിയാണോ അതോ മൂന്നു മുടികളാണോ ജെസ്മോന്റെ ശരീരത്തിൽ നിന്നും പിടിച്ചെടുത്തത് എന്ന് ഇവിടെ ഒരു വൈരുദ്ധ്യമുണ്ട്, എന്നാൽ തത്ക്കാലം അത് രഹസ്യമായി സൂക്ഷിക്കുന്നു) ആയിരുന്നെന്ന് കാണുന്നു. പ്രധാനമായും ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, പി.ഡബ്ല്യു.53, അയാൾ അത് സീൽ ചെയ്തിരുന്നില്ലെന്നും, കോടതിയിൽ നിന്നും പോയതെന്തെന്നാൽ, കോടതിയുടെ സീൽ ചെയ്ത ഒരു പായ്ക്കറ്റിനുള്ളിൽ വച്ച സീൽ ചെയ്യാത്ത ഒരു പായ്ക്കറ്റാണ് എന്ന് പറയുന്നു. പരിശോധനയ്ക്കയച്ചതെന്താണെന്നോ പിടിച്ചെടുത്തതെന്താണെന്നോ വ്യക്തമല്ലെന്നത് പ്രധാനമായും ശ്രദ്ധേയമാണ്. 8-1-2001-ൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന് സമകാലികമായ റിപ്പോർട്ട് നൽകിയിരുന്നില്ലെന്ന് വസ്തുത, മജിസ്ട്രേറ്റിന് അയച്ചത് യഥാർത്ഥത്തിൽ പിടിച്ചെടുത്തതാണോ അതോ മറ്റെന്തെങ്കിലുമാണോ എന്ന ഒരു ഗൗരവതരമായ സംശയം ഉളവാകുന്നതുമായി കൂടിച്ചേരുന്നു. പ്രതിയെ വിസ്തരിച്ചതിന് ശേഷം മാത്രമേ ഒരു റിപ്പോർട്ട് ഉണ്ടാകുകയുള്ളൂ എന്ന് കാണുന്നു. അവിടെ വീണ്ടും, അനിത കുമാരി (പി.ഡബ്ല്യു.60), അവൾ പ്രതിയുടെ മുടി മുറിക്കുകയും രാസപരിശോധനയ്ക്ക്



GCPT. 5/3304/2019

അയയ്ക്കുകയും ചെയ്തു എന്ന് പറഞ്ഞു. എഗ്സിബിറ്റ് പി-36-ന്റെ ഒരു പരിശോധന, ഈ സാമ്പിൾ മുടി അടച്ച ബോട്ടിലിനുള്ളിലായിരുന്നു എന്നും ആയത് ഒരു പ്ലാസ്റ്റിക് കൺടൈയ്നർ-ൽ സൂക്ഷിച്ചിരുന്നു എന്നും കാണിക്കുന്നു. സീൽ ചെയ്തതിന്റെ യാതൊരു തെളിവും അവിടെ ഇല്ല. പി.ഡബ്ല്യു. 60, എഗ്സിബിറ്റ് പി-48-ൽ പായ്ക്ക് അവൾ സീൽ ചെയ്തതായി പറഞ്ഞിട്ടില്ലെന്നും, എന്നാൽ, അവൾ മുടി ഒരു ഗ്ലാസ്സ് ബോട്ടിലിൽ സൂക്ഷിച്ചു എന്നും അത് സീൽ ചെയ്തശേഷം, അത് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറി. സാമ്പിൾ ബോട്ടിൽ സീൽ ചെയ്തിരുന്നു എന്ന് എഗ്സിബിറ്റ്-പി 36-ൽ പറയുന്നില്ല. അത് ഒരു പ്ലാസ്റ്റിക് കൺടൈനറിൽ സൂക്ഷിച്ചിരുന്ന കേവലം ഒരു അടച്ച ബോട്ടിൽ മാത്രമായിരുന്നു. എഗ്സിബിറ്റ് പി-36-ൽ മഹത്വപൂർണ്ണമായി ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, സാമ്പിൾ മുടിക്കും പിടിച്ചെടുത്ത മുടിക്കും വേരുകൾ ഉണ്ടായിരുന്നെന്ന് പ്രതിപാദിച്ചതാണ്. പി.ഡബ്ല്യു. 60, അവൾ മുടി മുറിച്ചു എന്നും മുറിക്കുമ്പോൾ അവിടെ വേരുകൾ ഉണ്ടായിരുന്നില്ല എന്നും പറഞ്ഞു. പിടിച്ചെടുത്ത മുടികൾ സീൽ ചെയ്തിരുന്നില്ലെന്ന വസ്തുത, സാമ്പിൾ മുടി സീൽ ചെയ്തിരുന്നില്ലെന്ന വസ്തുതയും, പരമപ്രധാനമായി 8-1-2001-ൽ പിടിച്ചെടുത്ത മുടി പ്രതിയെ ചോദ്യം ചെയ്തശേഷം, അതായത്, 18-2-2001-നോ അതിനുശേഷമോ മാത്രം അയച്ച വസ്തുതയും പ്രോസിക്യൂഷൻ കഥയുടെ മേൽ ഗൗരവതരമായ സംശയം ഉളവാക്കുന്നതും അതിന് അപ്പീൽവാദിക്കെതിരായ സാഹചര്യത്തിൽ ഒരു അടിസ്ഥാനമോ ബന്ധമോ ആകാൻ കഴിയില്ല. ജെസ്മോന്റെ ഇൻക്വസ്റ്റ് -എഗ്സിബിറ്റ് പി-3 തയ്യാറാക്കിയ പി.ഡബ്ല്യു.51, എതിർ വിസ്താരത്തിൽ, ശവശരീരത്തിൽ നിന്നും വീണ്ടെടുത്ത മുടികൾ അപ്പോൾ തന്നെ സീൽ ചെയ്യുകയും പോലീസ് സ്റ്റേഷനിലേക്ക് എടുക്കുകയും ചെയ്തു എന്ന് സമ്മതിച്ചു. എന്നാൽ അപ്പറഞ്ഞ സീൽ ചെയ്ത മുടികൾ, പി.ഡബ്ല്യു.53-ന്റെ കൈകളിൽ എത്തുമ്പോൾ സീൽ ചെയ്യപ്പെടാത്തതായി കാണപ്പെട്ടു എന്ന് റിപ്പോർട്ടിൽ നിന്നും നിസ്സംശയമായും വ്യക്തമാകുന്നു. പി.ഡബ്ല്യു.51 അത് സീൽ ചെയ്തിരുന്നെങ്കിൽ, അവ എങ്ങനെ സീൽ ചെയ്യപ്പെടാത്തതായി എന്ന ഒരു ചോദ്യത്തിന് പ്രോസിക്യൂഷൻ മറുപടി പറഞ്ഞില്ല.

**(ഇ) അപ്രകാരം പറയപ്പെടുന്ന പാന്റ്, ഷർട്ട്, തൂവാലുടേയും സോക്സിന്റെയും വീണ്ടെടുക്കൽ:**

വീണ്ടെടുപ്പിന്റെ സിദ്ധാന്തം പൂർണ്ണമായും വ്യാജമാണ്. പ്രോസിക്യൂഷൻ പറയുന്നതനുസരിച്ച്, സംഭവശേഷം, പ്രതി, അതിരാവിലെ അയാളുടെ വീട്ടിൽ പോകുകയും ഭാര്യയറിയാതെ വസ്ത്രങ്ങൾ മാറ്റുകയും അവ ഒരു പ്ലാസ്റ്റിക് സഞ്ചിയിലാക്കി അവ എവിടെ നിന്നാണോ വീണ്ടെടുത്തത് ആ സ്ഥലത്ത് നിക്ഷേപിച്ചശേഷം വീട്ടിൽ തിരികെ എത്തി. കൈലേസും സോക്സും മാത്രമാണ് പ്രതി എറിയപ്പെട്ടതെന്ന് സിബിഐ അന്വേഷണ ഉദ്യോഗസ്ഥൻ (പി.ഡബ്ല്യു.77) പറഞ്ഞത് നിർണ്ണായകമാണ്. ഇതിനുപുറമേ, വീണ്ടെടുപ്പിന് സാക്ഷ്യം വഹിച്ച പി.ഡബ്ല്യു. 68-ഉം പി.ഡബ്ല്യു.73-ഉം പരസ്പര വിരുദ്ധമായിരുന്നതും പ്രത്യേകിച്ച് സാരവത്തായതാണ്. നാല് വസ്തുക്കൾ വീണ്ടെടുത്തെന്നും അപ്പോൾ പ്രതി ജീപ്പിലിരിക്കുകയായിരുന്നെന്നും കൈലേസിൽ രക്തം കണ്ടെന്നും മറ്റ് വസ്തുക്കളിൽ യാതൊന്നും ഇല്ലായിരുന്നു എന്നും പി.ഡബ്ല്യു.68 പറയുന്നിടത്ത്, പ്രതി ഗേറ്റിനകത്ത് പ്രവേശിച്ചെന്നും നാല് വസ്തുക്കളിലെല്ലാം രക്തക്കറയുണ്ടാ

യിരുന്നെന്ന് പി.ഡബ്ല്യു.73 പറയുന്നു. പ്രത്യക്ഷത്തിൽ, പ്രതി അയാളുടെ ഭാര്യ അറിയാതെ വീട്ടിൽ വന്നു എന്ന അവരുടെ സിദ്ധാന്തം, കൈലേസും സോക്സും മാത്രം വീണ്ടെടുത്ത ഒരു കേസുമായി മുന്നോട്ട് വന്നതിൽ പരാജിതമായതായി പോലീസ് തിരിച്ചറിഞ്ഞു. പോലീസ് സിദ്ധാന്തവും മഹസ്സർ സാക്ഷികളും തമ്മിലുള്ള ഗൗരവതരമായ ഈ വൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ, ഒരു സാഹചര്യമായി വീണ്ടെടുപ്പിൻമേൽ അവലംബം സ്ഥാപിക്കാൻ കഴിയില്ല. കൂടുതലായി, പാന്റും, ഷർട്ടും വീണ്ടെടുത്തില്ലായിരുന്നെങ്കിൽ, അത് എന്തിനാണ് പി.ഡബ്ല്യു. 54-ന് ഫോറൻസിക് പരിശോധനയ്ക്ക് അയച്ചതും, അയാളുടെ റിപ്പോർട്ടിൽ, പാന്റും ഷർട്ടും 'ഒ' ഗ്രൂപ്പ് രക്തം അടങ്ങിയിട്ടുള്ളതാണെന്നും പറയുന്നു. സിബിഐ അന്വേഷണ ഉദ്യോഗസ്ഥൻ, കൈലേസും സോക്സും മാത്രമാണ് വീണ്ടെടുത്തതെന്ന് പറയുന്നു. പി.ഡബ്ല്യു.68 കൈലേസിൽ മാത്രം രക്തക്കറകൾ എന്ന് പറയുന്നു. പി.ഡബ്ല്യു.73, എല്ലാ വസ്ത്രങ്ങളിലും രക്തക്കറകൾ ഉണ്ടായിരുന്നതായി പറയുന്നു. പി.ഡബ്ല്യു.73, പ്രതി സാധനങ്ങൾ പുറത്തെടുത്തു എന്ന് പറയുന്നിടത്ത്, പി.ഡബ്ല്യു.68, പ്രതി ജീപ്പിൽ ഇരിക്കുകയായിരുന്നു എന്ന് പറയുന്നു. പി.ഡബ്ല്യു.68, വസ്തുക്കളെല്ലാം പുറത്തെടുത്തതിനു ശേഷം വന്നതാണെങ്കിൽ, അപ്പോൾ, അയാളൊരു വീണ്ടെടുപ്പ് സാക്ഷിയല്ല. യഥാർത്ഥത്തിൽ കൈലേസും സോക്സും ആയിരുന്നു വീണ്ടെടുത്തതെങ്കിൽ, ഫോറൻസിക് ലാബിൽ അയച്ചത് പിടിച്ചെടുക്കാത്ത മറ്റെന്തോ ആണ്. രക്തക്കറയുള്ള വസ്ത്രങ്ങളുടെ വീണ്ടെടുപ്പ് തെറ്റായി കാണിച്ചുകൊണ്ട് അപ്പീൽവാദിയെ അകപ്പെടുത്തുന്നതിന് പ്രോസിക്യൂഷൻ ഗൗരവതരമായ ഒരു പരിശ്രമം നടത്തി. പി.ഡബ്ല്യു. 15, 16, 17 എന്നിവർ രാവിലെ പ്രതിയെ കണ്ടിരുന്നു. പി.ഡബ്ല്യു.19, പ്രതി, ഭാര്യയറിയാതെ വസ്ത്രങ്ങൾ മാറ്റിയ സിദ്ധാന്തം അവതരിപ്പിച്ചു. ഇവയെല്ലാം സംഭവത്തിന് 45 ദിവസങ്ങൾക്ക് ശേഷം ഒരു പൊതുസ്ഥലത്ത് നിന്നുള്ള വീണ്ടെടുപ്പ് സിദ്ധാന്തത്തിൻമേൽ ഗൗരവതരമായ സംശയം കാണിക്കുന്നു. കൂടാതെ വീണ്ടെടുപ്പ് തന്നെയും ഒരു വലിയ പ്രദർശനമായി സംഘടിപ്പിച്ചതും അവിടെ 500 പേർ തടിച്ചു കൂടിയതുമാണ്. വീണ്ടെടുപ്പ് സ്ഥലത്തുനിന്നും വസ്ത്രങ്ങൾ പ്രദർശിപ്പിച്ചു കൊണ്ട് പോലീസ് ഒരു സിനിമാ പ്രദർശനം നടത്തിയതായി കരുതാം. ഇവയെല്ലാം, അതൊരു വീണ്ടെടുപ്പ് നാടകം അരങ്ങേറിയതായി കാണിക്കുന്നതും ആയത് അടിസ്ഥാനമാക്കി യാതൊരു സാഹചര്യവും ഇല്ലാത്തതും അപ്പീൽവാദിക്ക് മേൽ ശിക്ഷ ചുമത്താൻ കഴിയുന്നതുമല്ല.

പ്രതി 7-1-2001-ന് രാവിലെ ഒരു പാന്റും ഷർട്ടും ധരിച്ചുകൊണ്ട് വന്നതായി, പ്രതിയുടെ ഭാര്യ പി.ഡബ്ല്യു.19 പറഞ്ഞു. ഏതെങ്കിലും രക്തക്കറ സംബന്ധിച്ച് അവൾ യാതൊന്നും സംസാരിച്ചില്ല.

കുറ്റം ചെയ്തതിന്റെ ഉദ്ദേശ്യമായി പറയപ്പെടുന്നത് പ്രതിക്ക് സൗദി അറേബ്യയിൽ പോകുന്നതിനായി പണത്തിനാവശ്യമുണ്ടായിരുന്നതും ആ ആവശ്യത്തിലേക്കായി അവൻ ആറംഗങ്ങളെ കൊലപ്പെടുത്തി എന്നുമാണ്. നേരത്തെ വിശദീകരിച്ചപോലെ, കുറ്റം നടന്ന സ്ഥലത്ത് നിന്നും വലിയ തുകയുടെ പണവും സ്വർണ്ണവും വീണ്ടെടുത്തതായി പി.ഡബ്ല്യു.1 ജോസഫും പി.ഡബ്ല്യു.45-ഉം അന്വേഷണ ഉദ്യോഗസ്ഥൻ (പി.ഡബ്ല്യു.59)-ഉം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശ്യസിദ്ധാന്തം ഖണ്ഡിച്ചതായി നിലകൊള്ളുന്നു. പണമായിരുന്നു പ്രതിയുടെ ഉദ്ദേശ്യമെങ്കിൽ

കൊള്ളമുതലുമായി അവൻ പെട്ടെന്ന് കടന്നുകളയുമായിരുന്നു. പിന്നീട്, 7-1-2001-ന് രാവിലെ പ്രതി യോഹന്നാന് (പി.ഡബ്ല്യു.23) പകുതി വായ്പ തിരികെ കൊടുക്കുകയും ബാക്കി അയച്ചു കൊടുക്കാമെന്ന് വാഗ്ദാനം നൽകുകയും രാമൻ നായർക്ക് -(പി.ഡബ്ല്യു.24) മുഴുവൻ പണവും കൊടുത്തതായും പി.ഡബ്ല്യു.23-ഉം 24-ഉം മൊഴി നൽകി. പ്രതി സത്യസന്ധനായ ഒരാളാണെന്നതിനാൽ അയാൾ കടങ്ങൾ തിരികെ നൽകിയെന്നും പി.ഡബ്ല്യു.14-ഉം പി.ഡബ്ല്യു. 24-ഉം പറഞ്ഞു. 6-1-2001-ന് വൈകുന്നേരം അഗസ്റ്റിൻ പ്രതിക്ക് 35,000 രൂപ കൊടുത്തു എന്നും അപ്രകാരം യോഹന്നാനും രാമൻനായർക്കും പണം തിരികെ കൊടുക്കാൻ അയാൾക്ക് കഴിഞ്ഞു എന്നും ഡി.ഡബ്ല്യു.1-ഉം ആയുള്ള അയാളുടെ ചിട്ടി പണമോ അല്ലെങ്കിൽ ഗൾഫിൽ പോയതിന് ശേഷമോ, അഗസ്റ്റിന് പണം തിരികെ നൽകും എന്നും അയാൾ ഏറ്റുപറഞ്ഞു. പ്രതി, പണം ഏർപ്പാടാക്കിയിട്ടുണ്ടെന്നും 'ചേട്ടത്തിയുടെ വീട്' എന്ന് പി.ഡബ്ല്യു.23-നോടും പി.ഡബ്ല്യു.24-നോടും പ്രതിപാദിച്ചതായും പി.ഡബ്ല്യു.19-ഉം പി.ഡബ്ല്യു.23-ഉം പ്രതിയെക്കുറിച്ച് പറഞ്ഞു. വിദേശത്ത് പോകുംമുമ്പ് പ്രതി പണം മടക്കി നൽകി എന്ന് കാണിക്കുന്നതിന് ഇത് മതിയാകും. പി.ഡബ്ല്യു.23, കേവലം ഒപ്പിട്ട ഒരു മുദ്രപത്രവും ഒപ്പിടാത്ത ചെക്ക് ലീഫും മാത്രം ആവശ്യപ്പെടുകയും അതും 6-1-2001-ന് രാവിലെ കിട്ടുകയും അയാൾക്ക് നൽകുകയും ചെയ്തു. ഡി.ഡബ്ല്യു1-ഉം ആയി പ്രതി ഒരു ചിട്ടി നടത്തുന്നുണ്ടെന്ന് പ്രസ്തുത പ്രതിഭാഗം സാക്ഷി പറഞ്ഞു. അഗസ്റ്റിന്റെ കടയിൽനിന്നും പ്രതിക്ക് പണം കിട്ടുകയും അയാൾ പോയി പി.ഡബ്ല്യു.23-നും 24-നും പണം കൊടുക്കുകയും അവിടെ നിന്നും പി.ഡബ്ല്യു.23-നോടൊപ്പം തിരികെ വരികയും ബസ് മുഖാന്തിരം തൃശ്ശൂരിലേക്ക് പോകുകയും അവിടെനിന്നും ട്രെയിനിൽ ബോംബെയ്ക്ക് പോകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ, ഇക്കാരണത്താൽ ഉദ്ദേശ്യ സിദ്ധാന്തം തകരുകയും, സാഹചര്യത്തെളിവിന്റെ സംഗതിയിൽ, പ്രോസിക്യൂഷൻ ഉദ്ദേശ്യ സിദ്ധാന്തവുമായി മുന്നോട്ടുവരികയും ആയത് സംശയാതീതമായി തെളിയിക്കേണ്ട ബാദ്ധ്യത അവർക്കുള്ളതുമാണ്. പ്രോസിക്യൂഷൻ, അതിന്റെ ഉദ്യമത്തിൽ ദയനീയമായി പരാജയപ്പെട്ടു. സി. ബി. ഐ. യുടെ അന്തിമ റിപ്പോർട്ട് ക്രൈംബ്രാഞ്ചിന്റേതുമായി യോജിക്കുന്നില്ല എന്നത് കൂടി ശ്രദ്ധിക്കേണ്ടതാണ്.

(എഫ്) **7-1-2001-ന് രാവിലെ അഗസ്റ്റിന്റെ വീടിന് സമീപം പ്രതിയെ കണ്ടതായ പി.ഡബ്ല്യു.15-ന്റേയും 16-ന്റേയും 17-ന്റേയും തെളിവ്:** പി.ഡബ്ല്യു. 15-ന്റേയും 16-ന്റേയും 17-ന്റേയും തെളിവ് ഹൈക്കോടതി തള്ളിക്കളഞ്ഞു. പി.ഡബ്ല്യു.17 8-4-2003-ന് കോടതിയിൽ, ആദ്യത്തെ തവണ അവളുടെ പ്രസ്താവന രേഖപ്പെടുത്തിയപ്പോൾ ഈ വസ്തുത വെളിപ്പെടുത്തുകയും, അവൾ റോഡിലൂടെ കടന്നുപോകുന്നത് പോലീസ് എങ്ങനെ അറിഞ്ഞു എന്ന് വിശദീകരിച്ചില്ല. സമാനമായി, പി.ഡബ്ല്യു. 15-ഉം 16-ഉം സംഹിതയുടെ 161-ാം വകുപ്പ് പ്രകാരം അവരെ വിസ്തരിച്ചപ്പോൾ പോലീസിനോട് വെളിപ്പെടുത്തിയിട്ടില്ല. ഏത് സംഗതിയിലും പ്രതി 7-1-2001-ന് രാവിലെ സ്വയം വീട്ടിലേക്ക് മടങ്ങിവരികയും യാതൊരു രക്തക്കറയും ഒരു സാക്ഷിയും ശ്രദ്ധിച്ചിട്ടുമില്ല. പ്രതിയുടെ വീട് പരേതന്റെ വീട്ടിൽനിന്നും 20 മീറ്ററുകൾ അകലെയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സാക്ഷികളെല്ലാം പൂർണ്ണമായ കള്ളം പറയുന്നതും, പ്രതിയെ കണ്ടു എന്ന മാത്രം കാരണത്താൽ അവൻ കൊലപാതകം നടത്തിയതിന് കുറ്റക്കാരനാണെന്ന് മറ്റ് വിധത്തിൽപോലും സ്ഥാപിക്കാൻ മറ്റ് യാതൊരു പ്രസ്താവനയും ഇല്ല.

പി.ഡബ്ല്യു.15 പറയുന്ന പ്രകാരം, റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിൽ വച്ച് അവൻ പ്രതിയെ കണ്ടപ്പോൾ, എവിടെ പോകുന്നു എന്ന് ചോദിച്ചു, എന്നാൽ അവൻ മറുപടിയൊന്നും പറഞ്ഞില്ല. പി.ഡബ്ല്യു. 15-ന്റെ ഈ വിവരണവും സംഹിതയുടെ 161-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയ അവന്റെ പ്രസ്താവനയും പരസ്പരവിരുദ്ധ മായിരിക്കുന്നു. പി.ഡബ്ല്യു.17-ഉം, 7-1-2001-ന് 5.45 എ.എം-ന് സംഭവസ്ഥലത്തിന് മുന്നിലൂടെ റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്ന റോഡിലൂടെ പ്രതി നടന്നു വരുന്നത് അവൾ കണ്ടു എന്ന് പറഞ്ഞു. അവർ പറയുന്നതുപ്രകാരം, അവൾ അവളുടെ അമ്മായിഅമ്മയുടെ അമ്മയെ കാണാൻ ആശുപത്രിയിലേക്ക് പോകുക യായിരുന്നു. ഈ പ്രസ്താവനയും ക്രൈംബ്രാഞ്ചിന് അവൾ നൽകിയ മൊഴിയും പരസ്പരവിരുദ്ധമായതാണ്. അവൾ പറയുന്ന തനുസരിച്ച് ക്രൈംബ്രാഞ്ച് അവളെ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല, എന്നാൽ സി. ബി. ഐ. രണ്ട് പ്രാവശ്യം ചോദ്യം ചെയ്തു. ഇത് പൂർണ്ണമായ കളവാണ്.

(ജി) **പി.ഡബ്ല്യു.60-നോട് നടത്തിയതും എഗ്സിബിറ്റ് പി-48-ൽ രേഖപ്പെടുത്തി എന്നും പറയപ്പെടുന്ന കോടതിക്ക് പുറത്തുള്ള കുറ്റസമ്മതം:**
എഗ്സിബിറ്റ് പി-48-ന്റെ ഒരു പരിശോധന, വൂൺഡ് സർട്ടിഫിക്കറ്റിലെ അപ്രകാരം പറയപ്പെടുന്ന കോടതിക്ക് പുറത്തുള്ള കുറ്റസമ്മതം മൂന്ന് നിരകളിലാണെന്ന് കാണിക്കുന്നു. അത് ഇനിപ്പറയുന്നവ സൂചിപ്പിക്കുന്നു:

> ജനുവരി 6-ന് ഏകദേശം 9 മണിക്ക്കൊച്ചുറാണിയെ ഒരു സ്റ്റൂൾ കൊണ്ടടിക്കുന്ന വേളയിൽ ഒരു കത്തിയുമായി സ്പർശിച്ച് വിരലിൽ ചില പരിക്ക് പറ്റി. രക്തവും ശിരോചർമ്മമുടിയും പരിശോധനയ്ക്കായി എടുക്കുന്നതിന് യാതൊരു തടസ്സവുമില്ല.

ഇത് കോടതിക്ക് പുറത്തുള്ള കുറ്റ സമ്മതമല്ല. കോടതിക്ക് പുറത്തുള്ള ഒരു കുറ്റസമ്മതം കുറ്റമാരോപിതമാകേണ്ടതും, നിർവ്വഹിച്ച രീതിയുടെ ഗണ്യമായ വിശദാംശങ്ങൾ നൽകുന്നതുമാകണം. മേൽ രണ്ട് നിരകളും ഒരു രേഖയിൽ ചേർത്തത് ആയതിൽ തന്നെ, അസ്സലിൽ ചില കൂട്ടിച്ചേർക്കൽ ഉണ്ടാകും. ഏതൊരു സംഭവത്തിലും, പ്രതിയെ അകപ്പെടുത്തു ന്നതിന് ഇത് പര്യാപ്തമല്ല. കൂടുതലായി, പ്രസ്തുത ആരോപിത പ്രസ്താവനയുടെ സമയത്ത് ഡി വൈ എസ് പി കൂടി അവിടെ ഉണ്ടായിരുന്നതും ആയതിനാൽ ആയത് വിശ്വസനീയമല്ല.

(എച്ച്) **സംഹിതയുടെ 164-ാം വകുപ്പിൻ കീഴിലെ അപ്രകാരം പറയപ്പെട്ട കുറ്റസമ്മതം:** പ്രതിയെ 18-2-2001-ൽ അറസ്റ്റ് ചെയ്തു. അയാൾ 9-2-2001 മുതൽ അന്യായ തടങ്കലിലായിരുന്നു. വിഷയം ആദ്യം 5-4-2001-ന് ക്രൈംബ്രാഞ്ച് സിഐഡി ക്ക് നൽകുകയും, അതിനുശേഷം 9-4-2001-ന് അത് സി. ബി. ഐ. യ്ക്ക് കൈമാറുകയും ചെയ്തു. സംഹിതയുടെ 164-ാം വകുപ്പിൻ കീഴിലെ ഈ കുറ്റസമ്മതം 2002 ഒക്ടോബറിൽ രേഖപ്പെടുത്തി. കുറ്റ സമ്മതത്തിന്റെ ഒരു പരിശോധന, പി.ഡബ്ല്യു.65 തമിഴ്നാട് സംസ്ഥാനത്തെ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് ആയത് രേഖപ്പെടുത്തിയതായി കാണിക്കുന്നു. പ്രതി, കുറ്റസമ്മതം കേരളത്തിന് പുറത്തുള്ള ഒരു സ്ഥലത്ത് രേഖപ്പെടുത്തണമെന്ന് താത്പര്യ പ്പെട്ടു എന്നതാണ് അന്വേഷണ ഏജൻസി



GCPT. 5/3304/2019

നൽകുന്ന കാരണം. ലിഖിതമായ യാതൊരു അപേക്ഷയും ഹാജരാക്കുകയോ ബന്ധപ്പെട്ട കോടതിയിൽ പ്രതിയെ കൊണ്ടുവന്ന്, അയാൾ കേരളത്തിന് പുറത്ത് കുറ്റസമ്മതം നടത്താൻ താത്പര്യപ്പെട്ടു എന്ന് രേഖപ്പെടുത്തുകയോ ചെയ്തില്ല. വാസ്തവത്തിൽ 25-1-2002 മുതൽ പ്രതി, ആലുവ അധികാരാതിർത്തി വിടുകയില്ല എന്ന ഉപാധിയിൽ ജാമ്യത്തിലായിരുന്നു. യാതൊരു ഇളവും നേടാതെ, അയാളെ മദ്രാസിലേക്ക് കൊണ്ടുപോകുകയും പീഡനത്തിന് ശേഷം ചെന്നൈ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ ഒരു കുറ്റസമ്മതം രേഖപ്പെടുത്തുകയും ചെയ്തു. മജിസ്ട്രേറ്റ്, ജയന്തി (പി.ഡബ്ല്യു.65), അവർക്ക് മലയാളം വായിക്കുന്നതിനും എഴുതുന്നതിനും അറിയില്ല എന്ന് സമ്മതിച്ചിട്ടുണ്ട്. സി. ബി. ഐ., വിവർത്തകനെ ഹാജരാക്കി, എന്നാൽ, അയാളുടെ പേര് ഒരിടത്തും പ്രതിപാദിച്ചിട്ടില്ലാത്തതും അയാളെ ഒരു സാക്ഷിയായി ചേർത്തിട്ടില്ലാത്തതും പ്രോസിക്യൂഷൻ വിസ്തരിച്ചിട്ടില്ലാത്തതുമാണ്. പ്രതി കുറ്റസമ്മതം മലയാളത്തിൽ നടത്തി എന്നും ആയത് വിവർത്തകൻ തമിഴിലേക്ക് പരിഭാഷപ്പെടുത്തിയെന്നും തമിഴിൽ രേഖപ്പെടുത്തി എന്നും സൂചിപ്പിച്ചു. നിർബന്ധിതമായ നടപടികൾ പാലിച്ചതിനു ശേഷം തയ്യാറാക്കിയതായിരുന്നില്ല എഗ്സിബിറ്റ് പി-59 കുറ്റസമ്മതരേഖ. പ്രതി മൊഴി നൽകാൻ ബാദ്ധ്യസ്ഥനല്ല എന്നും അയാൾ അത് നല്കുന്നപക്ഷം അത് അയാൾക്കെതിരെ ഉപയോഗിക്കുമെന്നും അയാളെ അറിയിച്ചിരുന്നില്ല. പി.ഡബ്ല്യു. 65-ന്റെ വാക്കാൽ മൊഴിയിൽ പോലും, അയാൾ തെളിവ് നൽകാൻ ബാദ്ധ്യസ്ഥനല്ലെന്ന് അവർ അയാളോട് വിശദീകരിച്ചിരുന്നു എന്ന് കേവലം പറയുകയും പിന്നീട് അത് അയാൾക്കെതിരെ പോകുന്നതുമായി. ഇതല്ല സംഹിതയുടെ 164(2) വകുപ്പിൻകീഴിൽ വിഭാവനം ചെയ്തിട്ടുള്ളത്. അയാൾ ഒരു കുറ്റസമ്മതം നടത്താൻ ബാദ്ധ്യസ്ഥനല്ലെന്നും ആ കുറ്റസമ്മതം അയാൾക്കെതിരെ തെളിവായി ഉപയോഗിക്കാൻ സാധിക്കും എന്നും അവർ പറയണമായിരുന്നു. കൂടുതലായി, കുറ്റസമ്മതത്തിന്റെ ഒരു തമിഴ് വിവരണം പി.ഡബ്ല്യു.76 പരിഭാഷപ്പെടുത്തിയതും അയാൾക്ക് തമിഴ് വായിക്കാനോ എഴുതാനോ അറിയില്ല എന്ന് പറയുകയും ചെയ്തു. അതുകൊണ്ട്, പി.ഡബ്ല്യു.65-ന് മലയാളം വായിക്കാനും എഴുതാനും കഴിയില്ല, പി.ഡബ്ല്യു. 76-ന് തമിഴ് വായിക്കാനും എഴുതാനും കഴിയില്ല, എന്നാൽ അവർക്ക് മലയാളവും തമിഴും മനസ്സിലാക്കാൻ കഴിയും എന്ന ഒരു കേസ് അപ്പീൽവാദിക്കുണ്ട്. പി. ഡബ്ല്യു.76-നെ സബോർഡിനേറ്റ് ഒരു മുത്തുകുമാർ സഹായിച്ചു, അയാളെ വിസ്തരിച്ചില്ല. അങ്ങനെ യഥാർത്ഥ വിവർത്തകരെ വിസ്തരിച്ചിട്ടില്ല, നിർബന്ധിത നടപടി പാലിച്ചിട്ടില്ല. പ്രതിയെ അധികാരാതിർത്തിക്ക് പുറത്ത് നിയമാനുസൃതമല്ലാതെ കൊണ്ടുപോയി. അങ്ങനെ പറയപ്പെടുന്ന കുറ്റസമ്മതത്തിൻമേൽ അപ്രകാരം അവലംബിച്ചത്, സംഹിതയുടെ 232(2)-ാം വകുപ്പിൻകീഴിൽ പ്രതി ഫയൽ ചെയ്ത അയാളുടെ പ്രസ്താവനയിൽ ആയത് പൂർണ്ണമായും നിരസിച്ചു. ഈ കുറ്റസമ്മതം പ്രതിക്കെതിരെ ഗണ്യമായ ഒരു തെളിവായി ഉപയോഗിക്കാൻ കഴിയില്ല. ഏതൊരു സംഗതിയിലും, ഏതെങ്കിലും ദൃഢീകരിക്കുന്ന വസ്തുതയുടെ അഭാവത്തിൽ പ്രതിക്കെതിരെ ഇത് ഒരു സാഹചര്യമല്ല. പ്രതിക്ക് തമിഴ് അറിയില്ലാത്തതും അയാൾക്ക് മലയാളം മാത്രം അറിയാവുന്നതുമാണ്.

11. അപ്പീൽവാദിക്ക് പണത്തിന്റെ വളരെ അത്യാവശ്യമുണ്ടായിരുന്നതായി പി.ഡബ്ല്യു. 67-ന്റെ തെളിവിലൂടെ സ്ഥാപിക്കുന്നു. പ്രതിക്ക്, അയാളുടെ വിസ ഡിസംബർ 23-ാം തീയതി വന്നതായി അറിവുണ്ടായിരുന്നതും, 2001 ജനുവരി 10-ന് മുൻപ് ഒരു വലിയ തുക ആവശ്യമായിരുന്നതുമാണ്. ഐ.ഡബ്ല്യു.19-ന്റെ പ്രസ്താവന പ്രകാരം ഒരു വായ്പ ഏർപ്പാടാക്കാനായി അയാൾ ശ്രമിച്ചിരുന്നു. 2001 ജനുവരി 5-ഓടെ തുക അയാൾ ഏർപ്പാടാക്കി എന്നും തുച്ഛമായ ഒരു 10,000 രൂപ അയാളുടെ കൈവശം ഉണ്ടായിരുന്നു എന്നും അവർ സൂചിപ്പിച്ചു.

യോഹന്നാന്റെയും (പി.ഡബ്ല്യു.23) രാമചന്ദ്രൻ നായരുടെയും (പി.ഡബ്ല്യു.24) പ്രസ്താവനകളിൽനിന്നും, 35,000 രൂപ കൊടുത്തതായ വാസ്തവ സംഗതി വ്യക്തമായി തെളിയിച്ചിട്ടുണ്ട്. 5-1-2001 വരെ പണത്തിന് അത്യാവശ്യമായിരുന്ന പ്രതിയുടെ/അപ്പീൽവാദിയുടെ കൈവശം യാതൊരു പണവും ഇല്ലാതിരിക്കെ, അയാളുടെ കടങ്ങൾ കൊടുക്കുന്നതിനും പി.ഐ. ഉമ്മറിന് (പി.ഡബ്ല്യു.67) കൊടുക്കുന്നതിനും അയാളുടെ ടിക്കറ്റ് കൂലിയും മറ്റ് ചെലവുകൾക്കും കൊടുക്കുന്നതിനും ആവശ്യത്തിലധികം തുക ഉണ്ടായിരുന്നു. ഈ സന്ദർഭത്തിൽ, പി.ഡബ്ല്യു 23, അയാളുടെ പണം ആവശ്യപ്പെട്ടിരുന്നില്ല, എന്നിട്ടും, പ്രതി/അപ്പീൽവാദി അയാളുടെ കടം വീട്ടാൻ തീരുമാനിച്ചതും, അന്യായാർജ്ജിത പണവുമായി മുന്നോട്ട് പോകുന്നതിന് അപ്പീൽവാദിയുടെ ഭാഗത്തെ ഒരു ഉദ്ദേശ്യം കാണിക്കുന്നത് പ്രതിപാദിക്കുന്നതിന് ഇവിടെ പ്രാധാന്യമുണ്ട്.

12. പ്രതി പറയുന്ന പ്രകാരം, പരേതന്റെ വീട്ടിൽ ഒരു വലിയ തുകയുടെ പണവും സ്വർണ്ണാഭരണങ്ങളും ലഭ്യമായിരുന്നതും, ആയത് പ്രതിക്ക്/അപ്പീൽവാദിക്ക് എടുത്തു കൊണ്ട് പോകാമായിരുന്നെന്നും, അയാൾ സത്യസന്ധനായ ഒരാളായതിനാൽ അയാൾ യാത്ര തിരിക്കുതിന് മുൻപ് തിരികെ കൊടുക്കേണ്ട തുക എടുത്തു. ഈ തർക്കം യാതൊരു യോഗ്യതയുമില്ലാത്തതും കീഴ്ക്കോടതികൾ തെറ്റാണെന്ന് കണ്ടെത്തിയതുമാണ്. സ്വർണ്ണവും പണവും മറയ്ക്കപ്പെട്ട അവസ്ഥയിൽ കിടക്കുകയായിരുന്നെന്നും, ഇപ്രകാരം അത് നിലനിൽക്കുന്നതായി അറിയുന്നത്, പ്രതിയുടെ/അപ്പീൽവാദിയുടെ മേൽ ആരോപിക്കാൻ കഴിയില്ല എന്നും വിചാരണക്കോടതി സൂചിപ്പിച്ചത് ഇവിടെ പ്രതിപാദിക്കുന്നത് പ്രസക്തമാകും.

13. സംഹിതയുടെ 313-ാം വകുപ്പിൻ കീഴിലെ പ്രസ്താവന രേഖപ്പെടുത്തുന്ന ഘട്ടത്തിൽ, 6-1-2001-ന് 8.00 പി.എം.-ന് പരേതനായ അഗസ്റ്റിൻ അയാൾക്ക് 35,000 രൂപ കൊടുത്തു എന്ന മറ്റൊരു വിശദീകരണവുമായി പ്രതി വന്നു. അഗസ്റ്റിന്റെ കടയിൽ അയാൾ സന്നിഹിതനായിരുന്നെന്നും പ്രസ്തുത തുക നൽകിയതായും കാണിക്കുന്നതിന് യാതൊരു തെളിവും ഹാജരാക്കിയിട്ടില്ല. പരേതനായ അഗസ്റ്റിനിൽനിന്നും 35,000 രൂപ അയാൾക്ക് ലഭിച്ചതായി അവളുടെ ഭർത്താവ് ഏതെങ്കിലും ഘട്ടത്തിൽ അവളോട് പറഞ്ഞിട്ടുള്ളതായി പി.ഡബ്ല്യു.19 പ്രതിയുടെ/അപ്പീൽവാദിയുടെ ഭാര്യ പോലും പറഞ്ഞിട്ടില്ല. വിചാരണക്കോടതിയും ഹൈക്കോടതിയും രണ്ടും ഇത് അവിശ്വസിച്ചു.

14. തെളിവിന്റെ ഒരു വിശകലനം, പ്രതിക്ക്/അപ്പീൽവാദിക്ക് പണത്തിന്റെ വളരെ അത്യാവശ്യമുണ്ടായിരുന്നതും പ്രസ്തുത തുക കിട്ടുന്നതിന് അയാൾക്ക് ഒരു ഉദ്ദേശ്യമുണ്ടായിരുന്നെന്നും കാണിക്കുന്നു.

15. പ്രതി/അപ്പീൽവാദി, 6-1-2001-ന് 7.00 പി.എം-ന് വീട്ടിൽ പ്രവേശിക്കുന്നതായി പി.ഡബ്ല്യു.38 കണ്ടു. വീടിനകത്തെ അവന്റെ സാന്നിദ്ധ്യത്തിന് മറ്റ് വസ്തുതകളുടെയും കൂടി പിൻബലമുണ്ട്; അതായത്:

(i) അവന്റെ വിരലടയാളങ്ങളുടെ സാന്നിദ്ധ്യം (സൂചന-പി.ഡബ്ല്യു.6-ഉം പി.ഡബ്ല്യു.7-ഉം);

(ii) പരേതന്റെ ശരീരത്തിൻമേൽ മുടിയുടെ സാന്നിദ്ധ്യം (പി.ഡബ്ല്യു.51-ഉം പി.ഡബ്ല്യു. 53-ഉം പി.ഡബ്ല്യു. 61-ഉം); കൂടാതെ

(iii) പ്രതിയുടെ/അപ്പീൽവാദിയുടെ വീട്ടിൽ അയാളുടെ അഭാവം (പി.ഡബ്ല്യു.19).

16. പി.ഡബ്ല്യു.17, 7-1-2001-ന് 5.45 എ.എം.-ന് പരേതന്റെ വീട്ടിൽനിന്നും പ്രതി/അപ്പീൽവാദി പുറത്തേക്ക് വരുന്നത് കണ്ടു. ഈ തെളിവ് ഇരു കോടതികളും

വിശ്വസിക്കുകയും എതിർ വിസ്താരത്തിലും ഈ സാക്ഷിത്വം അവിശ്വസിച്ചില്ല.

17. ഇത് കക്ഷികൾ അംഗീകരിച്ച സംഗതിയാണ്. പി.ഡബ്ല്യു.19 പ്രതിയുടെ ഭാര്യ; അതുപോലെ പ്രതി/അപ്പീൽവാദിയും അയാളുടെ വീട്ടിലെ തന്റെ അഭാവം സമ്മതിച്ചിട്ടുണ്ട്.

18. അയാൾ പെരുമ്പാവൂരിലേക്ക് പോകുകയായിരുന്നെന്നും തോട്ടുവ-ൽ വച്ച്, ഏകദേശം 35 കിലോമീറ്റർ അകലെ അയാളുടെ പണം ഓട്ടോ ഡ്രൈവർ പിടിച്ചുവാങ്ങാൻ ശ്രമിച്ചെന്നും അവൻ ഓടി, ആ രാത്രി മുഴുവനും ഒരു പഴകി പൊളിഞ്ഞ വീട്ടിൽ കഴിഞ്ഞു എന്ന് പ്രതി/അപ്പീൽവാദി നൽകിയ നാടകീയമായ വിശദീകരണം കീഴ്ക്കോടതികൾ ശരിയായി നിരസിച്ചു. അയാൾ സംഭവസ്ഥലത്തുനിന്നും നിസ്സംശയമായും 35 കിലോമീറ്റർ അകലെയുള്ള തോട്ടുവ-ൽ ആയിരിക്കുന്നപക്ഷം, സംഭവസ്ഥലത്ത് 7-1-2001-ന് 5.45 എ.എം.-ന് അതിരാവിലെ അയാളെ കാണപ്പെടാൻ കഴിയുകയില്ല.

19. എബ്രഹാം ചെറിയാൻ (പി.ഡബ്ല്യു.59), ഐ.ഒ., തെളിവ് ആക്റ്റിന്റെ 27-ാം വകുപ്പിൻ കീഴിലെ പ്രസ്താവനയുടെ വാസ്തവ സംഗതി പിൻതുണയ്ക്കുന്നു. വീണ്ടെടുപ്പിന് ഇസ്മായിലും (പി.ഡബ്ല്യു. 68) ജോണി സിറിയക്കും (പി.ഡബ്ല്യു. 72)-ഉം സാക്ഷ്യം വഹിച്ചു. കൂടുതലായി, സി. ബി. ഐ.-ൽ നിന്നുള്ള ഐ.ഒ., പി.ഡബ്ല്യു.77 കൂടി 27-ാം വകുപ്പിൻകീഴിലെ വീണ്ടെടുപ്പുകളും പ്രസ്താവനയും പിന്തുണച്ചു.

20. ജി. വെങ്കടരാമൻ (പി.ഡബ്ല്യു. 77) അന്വേഷണവുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിൽ, അന്വേഷണത്തിൽനിന്നും കേവലം കൈലേസും സോക്സും മാത്രമേ വീണ്ടെടുത്തിട്ടുള്ളൂ എന്ന് അയാൾ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ വീണ്ടെടുപ്പുകളെ അവിശ്വസിക്കുന്നതിനുള്ള പ്രതിഭാഗത്തിന്റെ ശ്രമം, നേരത്തെ പി.ഡബ്ല്യു. 59 അന്വേഷണം നടത്തിയിട്ടുള്ളതും പ്രസ്തുത ചോദ്യം അന്വേഷണവുമായി ബന്ധപ്പെട്ടതും യഥാർത്ഥ വീണ്ടെടുപ്പിന്റെ വാസ്തവ സംഗതിയല്ലാത്തതും, ആയത് പി.ഡബ്ല്യു. 68-ഉം പി.ഡബ്ല്യു. 73-ഉം പിന്തുണച്ചതുമാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ടുള്ളതാണ്.

21. വി.ഒ. ജോസ് (പി.ഡബ്ല്യു. 6), ഫോട്ടോഗ്രാഫർ വിരലടയാളങ്ങൾ എടുക്കുകയും പി.ഡബ്ല്യു. 7 വിരലടയാള വിദഗ്ദ്ധൻ അവ അനുരൂപമായതാക്കുകയും ചെയ്തു. പ്രതിഭാഗം ആയത് ഗൗരവതരമായി നിഷേധിച്ചില്ല, എന്നാൽ അവൻ ഒരു പതിവ് സന്ദർശകനാണെന്ന് പറഞ്ഞുകൊണ്ട് അത് വിശദീകരിക്കാൻ ശ്രമിച്ചു.

22. പി.ഡബ്ല്യു. 51 സബ് ഇൻസ്പെക്ടർ, മുടി വീണ്ടെടുക്കുകയും പിന്നീട് മുടി അടങ്ങുന്ന കൺടെയ്നറുകൾ ഒരു പ്രത്യേക പായ്ക്കറ്റിൽ മുദ്ര ചെയ്ത് വയ്ക്കുകയും ചെയ്തു. പി.ഡബ്ല്യു. 53 വീണ്ടെടുത്ത മുടി, സാമ്പിൾ മുടിയുമായി പരിശോധിക്കുകയും അത് അനുരൂപമാകുകയും ചെയ്തു. പി.ഡബ്ല്യു. 60 ഡോ. അനിലകുമാരി സാമ്പിൾ ശേഖരിച്ചു.

23. മുടി ശേഖരിച്ചതുമായി ബന്ധപ്പെട്ടും, മുദ്ര ചെയ്ത വസ്തുതയെ കുറിച്ചും ധാരാളം വിമർശനങ്ങൾ ഉണ്ടായി. റിക്കാർഡിലുള്ള തെളിവ്, മുടി വ്യത്യസ്ത കൺടെയ്നറുകളിൽ സൂക്ഷിച്ചിരുന്നു എന്നും ഈ കൺടെയ്നറുകൾ പിന്നീട് ഒരു പായ്ക്കറ്റിൽ മുദ്ര ചെയ്ത് വച്ചതായും വ്യക്തമായി കാണിക്കുന്നു. കൺടെയ്നറുകൾ മുദ്രചെയ്ത് വച്ചിരുന്നില്ല. എന്നാൽ അവ ഒരു മുദ്ര ചെയ്ത പായ്ക്കറ്റിൽ സൂക്ഷിച്ചിരുന്നതിനാൽ ഏതെങ്കിലും അനാവശ്യ ഇടപെടലിന് യാതൊരു സാദ്ധ്യതയും ഇല്ല.

24. എഗ്സിബിറ്റ് പി-59 കുറ്റസമ്മത പ്രസ്താവനയാണ്. അത്, പി.ഡബ്ല്യു.65, മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് പിന്തുണച്ചതാണ്. പി.ഡബ്ല്യു. 77, ഐ.ഒ., പ്രതി/അപ്പീൽവാദി കേരള സംസ്ഥാനത്തിന്

പുറത്ത് കുറ്റസമ്മതം നടത്താൻ ആഗ്രഹിച്ച തായി ദൃഢമായി സൂചിപ്പിച്ചു. പ്രതിഭാഗം, ആയത് ഇനി പറയുന്ന കാരണങ്ങളാൽ എതിരിട്ടു:

(i) അത് പീഢനത്തിന്റെ ഫലമായ ഒന്നായിരുന്നതും, നിഷേധിക്കുകയും ചെയ്തു.

(ii) സംഹിതയുടെ 164(4)-ഉം 164(2)-ഉം വകുപ്പുകൾ പാലിച്ചിട്ടില്ല;

(iii) ലോക്കൽ മജിസ്ട്രേറ്റിനെ അറിയിച്ചില്ല.

25. മേൽ സമർപ്പിച്ച യാതൊന്നും തന്നെ നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപൂർവ്വം ബോധിപ്പിച്ചു. സംഹിതയുടെ 313-ാം വകുപ്പിൻകീഴിലെ പ്രസ്താവനയുടെ ഘട്ട ത്തിലൊഴികെ കുറ്റസമ്മതം നിഷേധിച്ചിട്ടില്ല. പീഢനത്തിന്റെ യാതൊരു പരാതിയും മജിസ്ട്രേറ്റിന് നൽകുകയോ എതിർ വിസ്താരത്തിൽ പി.ഡബ്ല്യു 59-നോടോ പി.ഡബ്ല്യു.77-നോടോ പീഢനം സൂചിപ്പി ച്ചിട്ടുമില്ല.

26. കുറ്റസമ്മതം രേഖപ്പെടുത്തുന്നതിന് മുൻപ്, 164(2)-ാം വകുപ്പിൻകീഴിൽ ആവശ്യമായ എല്ലാ അവശ്യ മുൻകരുതലു കളും മജിസ്ട്രേറ്റ് എടുത്തിരുന്നതും പ്രതിക്ക്/അപ്പീൽവാദിക്ക് ചിന്തിക്കുന്നതിന് അവർ സമയം നൽകിയിരുന്നതുമാണ്. രണ്ടാമതായി, തെളിവിൽ അയാൾ പറയുന്നതെന്തും പിന്നീട് അയാൾക്കെതിരെ ഉപയോഗിക്കുമെന്നത് സംബന്ധിച്ചും അയാൾ തെളിവ് നൽകാൻ ബാദ്ധ്യസ്ഥനല്ല എന്നു കൂടി അവർ പ്രതിക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. പ്രതിഭാഗം, മജിസ്ട്രേറ്റ്, 'കുറ്റസമ്മതം' എതിന് പകരം 'തെളിവ്' എന്ന വാക്കാണ് ഉപയോഗിച്ചത് എന്നും ആയതിനാൽ അവിടെ 164(2)-ാം വകുപ്പ് പാലിച്ചിട്ടില്ലെന്നും ബോധിപ്പിച്ചത് അമിതമായ സാങ്കേതികമായതാണ്. മജിസ്ട്രേറ്റ്, നിയമപരമായ മുന്നറിയിപ്പും അയാൾ പ്രസ്താവന നടത്തുന്നതിന് ബാദ്ധ്യസ്ഥനല്ലെന്ന നിയമപരമായ ഉപദേശവും നൽകിയിരുന്നതായി പ്രസ്താവനയിൽ അവർ രേഖപ്പെടുത്തി. 463-ാം വകുപ്പ് ഈ കേസിൽ ഉചിതമായി ബാധകമാക്കി.

27. **ഈ കോടതി, സ്റ്റേറ്റ് ഓഫ് യു.പി Vs സിൻഘാരസിംഗ്** [മനു/എസ്സി/ 0082/ 1963:(1964) 4 എസ് സി ആർ 485]-ൽ സംഹിതയുടെ 533-ാം വകുപ്പിൻ കീഴിൽ നൽകാൻ കഴിയുന്ന സംഹിതയുടെ 164-നു കീഴിലെ പ്രസ്താവനകളുമായി ബന്ധപ്പെട്ട വാക്കാൽ തെളിവിന്റെ സാദ്ധ്യത ഇനി പറയുന്ന വാക്കുകളിൽ വിശദീകരിച്ചു:

............... അതുകൊണ്ട് 533-ാം വകുപ്പ്, കോടതി അതിന്റെ മുമ്പാകെ ഹാജരാക്കിയ രേഖ അത് അപ്രകാരമായിരുന്നു എന്ന് കാണിക്കാതിരിക്കുന്നതായി കാണുമ്പോൾ, 164-ാം വകുപ്പിൽ പ്രതിപാദിച്ച നടപടി സത്യത്തിൽ പാലിച്ചിട്ടുണ്ടെന്ന് തെളിയിക്കു ന്നതിന് വാക്കാൽ തെളിവ് നൽകുന്നതിന് അനുവദിക്കുന്നു. നടപടി പാലിച്ചിരുന്നു എന്ന് വാക്കാൽ തെളിവ് സ്ഥാപിക്കുന്ന പക്ഷം, മാത്രമേ ആ രേഖ അംഗീകരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് 164-ാം വകുപ്പിൽ പ്രതിപാദിച്ച നടപടി കർത്തവ്യ മായതായി ഉദ്ദേശിക്കുന്നില്ലെന്ന് വളരെ ദൂരെയായി കാണിക്കുന്നിടത്ത്, നടപടി പാലിക്കേണ്ടതാണെന്ന് 533-ാം വകുപ്പ് തികച്ചും ഊന്നിപ്പറയുന്നു. ചില സംഗതി കളിൽ, അപ്രകാരം ചെയ്തത് കണക്കി ലെടുക്കാതെ രേഖ ആവശ്യമായിരിക്കുന്നിടത്ത്, ഈ വകുപ്പ്, നടപടി യഥാർത്ഥത്തിൽ പാലിച്ചു എന്ന് തെളിയിക്കുതിന് മാത്രം വാക്കാൽ തെളിവ് അനുവദിക്കുന്നതാണ്.



GCPT. 5/3304/2019

28. പ്രതിക്ക് മുന്നറിയിപ്പ് നൽകുമ്പോൾ 'കുറ്റസമ്മതം' എന്നതിന് പകരം 'തെളിവ്' എന്ന പദപ്രയോഗം മജിസ്ട്രേറ്റ് ഉപയോഗിച്ചു എന്ന മാത്രം കാരണത്താൽ 164(2)-ാം വകുപ്പിന്റെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് ജാമ്യത്തിലുള്ള പ്രതി സ്വതന്ത്രമായും സ്വമേധയാലും നടത്തിയ കുറ്റസമ്മത പ്രസ്താവന നിരസിക്കാൻ കഴിയില്ല.

29. പ്രതിയെ-അപ്പീൽവാദിയെ 25-1-2002-ന് ജാമ്യത്തിൽ വിടുകയും അയാൾ 9-10-2002-ൽ കുറ്റസമ്മത പ്രസ്താവന നൽകുകയും ചെയ്തു എന്നത് ഇവിടെ പ്രതിപാദിക്കേണ്ടത് കൂടുതൽ യുക്തമായ താണ്. അങ്ങനെ, അയാൾ കുറ്റസമ്മത പ്രസ്താവന നൽകുമ്പോൾ, അയാൾ ഒരു സ്വതന്ത്രനാണ്. കൂടുതലായി, പ്രതി അയാളുടെ 313-ാം വകുപ്പിൻ കീഴിലെ പ്രസ്താവനയിലോ എതിർവിസ്താര വേളയിലോ 164-ാം വകുപ്പിൻ കീഴിൽ പി.ഡബ്ല്യു.65 രേഖപ്പെടുത്തിയ പ്രസ്താവന തെറ്റാണെന്ന് സൂചിപ്പിച്ചിട്ടില്ല.

30. പരിക്കിന്റെ സംഭവവിവരണം രേഖപ്പെടുത്തിയതും കൂടാതെ പ്രസ്തുത കുറ്റസമ്മതം രേഖപ്പെടുത്തിയതുമായ കോടതിയ്ക്ക് പുറത്തുള്ള കുറ്റസമ്മതം (എഗ്സിബിറ്റ് പി-48) പി.ഡബ്ല്യു.60 ഡോ. അനിലകുമാരി പിന്തുണച്ചു. സ്വതന്ത്ര സാക്ഷിയായ ഡോ. അനിലകുമാരി നൽകിയ മൊഴി ഇരു കീഴ്ക്കോടതികളും സ്വീകരിച്ചിട്ടുണ്ട്. അവരുടെ ചീഫ് വിസ്താരത്തിൽ, "ആലുവ ഡിവൈഎസ്പി യുടെ അഭ്യർത്ഥന പ്രകാരം ഞാൻ ആന്റണിയെ പരിശോധിച്ചു" എന്ന് മൊഴി നൽകി. ആ മൊഴി രേഖപ്പെടുത്തുന്ന സമയത്ത് പ്രസ്തുത ഡിവൈഎസ്പി (പി.ഡബ്ല്യു.59) സന്നിഹിതനായിരുന്നു എന്ന് കാണിക്കുന്ന യാതൊരു വസ്തുതയുമില്ല. ഡോക്ടറുടെ വീട്ടിൽ പ്രതിയോടൊപ്പം അയാൾ പോയിരുന്നു എന്ന് ഡിവൈഎസ്പി (പി.ഡബ്ല്യു.59) പറഞ്ഞിട്ടില്ല. രണ്ടാമതായി, അവർ പ്രസ്തുത കുറ്റസമ്മത പ്രസ്താവന രേഖപ്പെടുത്തുമ്പോൾ പ്രതി-അപ്പീൽ വാദിയോടൊപ്പം ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു എന്ന യാതൊരു വസ്തുതയും റിക്കാർഡി ലില്ലാത്തതും അപ്രകാരമുള്ള ഏതെങ്കിലും നിർദ്ദേശം പി.ഡബ്ല്യു.60-ന് നൽകിയിട്ടി ല്ലാത്തതുമാണ്. അങ്ങനെ, പ്രസ്തുത മൊഴി പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യ ത്തിൽ രേഖപ്പെടുത്തിയതിനാൽ അത് സ്വീകരിക്കാൻ യോഗ്യമല്ല എന്ന പ്രതിഭാഗ ത്തിന്റെ വിമർശനം റിക്കാർഡിൽ യാതൊരു വസ്തുതയും ഇല്ലാത്തതാണ്.

31. മേൽപ്പറഞ്ഞത് സംബന്ധിച്ച് അപ്പീൽ വാദിയുടെ വിശദീകരണം ചുവടെ ചേർക്കുന്നു:

ആവശ്യമായ തെളിവിന് വളരെ വിദൂരമാകുന്ന, കേവലം സംശയ ത്തിൻമേലും അപ്രകാരം പറയപ്പെടുന്ന സാഹചര്യതെളിവ് വിശ്വസിച്ചുകൊണ്ടും പ്രോസിക്യൂഷൻ പ്രതിയിൽ ഉദ്ദേശ്യം ചുമത്തുന്നു, അതായത്, അയാൾക്ക് സൗദി അറേബ്യയിൽ പോകുന്നതിന് പണമാവശ്യ മായിരുന്നെന്നും ആ ആവശ്യത്തിലേക്കായി അയാൾ കൊലപാതകം നടത്തി എന്നും. പി.ഡബ്ല്യു1-ന്റെയും മേരി സണ്ണിയുടെയും (പി.ഡബ്ല്യു.45) പി.ഡബ്ല്യു.59-ഉം പി.ഡബ്ല്യു. 77-ഉം അന്വേഷണ ഉദ്യോഗസ്ഥരുടെ തെളിവുകൾ പരിശോധിച്ചിരുന്നെങ്കിൽ ഉദ്ദേശ്യം തകർന്നതായി നിലകൊള്ളും. വീട് പരിശോധിച്ചതിൽ, 45 ലക്ഷം മൂല്യമുള്ള സേവിംഗ്സ് ബാങ്ക് നിക്ഷേപ രസീതുകൾക്ക് പുറമേ 55 പവന്റെ സ്വർണ്ണാഭരണങ്ങളും അലമാരിയിൽ നിന്നും വീണ്ടെടുത്തതായും, ഒരു ചെറിയ പെട്ടിയിൽ 1.50 ലക്ഷം രൂപയുടെ കറൻസി നോട്ടുകളും വീണ്ടെടുത്തതായി പി.ഡബ്ല്യു.1 പറഞ്ഞു. കൂടുതലായി, അടുത്ത മുറിയിൽ നിന്നും 45,000 രൂപ മൂല്യമുള്ള കറൻസി നോട്ടുകൾ

വീണ്ടെടുത്തതായും അലമാരിക്കുള്ളിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണാഭരണങ്ങളും വീണ്ടെടുത്തു. പരേതനായ അഗസ്റ്റിന്റെ മറ്റൊരു സഹോദരി പി.ഡബ്ല്യു. 45-ഉം 95 പവന്റെ സ്വർണ്ണാഭരണങ്ങളും 2.5 ലക്ഷം രൂപയും വീണ്ടെടുത്തു എന്ന് പറഞ്ഞു കൊണ്ട് ഇത് സ്ഥിരീകരിച്ചു. അന്വേഷണ ഉദ്യോഗസ്ഥനും അതേ ഫലത്തിൽ സാക്ഷി പറഞ്ഞു.

32. പ്രതി, കുറ്റകൃത്യത്തിലെ അയാളുടെ പങ്കാളിത്തം നിരസിച്ചു. പ്രോസിക്യൂഷൻ സാക്ഷികളായ, അതായത്, പി.ഡബ്ല്യു.14, പി.ഡബ്ല്യു.23, പി.ഡബ്ല്യു.24 എന്നിവരുടെ തെളിവ്, പ്രതി സത്യസന്ധനായ ഒരാളാണെന്നും, കടങ്ങൾ തീർക്കുന്നതിന് 6-1-2001-ന് അഗസ്റ്റിൻ നൽകിയ 35,000 രൂപ പി.ഡബ്ല്യു.23-നും പി.ഡബ്ല്യു.24-നും തിരികെ നൽകി എന്നുമാണ്. പണം ഒരു ഉദ്ദേശ്യമായിരുന്നെങ്കിൽ, പണവും സ്വർണ്ണവുമായി പ്രതി ആരുമറിയാതെ പോകുമായിരുന്നു. കൂടാതെ അങ്ങനെയുള്ള ഒരാൾ പി.ഡബ്ല്യു.23-നും 24-നും വായ്പ തിരികെ കൊടുക്കുകയും ബാക്കി 3,000 രൂപ പലിശ സഹിതം കൊടുത്തു തീർക്കാമെന്ന് പി.ഡബ്ല്യു. 23-ന് വാക്കുകൊടുക്കുകയും പി.ഡബ്ല്യു. 23-ന്റെ കൈവശം ഉണ്ടായിരുന്ന ഒപ്പിട്ട മുദ്രപത്രവും എഴുതാത്ത ചെക്ക് ലീഫും തിരികെ വാങ്ങാത്തതിനാലും അയാൾ സത്യസന്ധനല്ലാതാകുന്നില്ല.

33. മേൽ പറഞ്ഞ സ്ഥിതിയിൽ, ഈ അപ്പീലിന് യാതൊരു യോഗ്യതയും ഇല്ലാത്തതും തള്ളുന്നതിന് അർഹമായതും ആയത് ഞങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എൻ. വി. രാമണ

&

ബഹു. ജസ്റ്റിസ് മോഹൻ. എം. ശാന്തനഗൗഡർ

സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്

Vs

വാസിഫ് ഹൈഡറും മറ്റുള്ളവരും

ക്രിമിനൽ അപ്പീൽ നമ്പർ. 1702-1706/2014

2018 ഡിസംബർ 10-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

പ്രതികളെ അറസ്റ്റ് ചെയ്യുതിനോ ചോദ്യം ചെയ്യുന്നതിനോ പ്രോസിക്യൂഷൻ യാതൊരു ശ്രമവും നടത്തിയിട്ടില്ലാത്തതും അത്തരത്തിലെ ക്രമാതീതമായ കാല താമസത്തിന് യാതൊരു ന്യായമായ വിശദീകരണവും നൽകിയിട്ടുമില്ല. പരേതന്റെ സേവകന് പരിക്ക് പറ്റിയിട്ടും അയാളെ വിസ്തരിക്കുന്നതിൽ പ്രോസിക്യൂഷൻ വീഴ്ച വരുത്തി. മേൽസൂചിപ്പിച്ച അന്വേഷണ വീഴ്ചകളുടെ വർദ്ധിക്കുന്ന പ്രഭാവം,പ്രതികൾ- എതിർ കക്ഷികൾക്ക് അനുകൂലമായ നിരപരാധിത്വത്തിന്റെ അനുമാനത്തെ ബലപ്പെടുത്തുന്നു. അങ്ങനെയുള്ള കേസുകളിൽ പിഴവുള്ള അന്വേഷണത്തിൽ നിന്നും ഉയരുന്ന സംശയത്തിന്റെ ആനുകൂല്യം പ്രതികൾക്ക് അനുകൂലമായി പ്രയോജനപ്പെടുന്നു.

### വിധിന്യായം

**ജസ്റ്റിസ്. എൻ.വി. രാമണ**

1. ഈ അപ്പീലുകൾ, ക്രിമിനൽ അപ്പീൽ നമ്പർ. 1419, 1430, 1518 & 898/2014-ൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പ് 149-ാം വകുപ്പുമായി കൂട്ടിവായിച്ചതും, 307-ാം വകുപ്പ് 148, 149 വകുപ്പുകളുമായി കൂട്ടിവായിച്ച പ്രകാരവും, 1932-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരവുമുള്ള 164/2002-ാം നമ്പർ സെഷൻസ് വിചാരണയിൽ ശിക്ഷിച്ചു കൊണ്ടുള്ള കാൺപൂർ അഡീഷണൽ സെഷൻസ് ജഡ്ജിയുടെ 22-1-2004-ലെ വിധിന്യായത്തെ നേർവിപരീതമാക്കി ക്കൊണ്ട് അലഹബാദ് ഹൈക്കോടതി പുറപ്പെടുവിച്ച 29-5-2009 തീയതിയിലെ ചോദ്യംചെയ്യപ്പെട്ട പൊതുവിധിന്യായത്തിൽ നിന്നും പ്രത്യേക അനുമതിയാൽ ഉത്ഭവിച്ചതാണ്. എന്നാൽ, സെഷൻസ് വിചാരണ നമ്പർ. 143 & 142/2002-ൽ 1-ാം പ്രതി-എതിർകക്ഷിയെ (വാസിഫ് ഹൈഡർ)

കുറ്റവിമുക്തനാക്കിക്കൊണ്ട് കാപൂർ അഡീഷണൽ സെഷൻസ് ജഡ്ജി പുറപ്പെടുവിച്ച 3-8-2005 തീയതിയിലെ വിധിന്യായത്തെ ഉറപ്പിച്ചപ്പോൾ, 1959-ലെ ആയുധങ്ങൾ ആക്റ്റിലെ 25-ഉം 27-ഉം വകുപ്പുകൾക്കും, 1908-ലെ സ്ഫോടന വസ്തു നിയമത്തിലെ 4-ഉം 15-ഉം വകുപ്പുകൾക്ക് കീഴിലെ കുറ്റങ്ങൾക്ക് 1-ാം പ്രതി-എതിർകക്ഷിയെ (വാസിഫ് ഹൈഡർ) കുറ്റവിമുക്തനാക്കിയതിനെതിരെ അപ്പീൽവാദി-സംസ്ഥാനം ബോധിപ്പിച്ച 5270/2005 എന്ന സർക്കാർ അപ്പീൽ ഹൈക്കോടതി തള്ളുകയും ചെയ്തു.

2. പ്രോസിക്യൂഷൻ കഥയിൽ നിന്നും വെളിവാകുന്ന ചുരുക്കവസ്തുതകൾ ഇങ്ങനെയാണ്, പരാതിക്കാരൻ (പി.ഡബ്ല്യു 2-എസ്.ഒ, പി.എസ്. മൂൽഗഞ്ച്, കാൺപൂർ) മറ്റ് പോലീസുകാർക്കൊപ്പം ഡ്യൂട്ടിസമയത്ത് പരേഡിൽ ആയിരുന്നപ്പോൾ, ഏകദേശം 200-300 കലാപക്കാർ, ചൗബേഗോലാ ക്ഷേത്രത്തിൽ ലഹളയുണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതായി അയാൾക്ക് അറിവ് ലഭിച്ചു. ഉടൻതന്നെ, പരാതിക്കാരൻ, പോലീസ് സേനയോടും, എ.ഡി.എം. (ധനകാര്യവും റവന്യൂവും)- ശ്രീ. ചന്ദ്രപ്രകാശ് പഥകിനോടും (ഇതിനു ശേഷം "**പരേതൻ**" എന്ന് പരാമർശിക്കപ്പെടുന്നു) പ്രൊവിൻഷ്യൽ ആർമ്ഡ് കോൺസ്റ്റബുലാറിയുടെ ('പിഎസി') ഒരു അർദ്ധ വിഭാഗത്തോടും കൂടി സംഭവ സ്ഥലത്തേക്ക് പുറപ്പെട്ടു. തീർച്ചയായും, നായ്സരക്-ലെ സുനേഹ്രി മോസ്കിൽ നിന്നും ഏകദേശം 100-150 ചുവട് അകലെ പരേതൻ, മറ്റു പോലീസുകാർക്കൊപ്പം നിൽക്കുമ്പോൾ, കലാപക്കാർ അവർക്ക് നേരെ വെടിയുതിർക്കുകയും, പരിണത ഫലമായി, പരേതനും അയാളുടെ സേവകനായ രാംചന്ദ്രയ്ക്കും പരിക്കേൽക്കുകയും ചെയ്തു. ക്രമസമാധനനില നിയന്ത്രിക്കുന്നതിനായി, പോലീസ്, അവരുടെ പ്രതിരോധത്തിനായി വെടിവയ്ക്കുന്നതിന് നിർബന്ധിതരായി. പോലീസ് സേന മോസ്കിൽ എത്തിയപ്പോൾ, കലാപക്കാർ ഓടിപ്പോയിരുന്നു. അനന്തരം, പോലീസ് സേന ചൗബേഗോലാ ക്ഷേത്രത്തിൽ എത്തിയപ്പോൾ അവിടെ കലാപക്കാർ ചില വീടുകൾ കൊള്ളയടിക്കുകയും തീവയ്പ് നടത്തുകയും ചെയ്തിരുന്നു. ഇതിനിടെ പരേതൻ, ആശുപത്രിയിൽ വെടിയേറ്റ പരിക്കിനാൽ മരിച്ചതായി പോലീസിന് വിവരം ലഭിച്ചു. അവസാനം, അജ്ഞാതരായ 200-300 കലാപക്കാർക്കെതിരെ 16-3-2001-ന് രാത്രി 8.05 പി.എം.-ന് 7/2001 നമ്പർ. ക്രൈം കേസായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു.

3. അതേ രാത്രിയിൽ, ഇൻക്വസ്റ്റ് നടപടികൾ നടത്തിയശേഷം, മൃതശരീരം പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് അയയ്ക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തു. അന്വേഷണ ഉദ്യോഗസ്ഥൻ, സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയ ശേഷം, സംഭവസ്ഥലം പരിശോധി ക്കുകയും എഗ്സിബിറ്റ് കെഎ-6 സൈറ്റ് പ്ലാൻ തയ്യാറാക്കുകയും ചെയ്തു. പരേതന്റെ ചിതാഭസ്മത്തിൽ നിന്നും ഒരു ബുള്ളറ്റ് കണ്ടെടുക്കുകയും ആയത് ഫോറൻസിക് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു.

4. 2-8-2001-ൽ 2-ാം പ്രതി-എതിർകക്ഷിയെ (മുംതാസ് അഥവാ മൗലാന) ഡൽഹി പോലീസ് കാൺപൂരിൽ കൊണ്ടുവന്നു. 4-8-2001-ൽ 1-ാം പ്രതി - എതിർകക്ഷി (വാസിഫ് ഹൈഡർ) അറസ്റ്റിലായി. 3-ാം പ്രതി എതിർകക്ഷിയും (ഹാസി ആറ്റിഖ്) 4-ാം പ്രതി- എതിർകക്ഷിയും (സഫത്ത് റസൂൽ) യഥാക്രമം 17-9-2001-ലും 18-9-2001-ലും അറസ്റ്റിലാകുകയും, അതിനുശേഷം, തിരിച്ചറിയൽ പരേഡ് ടെസ്റ്റ് (ഇതിനുശേഷം 'റ്റിഐപി' എന്ന്



GCPT. 5/3304/2019

പരാമർശിക്കപ്പെടും) 27-09-2001-ൽ കാൺപൂർ ജില്ലാ ജയിലിൽ നടത്തി. അന്വേഷണം പൂർത്തിയാക്കിയശേഷം കുറ്റപത്രം സമർപ്പിച്ചു.

5. പ്രതി കുറ്റം ചെയ്തിട്ടില്ലെന്നും വിചാരണ ആവശ്യപ്പെടുകയും ചെയ്തു. പ്രതി ക്രിമിനൽ നടപടി നിയമ സംഹിതയിലെ 313-ാം വകുപ്പിൻ കീഴിൽ നൽകിയ മൊഴിയിൽ, ആയത് ശ്രദ്ധിക്കേണ്ടത് പ്രസക്തമാണ്. തിരിച്ചറിയൽ പരേഡ് ടെസ്റ്റ് നടത്തിയതിൽ അമിതമായ ഒരു കാലതാമസം ഉണ്ടായിരുന്നതായും, പ്രോസിക്യൂഷൻ സാക്ഷികൾ ഈ കാലയളവ്, അവരെ അവരുടെ വീടുകളിലോ ജോലിസ്ഥലങ്ങളിലോ പോയി കാണുന്നതിനും തുടർന്നുവരുന്ന തിരിച്ചറിയലിനായി സൂക്ഷ്മമായി അവരെ നിരീക്ഷിക്കുന്നതിനും ഉപയോഗിച്ചു എന്നും അവർ വാദിച്ചു. അവരെ ഒരു മുഖാവരണത്തിൽ (ബാപർദ്ദ) മറച്ചുവയ്ക്കപ്പെട്ടിട്ടില്ല എന്ന വസ്തുത അവർ ഊന്നിപ്പറഞ്ഞു. തിരിച്ചറിയൽ പരേഡ് ടെസ്റ്റിന് മുൻപ്, പോലീസ് അവരുടെ ഫോട്ടോ എടുക്കുകയും മറ്റ് സാക്ഷികൾക്ക് അത് പ്രദർശിപ്പിക്കുകയും ചെയ്തു എന്ന് പ്രതികൾ-എതിർകക്ഷികൾ കൂടുതലായി പറഞ്ഞു. ഇത് തിരിച്ചറിയൽ പരേഡ് ടെസ്റ്റിന്റെ പരിശുദ്ധിയെക്കുറിച്ച് ഗൗരവമായ സംശയം ജനിപ്പിക്കുന്നു. യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിൽ പോലീസ് പരാജയപ്പെട്ടപ്പോൾ അവരെ കേസിൽ തെറ്റായി കെട്ടിവലിച്ചിട്ടതാണെന്ന് പ്രതികൾ-എതിർകക്ഷികൾ കൂടുതലായി ആരോപിച്ചു. അവർക്ക് വ്യക്തമായ പൂർവ്വകാലചരിത്രം ഉണ്ടായിരുന്നെങ്കിലും, അവരെ വഞ്ചകമായി കുറ്റത്തിൽ അകപ്പെടുത്തിയതാണ് എന്ന് പ്രതികൾ-എതിർകക്ഷികൾ ഉന്നയിച്ചു.

6. വിചാരണ കോടതി പ്രോസിക്യൂഷൻ വിവരണത്തിൽ അവലംബിച്ചുകൊണ്ട് പ്രതിരോധ കള്ളക്കഥ നിരസിക്കുകയും 22-1-2004 തീയതിയിലെ ഉത്തരവിലൂടെ പ്രതികളെ താഴെ പറയും പ്രകാരം ശിക്ഷിക്കുകയും ചെയ്തു:

| പ്രതി | ചാർജ്ജുകൾ | ശിക്ഷ |
|---|---|---|
| (1) വാസിഫ് ഹൈഡർ (എ-1) | ഇന്ത്യൻ ശിക്ഷാനിയമം- 302/149 വകുപ്പ് | ജീവപരന്ത്യം |
| (2) മുംതാസ് അഥവാ മൗലാന (എ2) | ഇന്ത്യൻ ശിക്ഷാനിയമം- 307/149 വകുപ്പ് | 5 വർഷത്തേയ്ക്ക് കഠിന തടവ് |
| (3) ഹാസി ആറ്റീഫ് (എ3) | 148-ാം വകുപ്പ് | 1 വർഷത്തേയ്ക്ക് കഠിന തടവ് |
| (4) സഫത്ത് റസൂൽ (എ4) | ക്രിമിനൽ നിയമം ഭേദഗതി ആക്റ്റ് 7-ാം വകുപ്പ് | 3 വർഷത്തേയ്ക്ക് കഠിന തടവ് |
| | ഇന്ത്യൻ ശിക്ഷാനിയമത്തിലെ 395, 397, 436-ഉം 153 എ വകുപ്പുകളിൻ കീഴിലെ ചാർജ്ജുകൾക്ക് അവരെയെല്ലാം കുറ്റവിമുക്തരാക്കി. | |
| വാസിഫ് ഹൈഡർ (എ1) | 1959-ലെ ആയുധങ്ങൾ ആക്റ്റിലെ 25-ഉം 27-ഉം വകുപ്പുകളും 1908-ലെ സ്ഫോടന വസ്തു നിയമത്തിലെ 4-ഉം 15-ഉം വകുപ്പുകളും പ്രകാരമുള്ള ചാർജ്ജുകൾക്ക് കുറ്റവിമുക്തരാക്കി. | |

7. മേൽപ്രതിപാദിച്ച ശിക്ഷാവിധി ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ട്, പ്രതികൾ-എതിർകക്ഷികൾ ഹൈക്കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിച്ചു. തെളിവുകളുടെ വിശകലനത്തിൽ, പ്രോസിക്യൂഷൻ സാക്ഷികളുടെ മൊഴികളിൽ വിവിധ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നതായും ആയത് ദൃഢീകരിക്കുന്ന തെളിവിന്റെ

അഭാവവും അവിടെയുണ്ടെന്ന് ഹൈക്കോടതി കണ്ടെത്തി. കുറ്റവിമുക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, പ്രോസിക്യൂഷൻ കേസ്, അന്വേഷണത്തിൽ നിയമസാധുതയില്ലാത്ത വൈകല്യം ഉണ്ടായിരുന്നതും പ്രതിയുടെ തിരിച്ചറിയൽ അത്യന്തം സംശയാസ്പദമായിരുന്നത് വളരെ പ്രാധാന്യമർഹിക്കുന്നതും, കൂടാതെ തിരിച്ചറിയൽ പരേഡ് ടെസ്റ്റ് '*ശരിയെന്ന് ധരിക്കാൻ ഉത്തമമായതാണോ*' എന്ന് ഗ്രഹിച്ചുകൊണ്ട് ഹൈക്കോടതി നിരീക്ഷിച്ചു. അതനുസരിച്ച്, കേസ് സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ, ഹൈക്കോടതി, ചോദ്യംചെയ്യപ്പെട്ട ഉത്തരവിലൂടെ പ്രതികളെ-എതിർകക്ഷികളെ കുറ്റവിമുക്തരാക്കുകയും മേൽപ്പറഞ്ഞ ശിക്ഷാവിധി ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ചെയ്തു.

8. എല്ലാ പ്രതികളേയും കുറ്റവിമുക്തരാക്കിക്കൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട ഉത്തരവിനാൽ സങ്കടപ്പെട്ടുകൊണ്ട് ഉത്തർപ്രദേശ് സംസ്ഥാനം ഈ അപ്പീലുകൾ ബോധിപ്പിച്ചു.

9. അപ്പീൽവാദി-സംസ്ഥാനത്തിന് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ ദിനേഷ് കുമാർ ഗോസ്വാമി പ്രോസിക്യൂഷൻ കേസിനെ പിന്തുണച്ചുകൊണ്ട്, പ്രതികളുടെ-എതിർകക്ഷികളുടെ അറസ്റ്റിനെ തുടർന്ന് വേണ്ടത്ര മുൻകരുതലുകൾ എടുത്തുകൊണ്ടും നടപടിക്രമം പാലിച്ചുകൊണ്ടും അവരുടെ തിരിച്ചറിയൽ ശരിയായി നടത്തിയിട്ടുള്ളതാണെന്ന് ബോധിപ്പിച്ചു. കൂടാതെ, പ്രോസിക്യൂഷൻ സാക്ഷികൾ, തിരിച്ചറിയൽ പരേഡിലും അതുപോലെ കോടതിയിലും പ്രതികളെ വ്യക്തമായി തിരിച്ചറിഞ്ഞിട്ടുള്ളതാണ്. തിരിച്ചറിയൽ പരേഡ് ടെസ്റ്റ് നടത്തിയതിൽ ഉണ്ടായ കാലതാമസത്തിന്റെ പ്രശ്നവിഷയത്തിൽ, പ്രതികൾക്ക്-എതിർകക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകർ വാദപ്രതിവാദം നടത്തുന്നതുപോലെ തിരിച്ചറിയൽ പരേഡ് ടെസ്റ്റ് നടത്തിയതിൽ ക്രമാതീതമായ കാലതാമസം ഉണ്ടായിരുന്നില്ല എന്ന് കൂടി അഭിഭാഷകൻ ശക്തമായി വാദിച്ചു. തിരിച്ചറിയൽ പരേഡ് ടെസ്റ്റ് ഫലങ്ങൾ വികലമാക്കുന്ന യാതൊന്നും തന്നെ റിക്കാർഡിൽ ഇല്ലാതിരുന്നതിനാൽ, ആയതിൽ അവലംബം അർപ്പിക്കാതെ ഹൈക്കോടതി ഒരു ഗുരുതര പിശക് വരുത്തി. അവസാനമായി, പ്രതികളുടെ-എതിർ കക്ഷികളുടെ അപരാധം തെളിയിക്കുതിന് മതിയായ തെളിവ് ഉണ്ടായിരുന്നതിനാൽ സെഷൻസ് ജഡ്ജി അവർക്കെതിരെ ശിക്ഷാവിധി പുറപ്പെടുവിച്ചത് ശരിയായിരുന്നതും ആയതിനാൽ ചോദ്യംചെയ്യപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തണമെന്നും വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചു.

10. നേരെമറിച്ച്, പ്രതികൾ-1, 3, 4 എതിർകക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന വിദുഷിയായ അഭിഭാഷക മിസ്. കാമിനി ജെയ്സ്വാൾ, ഹൈക്കോടതി കുറ്റവിമുക്തമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിനെ പിന്തുണച്ചുകൊണ്ട്, മുഴുവൻ പ്രോസിക്യൂഷൻ വിവരണവും പ്രതികളുടെ-എതിർകക്ഷികളുടെ തിരിച്ചറിയലിനെ ആശ്രയിച്ചിരിക്കുന്നതും ആയതിന്റെ പരിശുദ്ധി തന്നെ ചോദ്യം ചെയ്യപ്പെടാവുന്നതാണെന്നും ബോധിപ്പിച്ചു. സാക്ഷികൾ സംഭവസ്ഥലത്ത് നിന്നും വളരെ അകലെയായിരുന്നു എന്നത് അംഗീകരിക്കപ്പെട്ടതിനാൽ, പ്രതികളെ- എതിർകക്ഷികളെ നിയതമായി തിരിച്ചറിഞ്ഞത്, മാത്രമല്ല, ആയത് 200-300 കലാപക്കാരുടെ ഒരു ആൾക്കൂട്ടത്തിനിടയിൽ നിന്നും വേർതിരിച്ചറിയാനുള്ള ഏതെങ്കിലും പ്രത്യേക അടയാളത്തിന്റെ അഭാവത്തിലും ന്യായമായതായി തോന്നുന്നില്ല എന്നും

കൂടുതലായി ബോധിപ്പിച്ചു. മാത്രമല്ല, തിരിച്ചറിയൽ പരേഡ് ടെസ്റ്റ് നടത്തിയതിൽ ക്രമാതീതമായ കാലതാമസം ഉണ്ടായിരുന്നതും ആയത് പ്രോസിക്യൂഷന് നിർണ്ണായകവുമായിരുന്നു.

11. എന്നുതന്നെയെന്നല്ല, പ്രതി-2-ാം എതിർ കക്ഷിയ്ക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ സിദ്ധാർത്ഥ ദേവേ, പ്രതി-2-ാം എതിർകക്ഷി, കൂട്ടുപ്രതിയുടെ സ്ഥിരീകരിച്ചിട്ടില്ലാത്ത കുറ്റസമ്മത പ്രസ്താവന കാരണത്താൽമാത്രം വിഷയത്തിലേക്ക് വലിച്ചിഴക്കപ്പെട്ടതും, കൂടാതെ റിക്കാർഡിൽ, അപരാധിയാക്കുന്ന മറ്റ് യാതൊരു തെളിവും ലഭ്യമല്ല എന്നും ബോധിപ്പിച്ചു.

12. കക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാൻമാരായ അഭിഭാഷകരെ കേട്ടു. ആരംഭത്തിൽ, കുറ്റവിമുക്തമാക്കുന്നതിനെ തിരെയുള്ള ഒരു അപ്പീലിൽ വസ്തുത യുടെയും നിയമത്തിന്റെയും വൈപരീത്യം നിലനിൽക്കുന്നിടത്ത് മാത്രമേ അപ്പീൽ കോടതി ഇടപെടേണ്ടതുള്ളൂ എന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. [**ബന്ന റെഡ്ഡിയും മറ്റുള്ളവരും സ്റ്റേറ്റ് ഓഫ് കർണ്ണാടകയും മറ്റുള്ളവരും**, (മനു/എസ്സിസി/0261/2018: (2018)5 എസ്സിസി 790) കാണുക] കൂടാതെ നിരപരാധിത്വത്തിന്റെ അനുമാനം, അയാൾക്കനുകൂലമായ ഒരു വിധിന്യായം സമ്പാദിച്ചുകൊണ്ട്, കുറ്റവിമുക്തമാക്കിയ-പ്രതിക്കെതിരെ വീണ്ടും ദൃഢീകരിച്ചു. [*രബിൻദ്ര കുമാർ പാൽ @ ദാരാ സിംഗ് Vs റിപ്പബ്ലിക് ഓഫ് ഇന്ത്യ*, (മനു/എസ് സി/0062/2011: (2011) 2 എസ്സിസി 490) 94-ാം ഖണ്ഡികയിൽ കാണുക.]

13. നിലവിലെ കേസ്, സംഗതിയുടെ മൂലകാരണത്തിലേക്ക് പോകുന്ന അന്വേഷണത്തിലെ കുറ്റകരമായ ഉപേക്ഷയാലും പഴുതുകളാലും മുക്തമാക്കപ്പെട്ടതിനാൽ ഹൈക്കോടതിയുടെ മേൽപ്പറഞ്ഞ കുറ്റവിമുക്തമാക്കപ്പെട്ട ഉത്തരവുമായി ഞങ്ങൾ യോജിക്കുന്നു. ആയത് ഞങ്ങൾ '*ഒന്നിനു പിറകെ ഒന്നായി*' പറയാം.

14. ആദ്യമായി, തിരിച്ചറിയൽ പരേഡ് ടെസ്റ്റിൽ പങ്കെടുത്ത ഏഴ് ദൃക്സാക്ഷികളിൽ അഞ്ചു പേർ യാതൊരു തെറ്റും വരുത്താതെ പ്രതിയെ തിരിച്ചറിഞ്ഞു എന്നത് ശ്രദ്ധിക്കേണ്ടത് ഉചിതമാണ്. നിരീക്ഷിച്ചതു പോലെ, 3-ാം പ്രതി-എതിർകക്ഷി ഹാസി ആറ്റിഖിന് മുന്നോട്ടുന്തിയ വലിയ പല്ല് ഉള്ളതും, 4-ാം പ്രതി-എതിർകക്ഷി സഫത്ത് റസൂൽ പോളിയോ ബാധിതനും ആയതിനാൽ സ്ഥായിയായ ശാരീരിക വൈകല്യം ഉണ്ടായിരുന്നു; എന്നാൽ, അപ്രതീക്ഷിതമായി ഈ വസ്തുത എഫ്.ഐ.ആർ.-ലോ സാക്ഷിമൊഴികളിലോ പ്രതിപാദിച്ചിരുന്നില്ല. സംഭവസ്ഥലത്തു നിന്നും സാക്ഷികളുടെ അകലം കണക്കിലെടുക്കുമ്പോൾ, 200-300 കലാപക്കാരുടെ ഒരു സംഘത്തിൽ നിന്നും 100% കൃത്യതയോടെ, ഏതെങ്കിലും പ്രത്യേക അടയാളങ്ങൾ പ്രതിപാദിക്കാതെ നാല് പ്രതികളുടെ-എതിർകക്ഷികളുടെ നിർദ്ദിഷ്ട തിരിച്ചറിയൽ അത്യന്തം അസംഭവ്യമായതായി കാണപ്പെടുന്നു. കൂടാതെ 1-ഉം 2-ഉം പ്രതികളുടെ തിരിച്ചറിയൽ പരേഡ് ടെസ്റ്റ് നടത്തിയതിൽ 55 ദിവസത്തെ ക്രമാതീതമായ കാലതാമസവും ഉണ്ടായിരുന്നു. 3-ഉം 4-ഉം പ്രതികളുടെ പങ്കാളിത്തം 3-8-2001-ൽ തന്നെ ശ്രദ്ധയിൽ വന്നിരുന്നെങ്കിലും, അവരെ അറസ്റ്റ് ചെയ്യുതിനോ ചോദ്യം ചെയ്യുന്നതിനോ 6 ആഴ്ചക്കാലം പ്രോസിക്യൂഷൻ

യാതൊരു ശ്രമവും നടത്തിയില്ല. എന്നാൽ, മുൻസൂചിപ്പിച്ച ക്രമാതീതമായ കാലതാമസത്തിന് യാതൊരു ന്യായമായ വിശദീകരണവും നൽകിയില്ല.

15. എന്നുമാത്രമല്ല, പ്രതിയുടെ തിരിച്ചറിയൽ ഗോപ്യമാക്കി വച്ചിരുന്നു എന്നത് തെളിയിക്കുന്നതിന് യാതൊരു രേഖാമൂലമായ തെളിവും നൽകിയില്ല. നേരെമറിച്ച്, ഡി.ഡബ്ല്യു.3 മുഹമ്മദ് ഷാമിം സിദ്ധിക്ക്, പോലീസ് ആഫീസിലെ റിക്കാർഡ് സൂക്ഷിപ്പുകാരൻ, 2-ാം പ്രതി-എതിർകക്ഷി മുംതാസ് അഥവാ മൗലാനാ, ബാപർദ്ദയിൽ മറച്ചിരുന്നു എന്ന് ജനറൽ ഡയറിയിൽ പ്രതിപാദിച്ചിട്ടില്ലെന്ന് പറഞ്ഞു. മുൻസൂചിപ്പിച്ച ക്രമാതീതമായ കാലതാമസം പ്രോസിക്യൂഷൻ സാക്ഷികൾ, പ്രതികളുടെ-എതിർകക്ഷികളുടെ വീടുകളിലോ ജോലിസ്ഥലങ്ങളിലോ പോയി കാണുന്നതിനും തുടർന്നുവരുന്ന തിരിച്ചറിയലിനായി സൂക്ഷ്മമായി അവരെ നിരീക്ഷിക്കുതിനും ഉപയോഗിച്ചു എന്ന് പ്രതിഭാഗം വാദിച്ചു. അധികമായി, 1-ാം പ്രതി-എതിർകക്ഷി വാസിഫ് ഹൈഡർ, ക്രിമിനൽ നടപടി നിയമസംഹിതയിലെ 313-ാം വകുപ്പ് പ്രകാരമുള്ള അയാളുടെ മൊഴിയിൽ, തിരിച്ചറിയൽ പരേഡ് ടെസ്റ്റിന് മുൻപ് സാക്ഷികൾക്ക് അയാളെ കാണിച്ചുകൊടുത്തു എന്നും അയാളുടെ ഫോട്ടോകളും വീഡിയോ ടേപ്പുകളും തയ്യാറാക്കിയിരുന്നു എന്നും പറയുന്നിടത്തോളം പോയി. [**മുള്ള** Vs **സ്റ്റേറ്റ് ഓഫ് യു.പി.**, (മനു/എസ് സി/0091/2010: (2010) 3 എസ് സി സി 508) 55-ാം ഖണ്ഡിക]യിൽ തിരിച്ചറിയൽ പരേഡ് ടെസ്റ്റ് യഥാസമയം നടത്തേണ്ടതാണെും, ഇല്ലെങ്കിൽ, ആ കാലതാമസം വിശദീകരിക്കേണ്ടതാണെന്നും പ്രസ്തുത കാലതാമസം പ്രതിയുടെ വെളിച്ചത്താകലിന് ഇടയാക്കരുതെന്നും ഈ കോടതി നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലെ കേസിൽ, തിരിച്ചറിയൽ പരേഡ് ടെസ്റ്റ് നടത്തുന്നതിൽ അവിടെ കാലതാമസം ഉണ്ടായിരുന്നതും, എന്നാൽ, ആയതിന് പ്രോസിക്യൂഷനിൽ നിന്നും യാതൊരു വിശദീകരണവും ആസന്നമായതുമില്ല. ഇത് തിരിച്ചറിയൽ പരേഡ് ടെസ്റ്റിന്റെ പരിശുദ്ധിയെക്കുറിച്ച് ഗൗരവമായ ഒരു സംശയം സൃഷ്ടിക്കുന്നു.

16. രണ്ടാമതായി, പരേതന്റെ ശരീരത്തിൽ ഉൾഭാഗത്തും പുറത്തും ഓരോന്നു വീതം രണ്ട് മുറിവുകൾ മാത്രം ഉണ്ടായിരുന്നു എന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് വിവരിക്കുങ്കിലും, പരേതന്റെ ചിതാഭസ്മത്തിൽ നിന്നും ഒരു ബുള്ളറ്റ് വീണ്ടെടുത്തതായി സൂചിപ്പിക്കുന്നത് ആശ്ചര്യകരമായതാണ്. ഈ ബുള്ളറ്റ് കരിഞ്ഞ് പൊള്ളിയിരുന്നതായി എഫ്എസ്എൽ റിപ്പോർട്ട് കാണിക്കുന്നു. പരേതന്റെ ചിതാഭസ്മത്തിൽ നിന്നും ഈ ബുള്ളറ്റിന്റെ വീണ്ടെടുക്കൽ, പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പുറമേ ഒരു മുറിവ് സൂചിപ്പിച്ചുകൊണ്ട് പറഞ്ഞതിനോട് പൊരുത്തമില്ലാത്തതും ആ ബുള്ളറ്റ് മുമ്പേ തന്നെ ശരീരത്തിൽ നിന്നും ഒഴിഞ്ഞ് പോയതായും അർത്ഥമാക്കുന്നു. ഇവ പരസ്പരം പൊരുത്തമില്ലാത്തതിനാൽ പോസ്റ്റുമോർട്ടം റിപ്പോർട്ടിലും എഫ്എസ്എൽ റിപ്പോർട്ടിലും, രണ്ടിൻമേലും, മുൻസൂചിപ്പിച്ച വസ്തുത ഒരു സംശയം ഉളവാക്കുന്നു.

17. മൂന്നാമതായി, പരേതന്റെ ചിതാഭസ്മത്തിൽ നിന്നും 20 ദിവസങ്ങൾ കഴിഞ്ഞ് വീണ്ടെടുത്തതായി സൂചിപ്പിക്കുന്ന ബുള്ളറ്റ്, തീർച്ചയായും പ്രതി-എതിർകക്ഷി വാസിഫ് ഹൈഡർ-ൽ നിന്നും വീണ്ടെടുത്ത കൈത്തോക്കിൽ നിന്നും നിറയൊഴിച്ചതാണെന്ന് സ്ഥാപിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു. കൈത്തോക്കിന്റെ വീണ്ടെടുക്കൽ പോലും സംശയകരമായതാണ്. പ്രതി-എതിർകക്ഷി വാസിഫ് ഹൈഡറുടെ കൈവശമുള്ള ഒരു



GCPT. 5/3304/2019

380 ബോർ പിസ്റ്റൽ കോർഡ് വീണ്ടെടുത്ത തായി പ്രോസിക്യൂഷൻ കേസ് വെളിപ്പെടു ത്തിയ സമയം, നേരെ മറിച്ച്, അയാളുടെ അറസ്റ്റിനെ തുടർന്ന്, ഒരു 320 ബോർ പിസ്റ്റൽ കോർട്ട് വീണ്ടെടുത്തതായി പി.ഡബ്ല്യു.2-എസ്.ഒ രാജേന്ദ്ര ധാർ ദ്വിവേദിയുടെ മൊഴി വെളിപ്പെടുത്തുന്നു. പ്രതി-എതിർകക്ഷി വാസിഫ് ഹൈഡർ-ന്റെ കൈവശമുള്ള 380 ബോർ-ന്റെ രണ്ട് പിസ്റ്റലുകൾ വീണ്ടെടുത്തതായി ശിക്ഷാനടപടി ഉത്തരവിൽ കാണുന്നത് അധിക വൈരുദ്ധ്യമാണ്.

18. നാലാമതായി, സംഭവസ്ഥലത്തെ സംബന്ധിച്ച്, ആയത് കൃത്യതയോടെ തിട്ടപ്പെടുത്തുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു. സംഭവസ്ഥലം സുനേഹ്രി മസ്ജിദിന് മുന്നിലാണെന്ന് എഫ്.ഐ.ആർ. വെളിപ്പെടുത്തുമ്പോൾ, പി.ഡബ്ല്യു.2, പരാതിക്കാരൻ, പിന്നീട് അയാളുടെ മുൻമൊഴി മാറ്റി സംഭവം യഥാർത്ഥത്തിൽ നൂറാനി മസ്ജിദിൽ ആണ് നടന്നതെന്ന് പറഞ്ഞു. നേരെമറിച്ച്, രണ്ട് സൈറ്റ് പ്ലാനും സംഭവസ്ഥലം നൂറാനി മസ്ജിദ് ആണെന്ന് കാണിക്കുന്നു.

19. അഞ്ചാമതായി, പരേതന്റെ സേവകൻ രാംചന്ദ്ര-യെ, അയാൾക്ക് അതേ സംഭവത്തിൽ വെടിയേറ്റ് പരിക്കേറ്റിരുന്നു, വിസ്തരിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു. മേൽ ഇരയുടെ പരിക്ക് റിപ്പോർട്ട് തെളിയിക്കുന്നതിനും പ്രോസിക്യൂഷന് കഴിഞ്ഞില്ല. അത്തരത്തിലെ ഒരു വീഴ്ച, സംഭവസ്ഥലത്ത് അയാളുടെ സാന്നിദ്ധ്യം സംശയാതീതമായതിനാൽ, പ്രോസിക്യൂഷൻ കേസിന് നിർണ്ണായകമാണ്. രാംചന്ദ്ര, പതിവായി വിചാരണ നടപടികളിൽ സിഹിതനായിരുന്നങ്കിലും പ്രോസിക്യൂഷൻ അയാളെ വിസ്തരി ക്കാത്തത് രേഖയിൽ വരുത്തേണ്ടതാണ്.

20. ആറാമതായി, ഏതെങ്കിലും സ്വതന്ത്ര സാക്ഷികളുടെ തെളിവ് ഹാജരാക്കുന്നതിൽ കൂടി പ്രോസിക്യൂഷൻ പരാജയപ്പെട്ടു. ഔദ്യോഗിക സാക്ഷികളിൽ നിന്നും ഹാജരാക്കിയ തെളിവ് അവിശ്വസിക്കുന്നത് തെറ്റാണെന്നിരിക്കിലും അവരുടെ തെളിവ് കർശന സൂക്ഷ്മപരിശോധനയുടെ ബലി പീഠത്തിൻ മേൽ പരിശോധിക്കേണ്ടതിന്റെ ആവശ്യകത വിവേകം ആവശ്യപ്പെടുന്നു. മുൻപറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, പ്രോസിക്യൂഷൻ സാക്ഷികൾ ഹാജരാക്കിയ തെളിവുകൾ ഈ കോടതിയുടെ ദൃഢവിശ്വാസം പ്രചോദിപ്പി ക്കുന്നില്ല.

21. അവസാനമായി, കുറ്റങ്ങൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 307-ാം വകുപ്പിൻ കീഴിൽ ചമച്ചിട്ടും, തെളിവുകൾ മുഖേന ആ കുറ്റങ്ങൾ സ്ഥിരീകരിക്കുന്നതിൽ പ്രോസിക്യൂഷൻ പരിപൂർണ്ണമായി പരാജയ പ്പെട്ടത് വിചിത്രമായതാണ്. കീഴ്ക്കോടതികൾ ആയത് ശ്രദ്ധിക്കുന്നതിൽ വീഴ്ച വരുത്തിയത് അതിനേക്കാൾ ദൗർഭാഗ്യ കരമായതാണ്. മുൻസൂചിപ്പിച്ച കുറ്റത്തിന്, ആയത് തെളിയിക്കുന്നതിന് യാതൊരു തെളിവുമില്ലാതെ വിചാരണ കോടതി എതിർകക്ഷികളെ ശിക്ഷിച്ചത് തെറ്റാണ്.

22. ഞങ്ങളുടെ മുമ്പിൽ ഇപ്പോഴുള്ള അപ്പീൽ, പ്രതികളുടെ-എതിർകക്ഷികളുടെ അപരാധത്തെക്കുറിച്ചുള്ള സംശയത്തിന്റെ ധൂമപടലം അകറ്റുന്നതിനായി സാഹചര്യ ങ്ങളുടെ ശൃംഖല ബന്ധിപ്പിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു. ഒരു ആശങ്ക, അത് ഗൗരവമായതാകാമെങ്കിലും തെളിവിന്റെ സ്ഥാനത്തിൽ കരുതാൻ

കഴിയില്ല എന്നത് ഒരു സുസ്ഥാപിത തത്വമാണ്, അതായത്, "സാദ്ധ്യതാസൂചകം" കൂടാതെ "ആയിരിക്കണം" എന്നിവ തമ്മിൽ ഒരു നീണ്ട അകലം ഉണ്ട്, ആയത്, പ്രോസിക്യൂഷൻ അതിന്റെ കേസ് ന്യായമായ സംശയത്തിനതീതമായി തെളിയിക്കുന്നതിന് തരണം ചെയ്യേണ്ടതുണ്ട് **[നരേന്ദ്ര സിംഗ് Vs സ്റ്റേറ്റ് ഓഫ് എം.പി;** (മനു/എസ്‌സി/0341/2004 10 എസ്‌സിസി 699) കാണുക].

23. ഈ കോടതി, "**കൈലാഷ് ഗൗറും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് ആസ്സാം** [(മനു/എസ് സി/1505/2011: (2012) 2 എസ്‌സിസി 34]-ൽ ഇങ്ങനെ വിധിച്ചു

44. **പ്രോസിക്യൂഷൻ, സ്വതസിദ്ധ പ്രമാണ രീതിയിൽ, പ്രതിയ്ക്കെതിരെയുള്ള അതിന്റെ കേസ്, കുറ്റം സാമുദായിക ബഹളത്തിന്റെ സമയത്തോ മറ്റുവിധത്തിലോ നടത്തിയ താണോ എന്ന് പരിഗണിക്കാതെ, ക്രിമിനൽ നീതിശാസ്ത്ര പഠനത്തിൽ അറിയപ്പെടുന്ന ആദർശങ്ങളാൽ സ്വീകരിച്ച പ്രസക്തവും സാധുവുമായ തെളിവിനാൽ തെളിയിക്കേണ്ടതാണ്.** ചുരുക്കത്തിൽ, ഒരു പ്രത്യേക കേസിനോ കേസുകളുടെ വിഭാഗത്തിനോ നിർദ്ദിഷ്ടമായി ബാധകമാകുന്ന ഏതിനെങ്കിലും വേണ്ടി നിയമം വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ക്രിമിനൽ കേസുകളുടെ വിചാരണയിലും വിധിന്യായത്തിലും വരുമ്പോൾ ഒരു സെറ്റ് ചട്ടങ്ങളും ആദർശങ്ങളും മാത്രമേ സാദ്ധ്യമാകൂ ........

24. നിലവിലെ കേസിൽ, മുൻസൂചിപ്പിച്ച അന്വേഷണവീഴ്ചകളുടെ വർദ്ധിക്കുന്ന പ്രഭാവം, പ്രതികൾ-എതിർകക്ഷികൾക്ക് അനുകൂലമായ നിരപരാധിത്വത്തിന്റെ അനുമാനത്തെ ബലപ്പെടുത്തുന്നു. അങ്ങനെയുള്ള കേസുകളിൽ, പിഴവുള്ള ഒരു അന്വേഷണത്തിൽ നിന്നും ഉയരുന്ന സംശയത്തിന്റെ ആനുകൂല്യം പ്രതികൾക്ക് അനുകൂലമായി പ്രയോജനപ്പെടുന്നു.

25. പ്രതികൾക്ക്-എതിർകക്ഷികൾക്ക് എതിരെ ആരോപിച്ച കുറ്റത്തിന്റെ ഗാംഭീര്യവും ഒരു സീനിയർ ഉദ്യോഗസ്ഥന് അയാളുടെ കർത്തവ്യനിർവ്വഹണ ത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ടതും ദൗർഭാഗ്യകരമായ ഒരു വസ്തുതയാണെന്ന് ഞങ്ങൾ സമ്മതിക്കുന്നെങ്കിലും അന്വേഷണ ത്തിലെ വീഴ്ചകൾ പ്രതികളുടെ അപരാധം തെളിയിക്കുന്നതിന് പ്രോസിക്യൂഷനെ ബലഹീനമാക്കി എന്ന വസ്തുത ഞങ്ങൾക്ക് അവഗണിക്കാൻ കഴിയില്ല. അന്വേഷണ അപര്യാപ്തതയാൽ അസമർത്ഥമായ ഒരു പ്രോസിക്യൂഷന്റെ കൈകളിൽ പ്രതിയ്ക്ക് അയാളുടെ നിരപരാധിത്വം പരിത്യജിക്കാൻ കഴിയില്ല. അങ്ങനെയുള്ള കാര്യക്ഷമതി യില്ലാത്ത അന്വേഷണത്തിൽ നിന്നും ഉയരുന്ന സംശയത്തിന്റെ ആനുകൂല്യം പ്രതിക്ക് മേൽ ചൊരിഞ്ഞു.

26. ഞങ്ങളുടെ അഭിപ്രായത്തിൽ, ഹൈക്കോടതിയുടെ വിധിന്യായത്തിൽ യാതൊരു വൈപരീത്യവും നിലനിൽക്കുന്നില്ല. കൂടുതലായി, ശ്രദ്ധ പിടിച്ചുപറ്റുന്ന കാരണ ങ്ങളുടെ അഭാവത്തിൽ, കുറ്റവിമുക്തമാക്കിയ ഉത്തരവ് ചോദ്യം ചെയ്തു കൊണ്ടുള്ള ഈ അപ്പീലുകൾ സ്വീകരിക്കുന്നതിന് ഈ കോടതി തയ്യാറല്ല.

27. ആയുധങ്ങൾ ആക്റ്റിനും സ്ഫോടന വസ്തുക്കൾ നിയമത്തിനും കീഴിൽ നടത്തിയ കുറ്റങ്ങൾക്ക് കുറ്റവിമുക്തമാക്കി ക്കൊണ്ടുള്ള സമകാലവർത്തിയായ ഉത്തരവിൽ, ഞങ്ങളുടെ മുന്നിൽ നിലവിലുള്ള 1706/2014 എന്ന നമ്പർ ക്രിമിനൽ അപ്പീലിൽ ഇടപെടാൻ ഞങ്ങൾ താത്പര്യ പ്പെടുന്നില്ല.

28. തദനുസൃതമായി അപ്പീലുകൾ തള്ളി. ഏതെങ്കിലും അപേക്ഷകൾ നില നിൽക്കുന്നപക്ഷം, അതും തീർപ്പാക്കിയ തായി നിലകൊള്ളുന്നു.

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് യു. യു. ലളിത്

&

ബഹു. ജസ്റ്റിസ് ഡോ. ഡി. വൈ. ചന്ദ്രചൂഡ്

പ്രകാശ് ചന്ദ് ദാഗാ

Vs

സവേതാ ശർമ്മയും മറ്റുള്ളവരും

(സിവിൽ അപ്പീൽ നമ്പർ 11369/2018)

(പ്രത്യേക അനുമതി ഹർജി (സി) നമ്പർ 27296/2018-ൽ നിന്നും ഉത്ഭവിച്ചത്)

2018 ഡിസംബർ 14-ന് വിധി കല്പിച്ചത്.

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

വാഹനത്തിന്റെ കൈമാറ്റവും ഒരു അപകടത്തിലെ നഷ്ടപരിഹാരത്തിന് ഉടമസ്ഥന്റെ ബാദ്ധ്യതയും സംബന്ധിച്ചതാണ് ഇവിടത്തെ പ്രതിപാദ്യ വിഷയം. 50-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന 30 ദിവസങ്ങൾ, കൈമാറ്റം റിപ്പോർട്ട് ചെയ്യുന്നത് സുഗമമാക്കുന്നതിന് മാത്രമാണ്. കൈമാറ്റം ചെയ്ത ആളിന്റെ പേര് ആർ.ടി.ഒ. രേഖകളിൽ തുടരുന്നിടത്തോളം അയാൾ ബാദ്ധ്യതയിൽ നിന്നും മുക്തനാകുന്നില്ല.

വിധിന്യായം

ജസ്റ്റിസ് യു. യു. ലളിത്

1. എഫ്.എ.ഒ. നം. 7010/2011-ൽ പഞ്ചാബ് & ഹരിയാന ഹൈക്കോടതി 5-4-2018 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തെയും ഉത്തരവിനെയും ഈ അപ്പീലിൽ ചോദ്യംചെയ്യുന്നു.

2. അപ്പീൽവാദി, ഒരു സാൻട്രോ കാറിന്റെ അസ്സൽ ഉടമ, പ്രസ്തുത വാഹനം മിസ്. സവേത ശർമ്മ, ഒന്നാം എതിർകക്ഷിക്ക് 11-9-2009-ൽ വിറ്റു. അപ്പീൽവാദി പറയുന്നതു പ്രകാരം, ന്യായമായ പ്രതിഫലം സ്വീകരിച്ചശേഷം, കൈവശാവകാശം പ്രസ്തുത ഒന്നാം എതിർകക്ഷിയ്ക്ക് കൈമാറി. 9-10-2009-ൽ ഒരു അപകടം ഉണ്ടാകുകയും, ആയതിൽ, ഒരു രാകേഷ് കുമാർ, രണ്ടാം എതിർകക്ഷിയ്ക്ക് പരിക്കുകൾ ഏൽക്കുകയും ചെയ്തു. രണ്ടാം എതിർകക്ഷി ഫയൽ ചെയ്ത ഒരു ക്ലെയിമിൽ, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ, 12.47 ലക്ഷം രൂപ നഷ്ടപരിഹാരമായി തിട്ടപ്പെടുത്തുകയും താഴെ പറയും പ്രകാരം നിർദ്ദേശിക്കുകയും ചെയ്തു:

32. മേൽ വിവിധ പ്രശ്ന വിഷയങ്ങളിലെ എന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, അവകാശവാദ ഹർജി ചെലവ് സഹിതം അനുവദിക്കുകയും അവകാശവാദിയ്ക്ക് മൊത്തം 12,47,739 രൂപ (പന്ത്രണ്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി എഴുനൂറ്റി മുപ്പത്തിയൊൻപത് രൂപ മാത്രം) നഷ്ടപരിഹാരവും 11,58,489 രൂപ മെഡിക്കൽ ചെലവുകൾ മുതലായവയ്ക്കുള്ള നഷ്ടപരിഹാരം + വേദനയ്ക്കും

ക്ലേശങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി 60,000 രൂപ + വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരമായി 18,000 രൂപ + രണ്ടും മൂന്നും എതിർകക്ഷികളിൽ നിന്ന് മാത്രം താല്ക്കാലിക അവശതയ്ക്ക് നഷ്ടപരിഹാരമായി 11,250 രൂപയും വിധിച്ചു. നിലവിലുള്ള പലിശ നിരക്കുകൾ കണക്കിലെടുത്തുകൊണ്ട്, വിധിച്ച തുകയിൻമേൽ, ഹർജി ഫയൽ ചെയ്ത തീയതി മുതൽ അന്തിമ ഈടാക്കൽ വരെ, പ്രതിവർഷം 7.5% നിരക്കിൽ പലിശയ്ക്ക് കൂടി അവകാശവാദിയ്ക്ക് അർഹതയുണ്ട്. നഷ്ടപരിഹാരം കൊടുക്കുന്നതിന് 2-ഉം 3-ഉം എതിർകക്ഷികളുടെ ബാധ്യത സംയുക്തവും അതേപോലെ വെവ്വേറെയും ആയതാണ്. ചെലവുകളുടെ മെമ്മോ തയ്യാറാക്കേണ്ടതും ഫയൽ റിക്കാർഡ്സി ലേക്ക് ഏൽപ്പിക്കേണ്ടതുമാണ്.

3. ബാധ്യത ഡ്രൈവർക്കും ഒന്നാം എതിർകക്ഷിക്കും മേൽ ഉറപ്പിക്കപ്പെട്ടതിനാൽ, അവർ മേൽസൂചിപ്പിച്ച തീരുമാനം, ഹൈക്കോടതിയൽ 7010/2011-ാം നമ്പർ എഫ്എഒ ഫയൽ ചെയ്തുകൊണ്ട് ചോദ്യം ചെയ്തു. 11-9-2009-ൽ വാഹനത്തിന്റെ വില്പന നടന്നെങ്കിലും, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ (ചുരുക്കത്തിൽ 'ആക്റ്റ്') 50-ാം വകുപ്പിനനുസൃതമായി ഉടമസ്ഥാവകാശത്തിന്റെ യാതൊരു കൈമാറ്റവും നടപ്പിൽ വരുത്താത്തതും, അപ്രകാരം, ആക്റ്റിലെ 2 (30)-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർവ്വചന പ്രകാരം അപ്പീൽവാദി ഉടമസ്ഥനായി തുടരുതുന്നതുമാണ് എന്ന് ഹൈക്കോടതി കണ്ടെത്തി. ഈ കോടതിയുടെ [**നവീൻ കുമാർ Vs വിജയ് കുമാറും മറ്റുള്ളവരും** (മനു/എസ് സി/0077/2018: (2018) 3 എസ്സിസി1]-ലെ തീർപ്പ് അവലംബിച്ചുകൊണ്ട്, ഹൈക്കോടതി താഴെ പറയും പ്രകാരം തീരുമാനിച്ചു.

മേൽപ്പറഞ്ഞ പ്രസ്തുത വിധിന്യായത്തിലെ പ്രമാണം നിലവിലെ കേസിലെ വസ്തുതകളിൽ ബാധകമാക്കിക്കൊണ്ട്, അവകാശവാദിക്ക്, ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നൽകുന്നതിന് ബാധ്യസ്ഥമാകുന്നതും, ആയത്, ഇൻഷ്വറൻസ് കമ്പനിക്ക്, അപരാധിയായ വാഹനത്തിന്റെ ഉടമ, അതായത്, 1-ാം നമ്പർ എതിർകക്ഷിയിൽ നിന്നും തിരികെ പിടിക്കാൻ, വസൂലാക്കൽ അവകാശങ്ങളും ഉണ്ടെന്ന വ്യാപ്തിയിലേയ്ക്ക് വിധി പരിഷ്ക്കരിച്ച് നിൽക്കുന്നു. തുക നൽകുന്നതിന്റെ ശേഷിക്കുന്ന ഉപാധികൾ മാറ്റമില്ലാതെ നിലനിൽക്കുന്നു.

4. അപകടം നടന്നത് കൈമാറ്റത്തിന്റെ 30 ദിവസങ്ങൾക്കുള്ളിലാണെന്നും ആക്റ്റിലെ 50(1) (ബി) വകുപ്പിൽ നിർണ്ണയിച്ച പ്രകാരമുള്ള നിയമപരമായ കാലയളവ് കഴിഞ്ഞിട്ടില്ലെന്നും, അപ്രകാരം ബാധ്യത നിലവിലെ അപ്പീൽവാദിയുടെ മേൽ ഉറപ്പിക്കരുതെന്നും അപ്പീൽവാദിയ്ക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചു. കൈമാറ്റം ലഭിച്ചയാൾക്ക്, അതായത്, ഒന്നാം എതിർകക്ഷിയ്ക്ക് നോട്ടീസ് അയച്ചിരുന്നെങ്കിലും ഹാജരായില്ല. ഞങ്ങൾ രേഖകളിലൂടെ പോകുകയും അപ്പീൽ വാദിക്കും ഇൻഷ്വറൻസ് കമ്പനിക്കും വേണ്ടിയുള്ള വിദ്വാൻമാരായ അഭിഭാഷകർ ബോധിപ്പിച്ചത് പരിഗണിക്കുകയും ചെയ്തു.

5. ആക്റ്റിലെ 50-ാം വകുപ്പനുസരിച്ച് ഒരു വാഹനം കൈമാറ്റം ചെയ്യപ്പെടുന്നത്, വിൽപ്പനയുടെ 30 ദിവസങ്ങൾക്കുള്ളിൽ രജിസ്റ്റർ ചെയ്യപ്പെടണമെന്നത് ശരിയാണ്. ആക്റ്റിലെ 50(1) വകുപ്പ് പ്രകാരം കൈമാറ്റം ചെയ്ത വസ്തുത കൈമാറ്റത്തിന്റെ 14 ദിവസങ്ങൾക്കുള്ളിൽ കൈമാറ്റം


GCPT. 5/3304/2019

ചെയ്യുന്നയാൾക്ക് റിപ്പോർട്ട് ചെയ്യാൻ ബാദ്ധ്യതയുണ്ട്. വാഹനം സംസ്ഥാനത്തിന് പുറത്ത് വിൽക്കുന്ന സംഗതിയിൽ, കൈമാറ്റം റിപ്പോർട്ട് ചെയ്യേണ്ടതായ കാലയളവ് നീട്ടി കിട്ടുന്നതാണ്. മറുവശത്ത്, രജിസ്റ്ററിംഗ് അതോറിറ്റിയുടെ അധികാര പരിധിക്കുള്ളിൽ, ആ വാഹനം സാധാരണഗതിയിൽ സൂക്ഷിക്കുന്നതിന് കൈവശക്കാരന് വാസഗൃഹമോ ബിസിനസ് സ്ഥലമോ ഉള്ളിടത്ത്, കൈമാറ്റം റിപ്പോർട്ട് ചെയ്യാൻ കൈവശക്കാരനും കടപ്പെട്ടിരിക്കുന്നു. അങ്ങനെ 50-ാം വകുപ്പ്, കൈമാറിയ ആളും കൈവശക്കാരനും കൈമാറ്റത്തിന്റെ വസ്തുത റിപ്പോർട്ട് ചെയ്യേണ്ടതിന്റെ സമയപരിധികൾ നിർണ്ണയിക്കുന്നു. പ്രസ്തുത 50-ാം വകുപ്പിലെ (3)-ാം ഉപവകുപ്പുപ്രകാരം കൈമാറ്റത്തിന്റെ വസ്തുത റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, പിഴ ചുമത്തുന്നതും, അതിനുശേഷം, പിഴ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം, 177-ാം വകുപ്പു പ്രകാരമുള്ള ഒരു നടപടിയും എടുക്കുന്നതാണ്. ഈ സമയപരിധികളും ബാദ്ധ്യതകളും, കൈമാറ്റം റിപ്പോർട്ട് ചെയ്യുന്നത് സുഗമമാക്കുന്നതിന് വേണ്ടി മാത്രമാണ്. ഇത്, പ്രസ്തുത കൈമാറ്റം റിപ്പോർട്ട് ചെയ്യുന്നതിന് നിർണ്ണയിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഒരു അപകടം നടക്കുന്ന പക്ഷം, കൈമാറ്റം ചെയ്തയാൾ ആ ബാദ്ധ്യതയിൽ നിന്നും ഒഴിവായി എന്നപോലെ കരുതുന്നില്ല.

6. ആക്റ്റിലെ XII-ാം അദ്ധ്യായം ക്ലെയിംസ് ട്രിബ്യൂണലുകളെയും, നഷ്ടപരിഹാരത്തിന് വേണ്ടി അപേക്ഷകൾ എങ്ങനെ സമർപ്പിക്കണമെന്നും കൈകാര്യം ചെയ്യണമെന്നതും സംബന്ധിച്ച് വിവരിക്കുന്നു. അങ്ങനെയുള്ള നഷ്ട പരിഹാരങ്ങൾ കണക്കാക്കുമ്പോൾ, ക്ലെയിംസ് ട്രിബ്യൂണൽ, ഒരു അപകടത്തിന്റെ സംഗതിയിൽ, അപകടത്തിൽപ്പെട്ട വാഹനത്തിന്റെ ഇൻഷ്വറർ അല്ലെങ്കിൽ ഉടമസ്ഥൻ അല്ലെങ്കിൽ ഡ്രൈവർ കൊടുക്കേണ്ട അങ്ങനെയുള്ള തുക, അതത് സംഗതിപോലെ, അവരെല്ലാപേരുമോ അല്ലെങ്കിൽ അവരിൽ ആരെങ്കിലുമോ കൊടുക്കാൻ നിർദ്ദേശിക്കേണ്ടതാണ്. അങ്ങനെയുള്ള ബാദ്ധ്യത നിശ്ചയിക്കുന്ന ആവശ്യത്തിലേയ്ക്കായി, ഉടമസ്ഥാവകാശത്തിന്റെ സാമാന്യ സങ്കൽപം, ആക്റ്റിന്റെ 2 (30)-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള, 'ഉടമസ്ഥൻ' എന്നതിന്റെ നിർവ്വചനം നിർദ്ദിഷ്ടമായ ഭാഷയിൽ മനസ്സിലാക്കേണ്ടതാണെന്നത് സുസ്ഥാപിതമാണ്.

7. **പുഷ്പ അഥവാ ലീലയും മറ്റുള്ളവരും Vs ശകുന്തളയും മറ്റുള്ളവരും** (മനു എസ്സി/032/2011: (2011) 2 എസ്സിസി 240)-ൽ പ്രശ്നവിഷയത്തിലെ വാഹനം ഒരു ജിതേന്ദർ ഗുപ്തയുടേതായിരുന്നതും അയാൾ അതിന്റെ രജിസ്റ്റർ ചെയ്ത ഉടമസ്ഥൻ ആയിരുന്നതുമാണ്. അയാൾ പ്രസ്തുത വാഹനം ഒരു സലിഗ് റാമിന് 2-2-1993-ൽ വിൽക്കുകയും അതിന്റെ കൈവശാവകാശം മാറ്റകൈവശക്കാരന് നൽകുകയും ചെയ്തു. പ്രസ്തുത വിൽപ്പന നടന്നിട്ടും, ഉടമസ്ഥാവകാശത്തിന്റെ മാറ്റം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വരുത്തിയില്ല. നേരത്തെയുള്ള ഇൻഷ്വറൻസ് പോളിസി കാലാവധി കഴിഞ്ഞതിനാൽ മാറ്റകൈവശക്കാരൻ പുതിയ ഇൻഷ്വറൻസ് പോളിസി അസ്സൽ ഉടമസ്ഥനായ ജിതേന്ദർ ഗുപ്തയുടെ പേരിൽ എടുത്തു. 7-5-1994-ൽ ഉണ്ടായ ഒരു അപകടത്തിൽ രണ്ട് ആളുകൾക്ക് അവരുടെ ജീവൻ നഷ്ടപ്പെട്ടു. അവകാശികളും നിയമാനുസൃത പ്രതിനിധികളും അവകാശവാദങ്ങൾ പ്രത്യേകം ഫയൽ ചെയ്യുകയും ഉടമസ്ഥൻ എന്ന നിലയിൽ ബാദ്ധ്യസ്ഥനായിരുന്നു എന്ന ഒരു പ്രശ്നം ഉയരുകയും ചെയ്തു. രജിസ്റ്റർ

ചെയ്ത ഉടമസ്ഥൻ ജിതേന്ദർ ഗുപ്തയ്ക്ക് വാഹനത്തിൻമേൽ യാതൊരു നിയന്ത്രണവുമില്ലെന്നും വാഹനത്തിന്റെ കൈവശാവകാശവും നിയന്ത്രണവും മാറ്റകൈവശക്കാരന്റെ കൈകളിലായിരുന്നു എന്നും അപ്രകാരം യാതൊരു ബാദ്ധ്യതയും കൈമാറ്റം ചെയ്തയാളിൻമേൽ ഉറപ്പിക്കാൻ കഴിയില്ല എന്നുമുള്ള വാദങ്ങൾ ഈ കോടതി നിരസിച്ചു. 11-ാം ഖണ്ഡികയിൽ താഴെ പറയും പ്രകാരം അത് നിരീക്ഷിച്ചു:

11. വാഹനത്തിന്റെ വില്പന നടത്തി എങ്കിൽ തന്നെയും, കൈമാറ്റം ചെയ്ത ജിതേന്ദർ ഗുപ്തയോ മാറ്റ കൈവശക്കാരനായ സലിഗ് റാമോ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉടമസ്ഥന്റെ പേര് മാറ്റുന്നതിന് യാതൊരു നടപടിയും എടുത്തില്ല എന്നത് അനിഷേധ്യമായതാണ്. ഇപ്രകാരമുള്ള വീഴ്ച കണക്കിലെടുത്തുകൊണ്ട്, ജിതേന്ദർ ഗുപ്ത സിവിൽ നിയമപ്രകാരം 2-2-1993-ന് അതിന്റെ വില്പനയ്ക്ക് ശേഷം അതിന്റെ ഉടമസ്ഥനല്ലാത്തതായി തീർന്നെങ്കിലും, ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, അയാൾ വാഹനത്തിന്റെ ഉടമസ്ഥനായി തുടരുന്നതായി കരുതപ്പെടേണ്ടതാണ്.

8. നവീൻ കുമാറിലെ (മുകളിലെ) തീർപ്പിൽ ഈ നിയമസ്ഥിതി ഉദാഹരിക്കുകയും താഴെ കാണും പ്രകാരം കോടതി നിരീക്ഷിച്ചു:

13. മേൽ തീർപ്പുകളിൽ നിന്നും ആവിർഭവിക്കുന്ന ന്യായവാദത്തോട് ചേർച്ചയുള്ള കഥാതന്തു, 2 (30)-ാം വകുപ്പിൽ, 'ഉടമസ്ഥൻ' എന്ന പദപ്രയോഗത്തിന്റെ നിർവ്വചനം കണക്കിലെടുത്തുകൊണ്ട്, ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്ക്, ആരുടെ പേരിലാണോ മോട്ടോർ വാഹനം രജിസ്റ്റർ ചെയ്തതായി നിലകൊള്ളുന്നത് ആ ആളെ 'ഉടമസ്ഥൻ' ആയി കണക്കാക്കും എന്നതാണ്. എന്നിരുന്നാലും, ഒരാൾ ഒരു മൈനർ ആയിരിക്കുന്നിടത്ത്, ആ മൈനറിന്റെ രക്ഷാകർത്താവ് ഉടമസ്ഥനായി കരുതപ്പെടും. ഒരു മോട്ടോർ വാഹനം ഹയർ പർച്ചേസ്, പാട്ടം അല്ലെങ്കിൽ ഈട് ഉടമ്പടിയ്ക്ക് വിധേയമാകുന്നിടത്ത്, ആ ഉടമ്പടി പ്രകാരം വാഹനത്തിന്റെ കൈവശാവകാശം ഉള്ള ആൾ ഉടമസ്ഥനായി കരുതപ്പെടും. രജിസ്റ്റർ ചെയ്ത ഉടമസ്ഥൻ വാഹനം കൈമാറ്റം ചെയ്തതായി സൂചിപ്പിച്ചു; എന്നാൽ രജിസ്റ്ററിംഗ് അതോറിറ്റിയുടെ രേഖകളിൽ വാഹനത്തിന്റെ ഉടമസ്ഥനായി തുടരുന്നതായി പ്രതിഫലിപ്പിച്ചതായ നിലവിലെ ഇത്തരം ഒരു സാഹചര്യത്തിൽ, അയാൾ ബാദ്ധ്യതയിൽ നിന്നും മോചിതനായി നിലകൊള്ളുന്നില്ല. നേരത്തെയുള്ള 1939 ആക്റ്റിലെ 2 (19) വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും ഒരു വ്യതിയാനം നടത്തിക്കൊണ്ട് 2 (30) വകുപ്പിൽ 'ഉടമസ്ഥൻ' എന്ന പദപ്രയോഗത്തിന്റെ നിർവ്വചനം ബോധപൂർവ്വമാണ് പാർലമെന്റ് കൊണ്ടുവന്നത്. 2 (30)-ാം വകുപ്പിലെ വ്യവസ്ഥകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വം, ഒരു മോട്ടോർ അപകടത്തിലെ ഇര അഥവാ ഒരു മരണത്തിന്റെ സംഗതിയിൽ, മരണപ്പെട്ട ഇരയുടെ നിയമാനുസൃത അവകാശികൾ അനിശ്ചിതത്വ അവസ്ഥയിൽ ഉപേക്ഷിക്കപ്പെടരുതെന്നാണ്. നഷ്ട പരിഹാരത്തിന് വേണ്ടി ഒരു അവകാശവാദി, രജിസ്റ്ററിംഗ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യപ്പെടാതെ, തുടർച്ചയായ കൈമാറ്റങ്ങളുടെ ഒരു വേട്ടയാടലിനെ തുടർന്ന് പീഡിപ്പിക്കപ്പെടരുത്. മറ്റു വിധത്തിൽ വിധിക്കുന്നത്, ഹിതകരമായ ലക്ഷ്യത്തെയും ആക്റ്റിന്റെ ഉദ്ദേശ്യത്തെയും നിഷ്ഫലമാക്കും. ആയതിനാൽ, നൽകുന്ന വ്യാഖ്യാനം നിയമത്തിന്റെ ലക്ഷ്യത്തിന്റെ നിർവ്വഹണം സുഗമമാക്കേണ്ടതാണ്. നിലവിലെ കേസിൽ, 2 (30)-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ, ഒന്നാം എതിർ കക്ഷി, അപകടത്തിൽപ്പെട്ട വാഹനത്തിന്റെ 'ഉടമസ്ഥൻ' ആയിരുന്നു. നഷ്ടപരിഹാരം നൽകേണ്ട ബാധ്യത അയാളുടെ മേൽ ഉറപ്പാക്കിയതായി നിലകൊള്ളുന്നു. വാഹനം ഇൻഷ്വർ ചെയ്യപ്പെട്ട

തല്ലായിരുന്നു എന്നത് അംഗീകരിക്കപ്പെട്ട താണ്. ഈ കോടതിയുടെ **രേഷ്മ** (മനു/എസ്സി/1094/2014: (2015) 3 എസ്സിസി 679)-ഉം **പൂർണ്ണയാ കലാദേവി** (മനു/എസ്സി 0285/2014: (2014) 14 എസ്സിസി 142)-ലെ വിധിന്യായങ്ങളുടെ ഒരു തെറ്റായ വ്യാഖ്യാനത്തിന്മേൽ ഹൈക്കോടതി മുന്നോട്ട് പോയി.

14. 50 (3)-ാം വകുപ്പ് പ്രകാരം കൈമാറ്റം അറിയിക്കുന്നതിലെ ഒരു വീഴ്ച ഒരു പിഴയിൽ മാത്രം കലാശിക്കും, എന്നാൽ വാഹനത്തിന്റെ കൈമാറ്റത്തെ നിയമ സാധുത്വമില്ലാതാക്കുകയില്ല എന്ന് ഹർജിക്കാരൻ ബോധിപ്പിച്ചു. **റ്റി. വി. ജോസ്** (മനു/എസ് സി/1691/2001: (2001) 8 എസ്സിസി 748)-ൽ പ്രതിഫലം നൽകിക്കൊണ്ടും കാർ ഏൽപ്പിച്ചുകൊണ്ടും ഉടമസ്ഥാവകാശം കൈമാറാൻ സാധിക്കും എന്ന് ഈ കോടതി നിരീക്ഷിച്ചു. എന്നാൽ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, രജിസ്റ്ററിംഗ് അതോറിറ്റിയുടെ രേഖകളിൽ ആരുടെ പേരാണോ പ്രതിഫലിപ്പിക്കുന്നത് ആ ആൾ ഉടമസ്ഥനാണ്. 2(30)-ാം വകുപ്പിലെ അർത്ഥ വ്യാപ്തിക്കുള്ളിലെ ഉടമസ്ഥൻ നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥ നാണ്. നിയമശാസനം നിറവേറ്റപ്പെടേണ്ടതാണ്.

9. നിയമം അങ്ങനെ സുസ്ഥാപിതവും സംക്ഷിപ്തവുമാക്കാൻ കഴിയും:

നിയമത്തിൽ, അവിടെ വാഹനത്തിന്റെ ഒരു കൈമാറ്റം ഉണ്ടെന്നിരിക്കിലും, അത്, അതുകൊണ്ട് തന്നെ, ആർ.ടി.ഒ. രേഖകളിൽ ആരുടെ പേരിലാണോ വാഹനം നിലകൊള്ളുന്നത് ആ കക്ഷിയെ ഒരു മൂന്നാം വ്യക്തിയോടുള്ള ബാദ്ധ്യതയിൽ നിന്നും മുക്തനാക്കുന്നില്ല. .................... വാഹനം കൈമാറ്റം ചെയ്തു എന്നത് കൊണ്ടുമാത്രം, അങ്ങനെയുള്ള രജിസ്റ്റർ ചെയ്ത ഉടമസ്ഥൻ, ഒരു മൂന്നാം വ്യക്തിയോടുള്ള അയാളുടെ ബാദ്ധ്യതയിൽ നിന്നും മുക്തനായതായി നിലകൊള്ളുന്നു എന്ന് അർത്ഥമാകുന്നില്ല. അയാളുടെ പേര് ആർ.ടി.ഓ രേഖകളിൽ തുടരുന്നിടത്തോളം ഒരു മൂന്നാം വ്യക്തിയോടുള്ള അയാളുടെ ബാദ്ധ്യതയിൽ നിന്നും മുക്തനായതായി നിലകൊള്ളുന്നു എന്ന് അർത്ഥമാകുന്നില്ല. അയാളുടെ പേര് ആർ.ടി.ഓ രേഖകളിൽ തുടരുന്നിടത്തോളം ഒരു മൂന്നാം വ്യക്തിയോട് അയാൾ ബാദ്ധ്യസ്ഥനായി തുടരും. (**പി. പി. മുഹമ്മദ് Vs കെ. രാജപ്പനും മറ്റുള്ളവരും** (2008) 17 എസ്സിസി 624) 4-ാം ഖണ്ഡിക).

അതിനാൽ ഹൈക്കോടതി അപ്പീൽ അനുവദിച്ചത് പൂർണ്ണമായും ശരിയാണ്. അപ്പീൽവാദി ഉന്നയിച്ച തർക്കം തീർച്ചയായും പരാജയപ്പെടും.

14. ഈ അപ്പീൽ തള്ളി. ചെലവില്ല.

## ബഹു. സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എൻ. വി. രാമണ**

&

**ബഹു. ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ**

**ക്രിമിനൽ അപ്പീൽ നമ്പർ 9/2019**

**[2018-ലെ പ്രത്യേകാനുമതി ഹർജി (ക്രിമിനൽ) നമ്പർ. 5223/2018-ൽ നിന്നും ഉത്ഭവിച്ചത്]**

**സതീഷ് ചന്ദ്ര രത്തൻലാൽ ഷാ**

Vs

**ഗുജറാത്ത് സംസ്ഥാനവും മറ്റൊരാളും**

**2019 ജനുവരി 3-ന് വിധി കൽപ്പിച്ചത്.**

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

കുറ്റങ്ങൾ ചമയ്ക്കുവാനുള്ള ഒരു ഉത്തരവ് അയാളുടെ സ്വാതന്ത്ര്യത്തെ ഉറപ്പായും ബാധിക്കുമെന്നുള്ളതിനാൽ പ്രതിക്ക് ഗുരുതരമായ ഉത്കണ്ഠയുളവാക്കുന്നതാണ്. ഈ ഘട്ടത്തിൽ അവരുടെ തീരുമാനങ്ങൾ പ്രതിക്ക് യാതൊരു അപരിഹാര്യനഷ്ടവും വരുത്തുകയില്ലെന്നുള്ളതിൽ കോടതികൾ ജാഗരൂകരായിരിക്കണം. കരാറുകളുടെ കേവലമായ ലംഘനവും ചതിപ്രയോഗവും വഞ്ചനാപരമായ *ഉദ്ദേശ്യത്തേയും മെൻസ് റിയായേയും* ആശ്രയിച്ചിരിക്കും. ഇടപാടിന്റെ തുടക്കത്തിൽ തന്നെ വഞ്ചനാപരമോ സത്യസന്ധത ഇല്ലാത്തതോ ആയ ഉദ്ദേശ്യം അല്ലാതെ അപ്പീൽവാദിയുടെ വായ്പ തുക മടക്കി നൽകുന്നതിനുള്ള കഴിവില്ലായ്മയിൽ ഒരു ക്രിമിനൽ പ്രോസിക്യൂഷൻ ഉദിക്കുന്നില്ല. എന്തെന്നാൽ ഈ *മെൻസ്റിയ* ആണ് കുറ്റത്തിന്റെ കാതലായ ഭാഗം.

**വിധിന്യായം**

ജസ്റ്റിസ് എൻ.വി. രാമണ

1. അനുമതി നൽകി.

2. അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ്, 4-12-2013 തീയതിയിൽ ക്രിമിനൽ കേസ് നമ്പർ. 388/2012-ൽ കുറ്റാരോപണം ചമച്ചുകൊണ്ടു പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുവാനായി അപ്പീൽവാദി നൽകിയ 4033/2012 എന്ന നമ്പർ ക്രിമിനൽ പലവക അപേക്ഷ തള്ളിക്കൊണ്ട് ഗുജറാത്ത് ഹൈക്കോടതി 12-4-2018 തീയതിയിൽ പുറപ്പെടുവിച്ച ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിനെതിരെയാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. അപ്പീലിനു വഴി തെളിയിച്ചിട്ടുള്ള വസ്തുതകൾ വിശദമായ രീതിയിൽ ശ്രദ്ധിക്കേണ്ടത് യുക്തമാണ്. ദർശൻ



GCPT. 5/3304/2019

ഫിസ്കൽ പ്രൈവറ്റ് ലിമിറ്റഡ് എന്നു പേരുള്ള ഒരു പണമിടപാട് സ്ഥാപനത്തിന്റെ ഡയറക്ടറാണ് 2-ാം എതിർ കക്ഷി—പരാതിക്കാരൻ. റിട്ടയേർഡ് ബാങ്ക് ഉദ്യോഗസ്ഥനായ അപ്പീൽവാദി, പരാതിക്കാരന്റെ കമ്പനിയെ 27,00,000 രൂപയുടെ ഒരു വായ്പയ്ക്ക് വേണ്ടി 2008 ജനുവരി മാസത്തിൽ സമീപിച്ചു. അതിൻപ്രകാരം, 2-ാം എതിർകക്ഷി ഒരു വായ്പയായി ഫണ്ടുകൾ കൈമാറുകയും ആയത് അപ്പീൽവാദി പലിശ സഹിതം ഒരു വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടതുമാണ്. അതിനുശേഷം, അപ്പീൽവാദി 2-ാം എതിർകക്ഷിയ്ക്ക് തുക തിരികെ നൽകിയിട്ടില്ലാത്തതാണ്. അയാൾ അപ്പീൽവാദിയെ സമീപിച്ചപ്പോൾ ഭയാനകമായ അനന്തര ഫലങ്ങളുണ്ടാകുമെന്ന് അപ്പീൽവാദി അയാളെ ഭീഷണിപ്പെടുത്തിയിട്ടുള്ളതായി 2-ാം എതിർകക്ഷി ആരോപിച്ചു. അതിനുശേഷം, 2-ാം എതിർകക്ഷി ഫയൽ ചെയ്ത ഒരു പരാതിയെ അടിസ്ഥാനമാക്കി കഗ് ഡാപിത്ത് പോലീസ് സ്റ്റേഷൻ, അഹമ്മദാബാദ് മുമ്പാകെ നിലവിലെ അപ്പീൽവാദിക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 406, 409, 417, 420, 294 (ബി)-യും 506 (2)-ഉം വകുപ്പിൻകീഴിൽ 25-01-2012 തീയതിലെ ഐ/സി.ആർ. നമ്പർ. 22/2012 ആയി പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചു. 29-01-2012-ൽ അറസ്റ്റ് ചെയ്തതിനുശേഷം ഹൈക്കോടതി അപ്പീൽവാദിയെ 23-02-2012-ൽ ജാമ്യത്തിൽ വിട്ടയച്ചു. ഐ/സി.ആർ നമ്പർ 22/2012 ആയുള്ള പ്രഥമ വിവര റിപ്പോർട്ട് റദ്ദാക്കുന്നതിനായി അപ്പീൽവാദി ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പിൻകീഴിൽ ഒരു അപേക്ഷ സമർപ്പിച്ചു.

4. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 406, 420, 417-ഉം വകുപ്പുകളിൻകീഴിൽ അപ്പീൽവാദിക്കെതിരെ 1-3-2012 തീയതിയിലെ 28/2012-ാം നമ്പരായി കുറ്റപത്രം സമർപ്പിച്ചു. ആയതിനെത്തുടർന്ന് മജിസ്ട്രേറ്റ് സമൻസ് പുറപ്പെടുവിച്ചു. 4-12-2013-ൽ അയാൾക്ക് പ്രസ്തുത കുറ്റപത്രത്തിന്റെ ഒരു പകർപ്പ് നൽകിയെന്നും അപ്പീൽവാദിയോടൊപ്പം ഒരു അഭിഭാഷകന്റെ അഭാവത്താൽ അയാളെ കേൾക്കാനൊരവസരം നൽകാതെ അതേ ദിവസം തന്നെ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് ഒരു വെള്ള പേപ്പറിൽ ചാർജ്ജുകൾ ചമച്ചതായി അപ്പീൽവാദി ആരോപിച്ചു. ആയത് ക്രിമിനൽ നടപടി നിയമസംഹിതയുടെ 239-ാം വകുപ്പിന്റെ ലംഘനമാണെന്ന് അപ്പീൽവാദി ആരോപിക്കുന്നു.

5. മുൻസൂചിപ്പിച്ച സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ, പ്രഥമ വിവര റിപ്പോർട്ട് നമ്പർ. 1/സി.ആർ.നമ്പർ. 22/2012-ലെ കുറ്റപത്രം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുതിനും 4-12-2013 തീയതിയിലെ ഉത്തരവ് പ്രകാരം മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് ചമച്ച ചാർജ്ജുകളും അഡീഷണൽ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന് മുമ്പാകെ നിലനിൽക്കുന്ന 388/2012 നമ്പർ ക്രിമിനൽ കേസിലെ എല്ലാ തുടർനടപടികളും റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുതിനുമുള്ള അപേക്ഷ ഉൾപ്പെടുത്തുന്നതിനായി 4033/2012 നമ്പർ ക്രിമിനൽ പലവക അപ്പീലിലെ അഭ്യർത്ഥനയിൽ ഭേദഗതി തേടിക്കൊണ്ട് അപ്പീൽവാദി ഒരു അപേക്ഷ സമർപ്പിച്ചു.

6. സമ്മറി സിവിൽ സ്യൂട്ട് നമ്പർ. 928/2011 ആയി മുഖ്യ തുക മേൽ പലിശ ഉൾപ്പെടെ തിരിച്ചു കിട്ടുന്നതിനായി 2-ാം എതിർകക്ഷി ഒരു സമ്മറി സ്യൂട്ട് സമകാലികമായി സമർപ്പിച്ചത് ശ്രദ്ധിക്കേണ്ടതാണ്. ആയത് 25-4-2011-ൽ സ്വീകരിക്കുകയും, അഹമ്മദാബാദ് സിറ്റി സിവിൽ ജഡ്ജ് മുമ്പാകെ ഇപ്പോഴും നിലനിൽക്കുന്നതുമാണ്.

7. 12-4-2018 തീയതിയിലെ ഉത്തരവ് പ്രകാരം അപ്പീൽവാദി സമർപ്പിച്ച റദ്ദാക്കൽ ഹർജി ഹൈക്കോടതി തള്ളുകയും വിചാരണ മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ വിചാരണ കോടതിയോട് നിർദ്ദേശിക്കുകയും ചെയ്തു. പ്രഥമ ദൃഷ്ട്യാ, 420-ാം വകുപ്പിൻകീഴിലെ ചതിയുടെ ഒരു കുറ്റം വെളിവാകുകയും എന്നാൽ ഇവിടത്തെ വസ്തുനിഷ്ഠമായ സാഹചര്യത്തിൽ 406-ാം വകുപ്പ് സംബന്ധിച്ച കുറ്റകരമായ വിശ്വാസവഞ്ചന ബാധകമല്ലാത്തതാണെന്നും ഹൈക്കോടതി കൂടുതലായി നിരീക്ഷിക്കുകയുണ്ടായി. എന്നിരുന്നാലും, 406-ാം വകുപ്പിൻകീഴിലെ കുറ്റാരോപണങ്ങൾ ഹൈക്കോടതി നീക്കം ചെയ്തിട്ടില്ലാത്തതും, കുറ്റാരോപണം റദ്ദാക്കുന്നതിനുള്ള യാതൊരു കേസും ഇല്ലെന്നും നിരീക്ഷിച്ചു. മുൻസൂചിപ്പിച്ച പ്രകാരം കേസ് തള്ളിയതിൽ സങ്കടപ്പെട്ടുകൊണ്ട് അപ്പീൽവാദി നിലവിലെ പ്രത്യേക അനുമതി ഹർജി ഫയൽ ചെയ്തു.

8. പരാതിയുടെ ഒരു സൂക്ഷ്മപരിശോധന, പരാതിയിൽ ഉൾപ്പെട്ടിരിക്കുന്ന ആരോപണങ്ങൾ സിവിൽ സ്വഭാവമുള്ളതാണെന്നും ചതിയുടെ ഒരു കേസ് വെളിവാക്കുന്നതിനാവശ്യമായ ആരോപണങ്ങൾ ഇല്ലെന്നും അപ്പീൽവാദിക്കു വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. ആയതിനാൽ, പ്രഥമദൃഷ്ട്യാ ആരോപിക്കപ്പെട്ട കുറ്റകൃത്യം ചെയ്തതായി വെളിവായിട്ടില്ലാത്തതുമാണ്. കൂടാതെ, 21-4-2011-ൽ 928/2011 എന്ന നമ്പർ സമ്മറി സ്യൂട്ട് ഫയൽ ചെയ്തതിനുശേഷം പരാതിക്കാരൻ, 5-1-2012 തീയതിയിൽ ലിഖിതമായ പരാതി ഫയൽ ചെയ്യുകയും തികച്ചും സിവിൽ സ്വഭാവമുള്ള നിലവിലെ കേസിന് ക്രിമിനൽ കേസിന്റെ മേലങ്കി നൽകിക്കൊണ്ട് കേവലം അപ്പീൽവാദിയെ ബുദ്ധിമുട്ടിക്കുന്നതിന് വേണ്ടി ശ്രമിക്കുകയും ചെയ്തു. അവസാനമായി, 2-ാം എതിർ കക്ഷി സമർപ്പിച്ച ക്രിമിനൽ പരാതി 21-3-2008-ൽ അതായത് കുറ്റകൃത്യത്തിന്റെ തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞതിന് ശേഷം ആരംഭിക്കുകയും ചെയ്തു.

9. നേരെ മറിച്ച്, 2-ാം എതിർ കക്ഷിക്കു വേണ്ടിയുള്ള അഭിഭാഷകൻ ഹൈക്കോടതിയുടെ വിധിന്യായത്തെ പിന്തുണയ്ക്കുമ്പോൾ, തുടക്കം മുതലേ അപ്പീൽവാദിക്ക് വഞ്ചനാപരമായ ഉദ്ദേശമുണ്ടായിരുന്നതായും മുൻപറഞ്ഞ തുകയായ 27 ലക്ഷം രൂപ കടം നൽകാൻ 2-ാം എതിർകക്ഷിയെ പ്രേരിപ്പിച്ചുവെന്നും പ്രസ്താവിച്ചു. എന്നുതന്നെയുമല്ല, അയാളോട് പലതവണ അഭ്യർത്ഥിച്ചിട്ടും അപ്പീൽവാദിക്ക് വായ്പ തിരിച്ചടയ്ക്കാൻ ഒരിക്കലും ഉദ്ദേശമില്ലായിരുന്നു. തുടക്കം മുതലേ വഞ്ചിക്കണമെന്ന ഉദ്ദേശമുണ്ടായിരുന്നോ ഇല്ലയോ എന്നത് ഒരു വസ്തുതാപരമായ ചോദ്യവും ആയത് വിചാരണ മുഖാന്തിരം മുഴുവൻ തെളിവും പരിശോധിച്ചതിനുശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂവെന്നും അഭിഭാഷകൻ ആവശ്യപ്പെട്ടു.

10. ഞങ്ങൾ ഈ കേസ് വിശകലനം ചെയ്യും മുമ്പ്, പ്രതി ഹൈക്കോടതി മുമ്പാകെ ക്രിമിനൽ അപേക്ഷ നൽകിയത് കുറ്റം ചമയ്ക്കുന്ന ഘട്ടത്തിൽ വിചാരണ കോടതിയുടെ ഉത്തരവിന് എതിരായിരുന്നതും, ആയതിൽ കോടതി അതിന്റെ മുമ്പാകെ സമർപ്പിച്ച വസ്തുതകളിൽ നീതിപൂർവ്വകമായി മനസ്സ് അർപ്പിച്ചിട്ടുണ്ടോ എന്നും പ്രതിയ്ക്കെതിരെ ഒരു പ്രഥമ ദൃഷ്ട്യാ കേസ് ഉണ്ടായിട്ടുണ്ടോ എന്നുള്ളതുമായ ഒരു വ്യക്തമായ നിഗമനത്തിൽ എത്തേണ്ടതും കോടതിയുടെ കർത്തവ്യമാണെന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. കുറ്റങ്ങൾ ചമയ്ക്കുവാനുള്ള ഒരു ഉത്തരവ് അയാളുടെ സ്വാതന്ത്ര്യത്തെ ഉറപ്പായും ബാധിക്കുമെന്നുള്ളതിനാൽ പ്രതിക്ക്

ഗുരുതരമായ ഉത്കണ്ഠയുളവാക്കുന്നതാണ്. ഈ ഘട്ടത്തിൽ അവരുടെ തീരുമാനങ്ങൾ പ്രതിക്ക് യാതൊരു അപരിഹാര്യനഷ്ടവും വരുത്തുകയില്ലെന്നുള്ളതിൽ കോടതികൾ ജാഗരൂകരായിരിക്കണം.

11. കുറ്റങ്ങൾ റദ്ദാക്കുന്ന ഘടക ത്തിലേക്ക് വരുമ്പോൾ, അസാധാരണമായ കേസുകളിൽ അത്തരം ഉദ്യമം ഹൈക്കോടതി ഏറ്റെടുക്കേണ്ടത് ആവശ്യമാണെന്നത് നിശ്ചിതമായതാണ്. കുറ്റങ്ങൾ ചമയ്ക്കുന്നത് വിചാരണ നടപടിയുടെ പ്രാരംഭ ഘട്ടങ്ങളിൽ ആയതിനാൽ, തെളിവിന്റെ ഗുണത്തിനെയോ അളവിനെയോ അടിസ്ഥാനമാക്കി അന്വേഷണത്തെ ഒരു പ്രഥമദൃഷ്ട്യാ പരിശോധനയ്ക്കായി പരിമിതപ്പെടുത്തുന്നതിലധികമായി കുറ്റാരോപണം റദ്ദാക്കാനുള്ള തീരുമാനത്തിന് കോടതിക്ക് കഴിയുകയില്ല (**സ്റ്റേറ്റ് ഓഫ് ബീഹാർ Vs രമേഷ് സിംഗ്,** 1977 ക്രി.ലോ. ജേർണൽ 1606 റഫർ ചെയ്യുക).

12. ഇവിടെ ബാധകമായിട്ടുള്ള പശ്ചാത്തല തത്വങ്ങൾ നിരീക്ഷിക്കുമ്പോൾ, അപ്പീൽ വാദിക്കെതിരെയുള്ള വ്യക്തിഗത ആരോപണങ്ങൾ നാം പരിഗണിക്കേണ്ടതുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 405-ാം വകുപ്പ് 406-ഉം ആയി കൂട്ടി വായിക്കുമ്പോൾ കക്ഷികൾ തമ്മിലുള്ള ഒരു വായ്പാ ഇടപാടിൽ നിന്നുമാണ് തർക്കം ഉത്ഭവിച്ചിട്ടുള്ളതെന്ന് ഞങ്ങൾ നിരീക്ഷിക്കുന്നു. അപ്പീൽവാദിക്ക് 2-ാം എതിർകക്ഷിയെയും വായ്പ കൊടുക്കുന്നതിനു മുമ്പുള്ള സാഹചര്യങ്ങളും അറിയാമായിരുന്നതായി രേഖകളിൽ നിന്നും വ്യക്തമാണ്. എന്നുതന്നെയല്ല, മേൽ സൂചിപ്പിച്ച തുക വീണ്ടെടുക്കുന്നതിന് വേണ്ടി 2-ാം എതിർകക്ഷി ഒരു സമ്മറി സിവിൽ വ്യവഹാരം ആരംഭിക്കുകയും ആയത്, ഇപ്പോഴും അന്തിമവിധി വരാതെ നിലനിൽക്കുന്നു. നിയമം, സാധാരണമായ പണം കൊടുക്കലും/പണത്തിന്റെ നിക്ഷേപവും, പണത്തിന്റെയോ വസ്തുവിന്റെയോ ഭരമേൽപ്പിക്കലും തമ്മിൽ ഉള്ള ഒരു വ്യത്യാസം വ്യക്തമായി അംഗീകരിക്കുന്നു. ഒരു വാഗ്ദാനത്തിന്റെയോ ഉടമ്പടിയുടെയോ കരാറിന്റെയോ കേവലമായ ഒരു ലംഘനം അക്കാരണം കൊണ്ടുതന്നെ ഭരമേൽപ്പിക്കലിന്റെ വ്യക്തമായ ഒരു കേസിലല്ലാതെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 405-ാം വകുപ്പിൽ അടങ്ങിയ കുറ്റകരമായ വിശ്വാസ വഞ്ചനയുടെ ഒരു കുറ്റം സ്ഥാപിക്കുന്നില്ല.

13. ഈ സന്ദർഭത്തിൽ, യാതൊരു വസ്തുവും അപ്പീൽവാദിയെ ഏൽപ്പിച്ചിട്ടുള്ളതായോ ആയത് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 406 വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന 405-ാം വകുപ്പിലെ ഘടകങ്ങൾ നിറവേറ്റപ്പെട്ടതുപോലെ അയാൾ അയാളുടെ സ്വന്തം ഉപയോഗത്തിനായി പരിവർത്തനം ചെയ്തതായോ സൂചിപ്പിക്കുന്നു. യാതൊന്നും ഞങ്ങളുടെ മുന്നിലെ പരാതിയിലോ വസ്തുതയിലോ ഇല്ലെന്നത് ഞങ്ങൾ ശ്രദ്ധിക്കുന്നു. ആയതുകൊണ്ട്, പ്രസ്തുത കുറ്റത്തിന് അപ്പീൽ വാദികൾക്കെതിരെ നടപടി പുറപ്പെടുവിച്ചുകൊണ്ട് വിദ്വാനായ മജിസ്ട്രേറ്റ് ഒരു ഗുരുതരമായ പിശക് വരുത്തി. നിർഭാഗ്യവശാൽ, ഹൈക്കോടതിയും ഈ പ്രകടമായ പിശക് തിരുത്തുന്നതിൽ പരാജയപ്പെട്ടു.

14. ഇപ്പോൾ, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 420-ാം വകുപ്പ് പ്രകാരം ശിക്ഷിക്കാവുന്ന 415-ാം വകുപ്പ് പ്രകാരമുള്ള ചാർജ്ജിലേക്ക് വരുന്നു. കരാറുകളുടെ സന്ദർഭത്തിൽ, കരാറുകളുടെ കേവലമായ ലംഘനവും ചതിപ്രയോഗവും വഞ്ചനാപരമായ ഉദ്ദേശ്യത്തേയും *മെൻസ് റീയാ*-യേയും ആശ്രയിച്ചിരിക്കും. [*കാണുക ഹൃദയ രഞ്ജൻ പ്രസാദ് വർമ്മ* Vs *സ്റ്റേറ്റ് ഓഫ് ബീഹാർ* (2000) 4 എസ്.സി.സി. 168].

നമുക്ക് മുന്നിലുള്ള കേസിൽ, അപ്പീൽവാദി നിസ്സംശയമായും സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെടുകയും അയാൾ പ്രതിസന്ധി ഘട്ടം മെച്ചപ്പെടുത്തുന്നതിനായി 2-ാം എതിർകക്ഷിയെ സമീപിക്കുകയും ചെയ്തു. എന്നുതന്നെയല്ല, മേൽസൂചിപ്പിച്ച തുക വീണ്ടെടുക്കുതിനുവേണ്ടി, 2-ാം എതിർകക്ഷി വായ്പ തുക തിരികെ കിട്ടുന്നതിന് ഒരു സമ്മറി സിവിൽ വ്യവഹാരം സമർപ്പിക്കുകയും ആയത് ഇപ്പോഴും തീർപ്പാക്കാതെ നിലനിൽക്കുകയും ആണ്. ഇടപാടിന്റെ തുടക്കത്തിൽ തന്നെ വഞ്ചനാപരമോ സത്യസന്ധത ഇല്ലാത്തതോ ആയ ഉദ്ദേശ്യം അല്ലാതെ അപ്പീൽവാദിയുടെ വായ്പ തുക മടക്കിനൽകുന്നതിനുള്ള കഴിവില്ലായ്മയിൽ ഒരു ക്രിമിനൽ പ്രോസിക്യൂഷൻ ഉദിക്കുന്നില്ല. എന്തെന്നാൽ ഈ *മെൻസ് റിയാ* ആണ് കുറ്റത്തിന്റെ കാതലായ ഭാഗം. പരാതിയിലെ എല്ലാ വസ്തുതകളും ഘടകങ്ങളും മുഖവിലയ്ക്ക് എടുക്കുകയാണെങ്കിലും, അത്തരത്തിലുള്ള വഞ്ചനാത്മകമായ പ്രാതിനിധ്യമോ പ്രേരണയോ കണ്ടെത്താനോ അനുമാനിക്കാനോ കഴിഞ്ഞില്ല.

15. കൂടാതെ, ഈ കോടതി ധാരാളം കേസുകളിൽ കരാർ ചുമതലകളുടെ ലംഘനം പോലെയുള്ള സിവിൽ തർക്കങ്ങൾ പതിവായി ശിക്ഷാർഹമാക്കുന്നതിനെതിരെ മുന്നറിയിപ്പ് നൽകിയിരുന്നു. [*ഗ്യാൻസിംഗ്* Vs *സ്റ്റേറ്റ് ഓഫ് പഞ്ചാബ്* (2012) 10 എസ്.സി.സി 303 റഫർ ചെയ്യുക]നിയമസഭ, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 415-ാം വകുപ്പ് പ്രകാരമുള്ള സ്വമേധയാ അല്ലാതെയും ഫലപ്രദമല്ലാത്തതുമായ കൈമാറ്റങ്ങളിൽ കലാശിക്കാത്ത ചതി പ്രയോഗത്തിലുള്ളതും സത്യസന്ധമല്ലാത്തതോ വഞ്ചനാപരമായതോ ആയ പ്രേരണയോടെയുള്ള അത്തരം ലംഘനങ്ങളെ മാത്രമാണ് ശിക്ഷാർഹമാക്കാൻ ഉദ്ദേശിച്ചത്.

16. എങ്കിലും, വാഗ്ദാന ലംഘനത്തിൽ ഉൾപ്പെട്ട ധാർമ്മിക ഘടകത്തെ ഹൈക്കോടതി ഉത്തേജിപ്പിച്ചതായി കാണുന്നതും ചില നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. ഒരു പരിഗണനാ നയമായി, അങ്ങനെയുള്ള നിർദ്ദേശങ്ങൾ നിയന്ത്രിക്കേണ്ട ആവശ്യകതയുണ്ട്. മേൽ പ്രതിപാദിച്ച ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ, ഈ വസ്തുതയുടെ തീർപ്പാക്കലിന് അനാവശ്യവും എന്നാൽ ആയത്, പ്രതിയുടെ മേൽ ചില തരത്തിലുള്ള അപവാദങ്ങൾ രൂപപ്പെടുന്നതായും മനസ്സിലാകുന്നു. ഇതിൽ വ്യക്തമായും ഇവിടത്തെ അപ്പീൽവാദിക്കെതിരെ ഒരു നിറഞ്ഞ ചൂതാട്ടത്തിന്റെ സാഹചര്യം പ്രതിഫലിക്കുന്നു.

17. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ, ഹൈക്കോടതി നീതിയുക്തമായ ഒരു നിയന്ത്രണം നിലനിർത്തേണ്ടതും, വിചാരണയുടെ തീർപ്പാക്കലിന് അവർക്ക് ഒരു ആധാരമുള്ളതിനാൽ അത്തരം സാമാന്യ നിരീക്ഷണങ്ങൾ നടത്തുന്നതിൽ നിന്നും ഒഴിഞ്ഞുനിൽക്കേണ്ടതാണ്. അക്കാരണത്താൽ, ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിന്റെ 42-ഉം 43-ഉം ഖണ്ഡികകൾ റദ്ദുചെയ്തതായി നിലകൊള്ളുന്നു.

18. മേൽ കാഴ്ചപ്പാടിൽ, 2012-ലെ 4033-ാം നമ്പർ ക്രിമിനൽ പലവക അപേക്ഷയിൽ ഹൈക്കോടതി പുറപ്പെടുവിച്ച ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് സ്ഥിരപ്പെടുത്താൻ ഞങ്ങൾക്ക് കഴിയാതെ വന്നിട്ടുള്ളതും ആയത് ഇതിനാൽ അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അപ്പീൽവാദി ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപേക്ഷ അനുവദിക്കുകയും 2-ാം എതിർകക്ഷിയുടെ പ്രേരണയാൽ തുടങ്ങിയിട്ടുള്ള പ്രഥമ വിവര റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ആരംഭിച്ചിട്ടുള്ള നടപടികൾ ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു.

19. മേൽസൂചിപ്പിച്ച വ്യവസ്ഥകളാൽ അപ്പീൽ അനുവദിച്ചിരിക്കുന്നു.



GCPT. 5/3304/2019

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ആർ. എഫ്. നരിമാൻ**

**ബഹു. ജസ്റ്റിസ് സൂര്യകാന്ത്**

**സിവിൽ അപ്പലേറ്റ് അധികാരപരിധി**

**സിവിൽ അപ്പീൽ നമ്പർ. 2420/2018**

**ആർ. ലക്ഷ്മികാന്തം**

Vs

**ദേവരാജി**

**2019 ജൂലായ് 10-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഇംഗ്ലണ്ടിൽ പ്രത്യേക നിർവ്വഹണ ആശ്വാസം എന്നത് പ്രദേശത്തെ ന്യായനിർണ്ണയ ത്തെയും ഇന്ത്യയിൽ, വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടവുമായി ബന്ധപ്പെടുത്തിയതുമാണ്. ഇംഗ്ലണ്ടിൽ പ്രസ്തുത ആശ്വാസത്തിനായി ഒരു വ്യവഹാരം കൊടുക്കുന്നതിന് യാതൊരു പരിധിയും ഇല്ല, അതുകൊണ്ട്, കേവല കാലതാമസം-സാഹചര്യങ്ങൾ അനുസരിച്ചുള്ള കാലതാമസം തന്നെ ആശ്വാസം നിരസിക്കുന്നതിന് മതിയാകും. എന്നാൽ ഇന്ത്യയിൽ, പ്രസ്തുത ആശ്വാസം നിരസിക്കുന്നതിന് ഒരു കേവല കാലതാമസം ഒരു കാരണമല്ല, ചട്ടത്തിനായി പരിമിതമായ കാലയളവ് നിർദ്ദേശിക്കുന്നു. വ്യവഹാരം സമയത്തിനാണ് എങ്കിൽ, കാലതാമസത്തെ നിയമത്താൽ അനുവദിക്കപ്പെടുന്നു; അത് സമയം കഴിയുന്ന പക്ഷം, കാലഹരണ പ്പെട്ടതുപോലെ വ്യവഹാരം തള്ളും; രണ്ടായാലും, ന്യായനിർണ്ണയം എന്ന ചോദ്യം ഉദിക്കുന്നില്ല.

### വിധിന്യായം

ജസ്റ്റിസ് ആർ.എഫ്. നരിമാൻ.

നിലവിലെ അപ്പീലിൽ നോട്ടീസ് നൽകിയിട്ടും എതിർകക്ഷിക്ക് വേണ്ടി യാതൊരാളും ഹാജരായില്ല. അപ്പീൽവാദിക്ക് വേണ്ടി ഹാജരായ വിദുഷിയായ അഭിഭാഷക ഡോ. മിസ്. പൂജാ ഝാ യെ ഞങ്ങൾ കേട്ടു.

നിലവിലെ അപ്പീലിൽ ഹൈക്കോടതി, 3-2-2017-ലെ ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിൽ കീഴ്ക്കോടതികളുടെ സമാന്തര വിധിന്യായങ്ങൾ റദ്ദാക്കുകയും നമ്മുടെ മുൻപിലുള്ള എതിർകക്ഷിയായ മുൻകാലത്തെ പ്രതിയുടെ അപ്പീൽ അനുവദിക്കുകയും, അതിനാൽ വാദിക്ക് അനുകൂലമായി തീർപ്പാക്കിയ പ്രത്യേക നിർവഹണത്തിനുള്ള വിധി റദ്ദാക്കുകയും ചെയ്തു.

22-9-2002-ലെ വിൽപ്പന കരാർ പ്രകാരം വ്യവഹാര വസ്തു 3,65,000 രൂപയ്ക്ക് വിൽക്കുവാൻ തീരുമാനിച്ചു. ഉടമ്പടിയിലെ ചില നിബന്ധനകൾ പ്രധാനവും, അവ താഴെ പറയും പ്രകാരം വിശദീകരിച്ചിരി ക്കുന്നു.

"1. പട്ടികയിൽ പ്രതിപാദിച്ച വസ്തുവിന്റെ വിൽപന വില 3,65,000 (മൂന്ന് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) ആയിരിക്കും.

2. രണ്ടാം ഭാഗ കക്ഷി മുൻകൂർ പണമായി 5,000 രൂപ (അയ്യായിരം രൂപ മാത്രം) നൽകുകയും, ഒന്നാം ഭാഗ കക്ഷി അത് സമ്മതിക്കുകയും ആയതിന്റെ രസീത് അംഗീകരിക്കുകയും ചെയ്തു.

3. രണ്ടാം ഭാഗ കക്ഷി ഒന്നാം ഭാഗ കക്ഷിയ്ക്ക് ഇന്ന് മുതൽ മൂന്ന് മാസങ്ങൾക്കുള്ളിൽ ബാക്കി വിൽപ്പന പ്രതിഫലം നൽകേണ്ടതാണ്. ബാക്കി വിൽപ്പന പ്രതിഫലം നൽകുന്ന ദിവസം ഒന്നാം ഭാഗ കക്ഷി തീറാധാരം എഴുതിനൽകാമെന്ന് സമ്മതിച്ചു.

4. ഒക്ടോബർ 10-നോ/അതിന് മുൻപോ ഒന്നാം ഭാഗ കക്ഷിയ്ക്ക് വിൽപ്പന പ്രതിഫലത്തിൽ ഒരു ഭാഗമായി 60,000 രൂപ (അറുപതിനായിരം രൂപ മാത്രം) കൊടുക്കാമെന്ന് രണ്ടാം ഭാഗ കക്ഷി സമ്മതിച്ചു.

5. ഒന്നാം ഭാഗ കക്ഷി അസ്സൽ ഉടമസ്ഥാവകാശ രേഖകൾ പണയം വാങ്ങുന്ന ആൾക്ക് കൈമാറിയും രണ്ടാം ഭാഗ കക്ഷി വായ്പ തീർപ്പാക്കേണ്ടതും, പണയം വാങ്ങുന്ന ആളിൽ നിന്നും രേഖകൾ വാങ്ങി ആയത് അയാളുടെ കൈവശം സൂക്ഷിക്കണം.

- - - - - - - - - - - - - - - - - - - - - - - - - -

- - - - - - - - - - - - - - - - - - - - - - - - - -

8. പട്ടിക വസ്തുവിന് യാതൊരു ബാദ്ധ്യതയും ഇല്ലെങ്കിൽ, രണ്ടാം ഭാഗ കക്ഷി ബാക്കി വിൽപ്പന പ്രതിഫലം നൽകാൻ തയ്യാറാകുമ്പോൾ, ഒന്നാം ഭാഗ കക്ഷി രണ്ടാം ഭാഗ കക്ഷിക്കോ അല്ലെങ്കിൽ അവൾ നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾക്കോ അനുകൂലമായി വിൽപ്പന കരാർ നടത്തണം. ഒന്നാം ഭാഗ കക്ഷി അപ്രകാരം ചെയ്യുവാൻ നിരസിക്കുന്നപക്ഷം രണ്ടാം ഭാഗ കക്ഷിയ്ക്ക് നിയമനടപടികൾ സ്വീകരിക്കാൻ അവകാശമുണ്ട്.

വിൽപ്പന ഉടമ്പടി സമയത്ത് പട്ടികവസ്തുവിന് ഏകദേശം ആറ് ലക്ഷത്തോളം രൂപ വിലയുണ്ടായിരുന്നു, പക്ഷേ, കക്ഷികൾ ഒടുവിൽ സമ്മതിക്കുകയും പ്രതി, പ്രത്യേകിച്ച്, മേൽ പറഞ്ഞ സ്വത്ത് 3.65 ലക്ഷം രൂപയ്ക്ക് വിൽക്കാൻ സമ്മതിക്കുകയും ചെയ്തു. വിൽപ്പന കരാറിന്റെ ഒരു പരിശോധന, കരാറിന്റെ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ബാക്കി വിൽപന തുക നൽകണമെന്ന് 3-ാം ഉപാധി ആവശ്യപ്പെടുന്നുണ്ടെങ്കിലും ബാക്കി വിൽപന തുക കൊടുത്ത തീയതിയിൽ വിൽപ്പനക്കാരൻ തീറാധാരം എഴുതി നൽകേണ്ടതാണെന്ന് കാണിക്കുന്നതും, പണയവസ്തു സ്വീകരിച്ചയാളുടെ കൈവശം ഉള്ള അസ്സൽ ആധാരങ്ങൾ ഇനിയും കൈമാറിയിട്ടില്ലെന്നും ഒറ്റി ഇതുവരെ ഒഴിപ്പിച്ചിട്ടില്ലെന്നും അഞ്ചും, എട്ടും ഉപാധികൾ കാണിക്കുന്നു. അത് ചെയ്യുമ്പോൾ മാത്രമാണ് 3-ാം ഉപാധി ആരംഭിക്കുന്നതും, മൂന്ന് മാസത്തെ സമയം സാരമല്ലെന്ന് വ്യക്തമായി കാണുന്നു. ഉടമ്പടിക്ക് പിന്നാലെ, ഉടമ്പടി ഒപ്പിട്ട തീയതിയിൽ 5,000 രൂപ ലഭിച്ചതായും, 14-10-2002-ൽ 60,000 രൂപ ലഭിച്ചതായും പ്രതിയെ ഓർമ്മിപ്പിച്ചുകൊണ്ട് വാദി 18-12-2002 തീയതിയിൽ ഒരു രജിസ്റ്റേർഡ് കത്ത് പ്രതിയുടെ നിലവിലുള്ള മേൽവിലാസത്തിൽ അയച്ചു. ഇതൊക്കെയാണെങ്കിലും, ഒറ്റി വാങ്ങിയ ആളിൽ നിന്ന് അസ്സൽ ആധാര രേഖകൾ ലഭിച്ചില്ല, അതിനാൽ, ഒറ്റി ഒഴിപ്പിക്കുവാൻ സാധിച്ചില്ല. ആവർത്തിച്ചുള്ള ഫോൺ വിളികൾ നടത്തിയെന്നും, ബാക്കി തുകയുമായി വാദി തയ്യാറാണെന്നും, പ്രതി ഉടൻ തന്നെ മുന്നോട്ട്

വന്ന് ഒറ്റി ഒഴിപ്പിക്കണമെന്നും, എല്ലാ രേഖകളും ഒറ്റി വാങ്ങിയ ആളിൽ നിന്നും വാങ്ങി തീറാധാരം രജിസ്റ്റർ ചെയ്യണമെന്നും കത്തിൽ പറയുന്നു. കഴിഞ്ഞ ഒരു ആഴ്ചയായി ഈ രജിസ്റ്റേർഡ് കത്ത് മേൽവിലാസക്കാരൻ കൈപ്പറ്റിയില്ലെന്ന് കാണിച്ചുകൊണ്ട് അയച്ചയാൾക്ക് മടങ്ങി വന്നു. വളരെ അടുത്ത തീയതിയായ അതായത് 19-12-2002-ലെ മറ്റൊരു ലീഗൽ നോട്ടീസിന്റെയും വിധി ഇതുതന്നെയായിരുന്നു. അവസാനം, 7-7-2003-ൽ 19-12-2002-ലെ മുൻലീഗൽ നോട്ടീസ് സൂചിപ്പിച്ചുകൊണ്ട് വാദി ഉടമ്പടിയിലെ വ്യവസ്ഥകൾ അടിയന്തരമായി പാലിക്കണമെന്ന് കാണിച്ച് ഒരു ലീഗൽ നോട്ടീസ് അയച്ചു. ഈ നോട്ടീസ് പ്രതി അതേ വിലാസത്തിൽ കൈപ്പറ്റുകയും, യാതൊരു മറുപടിയും നൽകിയിട്ടില്ലാത്തതുമാണ്. അതിനെ തുടർന്ന് 2005 ഫെബ്രുവരിയിൽ നിലവിലെ പ്രത്യേക നിർവ്വഹണ വ്യവഹാരം വാദി ഫയൽ ചെയ്തു.

ഈ വസ്തുതകൾ സൂചിപ്പിച്ചതിൽ, വിചാരണ കോടതി 12-9-2008-ലെ അതിന്റെ വിധിന്യായത്തിൽ, വ്യവഹാര ഉടമ്പടി തെളിയിച്ചതായും, വാദി അയച്ച മൂന്ന് നോട്ടീസുകളും തെളിയിച്ചിരുന്നതും, അതിൽ നിന്നും ഉടമ്പടിക്ക് കീഴിലുള്ള പ്രതിയുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ നിന്നും അയാൾ പിന്തിരിയുവാൻ ശ്രമിക്കുന്നതായി വ്യക്തമാണ് എന്ന് വിധിച്ചു.

വ്യവഹാരം വൈകിയാണ് ഫയൽ ചെയ്തതെങ്കിലും, പ്രതി തന്റെ ഒറ്റിയിലെ വിലാസം നൽകുകയോ ഒറ്റി ഒഴിപ്പിക്കുവാൻ നടപടിയെടുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ, പ്രതി ഉടമ്പടിയിൽ നിന്ന് പിന്തിരിയുന്നതിന് ശ്രമിക്കുകയാണെന്ന് വ്യക്തമായി എന്ന് വിചാരണ കോടതി ഗ്രഹിച്ചു. കൂടാതെ ഉടമ്പടി തീയതിയിൽ വാദിയ്ക്ക് ആവശ്യമായ തുക ഉണ്ടായിരുന്നതും കൂടാതെ, അതിനുശേഷം 18-12-2002-ലെ കത്തിൽ സൂചിപ്പിച്ചതും വാദിയുടെ സന്നദ്ധതയും താത്പര്യവും തെളിയിക്കുന്നു. കേസ് ഇതായിരിക്കെ, വ്യവഹാരം ഫയൽ ചെയ്ത തീയതിയിൽ തന്നെ ബാക്കി വിൽപ്പന തുക കോടതിയിൽ ഇതിനോടകം കെട്ടിവച്ചതിനാൽ കോടതി പ്രത്യേക നിർവ്വഹണത്തിന് ഉത്തരവായി. മേൽ പറഞ്ഞ വിധിന്യായത്തിൽ നിന്നുള്ള ആദ്യ അപ്പീൽ 20-12-2010-ന് പ്രിൻസിപ്പൽ ജില്ലാ ജഡ്ജി തള്ളി. വാദിക്ക് വേണ്ടി വാദിച്ച എല്ലാ ആശയങ്ങളും സമകാല വർത്തിയായ തായി ജില്ലാ ജഡ്ജി കണ്ടെത്തുകയും അതിനാൽ ഒന്നാം അപ്പീൽ തള്ളുകയും ചെയ്തു.

ദോഷമാരോപിക്കപ്പെട്ട വിധിന്യായത്താൽ സമകാലവർത്തിയായ വിധിന്യായങ്ങൾ ഹൈക്കോടതി നേർവിപരീതമാക്കുകയും ഉടമ്പടിയുടെ രൂപീകരണത്തിൽ വിൽപ്പന ഇടപാട് പൂർത്തിയാക്കാൻ മൂന്ന് മാസം മാത്രമേ നൽകിയിട്ടുള്ളു എന്നതിനാൽ, സമയം സാരമായതായിരുന്നു എന്ന് വിധിച്ചു. 18-12-2002-ഉം 19-12-2002-ഉം തീയതികളിലുള്ള രണ്ട് കത്തുകൾ പ്രതിയ്ക്ക് നൽകിയതായി പറയാനാവില്ലെന്നും, അതിനാൽ തെളിയിക്കപ്പെട്ടിട്ടില്ലെന്നും വിധിച്ചു. വിൽപ്പന കരാർ നടത്തുവാൻ ആദ്യം മുതൽ അവസാനം വരെ വാദി തയ്യാറായില്ലെന്നും സന്നദ്ധനായില്ലെന്നും ഉള്ളതല്ലാതെ മറ്റ് വസ്തുതകളിലേയ്ക്ക് പോകുന്നതില്ലെന്ന പ്രതിയുടെ അഭിഭാഷകന്റെ പ്രസ്താവന ഹൈക്കോടതി രേഖപ്പെടുത്തി. ഇതൊക്കെയാണെങ്കിലും, ഹർജി തന്നെ വൈകിച്ച് ഫയൽ ചെയ്തതിനാൽ, ആയത് തനിക്ക് ആവശ്യമായ തുക ഉണ്ടെന്ന് കാണിക്കുവാൻ വാദിക്ക് പര്യാപ്തമല്ലെന്ന് ഹൈക്കോടതി വിധിച്ചു. അയാൾ മറ്റുവിധത്തിൽ ആദ്യം മുതൽ അവസാനം വരെ തയ്യാറും സന്നദ്ധവുമായിരുന്നു എന്ന് കാണിക്കുന്നതിന് അത്

അയാൾക്ക് ആവശ്യമായിരുന്നതും, 22-9-2002-നും 7-7-2003-നും ഇടയ്ക്ക് ഒരു നീണ്ട ഇടവേള ഉണ്ടായതുകൊണ്ട് ഇടയിലുള്ള കത്തുകളോ/ അറിയിപ്പുകളോ തെളിയിക്കാത്തതും പരിഗണിച്ചുകൊണ്ട് ആയത് ശരിയാണെന്ന് പറയാൻ കഴിയില്ല. വിൽപ്പനക്കരാർ തീയതിയിൽ സ്വത്ത് മൂല്യം 10 ലക്ഷം രൂപയായിരുന്നുവെന്നും കൂടി കൂടുതലായി ഹൈക്കോടതി വ്യക്തമാക്കുകയും, ഇത് പ്രതി തെളിയിച്ചിട്ടില്ലെങ്കിലും, സമ്മതവും സന്നദ്ധതയും വാദിയ്ക്ക് എതിരെ നില നിർത്തുന്നതിനായും, വ്യവഹാരം തന്നെ കാലതാമസം ഉള്ളതിനാലും, കേസിന്റെ വസ്തുതകളിൻമേൽ പ്രത്യേക നിർവ്വഹണം അനുവദിക്കാൻ കഴിയില്ലെന്നും, മുൻപ് പറഞ്ഞത് പോലെ, താഴെ കോടതികളുടെ സമകാലാവർത്തിയായ കണ്ടെത്തലുകൾ നേർവിപരീതമാക്കുകയും ചെയ്തു.

അപ്പീൽവാദിയ്ക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനെ ഞങ്ങൾ കേട്ടു. രണ്ടാം അപ്പീലിൽ ഹൈക്കോടതി, പ്രത്യക്ഷമായും, പലതും തെറ്റായി കണക്കാക്കി. ആദ്യമായി, ഒരു കരാറിൽ സമയമാണ് സാരമായത് എന്നത് തീർത്തും തെറ്റാണ്. ഉപാധി അഞ്ചും, എട്ടും 3-ാം ഉപാധിയുടെ കൂടെ വായിക്കേണ്ടതും, അതിൽ പരസ്പരപൂരകമായ വാഗ്ദാന ങ്ങളുടെ കാര്യത്തിൽ, അഞ്ചാം ഉപാധിയിൽ വില്പനക്കാരൻ നടത്തിയ വാഗ്ദാനം ആണ് ആദ്യം നിർവ്വഹിക്കേണ്ടത്, അതായത്, ഒറ്റി മുക്തമാക്കിയ ശേഷം ആധാരപ്രമാണങ്ങൾ ഒറ്റി വാങ്ങിയയാളിൽ നിന്നും ലഭ്യമാക്കേ ണ്ടതാണ്. അപ്പോഴാണ് 70,000 രൂപയ്ക്ക് മുകളിലുള്ള പ്രതിഫലം അത് വില്പനയുടെ ബാക്കി പ്രതിഫല തുകയായിട്ടുള്ളത് നൽകേണ്ടത്. രണ്ടാമതായി, 18-12-2002-ലും 19-12-2002-ലും ഉള്ള രണ്ട് കത്തുകളും തെളിയിക്കുവാൻ കഴിഞ്ഞില്ലെന്ന ഹൈക്കോടതി യുടെ നിലപാട് പൂർണ്ണമായും തെറ്റാണ്. ആ രണ്ട് കത്തുകളും പ്രതിയുടെ തന്നെ വിലാസത്തിലേയ്ക്ക് അയച്ച രജിസ്റ്റേർഡ് എ.ഡി കത്തുകൾ ആയിരുന്നതും, ആയത് 7-7-2003 തീയതി യിൽ കൈപ്പറ്റിയ ലീഗൽ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള പ്രതിയുടെ വിലാസം തന്നെയാണ്. കൂടാതെ, മുകളിൽ സൂചിപ്പിച്ചിട്ടുള്ള അഭിപ്രായം സഹിതം ആ രജിസ്റ്റേർഡ് കത്ത് ഒരു പ്രാവശ്യം മടങ്ങി വന്ന സമയത്ത്, വിരുദ്ധമായി തെളിയി ക്കാത്തിടത്ത്, അപ്രകാരം പറഞ്ഞിട്ടുള്ള പ്രതിയുടെ വിലാസത്തിൽ തന്നെയാണ് നൽകിയിട്ടുള്ളത് എന്ന് കരുതേണ്ടതാണ്. ഇത് ശരിയായ വിലാസമല്ലെന്ന് കാണിച്ച് പ്രതി മുന്നോട്ട് വന്നിട്ടില്ല. വാസ്തവത്തിൽ, 7-7-2003-ൽ ഇതേ വിലാസത്തിൽ തന്നെയാണ് അയാൾ ലീഗൽ നോട്ടീസിന്റെ രസീത് കിട്ടിയത് എന്ന് സമ്മതിക്കുക കൂടി ചെയ്തിട്ടുള്ള സംഗതിയിൽ, ഇത് ശരിയായ വിലാസമാണ് എന്ന് കാണിക്കുന്നു.

18-12-2002-ഉം 19-12-2002-ഉം തീയതികളിലെ കത്തുകൾ പ്രതിയ്ക്ക് അയച്ചു കൊടുത്തിട്ടില്ലാത്തതിനാൽ സമ്മതവും സന്നദ്ധതയും ഊഹിക്കുവാൻ കഴിയില്ലെന്ന ഹൈക്കോടതിയുടെ ഉത്തരവ് ശരിയല്ല. അത്യാവശ്യ തുകയുണ്ടായിട്ടു പോലും സമ്മതനും, സന്നദ്ധനും ആണെന്ന് വാദിക്ക് പറയാൻ കഴിയില്ലെന്ന് വിധിച്ചതിലും കൂടി ഹൈക്കോടതിയ്ക്ക് പിഴവ് സംഭവിച്ചു. മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ, വാദിയ്ക്ക് എതിരെ ഒരു കേസ് ഫയൽ ചെയ്യുന്നതിൽ വന്ന ചെറിയ കാലതാമസം അയാൾ സന്നദ്ധനും തയ്യാറുമല്ലെന്ന് ആക്കുന്നതിലും ഹൈക്കോടതിക്ക് പിഴവ് പറ്റി. ഇന്ത്യയിൽ, ഇംഗ്ലണ്ടിൽ നിലനിൽക്കുന്ന നീതിചട്ടം ബാധകമല്ല എന്നത് സംസ്ഥാപിതവും ഒരു പ്രത്യേക നിർവ്വഹണ വ്യവഹാരം ഫയൽ ചെയ്യുന്നിടത്തോളം കാലം വാദിക്ക് എതിരെ കാലതാമസം നിലനിൽക്കില്ല-കാണുക *മാഡംസെറ്റി*

*സത്യനാരായണ Vs ജി. യെല്ലോജി റാവുവും മറ്റുള്ളവരും* എഐആർ 1965 സുപ്രീം കോടതി 1405 (ഖണ്ഡിക ഏഴ്), ആയത് താഴെ പറയും പ്രകാരം വായിക്കാം:

"(7) ഒരു കോടതിയുടെ വിവേചനാധികാരത്തിന്റെ വ്യാപ്തി നിർവചിക്കുന്നതിനായി ഇംഗ്ലീഷ് വിധിന്യായങ്ങളുടെ ഒരു നീണ്ട ശൃംഖലശ്രീ. ലക്ഷ്മണയ്യ ഉദ്ധരിച്ചു. അവ പരാമർശിക്കുന്നതിനു മുമ്പ്, പ്രത്യേക നിർവ്വഹണത്തിന്റെ ആശ്വാസം എന്നതിന് ഇംഗ്ലീഷും ഇന്ത്യൻ വ്യവസ്ഥകൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം അറിയേണ്ടത് ആവശ്യമാണ്. ഇംഗ്ലണ്ടിൽ പ്രത്യേക നിർവ്വഹണ ആശ്വാസം എന്നത് പ്രദേശത്തെ ന്യായനിർണ്ണയത്തെയും ഇന്ത്യയിൽ, വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടവുമായി ബന്ധപ്പെടുത്തിയതുമാണ്. ഇംഗ്ലണ്ടിൽ പ്രസ്തുത ആശ്വാസത്തിനായി ഒരു വ്യവഹാരം കൊടുക്കുന്നതിന് യാതൊരു സമയപരിധിയും ഇല്ല, അതുകൊണ്ട്, കേവല കാലതാമസം-സാഹചര്യങ്ങൾ അനുസരിച്ചുള്ള കാലതാമസം തന്നെ ആശ്വാസം നിരസിക്കുന്നതിന് മതിയാകും. എന്നാൽ, ഇന്ത്യയിൽ, പ്രസ്തുത ആശ്വാസം നിരസിക്കുന്നതിന് ഒരു കേവല കാലതാമസം ഒരു കാരണമല്ല, ചട്ടത്തിനായി പരിമിതമായ കാലയളവ് നിർദ്ദേശിക്കുന്നു. വ്യവഹാരം സമയത്തിനാണ് എങ്കിൽ, കാലതാമസത്തെ നിയമത്താൽ അനുവദിക്കപ്പെടുന്നു; അത് സമയം കഴിഞ്ഞാകുന്ന പക്ഷം, കാലഹരണപ്പെട്ടത് പോലെ വ്യവഹാരം തള്ളും; രണ്ടായാലും, ന്യായനിർണ്ണയം എന്ന ചോദ്യം ഉദിക്കുന്നില്ല". വിൽപ്പന ഉടമ്പടി സമയത്ത് വസ്തുവിന്റെ മൂല്യം 10 ലക്ഷം രൂപയായിരുന്നു എന്ന് പറഞ്ഞതിൽ ഹൈക്കോടതിയ്ക്ക് പിഴവ് പറ്റി. പി. ഡബ്ല്യു 1, അയാളുടെ എതിർവിസ്താരത്തിൽ, പി.ഡബ്ല്യു 1-നെ എതിർവിസ്താരം ചെയ്ത തീയതിയിൽ അതിന് 10 ലക്ഷം രൂപയായിരുന്നു എന്ന് സമ്മതിച്ചിട്ടുണ്ട്. വിൽപ്പന കരാർ തീയതിയിൽ വസ്തുവിന്റെ മൂല്യം ആറ് ലക്ഷം രൂപ മാത്രമായിരുന്നു, മാത്രമല്ല, ആ മൂല്യം മുകളിലേക്കോ താഴേക്കോ മാറ്റം വരുത്തുവാൻ കക്ഷികൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നതും, അതാണ് നിലവിലെ ഈ കേസിലും കക്ഷികൾ ചെയ്തത്. അതിനാൽ, ഒരു വിലപിടിപ്പുള്ള വസ്തു ഒരു അശ്രദ്ധയിലൂടെ നഷ്ടപ്പെടുത്തി വില്പന നടത്തി എന്നത് തെറ്റായ ഒരു തീരുമാനത്തിൽ നിന്ന് ഉത്ഭവിച്ചതിനാൽ യാതൊന്നും സാധിക്കില്ല.

ഈ കാരണങ്ങളാൽ, അതിനാൽ, ഞങ്ങൾ അപ്പീൽ അനുവദിക്കുകയും ഹൈക്കോടതിയുടെ വിധി റദ്ദാക്കുകയും കീഴ്ക്കോടതികളുടെ വിധി പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്യുന്നു.

# ഹൈക്കോടതി വിധിന്യായങ്ങൾ

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എസ്. പി. ചാലി

കെ. എൻ. രാധാകൃഷ്ണൻ

**Vs**

കേരള സംസ്ഥാനം

റിട്ട് ഹർജി (സി) നമ്പർ. 42146/2017

2018 ഫെബ്രുവരി 9-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ 10-ാം വകുപ്പ് 2-ാം ഉപവകുപ്പിന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധന പ്രകാരം നൽകിയിട്ടുള്ള വിശേഷാധികാരം പുനർനിയമനത്തിന് യോഗ്യനായ ഒരംഗത്തിനാണ്. ആയതിനാൽ, ക്ലിപ്ത നിബന്ധന ഫാറത്തിലെ നിലവിലുള്ള ഒരംഗത്തിനെ അടുത്ത അഞ്ചു വർഷക്കാലത്തേയ്ക്ക് പുനർനിയമനത്തിനു വിശേഷാധികാരം നൽകുന്നതു കൊണ്ടു മാത്രം യോഗ്യനായ ഒരു വ്യക്തിയെ അപേക്ഷ ക്ഷണിക്കുമ്പോൾ ആയതിന് അപേക്ഷിക്കുന്നതിൽ നിന്നും തടയുന്നില്ല.

### വിധിന്യായം

ജസ്റ്റിസ് എസ്.പി. ചാലി

1. 11.12.2013 തീയതിയിലെ എഗ്സിബിറ്റ് പി1 ഉത്തരവ് പ്രകാരം കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ മെമ്പറായി നിയമിതനായ പരാതിക്കാരനെ ആ സ്ഥാനത്തു നിന്നും നീക്കം ചെയ്യരുതെന്നു എതിർകക്ഷിയെ നിർദ്ദേശിക്കുന്നതിനാണ് പരാതിക്കാരൻ ഈ റിട്ട് ഹർജി സമർപ്പിച്ചിരിക്കുന്നത്. റിട്ട് ഹർജിയുടെ തീർപ്പാക്കലിനുള്ള മുഖ്യമായ വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

2. പരാതിക്കാരൻ 7-02-2013-ൽ കാലാവധി പൂർത്തിയാക്കിയ ഒരു ബിന്ദു എം തോമസിന്റെ ഒഴിവിൽ 18-12-2013 മുതൽ കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ [ചുരുക്കത്തിൽ 'സിഡിആർഎഫ്'] ഒരു അംഗമാണ്. അയാൾ ചാർജ്ജ് ഏറ്റെടുത്തതു മുതൽ അഞ്ച് വർഷത്തേയ്ക്കാണ് പരാതിക്കാരന്റെ നിയമന കാലാവധി. നിലവിലെ നിയമനത്തിനു മുമ്പ്, അയാൾ 22-9-2008 മുതൽ 20-9-2013 വരെയുള്ള ഒരു കാലയളവിൽ കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ ഒരു അംഗമായി സേവനമനുഷ്ഠിച്ചിരുന്നു. അതിനു മുമ്പ്, 2002 മുതൽ 2007 വരെയുള്ള കാലയളവിലേയ്ക്ക് പരാതിക്കാരനെ എറണാകുളം സി.ഡി.ആർ.എഫിന്റെ ഒരു അംഗമായും നിയമിച്ചിരുന്നു. പരാതിക്കാരൻ മൂന്നാം തവണയാണ് ഉദ്യോഗം വഹിക്കുന്നത് എന്നു പ്രസ്താവിച്ചുകൊണ്ട് അയാളെ പിരിച്ചു വിടാൻ സാദ്ധ്യതയുണ്ടെന്നുള്ളതാണ് പരാതിക്കാരൻ ഉയർത്തിയിട്ടുള്ള ആവലാതി. 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ 10(2) വകുപ്പ് പ്രകാരം, ജില്ലാ ഫാറത്തിന്റെ ഓരോ അംഗവും അഞ്ചു വർഷത്തേയ്ക്കോ



GCPT. 5/3304/2019

അറുപത്തിഅഞ്ച് വയസ്സുവരെയോ ഏതാണോ ആദ്യം അതുവരെ ഉദ്യോഗം വഹിക്കേണ്ടതിനാൽ എതിർകക്ഷി പ്രസ്താവിച്ചിട്ടുള്ള കാരണങ്ങൾ നിലനിൽക്കത്തക്കതല്ല എന്നാണ് ഹർജിക്കാരന്റെ തർക്കം. "മറ്റൊരു അഞ്ചു വർഷക്കാലയളവിലേക്കോ അറുപത്തിഅഞ്ച് വയസ്സുവരെയോ ഏതാണോ ആദ്യം അതുവരെ ഒരു പുനർനിയമനത്തിന് ഒരംഗം യോഗ്യനാണെന്ന്" ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രതിപാദിക്കുന്നു.

എന്നിരുന്നാലും, നിയമത്തെ പിൻതുടർന്നു വരുന്ന വ്യവസ്ഥകൾ പരസ്യപ്പെടുത്താതെ പരാതിക്കാരനെ നീക്കം ചെയ്യാവുന്നതാണ്. ആശങ്ക സാധൂകരിക്കുതിനുവേണ്ടി അതു സംബന്ധിച്ച് പരാതിക്കാരൻ എഗ്സിബിറ്റ് പി4-ഉം പി5-ഉം പത്ര പരസ്യങ്ങൾ ഹാജരാക്കി.

3. പരാതിക്കാരനെ നീക്കം ചെയ്യുന്നതിനായി യാതൊരു നോട്ടീസും നൽകിയിരുന്നില്ല എന്നും ആയതിനാൽ, റിട്ട് ഹർജി അപക്വമാണെന്നും പ്രാഥമികമായി തർക്കിച്ചുകൊണ്ട് എതിർകക്ഷി ഒരു പ്രസ്താവന ഫയൽ ചെയ്തു. പരാതിക്കാരന്റെ വിവിധ ഫോറങ്ങളിലെ നിയമനത്തിന്റെ അടിസ്ഥാന സ്വഭാവം അംഗീകരിച്ചതായി നിലകൊള്ളുന്നു. എന്നിരുന്നാലും, 1986-ലെ ഉപഭോക്തൃ തർക്ക പരിഹാര ആക്റ്റിന്റെ 10(2) വകുപ്പ് പ്രകാരം, ജില്ലാ ഫോറത്തിന്റെ ഓരോ അംഗവും "അഞ്ച് വർഷക്കാലയളവിലേക്കോ അറുപത്തി അഞ്ച് വയസ്സുവരെയോ, ഏതാണോ ആദ്യം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനല്ലാത്തതുമാണ്" എന്നാണ് ആരംഭത്തിൽ നിലനിന്നിരുന്നത് എന്ന് തർക്കിച്ചു അനന്തരം, 10(2) വകുപ്പ് ഭേദഗതി ചെയ്യുകയും അതിലെ ക്ലിപ്തനിബന്ധന പ്രകാരം, അയാൾ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതയും മറ്റ് വ്യവസ്ഥകളും സഫലീകരിച്ചു എന്ന ഉപാധിക്ക് വിധേയമായി, ഒരംഗം മറ്റൊരു അഞ്ച് വർഷക്കാലയളവിലേക്കോ അറുപത്തി അഞ്ച് വയസ്സുവരെയോ, ഏതാണോ ആദ്യം അതുവരെ, പുനർനിയമനത്തിന് അർഹനാകുന്നതും അങ്ങനെയുള്ള പുനർ നിയമനം സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൂടി നടത്തുന്നതുമാണ്.

4. അപ്രകാരം, ഭേദഗതിയ്ക്കുശേഷം, ജില്ലാ ഫോറത്തിൽ ഒരു അംഗമായി ഇതിനകം നിയമിച്ചിട്ടുള്ള വ്യക്തിയെ അങ്ങനെയുള്ള പുനർ നിയമനം സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളതെങ്കിൽ അടുത്ത അഞ്ച് വർഷക്കാലയളവിലേയ്ക്ക് പുനർനിയമനം നടത്താവുന്നതാണ്. നിലവിലെ കേസിൽ, പരാതിക്കാരനെ തുടക്കത്തിൽ എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ ഒരു അംഗമായി 20-5-2002 മുതൽ 19-5-2007 കാലയളവിലേയ്ക്ക് നിയമിച്ചു. 10 (2) വകുപ്പിന്റെ ഭേദഗതി വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, മറ്റൊരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുകയാണെങ്കിൽ മറ്റൊരു അഞ്ച് വർഷക്കാലത്തേയ്ക്ക് അയാൾ യോഗ്യനായിരുന്നു. എഗ്സിബിറ്റ് പി2-ൽ കാണാൻ കഴിയുന്നതുപോലെ 22-9-2008 മുതൽ 20-9-2013 വരെ അഞ്ച് വർഷക്കാലയളവിലേയ്ക്ക് കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫാറത്തിലെ അംഗമായി സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പരാതിക്കാരനെ വീണ്ടും പുനർനിയമിച്ചു. എതിർകക്ഷി

പറയുന്നതുപ്രകാരം, നിയമത്തിലെ വ്യവസ്ഥകൾ ഇപ്പോൾ നിലകൊള്ളുന്നതു പോലെ, ഹർജിക്കാരനെ ഒരു അഞ്ചു വർഷക്കാലത്തേക്ക് മൂന്നാം തവണ വീണ്ടും നിയമിക്കാൻ സാദ്ധ്യമല്ലാത്തതും, ആയതിനാൽ, എഗ്സിബിറ്റ് പി1 പ്രകാരം 11-12-2013 മുതൽ പ്രാബല്യത്തോടെ ഇപ്പോൾ നടത്തിയിട്ടുള്ള നിയമനം പ്രഥമദൃഷ്ട്യാ നിയമസാധുതയില്ലാത്തതും അപ്രകാരം ദൗർഭാഗ്യകരമായതുമാണ്. ഇത് ഉപഭോക്തൃ കാര്യ വകുപ്പിന്റെ ശ്രദ്ധയിൽ വന്നതിനാൽ, ഹർജിക്കാരന്റെ നിയമനത്തിന്റെ നിയമസാധുത നിയമ സെക്രട്ടറിയുടെ അഭിപ്രായത്തിനു വിട്ടു. 10 (2) വകുപ്പിലെ ക്ലിപ്ത നിബന്ധനയുടെയും ഈ കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ **സ്റ്റേറ്റ് ഓഫ് കേരള Vs സാമുവേൽ** (മനു/കെഇ/0476/1995: 1995 കെഎച്ച്സി 335) എന്ന വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ പരാതിക്കാരന്റെ നിയമനം അയോഗ്യമായതാണ് എന്ന് നിയമ സെക്രട്ടറിയും അഭിപ്രായപ്പെട്ടു.

5. പരാതിക്കാരന്റെ വിദ്വാനായ അഭിഭാഷകനേയും വിദ്വാനായ അഡീഷണൽ അഡ്വക്കേറ്റ് ജനറലിനേയും ഞാൻ കേട്ടു. രേഖകളിലുള്ള പ്രമാണങ്ങളും ബന്ധപ്പെട്ട കക്ഷികൾ ഉന്നയിച്ച വാദപ്രതിവാദങ്ങളും പരിശോധിച്ചു.

6. പ്രത്യക്ഷമായി, പ്രശ്നവിഷയം, 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ 10(2) വകുപ്പിനെ ചുറ്റിപ്പറ്റിയുള്ളതും ആയത് ഇപ്രകാരം വായിക്കാവുന്നതുമാണ്:

"10. ജില്ലാ ഫോറത്തിന്റെ രൂപീകരണം

(1) XXXXXXXXXX XXXXXXXXXX

(2) ജില്ലാ ഫോറത്തിന്റെ ഓരോ അംഗവും അഞ്ചു വർഷക്കാലയളവിലേക്കോ അറുപത്തി അഞ്ചു വയസ്സു വരെയോ ഏതാണോ ആദ്യം, ഉദ്യോഗം വഹിക്കേണ്ടതാണ്.

എന്നാൽ, ഒരു അംഗം (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിയമനത്തിനുള്ള യോഗ്യതകളും മറ്റു വ്യവസ്ഥകളും സഫലീകരിച്ചിട്ടുണ്ടെന്ന ഉപാധിക്ക് വിധേയമായി മറ്റൊരു അഞ്ചു വർഷക്കാലത്തേക്കോ അറുപത്തി അഞ്ച് വയസ്സ് വരെയോ, ഏതാണോ ആദ്യം പുനർനിയമത്തിനു യോഗ്യനാകുന്നതും അങ്ങനെയുള്ള പുനർനിയമനം സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൂടി നടത്തേണ്ടതുമാണ്.

(3) XXXXXXXXXX XXXXXXXXXX".

(7) 10-ാം വകുപ്പ് ജില്ലാ ഫോറത്തിന്റെ രൂപീകരണവും അതിന്റെ യോഗ്യതകളും പ്രതിപാദിക്കുന്നു. പരാതിക്കാരന്റെ വിദ്വാനായ അഭിഭാഷകൻ പറയുന്നതനുസരിച്ച്, 1986-ലെ ആക്റ്റിന്റെ 2 (ജെജെ) വകുപ്പ് പ്രകാരം 'അംഗം' എന്നതിൽ പ്രസിഡന്റും, അതതു സംഗതി പോലെ, ദേശീയ കമ്മീഷന്റെയോ, സംസ്ഥാന കമ്മീഷന്റെയോ ജില്ലാ ഫോറത്തിന്റെയോ ഒരു അംഗവും കൂടി ഉൾപ്പെടുന്നു. ആയതിനാൽ, എഗ്സിബിറ്റ് പി1 പ്രകാരം നിയമിക്കുമ്പോൾ പരാതിക്കാരൻ ജില്ലാ ഫോറത്തിലെ ഒരംഗമായിരുന്നില്ല. കോട്ടയം ജില്ലാ ഫോറത്തിൽ രണ്ടാം തവണ പരാതിക്കാരൻ അംഗമായിരുന്നത് 22-9-2008 മുതൽ 20-9-2013 വരെ കാലയളവിൽ ആയിരുന്നെന്നും തർക്കിച്ചു. പരാതിക്കാരനെ ഫോറത്തിന്റെ ഒരു അംഗമായി

നിയമിച്ചത് 10 (2)-ലെ വകുപ്പിന്റെ ക്ലിപ്ത നിബന്ധനയുടെ കീഴിൽ നൽകിയിട്ടുള്ള വിശേഷാധികാരം പ്രകാരമല്ല, എന്നാൽ സംസ്ഥാന സർക്കാർ ക്ഷണിച്ച പുതിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണെന്നും പരാതിക്കാരൻ തർക്കിച്ചു.

8. 2013 ഫെബ്രുവരി 7-നു കാലാവധി പൂർത്തിയാക്കിയിട്ടുള്ള ഒരു ബിന്ദു എം. തോമസിന്റെ ഒഴിവിൽ പരാതിക്കാരനെ നിയമിച്ച എഗ്സിബിറ്റ് പി1 ലേക്ക് പരാതിക്കാരന്റെ വിദ്വാനായ അഭിഭാഷകൻ എന്റെ ശ്രദ്ധ ക്ഷണിച്ചു. 20-09-2013-ൽ പരാതിക്കാരന്റെ കാലാവധി പൂർത്തിയായി. 10-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന പദം 'ജില്ലാ ഫോറത്തിലെ അംഗം' എന്നാണ് എന്റെ പരിഗണിത അഭിപ്രായം. 1986-ലെ ആക്റ്റിന്റെ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധന പ്രകാരം നൽകിയിട്ടുള്ള വിശേഷാധികാരവും പുനർനിയമനത്തിന് യോഗ്യനായ 'ഒരംഗ'ത്തിനാണ്. ആയതിനാൽ, ക്ലിപ്ത നിബന്ധന ഫാറത്തിലെ നിലവിലുള്ള ഒരംഗത്തിനെ അടുത്ത അഞ്ചുവർഷക്കാലത്തേയ്ക്ക് പുനർനിയമനത്തിനു വിശേഷാധികാരം നൽകുന്നതുകൊണ്ടുമാത്രം യോഗ്യനായ ഒരു വ്യക്തിയെ അപേക്ഷ ക്ഷണിക്കുമ്പോൾ ആയതിന് അപേക്ഷിക്കുന്നതിൽ നിന്നും തടയുന്നില്ല.

9. എന്നിരുന്നാലും, നിയമ നിർമ്മാണത്തിനു പിന്നിലുള്ള ഉദ്ദേശ്യം ശ്രദ്ധിക്കേണ്ടതാണെന്നും, ക്ലിപ്ത നിബന്ധനയിൽ നിന്നും രണ്ടു തവണ ഒരു അംഗമായി സ്ഥാനം വഹിച്ചിട്ടുള്ള അംഗം പുനർനിയമനത്തിന് അർഹനല്ലെന്ന് വ്യക്തമാകുന്നു എന്നും വിദ്വാനായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ബോധിപ്പിച്ചു. എന്റെ പരിഗണിതാഭിപ്രായത്തിൽ, ആക്റ്റിൽ ഉപയോഗിച്ചിരിക്കുന്ന 'അംഗം' എന്ന പദപ്രയോഗം ഒരു അംഗമായി തുടരുന്ന ഒരു വ്യക്തി അടുത്ത അഞ്ച് വർഷത്തേയ്ക്ക് പുനർനിയമനത്തിന് യോഗ്യനാണെന്ന ഒരു സാഹചര്യം വീക്ഷിക്കാവുതാണെന്ന് വ്യക്തമാകുന്നു. നിലവിലുള്ള ഒരു അംഗത്തിനു നൽകുന്ന ഒരു വിശേഷാധികാരമാണത്. എന്നാൽ, യോഗ്യനായ ഒരാളെ ജില്ലാ ഫോറത്തിന്റെ ഒരു അംഗത്തിന്റെ തസ്തികയിലേയ്ക്ക് നിയമനം തേടുന്നതിന് അത് യാതൊരു രീതിയിലും നിരോധിക്കുകയോ തടയുകയോ ചെയ്യുന്നില്ല. 'അംഗം' ഏത്, "ഒരു സംഘടനയിലോ ഒരു നിശ്ചിത സമാജത്തിലോ ഉൾക്കൊള്ളുന്ന വ്യക്തികളിൽ ഒരാളാകുന്നതും, കൂടാതെ അയാൾക്ക്, അംഗത്വമുള്ള ചില വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ളിടത്തോളമുള്ള അത്തരം അവകാശങ്ങൾ ഒഴികെ പ്രമേയം രൂപീകരിക്കുന്നതും ചർച്ച ചെയ്യുന്നതും വോട്ട് ചെയ്യുന്നതും ഉൾപ്പെടെ സംഘടനയിൽ പങ്കെടുക്കുന്നതിനുള്ള പൂർണ്ണ അവകാശങ്ങൾ അനുഭവിക്കുന്നു എന്നും" ബ്ലാക്സ് ലാ ഡിക്ഷ്ണറി (ഒൻപതാം പതിപ്പ്)-ൽ നിർവ്വചിച്ചിരിക്കുന്നു. അംഗം എന്നാൽ ഒരു ഉദ്യോഗം വഹിക്കുന്ന ഒരാൾ എന്ന് നിർവ്വചനം ഉചിതമാം വിധം വ്യക്തമാക്കുന്നു. അതിനാൽ, നിയമം പ്രകാരം നൽകിയിരിക്കുന്ന വിശേഷാധികാരം ജില്ലാ ഫോറത്തിന്റെ അംഗമെന്ന സ്ഥാനത്തേയ്ക്ക് യോഗ്യനായ ഒരു വ്യക്തിയ്ക്ക് അപേക്ഷിക്കുന്നതിനുള്ള ഒരു നിരോധനമായി കണക്കാക്കാൻ കഴിയില്ല. ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ അംഗമെന്ന സ്ഥാനത്തേക്ക് അപേക്ഷിക്കുന്നതിന് യോഗ്യനായ ഒരു വ്യക്തിയെ നിയമപ്രകാരം തടയുന്ന യാതൊന്നും ചൂണ്ടിക്കാണിക്കുവാൻ വിദ്വാനായ

അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് കഴിഞ്ഞില്ല. എഗ്സിബിറ്റ് പി1 പ്രകാരം അയാൾ നിയമിതനാകുമ്പോൾ പരാതിക്കാരൻ ജില്ലാ ഫോറത്തിലെ ഒരു അംഗമല്ലായിരുന്നുവെന്ന് പരാതിക്കാരൻ ഹാജരാക്കിയ എഗ്സിബിറ്റ് പി1 വ്യക്തമാക്കുന്നു. അതിനാൽ, പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചതിന് അനന്തരമായുണ്ടായ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ് പരാതിക്കാരനെ നിയമിച്ചതെന്ന് മാത്രം നിയമപരമായി കരുതാം.. ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, നിയമത്തിൽ അത്തരത്തിലെ ഏതെങ്കിലും അപേക്ഷ നൽകുന്നതിന് യാതൊരു നിരോധനവും സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ, നിലവിലുള്ള അംഗത്തിനു നൽകിയിട്ടുള്ള വിശേഷാധികാരം, തസ്തികയ്ക്കായി അപേക്ഷിക്കുന്നതിന് മൂന്നാമനുള്ള അവകാശത്തിൽ അനാവശ്യമായി ഇടപെടുവാൻ കഴിയുകയില്ല.

10. 10(2) വകുപ്പിനോടു കൂട്ടി ചേർത്തിട്ടുള്ള ക്ലിപ്ത നിബന്ധന സ്വീകാര്യദ്യോതകമായ അർത്ഥത്തിൽ ഒരംഗത്തെ രണ്ടാമത്തെ തവണയും ജില്ലാ ഫോറത്തിന്റെ ഒരു അംഗമായി തുടരാൻ പ്രാപ്തമാക്കുന്നതായി ഉറപ്പിക്കുന്ന ഭാവത്തിലാണ്. എന്നാൽ, 10 (2) വകുപ്പ് അത് മുമ്പ് നിലനിന്നിരുന്നതുപോലെ, ആയതിൻപ്രകാരം, ജില്ലാ ഫോറത്തിലെ ഒരംഗത്തിന് അഞ്ച് വർഷത്തെ ഒരു കാലത്തേക്കോ അറുപത്തി അഞ്ച് വയസ്സുവരെയോ ഏതാണോ ആദ്യം ഉദ്യോഗം വഹിക്കാൻ അർഹതയുള്ളതും പുനർനിയമനത്തിനു യോഗ്യതയില്ലാത്തതുമാണ് എന്ന നിഷേധാത്മകമായ ഭാവത്തിലായിരുന്നു. അത് അപ്രകാരം അർത്ഥമാക്കുന്നത്, ഭേദഗതിക്കു മുമ്പ്, ഒരംഗത്തിനു പുനർനിയമനത്തിനുള്ള വിശേഷാധികാരം ഉണ്ടായിരുന്നില്ല എന്നാണ്. വിജ്ഞാപനം പുറപ്പെടുവിക്കുകയോ 10-ാം വകുപ്പിന്റെ (1 എ) ഉപവകുപ്പ് പ്രകാരമുള്ള ശിപാർശ അനുസരിച്ച് സംസ്ഥാന സർക്കാർ തിരഞ്ഞെടുപ്പ് നടത്തുകയോ ചെയ്യുന്ന ഒരു തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് ഇത് ഒരു മുൻ അംഗത്തെ തടയുന്നതുമില്ല.

11. എന്നിരുന്നാലും, ജില്ലാ ഫോറത്തിന്റെ ഒരു അംഗമായി രണ്ടാം തവണ വിശേഷാധികാരം അനുഭവിച്ച ഒരാൾ, ജില്ലാ ഫോറത്തിലെ അംഗത്തിന്റെ തസ്തികയിലേയ്ക്ക് ഒരു പുതിയ നിയമനം ഭാവിയിൽ തേടുന്നതിന് ഒരിക്കലും അർഹനാകുന്നില്ല എന്ന് ഈ കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ **'സാമുവേൽ'** (മുകളിലത്തെ)-ലെ വിധിന്യായം വിദ്വാനായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശക്തമായി അവലംബിച്ചു. എന്റെ പരിഗണിത അഭിപ്രായത്തിൽ, **'സാമുവേൽ'**-ൽ (മുകളിലത്തെ) പരിഗണിച്ച പ്രശ്നവിഷയം ഒരു അംഗത്തിന്റെയോ പ്രസിഡന്റിന്റെയോ കാലാവധി അയാളെ സ്ഥാനം മാറ്റുകയോ മറ്റൊരു ജില്ലാ ഫോറത്തിലേയ്ക്ക് സ്ഥലം മാറ്റുകയോ ചെയ്യുന്നപക്ഷം ഒരു പുതിയ അഞ്ചുവർഷക്കാലത്തേയ്ക്ക് നീട്ടാൻ കഴിയുമോ എന്നതായിരുന്നു.

12. ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതുപോലെ, എന്റെ പരിഗണിത അഭിപ്രായത്തിൽ, നിലവിലുള്ള തർക്കവിഷയത്തിൽ പ്രസ്തുത വിധിന്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള നിയമവ്യവസ്ഥയ്ക്ക് യാതൊരു പ്രസക്തിയുമില്ല. ഒരു ജില്ലാ ഫോറത്തിൽ നിന്നും മറ്റൊരു ജില്ലാ ഫോറത്തിലേയ്ക്ക് സ്ഥലംമാറ്റുകയോ/സ്ഥാനം മാറ്റുകയോ ചെയ്തിട്ടുള്ള ഒരു അംഗം പുതിയ ഒരു അഞ്ചു


GCPT. 5/3304/2019

വർഷക്കാലയളവിന് അർഹനാണോ എന്നതാണ് അവിടെ പരിഗണിച്ചത്. അപ്രകാരം, ഒരു അംഗത്തിന്റെ കാലാവധി അഞ്ചുവർഷക്കാലത്തേക്ക് നിശ്ചയിച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് അയാൾ അതേ ഫോറത്തിൽ തുടർന്നാലോ മറ്റൊരു വ്യത്യസ്ത ഫോറത്തിലേക്കു സ്ഥാനം മാറ്റിയാലോ നിയമനം അഞ്ച് വർഷക്കാലത്തേക്ക് മാത്രമാണെന്ന് ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് വിധിച്ചു. എന്നുതന്നെയുമല്ല, അവിടെയുണ്ടായിരുന്ന തർക്കവിഷയം, സ്ഥാനം വഹിച്ചിരുന്ന ഒരു 'അംഗത്തെ' സംബന്ധിച്ചായിരുന്നതും എന്നാൽ നിലവിലെ കേസിൽ പരാതിക്കാരനെ എഗ്സിബിറ്റ് പി1 പ്രകാരം നിയമിക്കുമ്പോൾ ഒരു അംഗമല്ലെന്നുള്ളത് നിസ്സന്ദേഹമായി വ്യക്തവുമാണ്.

13. സാഹചര്യം അതായിരിക്കെ, എതിർകക്ഷി സമർപ്പിച്ച പ്രസ്താവനയിൽ നിന്നും പ്രത്യേകിച്ച് പരാതിക്കാരന്റെ ഇപ്പോഴത്തെ നിയമനം നിയമാനുസൃതമല്ലെന്ന് എഗ്സിബിറ്റ് പി1 പ്രകാരം നിയമ സെക്രട്ടറി ഉപദേശം നൽകിയ വസ്തുതയാൽ പരാതിക്കാരനെ ആ പദവിയിൽ നിന്നും നീക്കംചെയ്യാൻ എല്ലാ സാദ്ധ്യതയും ഉള്ളതിനാൽ പരാതിക്കാരൻ ഈ റിട്ട് ഹർജിയിൽ വിജയിക്കാൻ അർഹതയുണ്ടെന്നതാണ് എന്റെ പരിഗണിതാഭിപ്രായം. തത്ഫലമായി എഗ്സിബിറ്റ് പി1-ന്റെ കാലാവധി കഴിയുന്നതുവരെ പരാതിക്കാരനെ കോട്ടയം ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ അംഗമായി ഉദ്യോഗം വഹിക്കുന്നതിൽ നിന്നും തസ്തികയിൽ നിന്നും നീക്കം ചെയ്യരുതെന്ന് നിർദ്ദേശിക്കുന്നു.

തദനുസൃതമായി റിട്ട് ഹർജി അനുവദിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എൻ. നാഗരേഷ്

എ. പുരുഷോത്തമനും മറ്റുള്ളവരും

**Vs**

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ

റിട്ട് ഹർജി (സിവിൽ) നമ്പർ. 10901/2015

2019 ജനുവരി 30-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

കൃത്യവിലോപം വരുത്തുന്നവർക്ക് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്നതിൽ ഡിസിപ്ലിനറി അതോറിറ്റി വീഴ്ച വരുത്തുകയും അന്വേഷണ റിപ്പോർട്ടിനെതിരെ കാരണം കാണിക്കുതിനുള്ള അവസരം ഹർജികക്ഷികൾക്ക് നിഷേധിച്ചതും ശിക്ഷാ ഉത്തരവ് വികലമാക്കുന്നു. അപ്പീൽ അധികാരിക്ക് അതിന്റെ അപ്പീൽ അധികാരം മറ്റൊരു അധികാരസ്ഥാനത്തിനോ വ്യക്തിക്കോ പകരം നിയോഗിച്ച് നൽകാൻ സാധ്യമല്ല.

### വിധിന്യായം

ജസ്റ്റിസ് എൻ. നാഗരേഷ്.

1. ഹർജികക്ഷികൾ 1 മുതൽ 3 വരെയുള്ള എതിർകക്ഷികളുടെ കീഴിലെ ജീവനക്കാരാണ്. അവരുടെ കൃത്യവിലോപം കാരണം ഒന്നാം എതിർകക്ഷി കോർപ്പറേഷൻ ഗണ്യമായ നഷ്ടമുണ്ടായി എന്ന് ആരോപിച്ചുകൊണ്ട് ഹർജി കക്ഷികൾക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിച്ചു. ആരോപിത സംഭവം 2009-2010 കാലയളവിൽ സംഭവിച്ചു എന്ന് ഹർജികക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ തർക്കിച്ചു. ചിതൽവെട്ടി എസ്റ്റേറ്റിൽ 9275 കശുമാവ് തൈകൾ നഷ്ടപ്പെടുകയും ഒന്നാം എതിർകക്ഷി കോർപ്പറേഷന് 1,83,943.75 രൂപയുടെ ഒരു നഷ്ടമുണ്ടായി എന്നുമാണ് നിർദ്ദിഷ്ട ആരോപണം. ഹർജികക്ഷികൾക്കെതിരെ മറ്റു ചില കുറ്റങ്ങൾ കൂടി ചുമത്തി.

2. ഒരു അന്വേഷണത്തിന് ശേഷം, ഹർജികക്ഷികൾ കോർപ്പറേഷന് നഷ്ടം വരുത്തിയെന്നും ആയതിനാൽ ഒന്നാം ഹർജികക്ഷി 15724 രൂപയും രണ്ടാം ഹർജികക്ഷി 1,51,525 രൂപയും കോർപ്പറേഷന് അടയ്ക്കാൻ ബാദ്ധ്യസ്ഥമാണെന്ന് പ്രസ്താവിച്ചുകൊണ്ട് ഒന്നാം എതിർകക്ഷി കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ 16-1-2013-ലെ എഗ്സിബിറ്റ് പി1 ആഫീസ് ഓർഡർ പുറപ്പെടുവിച്ചു. എഗ്സിബിറ്റ് പി1 ഉത്തരവ് പ്രകാരം, ഒരു ഇൻക്രിമെന്റ് (സഞ്ചിത പ്രാബല്യത്തോടെയല്ലാതെ) തടഞ്ഞുകൊണ്ടുള്ള ഒരു അധിക ശിക്ഷയും

കൂടി ചുമത്തി. എഗ്സിബിറ്റ് പി1 ശിക്ഷാ ഉത്തരവ് 16-1-2013-ന് പുറപ്പെടുവിച്ചതായും, എഗ്സിബിറ്റ് പി1 ഉത്തരവ് പ്രകാരം ശിക്ഷ ചുമത്തുന്നതിന് മുൻപ് അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ്, ഹർജി കക്ഷികൾക്ക് നൽകുകയോ അന്വേഷണ റിപ്പോർട്ടിന് വിശദീകരണം നൽകുവാൻ അവരോട് ആവശ്യപ്പെടുകയോ ചെയ്തില്ല എന്ന് ഹർജികക്ഷികൾ തർക്കിച്ചു. സ്വാഭാവിക നീതിയുടെ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെടാതെയാണ് 16-1-2013-ൽ എഗ്സിബിറ്റ് പി1 പുറപ്പെടുവിച്ചത്.

3. അനന്തരം, ഒന്നാം എതിർകക്ഷി കോർപ്പറേഷന്റെ പേഴ്സണൽ മാനേജരുടെ 30-1-2013 തീയതിയിലെ എഗ്സിബിറ്റ് പി3 ഉത്തരവ് പ്രകാരം, 24-9-2012-ലെ എഗ്സിബിറ്റ് പി2 അന്വേഷണ റിപ്പോർട്ട് ഹർജികക്ഷികൾക്ക് നൽകി. ഹർജികക്ഷി കൾക്ക് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകിക്കൊണ്ടുള്ള എഗ്സിബിറ്റ് പി3 കത്ത്, ആ അന്വേഷണ റിപ്പോർട്ടിന് വിശദീകരണം നൽകുന്നതിന് ഹർജികക്ഷികളോട് ആവശ്യപ്പെടുന്നില്ല. അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകാതെ ശിക്ഷ ചുമത്തിയതിൽ സങ്കടപ്പെട്ടുകൊണ്ട്, ഹർജികക്ഷികൾ രണ്ടാം എതിർകക്ഷി കോർപ്പറേഷന്റെ ചെയർമാന്റെ മുമ്പാകെ അപ്പീലുകൾ ഫയൽ ചെയ്തു.

4. ചെയർമാൻ, ഹർജികക്ഷികൾ ബോധിപ്പിച്ച അപ്പീൽ ഹർജികൾ പരിശോധിക്കുന്നതിന് ഏകാംഗ കമ്മിറ്റി രൂപീകരിച്ചു. കൃത്യവിലോപം വരുത്തിയവർ പ്രകടിപ്പിക്കുന്ന ആശങ്കയുടെ എല്ലാ വശങ്ങളും അന്വേഷണവേളയിൽ തന്നെ വേണ്ടവിധം കൃത്യമായി അറിയിച്ചിരുന്നെന്നും സ്വാഭാവിക നീതി അവർക്ക് ഒരിക്കലും നിരസിച്ചിരുന്നില്ലെന്നും ഏകാംഗ കമ്മിറ്റി കണ്ടെത്തി. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളോട് വിയോജിക്കുന്നതിന് ഏത് തന്നെയായാലും യാതൊരു കാരണവും ഏകാംഗ കമ്മിറ്റി കണ്ടെത്തിയില്ല.

5. എഗ്സിബിറ്റ്സ് പി4-ഉം പി5-ഉം ആയി അനുബന്ധമായുള്ള ഏകാംഗ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാന മാക്കി, ശിക്ഷാ ഉത്തരവുകളിൽ ഇടപെടുന്നതിന് യാതൊരു കാരണവും അയാൾ കാണുന്നില്ല എന്ന് ഗ്രഹിച്ചുകൊണ്ട് 27-3-2015 തീയതിയിലെ കത്ത് മൂന്നാം എതിർകക്ഷി പേഴ്സണൽ മാനേജർ പുറപ്പെടുവിച്ചു. ഹർജികക്ഷികൾക്ക് അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകാത്തതും അന്വേഷണ റിപ്പോർട്ടി നെതിരെ കാരണം കാണിക്കുന്നതിന് ഒരു അവസരം നൽകാത്തതുമായ കാരണത്താൽ അന്വേഷണം വികലമാക്കിയതായി ഹർജികക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കോർപ്പറേഷന് ഉണ്ടായതായി ആരോപിച്ച നഷ്ടത്തിന്റെ തോത് സംബന്ധിച്ച് ഹർജികക്ഷികളെ കേട്ടില്ല. എഗ്സിബിറ്റ് പി1, പി2, പി4, പി5 എന്നിവ അസ്ഥിരപ്പെടുത്താൻ ഹർജികക്ഷികൾ പ്രേരിപ്പിച്ചു.

6. 1 മുതൽ 3 വരെ എതിർകക്ഷികളെ പ്രതിനിധീകരിച്ചുകൊണ്ട് വിദ്വാനായ സ്റ്റാൻഡിംഗ് കൗൺസിൽ എതിർസത്യവാങ് മൂലം ഫയൽചെയ്യുകയും റിട്ട് ഹർജിയിൽ എതിർവാദം നടത്തുകയും ചെയ്തു. ഹർജികൾക്ക് യഥാവിധി നോട്ടീസ് നൽകിയാണ് അന്വേഷണ നടപടികൾ നടത്തിയതെന്ന് 1 മുതൽ 3 വരെ എതിർകക്ഷികളെ പ്രതിനിധീകരിച്ചുകൊണ്ട് വിദ്വാനായ സ്റ്റാൻഡിംഗ് കൗൺസിൽ ബോധിപ്പിച്ചു. അവരുടെ കേസ് പ്രതിരോധിക്കുന്നതിന് ഹർജികക്ഷികൾ ന്യായമായ എല്ലാ അവസരങ്ങളും

നൽകിക്കൊണ്ടാണ് നടപടികൾ നടത്തിയത്. അന്വേഷണത്തിൽ സാക്ഷികളെ വിസ്തരിച്ചു. സാക്ഷികളെ ക്രോസ് വിസ്താരം നടത്തുന്നതിന് ഹർജികക്ഷികളെ അനുവദിച്ചിരുന്നു. അന്വേഷണ നടപടികളുടെ വേളയിൽ 1 മുതൽ 3 വരെ എതിർകക്ഷികൾ അവലംബിച്ച രേഖകൾ പരിശോധിക്കുന്നതിന് ഹർജികക്ഷികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ആയതിനാൽ, എഗ്സിബിറ്റ് പി1 കൃത്യമായും നിയമപരമായുള്ളതും സ്വാഭാവിക നീതിയുടെ തത്വങ്ങൾ ലംഘിച്ചു കൊണ്ട് വികലമാക്കപ്പെട്ടു എന്ന് പറയാൻ കഴിയാത്തതുമാണ്.

7. ഹർജികക്ഷികൾ ചെയർമാന്റെ മുമ്പാകെ അപ്പീലുകൾ ഫയൽ ചെയ്തപ്പോൾ, ചെയർമാൻ ആ അപ്പീലുകൾ വളരെ ഗൗരവതരമായി എടുക്കുകയും അപ്പീൽ മെമ്മോറാണ്ടത്തിൽ അടങ്ങിയിരിക്കുന്ന ഹർജികക്ഷികളുടെ സങ്കടങ്ങൾ നോക്കുന്നതിന് ഒരു ഏകാംഗ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തതായി എതിർകക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ സ്റ്റാൻഡിംഗ് കൗൺസിൽ കൂടുതലായി ബോധിപ്പിച്ചു. സ്വതന്ത്ര ഏകാംഗ കമ്മിറ്റി അച്ചടക്കനടപടികളുടെ ഫയൽ പരിപൂർണ്ണമായി പരിശോധിച്ചു. റിട്ട് ഹർജി പ്രതിരോധിക്കുന്നതിന് എല്ലാ ന്യായമായ അവസരങ്ങൾ ഹർജികക്ഷികൾക്ക് നൽകിയിരുന്നതായി പ്രസ്തുത കമ്മിറ്റി കണ്ടെത്തി. അച്ചടക്ക അധികാരസ്ഥാനത്തിന്റെ ഉത്തരവുകളിൽ ഇടപെടേണ്ട ആവശ്യമുണ്ടെന്ന് ഏകാംഗ കമ്മിറ്റി കണ്ടെത്തിയില്ല. ഏകാംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഗ്സിബിറ്റ്സ് പി4-ഉം പി5-ഉം ഉത്തരവുകൾ പ്രകാരം ഹർജികക്ഷികൾ ഫയൽ ചെയ്ത അപ്പീൽ തീർപ്പാക്കി. ഉചിതമായ സമയത്ത് അന്വേഷണ റിപ്പോർട്ട് നൽകാത്തതിന്റെ സങ്കടങ്ങൾ ഉന്നയിച്ചിട്ടില്ലാത്തതും, അതുകൊണ്ട്, ഭാരതത്തിന്റെ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിൽ ഫയൽ ചെയ്ത ഒരു റിട്ട് ഹർജിയിൽ ആ പ്രശ്നവിഷയം ശക്തിപൂർവ്വം വാദിക്കുന്നതിൽ നിന്നും അവർ നിരോധിക്കപ്പെട്ടു എന്നും എതിർകക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ സ്റ്റാൻഡിംഗ് കൗൺസിൽ കൂടുതലായി ബോധിപ്പിച്ചു. ഹർജികക്ഷികളുടെ ശ്രദ്ധക്കുറവും കൃത്യവിലോപവും കാരണം ഒന്നാം എതിർകക്ഷിക്ക് ഭീമമായ നഷ്ടം സംഭവിച്ചു എന്നും, അതിനാൽ ഹർജികക്ഷികളുടെ റിട്ട് ഹർജി തള്ളണമെന്നും വിദ്വാനായ സ്റ്റാൻഡിംഗ് കൗൺസിൽ ബോധിപ്പിച്ചു.

8. കേസിലെ അന്യായ ഹർജിയും ഇരുഭാഗത്ത് നിന്നും ഉന്നയിച്ച വാദങ്ങളും ഞാൻ പരിശോധിച്ചു.

9. ഈ വിഷയത്തിൽ അന്യായ ഹർജിയിലൂടെ പോകുമ്പോൾ, 1-ഉം 2-ഉം ഹർജികക്ഷികൾക്കെതിരെ എതിർകക്ഷികൾ ഒരു വകുപ്പുതല അന്വേഷണം നടത്തിയിരുന്നെങ്കിലും ഒരു ഇൻക്രിമെന്റ് തടഞ്ഞുവച്ചുകൊണ്ടും ഹർജികക്ഷികളിൽ നിന്നും തുക ഈടാക്കുന്നതിനും ശിക്ഷ ചുമത്തുന്നതിനു മുമ്പായി ഹർജികക്ഷികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയ അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് എതിർകക്ഷികൾ അവർക്ക് നൽകിയില്ല എന്ന് കാണുന്നു. 30-1-2013 തീയതിയിലെ എഗ്സിബിറ്റ് പി3 കത്ത് പ്രകാരം മാത്രമാണ് അന്വേഷണ റിപ്പോർട്ട് ഹർജികക്ഷികൾക്ക് നൽകിയത്. എഗ്സിബിറ്റ് പി3-യുടെ ഒരു പരിശോധന, അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകുമ്പോൾ ഹർജികക്ഷികളിൽ നിന്നും യാതൊരു വിശദീകരണവും ആവശ്യപ്പെട്ടതായി കാണിക്കുന്നുമില്ല. പരമോന്നത കോടതിയുടെ, **മാനേജിംഗ് ഡയറക്ടർ, ഇ.സി.ഐ.എൽ ഹൈദരാബാദ് Vs ബി. കരുണാകർ** (II) [മനു/എസ്സി/1038/



GCPT. 5/3304/2019

1994: 1994 സപ്ലി (2) എസ്സിസി 391]-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകാതെയും അന്വേഷണ റിപ്പോർട്ടിനെതിരെ കാരണം കാണിക്കാൻ ഒരവസരം അവർക്ക് നൽകാതെയും ഹർജി കക്ഷികളുടെ മേൽ ശിക്ഷ ചുമത്തുന്നത് തീർച്ചയായും അന്വേഷണ നടപടികൾ വികലമാക്കും.

10. അന്യായ ഹർജികളിൽ നിന്നും, ഹർജികക്ഷികൾ, രണ്ടാം എതിർകക്ഷി-കോർപ്പറേഷന്റെ ചെയർമാന്റെ മുമ്പാകെ അപ്പീലുകൾ ബോധിപ്പിച്ചതായും ഞാൻ കണ്ടെത്തി. ചട്ടങ്ങൾ പ്രകാരം, അപ്പലേറ്റ് ബോഡിയായ അപ്പീൽ അധികാരി തന്നെ ഹർജികക്ഷികൾ ബോധിപ്പിച്ച അപ്പീലുകൾ പരിഗണിക്കേണ്ടതും അതിൻമേൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്. അപ്പീൽ അധികാരം ഒരു അപ്പീൽ അധികാരിക്ക് പകരം നിയോഗിക്കാൻ കഴിയില്ല. നിലവിലെ കേസിൽ, അപ്പീൽ അധികാരി, സ്വയം അപ്പീലുകൾ പരിഗണിക്കാതെ, ഒരു ഏകാംഗ കമ്മിറ്റിയെ നിയോഗിക്കുകയും അയാളിൽ നിന്നും ഒരു റിപ്പോർട്ട് നേടുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്പീലുകൾ നിരസിക്കുകയും ചെയ്തു. അപ്പീൽ അധികാരി എഗ്സിബിറ്റ് പി4-ഉം പി5-ഉം ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സമയം സ്വതന്ത്രമായി സൂക്ഷ്മമായി വസ്തുതകൾ ഗ്രഹിച്ചിരുന്നോ എന്ന് കാണിക്കുന്ന യാതൊന്നും തന്നെ റിക്കാർഡിൽ ഇല്ല. ആ കാരണത്താൽ കൂടിയും എഗ്സിബിറ്റ് പി4-ഉം പി5-ഉം അപ്പീൽ ഉത്തരവുകൾ അസ്ഥിരപ്പെടുത്തുന്നതിന് ബാദ്ധ്യസ്ഥമാണ്.

11. കൂടുതലായി, രണ്ടാം എതിർകക്ഷി- കോർപ്പറേഷൻ ചെയർമാന്റെ മുമ്പാകെ അപ്പീലുകൾ ബോധിപ്പിച്ചു എന്നിരിക്കിലും അപ്പീലുകൾ പേഴ്സണൽ മാനേജർ തീർപ്പാക്കിയതായി എഗ്സിബിറ്റ് പി4-ഉം പി5-ഉം ഉത്തരവുകൾ കാണിക്കുന്നു. ഇതും അപ്പീൽ ഉത്തരവുകളെ വികലമാക്കുന്നു.

12. മുൻ സൂചിപ്പിച്ച കാരണങ്ങളാൽ, നിയമത്തിന്റെ സൂക്ഷ്മപരിശോധനയിൽ എഗ്സിബിറ്റ് പി1, പി4 കൂടാതെ പി5 എന്നിവ നിലനിൽക്കത്തക്കതല്ല എന്ന് ഞാൻ കണ്ടെത്തുന്നു. തദനുസൃതമായി ആ ഉത്തരവുകൾ അസ്ഥിരപ്പെടുത്തുന്നു.

13. എന്നിരുന്നാലും, അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകിയ ഘട്ടത്തിൽ നിന്നും ഹർജി കക്ഷികൾക്കെതിരെ കേസുമായി മുന്നോട്ട് പോകുന്നതിന് എതിർകക്ഷി-കോർപ്പറേഷന് സ്വാതന്ത്ര്യമുണ്ടെന്ന് വ്യക്തമാക്കുന്നു. അന്വേഷണവുമായി മുന്നോട്ടുപോകാൻ എതിർകക്ഷികൾ ഉദ്ദേശിക്കുന്ന സംഗതിയിൽ, അന്വേഷണ റിപ്പോർട്ടിന് അവരുടെ വിശദീകരണം നൽകുന്നതിന് ഹർജികക്ഷികൾക്ക് ഒരവസരം നൽകേണ്ടതാണ്. കൂടുതലായി, ഗണ്യമായ തുക ഹർജികക്ഷികളിൽ നിന്നും ഈടാക്കണമെന്നാവശ്യപ്പെട്ടിരുന്നതിനാൽ, നഷ്ട തുകയുടെ തോത് സംബന്ധിച്ച ആഡിറ്ററുടെയും ജനറൽ മാനേജരുടെയും റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഹർജി കക്ഷികൾക്ക് ലഭ്യമാക്കേണ്ടതും, ആയതിനാൽ, ഹർജികക്ഷികൾക്ക് നഷ്ടത്തിന്റെ തോതിൽ കൂടി അവരുടെ ആക്ഷേപങ്ങൾ ഉന്നയിക്കാൻ കഴിയും.

ഈ റിട്ട് ഹർജി മേൽ നിർദ്ദേശങ്ങളോടെ തീർപ്പാക്കിയതായി നിലകൊള്ളുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ**

**&**

**ബഹു. ജസ്റ്റിസ് വി. ഷിർസി**

**കേരള സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റ്സ് അസ്സോസ്സിയേഷനും മറ്റുള്ളവരും**

**Vs**

**കേരള സർക്കാരും മറ്റുള്ളവരും**

**റിട്ട് ഹർജി (സിവിൽ) നമ്പർ 21686 & 24400/2018**

**2019 ജനുവരി 31-ന് വിധി പ്രസ്താവിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ അലോട്ടുമെന്റുമായി ബന്ധപ്പെട്ടതാണ് ഇവിടത്തെ പ്രതിപാദ്യ വിഷയം. സംസ്ഥാനത്തിന് പുറമേനിന്നുള്ള വിദ്യാർത്ഥികളുടെ പ്രവേശനം പൂർണ്ണമായും നിരോധിച്ചിട്ടില്ല. കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്ക് 100% സംവരണം മാത്രമാണ് നിരോധിച്ചിട്ടുള്ളത്. ഓരോ കോളേജിലേക്കും വിദ്യാർത്ഥികളെ തികച്ചും മെരിറ്റടിസ്ഥാനത്തിൽ അലോട്ടുമെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതിനാൽ വിദ്യാർത്ഥികൾ ബാങ്ക് ഗ്യാരന്റി നൽകണമെന്ന ഒരു നിർബന്ധം വിദ്യാർത്ഥികളുടെയും അതുപോലെ രക്ഷിതാക്കളുടെയും മേൽ അധികബാധ്യത ഉണ്ടാക്കും. ഓരോ മെഡിക്കൽ കോളേജിലേക്കുമുള്ള അലോട്ടുമെന്റിനുള്ള ഏക മാനദണ്ഡം ഇപ്പോൾ മെരിറ്റാകുന്നതും ധാരാളം മികവുള്ള വിദ്യാർത്ഥികളെ മതിയായ പണത്തിന്റെ കുറവുകൊണ്ട് അവരുടെ പഠനങ്ങൾ തുടരുന്നതിൽനിന്നും തടയും.

### വിധിന്യായം

ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ.

1. ഈ രണ്ട് റിട്ട് ഹർജികളും ഒരേ കക്ഷികളാണ് ഫയൽ ചെയ്തിട്ടുള്ളത്. തീരുമാനത്തിനായി പൊതുവായ പ്രശ്നവിഷയങ്ങൾ ഉയർന്നതിനാൽ, ഈ രണ്ട് റിട്ട് ഹർജ്ജികളും ഒരുമിച്ച് കേൾക്കുകയും തീർപ്പാക്കുകയും ചെയ്തു. പൊതുവായ ഹർജികക്ഷി, കേരള സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റ്സ് അസ്സോസ്സിയേഷൻ (ഇതിനുശേഷം ചുരുക്കത്തിൽ 'അസ്സോസ്സിയേഷൻ' എന്ന് പരാമർശിക്കപ്പെടുന്നു) എന്ന പേരിലെ ഒരു അസ്സോസ്സിയേഷൻ ആണ്. രണ്ടാമത്തെ ഹർജികക്ഷി കോഴിക്കോട് കെ.എം.സി.റ്റി മെഡിക്കൽ കോളേജ് നടത്തുന്ന ഒരു ട്രസ്റ്റിന്റെ ഒരു ട്രസ്റ്റി ആണ്. ഈ അസ്സോസ്സിയേഷൻ കേരള സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളുടെ രജിസ്റ്റർ ചെയ്ത ഒരു സംഘടനയാണ്. ഈ അസ്സോസ്സിയേഷനിലെ പട്ടികയിലെ 18 അംഗങ്ങൾ ഈ റിട്ട് ഹർജിയുടെ ഭാഗമായി രൂപപ്പെടുന്നു.

2. അസ്സോസ്സിയേഷനിലെ അംഗങ്ങളെല്ലാം കേരളത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾ നടത്തുന്നു. അവരുടെ കോളേജുകളിൽ വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്ന രീതിയാൽ അവർ സങ്കടപ്പെടുന്നു. മുൻപ്, ഈ അസ്സോസ്സിയേഷനിലെ അംഗങ്ങൾ സീറ്റുകൾ പങ്കിടുന്നതിനുള്ള രീതിക്ക് ഉപാധികൾ നിഷ്കർഷിച്ചുകൊണ്ടും അതിനു വിധേയമായും സർക്കാരുമായി സീറ്റ് പങ്കുവയ്ക്കുന്ന ഉടമ്പടികളിൽ ഏർപ്പെടുന്ന പതിവുണ്ടായിരുന്നു. മാനേജ്മെന്റ് ക്വാട്ടയിലെ കുറച്ച് സീറ്റുകൾ, പ്രവാസി ഇന്ത്യക്കാരുടെ ആശ്രിതരായ അപേക്ഷകർക്കായി മാറ്റിവയ്ക്കുന്ന പതിവുണ്ട്. എങ്കിലും അങ്ങനെയുള്ള ഉടമ്പടികൾ ഉണ്ടാക്കുന്ന പതിവ് ഈ കോടതി നിലനിൽക്കുന്നതല്ല എന്ന് വിധിച്ചു. അതിനുശേഷം, ആ പതിവ് ഉപേക്ഷിച്ചു. പരമോന്നത കോടതിയുടെ ഉത്തരവുകൾ പ്രകാരം, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലെ എല്ലാ സീറ്റുകളിലേക്കും വിദ്യാർത്ഥികളുടെ അലോട്ട്മെന്റ്, നീറ്റ് റാങ്ക് പട്ടികയിലെ അപേക്ഷകരെ അവർക്കിടയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നു. അവരവർക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകൾക്ക് അപേക്ഷകർ ഒടുക്കേണ്ട ഫീസും രണ്ടാം എതിർകക്ഷി ഡിമാന്റ് ഡ്രാഫ്റ്റ് മുഖാന്തിരം സ്വീകരിക്കുന്നതും ആയത് പിന്നീട് അവരവരുടെ കോളേജുകൾക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്നു. ചില കോളേജുകൾ അവർക്ക് അലോട്ട് ചെയ്ത അപേക്ഷകരെ ചില നിസാര കാരണങ്ങളാലോ അന്യഥാ അവരിൽ നിന്നും ഫീസ് സ്വീകരിക്കാതെ തിരിച്ചുവിടുന്നത് ശ്രദ്ധയിൽ വന്നതിനാൽ പരമോന്നത കോടതിയുടെ നിർദ്ദേശത്തെ തുടർന്ന്, ഫീസും കൂടി രണ്ടാം എതിർകക്ഷി സ്വീകരിക്കുന്നു.

3. ഹർജികക്ഷികൾ പറയുന്നതനുസരിച്ച്, മുൻപ്, സർക്കാരുമായി അവർ ഏർപ്പെട്ട സീറ്റ് പങ്കുവയ്ക്കുന്ന ഉടമ്പടികളിൽ, പ്രവേശനം ലഭിച്ച വിദ്യാർത്ഥികളോട്, മുഴുവൻ കോഴ്സിലേക്കും ഉള്ള ഫീസ് ഒടുക്കുന്നതിന് വേണ്ടി ബാങ്ക് ഗ്യാരന്റികൾ നൽകുവാൻ ആവശ്യപ്പെടുന്നതിന് അവർക്ക് അർഹത നൽകുന്ന ഒരു വ്യവസ്ഥ അടങ്ങിയിരുന്നു. പഠനമധ്യേ ഒരു വിദ്യാർത്ഥി അവന്റെ പഠിത്തം ഉപേക്ഷിക്കുകയാണെങ്കിൽ, നഷ്ടമുണ്ടാകുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അത്തരത്തിലെ ഒരു വ്യവസ്ഥ അനിവാര്യമായിരുന്നു. ആ കോഴ്സിലുടനീളം പ്രസ്തുത സീറ്റ് ഒഴിഞ്ഞ് കിടക്കും. സ്വകാര്യ സ്വാശ്രയ കോളേജുകൾ അവയുടെ പാലനത്തിന് വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസിനെ പരിപൂർണ്ണമായി ആശ്രയിച്ചിരിക്കുന്നതിനാൽ, അങ്ങനെയുള്ള വരുമാനനഷ്ടം അവരുടെ നിലനിൽപ്പിന് തന്നെ ഗുരുതരമായ വിഘ്നമുണ്ടാക്കും. 2018-2019 വർഷക്കാലത്ത് ഒരു ബാങ്ക് ഗ്യാരന്റി നൽകുന്നതിനുള്ള യാതൊരു വ്യവസ്ഥയും പ്രോസ്പെക്റ്റസിൽ ലഭ്യമല്ലായിരുന്നു എന്ന് തർക്കിച്ചു. അപ്രകാരം, ആയത് ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കേണ്ടത് അനിവാര്യമാണെന്ന് തർക്കിച്ചു.

4. മുന്നോട്ടുവച്ച രണ്ടാമത്തെ തർക്കം, പ്രോസ്പെക്ടസിലെ ജനനം സംബന്ധിച്ച ഖണ്ഡം, മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളെ പൂർണ്ണമായും ഒഴിവാക്കുകയും പ്രവേശനാവകാശം കേരളത്തിലുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നുമാണ്. പ്രസ്തുത ഖണ്ഡം, നിലനിൽക്കാത്തതും വിവേചനപരവും ഭരണഘടനയുടെ 14-ഉം 15-ഉം അനുച്ഛേദങ്ങളുടെ ലംഘനവുമാണെന്ന് ബോധിപ്പിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന, നികത്താത്ത

സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനുകൾക്കെതിരെയാണ് മറ്റൊരു തർക്കം പുറപ്പെടുവിച്ചത്. നികത്താത്ത ഒഴിവുകൾ നികത്തുതിന് സ്പോട്ട് അഡ്മിഷനുകൾ നടത്തുന്നതിന് ഓരോ സ്ഥാപനത്തെയും അനുവദിക്കേണ്ടത് അനിവാര്യമാണെന്നും തർക്കിച്ചു. അതത് സ്ഥാപനത്തിലെ ഒരു നിശ്ചിത എണ്ണം സീറ്റുകൾ, അതിന്റെ ജീവനക്കാരും ട്രസ്റ്റികളും സ്പോൺസർ ചെയ്യുന്ന, ആയതിൽ ജീവനക്കാരുടേയും ട്രസ്റ്റികളുടേയും കുട്ടികളും ബന്ധുക്കളും ഉൾപ്പെടുന്ന അപേക്ഷകരാൽ നികത്തുന്നതിന് മാറ്റിവയ്ക്കണമെന്നതാണ് മറ്റൊരു അവകാശവാദം. പ്രോസ്പെക്ടസിൽ മേൽപ്പറഞ്ഞ വസ്തുതകളിൻമേലുള്ള നിബന്ധനകളുടെ അഭാവത്തിൽ ആയത് നിലനിൽക്കുന്നതല്ലെന്നും അസ്ഥിരപ്പെടുത്താൻ ബാദ്ധ്യസ്ഥവുമാണെന്ന് തർക്കിച്ചു.

5. ഹർജികക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന അഡ്വ. സന്തോഷ് കൃഷ്ണൻ പറയുന്നതനുസരിച്ച്, 2018 കീം t{] mk ¥] I $k ns · [റിട്ട് ഹർജി (സിവിൽ) നമ്പർ. 21686/2018-ലെ എഗ്സിബിറ്റ് പി12) 6.1 ഖണ്ഡം, ഇതരസംസ്ഥാന വിദ്യാർത്ഥികളെ ഒഴിവാക്കുന്നതിന് 100% സ്ഥിരവാസം അഥവാ ജനന മാനദണ്ഡം നിർബന്ധിക്കുന്നു. പ്രസ്തുത ഖണ്ഡ പ്രകാരം, 100% സീറ്റുകളും കേരളത്തിൽ ജനിച്ചതോ അല്ലെങ്കിൽ കേരളവുമായി ബന്ധമുള്ളതോ ആയ വ്യക്തികൾക്ക് വേണ്ടി സംവരണം ചെയ്തിരിക്കുന്നു. 50% അഖിലേന്ത്യാ ക്വാട്ടയ്ക്ക് പോലും യാതൊരു വ്യവസ്ഥയും ഇല്ലെന്ന് തർക്കിച്ചു. സംസ്ഥാനത്തിന് പുറത്തുള്ള അപേക്ഷകരുടെ അത്തരത്തിലെ ഒഴിവാക്കൽ, ഡോ. പ്രദീപ് ജെയ്ൻ Vs **യൂണിയൻ ഓഫ് ഇൻഡ്യ** [മനു/എസ് സി/0047/1984: (1984) 3 എസ്സിസി 654]-യിലെ വിധിവാചകം ലംഘിക്കുന്നു. **നിഖിൽ ഹിമ്താനി Vs സ്റ്റേറ്റ് ഓഫ് ഉത്തരാഖണ്ഡ്** [മനു/എസ് സി/0816/2013: (2013) 10 എസ് സി സി 237]-ലെ തീർപ്പ് അവലംബിക്കുന്നു. ആയതിനാൽ, പ്രസ്തുത ഖണ്ഡം അസ്ഥിരപ്പെടുത്താൻ ബാധ്യസ്ഥമാണെന്ന് തർക്കിച്ചു.

6. അസ്സോസ്സിയേഷനിലെ അംഗങ്ങളായ കോളേജുകൾ സ്വാശ്രയസ്ഥാപനങ്ങളാകുന്നതും അവരുടെ എല്ലാ ചെലവുകളും വിദ്യാർത്ഥികളിൽ നിന്നും സമാഹരിക്കുന്ന ഫീസിനെ മാത്രം പൂർണ്ണമായി ആശ്രയിച്ചിരിക്കുന്നു എന്നും കൂടുതലായി തർക്കിച്ചു. കോളേജ് നടത്തുന്നത് ധാരാളം ചെലവ് ഉൾക്കൊള്ളുന്നതും പ്രവേശനവും ഫീസും കാര്യനിർവ്വഹണ സമിതി (ചുരുക്കത്തിൽ 'എഎഫ് ആർസി') മേൽ വസ്തുതകളും കോളേജിന്റെ വിദ്യാർത്ഥി പ്രവേശനശേഷിയും കണക്കിലെടുത്തുകൊണ്ട് ഫീസ് തീരുമാനിക്കുന്നു. ആയതിനാൽ ഒരു വിദ്യാർത്ഥി വിദ്യാഭ്യാസം ഉപേക്ഷിക്കുകയോ തുടരാതിരിക്കുകയോ ചെയ്യുമ്പോൾ കോളേജിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കും. പ്രസ്തുത സീറ്റുകൾ നികത്തുന്നതിന് കോളേജിന് സാധിക്കാതെ വരുന്നതും അങ്ങനെയുള്ള സീറ്റുകളിൽ കോളേജിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് യാതൊരു വ്യവസ്ഥയുമില്ലാത്തതുമാണ്. കോളേജിന്റെ താൽപ്പര്യം ഭദ്രമാക്കുന്നതിനായി, വിദ്യാർത്ഥികൾ ബാങ്ക് ഗ്യാരന്റികൾ നൽകണമെന്ന് നിഷ്കർഷിക്കേണ്ടത് തീർച്ചയായും അനിവാര്യമാണ്. അങ്ങനെയുള്ള ഒരു ഉപാധി, വിദ്യാർത്ഥികൾ പ്രവേശനം എടുത്തശേഷം യദൃശ്ചയാ അവരുടെ പഠനം തുടരാതെ ഇരിക്കില്ല എന്ന് കൂടി ഉറപ്പ് വരുത്തും. വിദ്വാനായ അഭിഭാഷകൻ പറയുന്നത് അനുസരിച്ച്, കോളേജും സർക്കാരുമായി ഏർപ്പെട്ടിരുന്ന പരസ്പരധാരണ ഉടമ്പടിയിൽ അങ്ങനെയുള്ള ബാങ്ക് ഗ്യാരന്റി നൽകുന്നതിന്

നിഷ്ക്കർഷിക്കുന്ന ഒരു ഖണ്ഡമുണ്ടായിരുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഒരു ഖണ്ഡം കീം (KEAM) പ്രോസ്പെക്റ്റസിൽ ഇടംപിടിച്ചില്ല. കോളേജുകൾക്ക് ഉടമ്പടിയിലെ കക്ഷികൾ തമ്മിൽ നിശ്ചയിച്ചുറച്ച നഷ്ടപരിഹാരത്തിന്റെ ആനുകൂല്യം പോലും പ്രോസ്പെക്ടസിൽ ഉണ്ടായിരുന്നില്ല. പ്രോസ്പെക്ടസിൽ, ഉടമ്പടിയിലെ കക്ഷികൾ തമ്മിൽ നിശ്ചയിച്ചുറച്ച നഷ്ടപരിഹാരം സർക്കാർ സീറ്റുകളിലേക്ക് പരിമിതപ്പെടുത്തിയതായി ചൂണ്ടിക്കാട്ടി. ഇപ്പോൾ സീറ്റ് പങ്കിടുന്ന ഉടമ്പടികളിൽ ഏർപ്പെടുന്ന സമ്പ്രദായം ഇല്ലാത്തതിനാൽ ഹർജികക്ഷികളുടെ കോളേജിൽ സർക്കാർ സീറ്റുകൾ യാതൊന്നും തന്നെയില്ല. തത്ഫലമായി പ്രോസ്പെക്ടസിലെ 12.2 ഖണ്ഡം വിവേചിച്ചറിയേണ്ടതാണ്. ഉടമ്പടിയിലെ കക്ഷികൾ തമ്മിൽ നിശ്ചയിച്ചുറപ്പിച്ച നഷ്ടപരിഹാരത്തിനായുള്ള വ്യവസ്ഥ സംഘടനയിലെ അംഗങ്ങൾക്ക് ബാധകമാണെന്ന് വിധിച്ചാൽ പോലും അത്, ഒരു ബാങ്ക് ഗ്യാരന്റി പോലെ ഫലപ്രദമാകുകയില്ല എന്ന് കൂടുതലായി തർക്കിച്ചു. കൂടാതെ, പഠനം ഉപേക്ഷിക്കുന്നത് ആദ്യവർഷമാകുമ്പോൾ, കക്ഷികൾ തമ്മിൽ നിശ്ചയിച്ചുറപ്പിച്ച നഷ്ടപരിഹാരം എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ സംഗതിയിൽ 7 ലക്ഷവും ബിഡിഎസ് വിദ്യാർത്ഥികളുടെ സംഗതിയിൽ 5 ലക്ഷവുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞതുപോലെ കക്ഷികൾ തമ്മിൽ നിശ്ചയിച്ചുറപ്പിച്ച നഷ്ടപരിഹാരം പരിമിതപ്പെടുത്തുന്നത്, വിദ്വാനായ അഭിഭാഷകൻ പറയുന്നതനുസരിച്ച് നിയമവിരുദ്ധമാണ്. വിദ്യാർത്ഥികളിൽ നിന്നും ബാങ്ക് ഗ്യാരന്റികൾ ഉറപ്പാക്കുന്നതിനുള്ള കോളേജുകളുടെ അവകാശങ്ങൾ പരമോന്നത കോടതി അംഗീകരിച്ചിട്ടുണ്ടെന്ന് തർക്കിച്ചുകൊണ്ട് **ഇസ്ലാമിക് അക്കാഡമി ഓഫ് എഡ്യൂക്കേഷൻ Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക** [മനു/എസ്.സി/0580/2003: (2003) 6. എസ്സിസി 697]-ലെ പരമോന്നത കോടതിയുടെ തീർപ്പ് അവലംബിച്ചു.

7. പിൻതുടരേണ്ട ശരിയായ നടപടി, ഓരോ നികത്താത്ത സീറ്റിനും, 10 വിദ്യാർത്ഥികളുടെ അനുപാതത്തിൽ നികത്താത്ത സീറ്റുകൾ നികത്തുന്നതിന് കോളേജുകൾക്ക് വിദ്യാർത്ഥികളുടെ ഒരു പട്ടിക നൽകണമെന്ന് പരമോന്നത കോടതിയുടെ **ദാർ-അസ്-സ്ലാം എഡ്യൂക്കേഷണൽ ട്രസ്റ്റ് Vs മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ** [ഡബ്ല്യു.പി. (സി) നമ്പർ. 21686/2018-ലെ എഗ്സിബിറ്റ് പി8)-ലെ തീർപ്പ് ചൂണ്ടിക്കാണിച്ചുകൊണ്ട് വിദ്വാനായ അഭിഭാഷകൻ സ്പോട്ട് അഡ്മിഷനുള്ള വ്യവസ്ഥയെ എതിർത്തു. എങ്കിലും എഗ്സിബിറ്റ് പി12 പ്രകാരം ചെയ്യപ്പെട്ടത് എന്തെന്നാൽ അങ്ങനെയുള്ള നികത്താത്ത സീറ്റുകളിലും കൂടി പ്രവേശന പരീക്ഷാ കമ്മീഷണർ തന്നെ അലോട്ട്മെന്റ് നടത്തി.

8. മേൽപറഞ്ഞതിന് പുറമേ, വിദ്വാനായ അഭിഭാഷകൻ പറയുന്നതനുസരിച്ച്, ഓരോ അപേക്ഷകന്റെയും മെരിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനങ്ങൾ നടത്തേണ്ടതിനാൽ, നീറ്റ് റാങ്ക് പട്ടിക അനുസരിച്ച്, കോളേജുകൾക്ക് മെരിറ്റടിസ്ഥാനത്തിൽ മാത്രമേ പ്രവേശനങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. വിദ്വാനായ അഭിഭാഷകൻ പറയുന്നതനുസരിച്ച്, മെരിറ്റ് പരിത്യജിക്കാതെ, കോളേജിലെ ട്രസ്റ്റികളുടെയും ജീവനക്കാരുടെയും ആശ്രിതരാൽ നികത്തുന്നതിന്, ഒരു ചെറിയ ശതമാനം, കുറഞ്ഞത് 5% സീറ്റുകൾ മാറ്റിവയ്ക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനം, അങ്ങനെയുള്ള ക്വാട്ട, കേരള സ്വാശ്രയ എഞ്ചിനീയറിംഗ്

കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷന്റെ കീഴിൽ വരുന്ന എല്ലാ കോളേജുകളെയും കേരള കത്തോലിക്ക് എഞ്ചിയറിംഗ് കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷന്റെ കീഴിൽ വരുന്ന കോളേജുകളെയും ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് അസ്സോസ്സിയേഷന്റെ കീഴിൽ വരുന്ന കോളേജുകളെയും സംബന്ധിച്ച് അംഗീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി. അതിനാൽ ഈ ഹർജികൾ അനുവദിക്കേണ്ടതാണെന്ന് തർക്കിച്ചു.

9. ഹർജികക്ഷികൾ ചൂണ്ടിക്കാണിച്ചതു പോലെ എഗ്സിബിറ്റ് പി12-ലെ ജനനവിവര പത്രികാ ഖണ്ഡത്തിന് യാതൊരു വൈകല്യവും ബാധിച്ചിട്ടില്ലെന്ന് തർക്കിച്ചുകൊണ്ട്, ഹർജികക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ബോധിപ്പിച്ചതിനോട് വിദ്വാനായ സർക്കാർ അഭിഭാഷകൻ മറുപടി പറഞ്ഞു. സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികളുടെ 100% സംവരണം മാത്രമാണ് സുപ്രീം കോടതി മോശമാണെന്ന് വിധിച്ചത്. നിലവിലെ കേസിൽ 100% സംവരണം ഇല്ല. ഡബ്ല്യു.പി (സി) നമ്പർ, 26683/2018-ൽ 7-8-2018 തീയതിയിലെ വിധിന്യായത്തിൽ ഈ കോടതിയുടെ ഒരു ഡിവിഷൻ ബഞ്ച് ഇപ്രകാരം കണ്ടെത്തിയിട്ടുണ്ട്. വിദ്വാനായ സർക്കാർ അഭിഭാഷകൻ പറയുന്നതനുസരിച്ച്, കേരളത്തിൽ ജനിച്ച അപേക്ഷകർക്ക് വേണ്ടിയുള്ള എല്ലാ സീറ്റുകളുടെയും മൊത്ത സംവരണം മാത്രമാണ് നിരോധിച്ചിരിക്കുന്നത്. അതിനാൽ ഹർജികക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകന്റെ തർക്കങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. ബാങ്ക് ഗ്യാരന്റി നൽകുന്നതുമായി ബന്ധപ്പെട്ട തർക്കം സംബന്ധിച്ച്, സർക്കാരുമായി സീറ്റ് പങ്കിടുന്ന ഉടമ്പടിയിൽ ഏർപ്പെടുന്ന സമ്പ്രദായം ഒഴിവാക്കിയതായി വിദ്വാനായ സർക്കാർ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ഇപ്പോൾ, എല്ലാ സീറ്റുകളിലുമുള്ള അപേക്ഷകരുടെ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിവരുന്നു. അതിനാൽ ഇപ്പോൾ, സർക്കാർ സീറ്റുകൾ അഥവാ മാനേജ്മെന്റ് സീറ്റുകൾ എന്ന് ഇല്ല. എല്ലാ സീറ്റുകളും സർക്കാർ സീറ്റുകളാണ്. എല്ലാ സീറ്റുകളിലേക്കും ഒരേ ഫീസ് തന്നെ ഈടാക്കുന്നു. അതിനാൽ ആരോപിക്കുന്നതു പോലെ സർക്കാർ സീറ്റുകളുടെ പ്രയോജനത്തിന് വേണ്ടി യാതൊരു വിവേചനവുമില്ല. 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രണവും) ആക്റ്റിലെ (ചുരുക്കത്തിൽ 2017-ലെ 15-ാം ആക്റ്റ്) 8(3) വകുപ്പ്, ഒരു സമയം ഒരു വർഷത്തിൽ കവിഞ്ഞ ഫീസ് സമാഹരിക്കുന്നത് നിരോധിക്കുന്നു. ഒരു വർഷത്തെ ഫീസിനേക്കാൾ സമാഹരിക്കുന്നത് തലവരിപ്പണം സമാഹരിക്കുന്നതായി കണക്കാക്കുന്നതും അതിനെതിരെ നടപടിക്ക് ബാദ്ധ്യസ്ഥവുമാണ്. നിലവിലെ പ്രവേശന പ്രക്രിയ നീറ്റിലെ റാങ്കിംഗിനെ അടിസ്ഥാനമാക്കി മാത്രമായതിനാൽ, ബാങ്ക് ഗ്യാരന്റി നൽകണമെന്ന ഒരു പിടിവാശിയിൽ, സാമ്പത്തിക മാർഗ്ഗങ്ങൾ ഇല്ലാതിരിക്കുന്നത് ധാരാളം വിദ്യാർത്ഥികളെ അവരുടെ വിദ്യാഭ്യാസം തുടരുന്നതിൽ നിന്നും തടയും.

10. സ്പോട്ട് അഡ്മിഷനുകൾ നടത്തുന്ന രീതി സംബന്ധിച്ച ആക്ഷേപവുമായി ബന്ധപ്പെട്ട്, വിദ്വാനായ സർക്കാർ അഭിഭാഷകൻ, സ്പോട്ട് അഡ്മിഷനുകൾ പരമോന്നത കോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ നടത്തുകയുള്ളൂ എന്ന് ബോധിപ്പിച്ചു. **ദാർ-അസ്-സ്ലാം എഡ്യൂക്കേഷണൽ ട്രസ്റ്റ് Vs മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ**

(മുകളിലെ)-യിൽ അടങ്ങിയ നിബന്ധന കരുതലോടെ പിൻതുടരുന്നതാണ് എന്ന് ഞങ്ങൾക്ക് സുനിശ്ചിതമാണ്. കോളേജിന്റെ ട്രസ്റ്റികളുടെയും ജീവനക്കാരുടെയും ആശ്രിതർക്ക് സംവരണം നൽകുന്ന പ്രശ്നത്തിൻമേൽ അങ്ങനെയുള്ള യാതൊരു സംവരണവും യാതൊരു നിയമത്തിലും കാണുന്നില്ല എന്ന് തർക്കിച്ചു. അങ്ങനെയുള്ള സംവരണം നൽകുന്നത് മെരിറ്റിനെ അപേക്ഷിച്ച്, മറ്റ് വിധത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം സുഗമമാക്കുന്നതിൽ മാത്രം കലാശിക്കും. അങ്ങനെയുള്ള അനുവാദം മാനേജ്മെന്റിന് അപേക്ഷകരെ ചികഞ്ഞ്, തിരഞ്ഞെടുക്കുന്നതിന് ഒരു സന്ദർഭം നൽകും. 'ആശ്രിതൻ' എന്ന വാക്ക് തന്നെ വളരെ അവ്യക്തമായ ഒരു പദപ്രയോഗമാകുന്നതും കോളേജ്, പ്രവേശനം നൽകുന്നതിന് താത്പര്യപ്പെടുന്ന ഏതൊരാളെയും ഉൾപ്പെടുത്താം എന്ന് വ്യാഖ്യാനിക്കാൻ സാധിക്കുന്നതുമാണ്. അതിനാൽ, അങ്ങനെയുള്ള യാതൊരു അപേക്ഷയും സ്വീകരിക്കാൻ കഴിയില്ല എന്ന് തർക്കിച്ചു. അതിനാൽ വിദ്വാനായ സർക്കാർ അഭിഭാഷകൻ റിട്ട് ഹർജികൾ തള്ളണമെന്ന് ആവശ്യപ്പെട്ടു.

11. കേട്ടു. രണ്ടാം എതിർകക്ഷി നടത്തുന്ന സ്പോട്ട് അഡ്മിഷനുകളുടെ രീതി സംബന്ധിച്ച് ഉയർന്ന ആക്ഷേപങ്ങളുമായി ബന്ധപ്പെട്ട്, ദാർ-അസ്-സ്ലാം എഡ്യൂക്കേഷണൽ ട്രസ്റ്റ് കേസിലെ (മുകളിലെ) പരമോന്നത കോടതിയുടെ നിർദ്ദേശങ്ങൾ കരുതലോടെ നിരീക്ഷിക്കുമെന്നും പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ സ്പോട്ട് അഡ്മിഷനുകൾ പൂർത്തിയാക്കുകയുള്ളൂ എന്നും വിദ്വാനായ സർക്കാർ അഭിഭാഷകൻ ഞങ്ങൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. നിലവിലെ അദ്ധ്യയന വർഷത്തെ സംബന്ധിച്ചിടത്തോളം സ്പോട്ട് അഡ്മിഷനുകൾ ഇതിനകം തന്നെ പൂർത്തിയായി. പരമോന്നത കോടതി നിഷ്കർഷിച്ച ഉപാധികളുടെ ഏതെങ്കിലും ലംഘനം ഉണ്ടായ യാതൊരു സംഭവവും ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവിട്ടില്ല. അതിനാൽ പ്രസ്തുത നിരീക്ഷണത്തിൻമേൽ ഏതെങ്കിലും കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്നതിൽ ഞങ്ങൾക്ക് തൃപ്തിയില്ല.

12. എഗ്സിബിറ്റ് പി12 പ്രോസ്പെക്റ്റസിലെ 6.1 ഖണ്ഡത്തെ വിമർശിച്ചുകൊണ്ട്, പ്രസ്തുത ഖണ്ഡം കേരളത്തിലുള്ളവർക്ക് സഹായകമായി ഒരു 100% സംവരണം നടപ്പിൽ വരുത്തുന്നു എന്ന തർക്കം ഹർജികക്ഷിയുടെ വിദ്വാനായ അഭിഭാഷകൻ ഉന്നയിച്ചു. വിദ്വാനായ സർക്കാർ അഭിഭാഷകൻ ശരിയായി ചൂണ്ടിക്കാണിച്ചതുപോലെ, ഈ പ്രശ്നവിഷയം ഞങ്ങൾ ഡബ്ല്യു.പി (സി) നമ്പർ 26683/2018 [റിയാ. **ആർ. എബനേസർ *Vs* യൂണിയൻ ഓഫ് ഇന്ത്യ** (മനു/കെഇ/2089/2018:എഐആർ 2018 കേരള 168]-ൽ പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ, അതേ പ്രോസ്പെക്റ്റസിന്റെ 6.1 ഖണ്ഡം ആ വിഷയത്തിൻമേൽ വിവിധ മാമൂലുകൾ പരാമർശിച്ചുകൊണ്ട് സാധുവാണ് എന്ന് വിധിച്ചിട്ടുണ്ട്. ആ ഖണ്ഡത്തിന്റെ ആശയം പരിശോധിച്ച പ്രസ്തുത വിധിന്യായത്തിലെ 5-ഉം 6-ഉം ഖണ്ഡികകൾ ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നത് താഴെ ഉദ്ധരിക്കുന്നു:

5. ഞങ്ങളുടെ മുന്നിൽ വന്ന അടിസ്ഥാന പ്രശ്നവിഷയം എഗ്സിബിറ്റ് പി5-ലെ 6.1 ഖണ്ഡത്തിന്റെ സാധുത സംബന്ധിച്ചാണ്. 6-ാം ഖണ്ഡം പ്രവേശനത്തിന് വേണ്ട യോഗ്യതയ്ക്കുള്ള മാനദണ്ഡം നിഷ്ക്കർഷിക്കുന്നു. ഇന്ത്യൻ പൗരൻമാർക്കും ഇന്ത്യയിൽ ജനിച്ച ആളുകൾക്കും വിദേശ ഇന്ത്യൻ പൗരൻമാർക്കും മാത്രമേ

പ്രവേശനത്തിന് അർഹതയുള്ളൂ എന്ന് 6.1 ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡം, അപേക്ഷകരെ കേരളീയനല്ലാത്ത വിഭാഗം-I-ഉം (എൻ.കെ.1) കേരളീയനല്ലാത്ത വിഭാഗം II എന്ന് വീണ്ടും ഇനം തിരിച്ചിട്ടുണ്ട്. കേരളത്തിൽ ജനിച്ച ഒരു അപേക്ഷകനെ ഒരു കേരളീയനായി ഇനം തിരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗം, കേരള കേഡറിൽ അലോട്ട് ചെയ്ത ഇന്ത്യാ സർവ്വീസ് ആഫീസർമാരുടെ (കേരളീയരല്ലാത്ത) കുട്ടികൾ ഉൾപ്പെടുന്നതും, അവരെ കേരളീയരായി കരുതപ്പെടുന്നു, എന്നാൽ, അവർക്ക് സാമുദായിക/സ്പെഷ്യൽ/ ശാരീരിക വൈകല്യമുള്ള ആളുകളുടെ സംവരണത്തിനോ ഫീസിളവിനോ അർഹതയില്ല. എൻ.കെ. I വിഭാഗം, കേരളത്തിൽ ജനിക്കാത്തതും യോഗ്യതാ കോഴ്സ് കേരളത്തിൽ നടത്തിയിരുന്നതും ഭാരത സർക്കാരിന്റെ/പ്രതിരോധ സേവനത്തിൽ കേരളത്തിൽ നിയമിച്ച കേരളീയരല്ലാത്ത രക്ഷിതാക്കളുടെ മകനോ മകളോ ആയ ഒരാൾ ഉൾപ്പെടുന്നതാണ്. കേരളത്തിൽ യോഗ്യതാകോഴ്സ് നടത്തിയിരുന്നതും കേരള സർക്കാർ സേവനത്തിലിരിക്കുന്നതോ കുറഞ്ഞത് രണ്ട് വർഷക്കാലം കേരള സർക്കാർ സേവനത്തിലുണ്ടായിരുന്നതോ ആയ കേരളീയരല്ലാത്ത രക്ഷിതാക്കളുടെ മകനോ മകളോ ആയ ഒരു അപേക്ഷകനും കൂടി ഇതിൽ ഉൾപ്പെടുന്നു. പന്ത്രണ്ട് വർഷക്കാലയളവിനുള്ളിൽ അഞ്ച് വർഷക്കാലത്തിൽ കൂടുതൽ കേരളത്തിൽ താമസിച്ചിരുന്ന ഒരു അപേക്ഷകനും കൂടി പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്നു. എൻ.കെ.I വിഭാഗത്തിൽ വരാത്ത അപേക്ഷകർ എൻ.കെ. II വിഭാഗത്തിൽ വരുന്നു. അവർക്ക്, എംബിബിഎസ്/ബിഡിഎസ് ഉൾപ്പെടെയുള്ള മെഡിക്കലും അനുബന്ധ കോഴ്സുകളിലും പ്രവേശനത്തിനും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനത്തിനും അർഹതയില്ല എന്ന് വിധിച്ചു.

6. മേൽ ഖണ്ഡത്തിന്റെ ഒരു പരിശോധന, കേരള സംസ്ഥാനത്തിലെയല്ലാത്ത വ്യക്തികൾക്ക് പ്രവേശനം നൽകുന്നതിന് 100% നിരോധനം പ്രസ്തുത ഖണ്ഡം ഏർപ്പെടുത്തിയിട്ടില്ലായെന്നതിന് ഞങ്ങളുടെ മനസ്സിൽ യാതൊരു സംശയവും ഏൽപ്പിക്കുന്നില്ല. ചെയ്തതെന്തെന്നാൽ, സംസ്ഥാനത്തെ വിവിധ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിന് കേരളത്തിന് പുറത്തു നിന്നുള്ള വ്യക്തികളുടെ യോഗ്യത നിയന്ത്രിക്കുക മാത്രമാണ്. എൻ.കെ.I വിഭാഗത്തിൻകീഴിൽ കേരള സംസ്ഥാനത്തിൽ പ്രവേശനം തേടുന്നതിന് കേരളീയരല്ലാത്തവരെ കൂടി അനുവദിക്കുകയും പരിഗണിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞങ്ങളുടെ ശ്രദ്ധയിൽ വരുന്നു. എൻ.കെ. II വിഭാഗത്തിലും എംബിബിഎസ്/ ബിഡിഎസ് പ്രവേശനത്തിനും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനത്തിനും ഉളള അർഹത സംബന്ധിച്ചുള്ള ഒഴിവാക്കൽ മാത്രമേ ഉള്ളൂ. ആയതിനാൽ 100% വരെയാകുന്ന യാതൊരു നിയന്ത്രണവും ഇല്ല, ആയത് മാത്രമാണ് നിരോധിച്ചിട്ടുള്ളത്.' ***ഡോ. പ്രദീപ് ജെയ്ൻ vs യൂണിയൻ ഓഫ് ഇന്ത്യ*** [മനു എസ് സി/ 0047/1984: (1984) 3 എസ്സിസി 654]-ൽ പരമോന്നത കോടതി സമാനമായ ഒരു ഖണ്ഡത്തിന്റെ സാധുത പരിഗണിക്കുകയും 6-ാം ഖണ്ഡികയിൽ താഴെ പറയും പ്രകാരം വിധിക്കുകയും ചെയ്തു.

"6. എന്നാൽ, ഒരു മെഡിക്കൽ കോളേജ് പോലുളള ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള പ്രവേശനം സംബന്ധിച്ചിടത്തോളം 16 (2)അനുച്ഛേദത്തിന് യാതൊരു സാംഗത്യവുമില്ല എന്നത് വ്യക്തമാണ്. അങ്ങനെ, ഒരു സംസ്ഥാനത്തെ



GCPT. 5/3304/2019

മെഡിക്കൽ കോളേജിലേക്കുള്ള പ്രവേശനത്തിന് ഏതെങ്കിലും വാസസ്ഥാനം ആവശ്യമാണെങ്കിൽ, അതിനെ 16(2) അനുച്ഛേദത്തിന്റെ ലംഘനത്തിന്റെ കാരണത്താൽ ഭരണഘടനാവിരുദ്ധമെന്ന് കുറ്റം ചുമത്താൻ കഴിയില്ല. അങ്ങനെയുള്ള വാസസ്ഥാന ആവശ്യത്തെ അസാധുവാക്കുന്നതിനുവേണ്ടി 15-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളെ അഭയം പ്രാപിക്കാൻ കഴിയില്ല, കാരണം, ഈ ഖണ്ഡങ്ങൾ ജനനസ്ഥലത്തിന്റെ കാരണത്താലുള്ള വിവേചനമാണ് നിരോധിക്കുന്നത്, അല്ലാതെ വാസസ്ഥാനത്തിന്റെ കാരണത്താലല്ല, കൂടാതെ, ഈ കോടതി ***ഡി.പി.ജോഷി VS സ്റ്റേറ്റ് ഓഫ് മധ്യബാരത്***-ൽ ചൂണ്ടിക്കാണിച്ചതുപോലെ, വാസസ്ഥാനവും ജനനസ്ഥലവും "വ്യത്യസ്ത ലക്ഷ്യാർത്ഥത്തോടെയുള്ള രണ്ട് ഭിന്നമായ ആശയങ്ങളാണ്". അങ്ങനെയുള്ള വാസസ്ഥാന ആവശ്യം ടെസ്റ്റ് ചെയ്യാൻ കഴിയുന്ന ഉരകല്ല് ഭരണഘടനയുടെ വ്യവസ്ഥയായ 14-ാം അനുച്ഛേദം മാത്രമാകുന്നതും അതാണ് കൃത്യമായി ചോദ്യം ചെയ്തിട്ടുള്ളതും ആയത് ഈ റിട്ട് ഹർജികളിൽ ഞങ്ങൾ പരിഗണിക്കേണ്ടതുമാണ്.'' പ്രസ്തുത ഖണ്ഡത്തിനെ ചോദ്യംചെയ്തത് ഭരണഘടനയുടെ 14-ാം അനുച്ഛേദം വിഷയാനുസന്ധാനമായി ഈ കോടതി പരിഗണിക്കുകയും വിധിന്യായത്തിന്റെ 19-ാം ഖണ്ഡികയിൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്, ആയത് താഴെ കാണുംപോലെ വായിക്കാം:

"19. മേൽപരിശോധനയിൽ നിന്നും, ഒരു സംസ്ഥാനത്തെ വ്യത്യസ്ത ജില്ലകളിലോ പ്രദേശങ്ങളിലോ താമസിക്കുന്ന ആൾക്കാർ തമ്മിലുള്ള സംസ്ഥാനത്തിനകത്തെ വിവേചനത്തിൽ ഈ കോടതി നീരസം പ്രകടിപ്പിച്ചിട്ടുള്ളതും, മൈനർ. പി. രാജേന്ദ്രന്റെ കേസിലും പീരിയാകറുപ്പന്റെ കേസിലും പോലെ അസാധുവായതിനാൽ റദ്ദാക്കിയതും ശ്രദ്ധയിൽ പെടുകയും, മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് സീറ്റുകളുടെ വിഭജനത്തിന്റെ സുസ്ഥാപിതാചാരമായ സംവരണം സർവ്വകലാശാല മുഖാന്തിരം നടത്തുന്നത് ഡി.എൻ, ചൻചാല കേസിലും മറ്റ് സമാന കേസുകളിലും ഈ കോടതി അനുകൂലിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന്റെ ആവശ്യത്തിലേക്കായി സംസ്ഥാനത്തിനകത്ത് വാസസ്ഥാനം ആവശ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലെ സംവരണത്തിന്റെ ഭരണഘടനാ സാധുത, ഈ കോടതി, ഡി.പി. ജോഷി കേസിലും എൻ. വസുന്ധര കേസിലും കൂടി അതിന്റെ തീരുമാനങ്ങളാൽ നിലനിർത്തി. എംബിബിഎസ് കോഴ്സിലെ പ്രവേശനവുമായി ബന്ധപ്പെട്ട ഈ തീരുമാനങ്ങളെല്ലാം ഞങ്ങളുടെ മേൽ ബാദ്ധ്യസ്ഥമാകുന്നതും, അതിനാൽ, ഈ തീരുമാനങ്ങളെ കണക്കിലെടുക്കാതെ, എംബിബിഎസ് കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഒരു സംസ്ഥാനത്ത് വാസസ്ഥാനം ആവശ്യമാക്കുന്നത് യുക്തിഹീനവും അപ്രസക്തയവുമാണെന്നും 14-ാം അനുച്ഛേദത്തിൽ അടങ്ങിയിരിക്കുന്ന അവസരസമത്വം എന്ന ശാസനം ലംഘിക്കാതെ പ്രവേശനത്തിന് വേണ്ടിയുള്ള ഒരു നിബന്ധനയായി കൊണ്ടുവരാൻ കഴിയില്ല എന്നു വിധിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല. എംബിബിഎസ് കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഒരു ഉപാധിയായി ഒരു സംസ്ഥാനത്ത് വാസസ്ഥാനം ആവശ്യമാക്കുന്നത്, കുറഞ്ഞത് എംബിബിഎസ് കോഴ്സിലെ പ്രവേശനത്തെ സംബന്ധിച്ചിടത്തോളം കൊണ്ടുവരാം എന്നതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മുന്നോട്ട് പോകും.''

13. മുകളിൽ പറഞ്ഞത് കണക്കിലെടുത്തുകൊണ്ട്, എക്സിബിറ്റ് പി12-ലെ 6.1

ഖണ്ഡത്തിനെതിരെ പുറപ്പെടുവിച്ച തർക്കത്തിൽ യാതൊരു അർത്ഥവും ഞങ്ങൾ കാണുന്നില്ല. ഭരണഘടനയിലെ 30(1) അനുച്ഛേദത്തിൻകീഴിലെ ആനുകൂല്യം അവകാശപ്പെടുന്ന ഒരു ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനത്തിന്റെ സംഗതിയിൽ പോലും, ***റ്റി.എം.എ.പൈ ഫൗണ്ടേഷൻ VS സ്റ്റേറ്റ് ഓഫ് കർണാടക*** [മനു/എസ് സി/0905/ 2002: (2002)8 എസ്സിസി 481]-ൽ ഒരു സമുദായത്തിന്റെ ന്യൂനപക്ഷ പദവി ഓരോ സംസ്ഥാനവും ഒരു യൂണിറ്റായി കണക്കാക്കി നിശ്ചയിക്കേണ്ടതാണെന്ന് വിധിച്ചിട്ടുണ്ട്. ഇത്, ഒരു സംസ്ഥാനത്തിലെ ഒരു ന്യൂനപക്ഷ സമുദായം, മറ്റൊരു സംസ്ഥാനത്തെ ന്യൂനപക്ഷമാകേണ്ട ആവശ്യമില്ല എന്ന കാരണത്താലാണ്. ആകയാൽ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംഗതിയിൽ പോലും, പരമോന്നത കോടതി ***പി.എ. ഇനാംദാർ VS സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര*** (മുകളിലെ)-ൽ സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികളുടെ 'ഒരു വിതറൽ' മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എക്സിബിറ്റ് പി12-ലെ 6.1 ഖണ്ഡത്തിൽ പുറമെയുളള വിദ്യാർത്ഥികൾക്ക് യാതൊരു സമ്പൂർണ്ണ നിരോധനവും ഇല്ല. എൻ.കെ. I വിഭാഗം, അതിലെ ഉപാധികൾ നിറവേറ്റുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെക്കൂടി സംസ്ഥാനത്തിനകത്തെ എല്ലാ കോളേജുകളിലും പ്രവേശിപ്പിക്കുന്നതിന് അനുവദിക്കുന്നതിനാൽ, 'വിതറൽ' സംബന്ധിച്ച മാനദണ്ഡം, നിറവേറ്റിയതായി നിലകൊള്ളുന്നു.

14. ഹർജികക്ഷികൾ മുന്നോട്ടുവച്ച അടുത്ത തർക്കം, കോഴ്സിന്റെ തുടർന്നു വരുന്ന വർഷങ്ങളുമായി ബന്ധപ്പെട്ട് അവർ നൽകേണ്ട ഫീസിന് വേണ്ടി കോളേജുകൾക്ക് ഒരു ബാങ്ക് ഗ്യാരന്റി നൽകുന്നതിന് വിദ്യാർത്ഥികൾ നിർബന്ധിക്കപ്പെടണം എന്നതാണ്. വിദ്വാനായ അഭിഭാഷകൻ പറയുന്നത് അനുസരിച്ച്, അങ്ങനെയുള്ള ഒരു ഉപാധി ഹർജികക്ഷികൾ സർക്കാരുമായി ഏർപ്പെട്ടുവരുന്ന പരസ്പരധാരണാ ഉടമ്പടിയുടെ ഭാഗമായി രൂപപ്പെടും. സർക്കാർ പറയുന്നതനുസരിച്ച്, പരസ്പര ധാരണാ ഉടമ്പടിയിൽ ഏർപ്പെട്ടിരുന്ന സമയത്ത്, സർക്കാർ സീറ്റുകൾ, മാനേജ്മെന്റ് സീറ്റുകൾ എന്നീ വ്യത്യസ്ത സീറ്റുകളുടെ വിഭാഗങ്ങൾ ഉണ്ടായിരുന്നു. ആ സമയത്ത്, മാനേജ്മെന്റിന് മാനേജ്മെന്റ് ക്വാട്ടയിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ അവകാശമുണ്ടായിരുന്നു. എന്നുവരികിലും സാഹചര്യം മാറി. ഇപ്പോൾ, ഓരോ കോളേജുകളിലേക്കുമുള്ള വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് ഒരു കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ രണ്ടാം എതിർകക്ഷി നടത്തുന്നു. അങ്ങനെയുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പൂർണ്ണമായും നീറ്റ് റാങ്ക് പട്ടികയിലെ ഓരോ അപേക്ഷകന്റെയും റാങ്കിംഗിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. തത്ഫലമായി, ഓരോ മെഡിക്കൽ കോളേജുകളിലേക്കുമുള്ള വിദ്യാർത്ഥികളുടെ അലോട്ട്മെന്റിന്റെ ഏകമാനദണ്ഡം ഇപ്പോൾ മെരിറ്റ് ആയി തീർന്നതും, മെരിറ്റ് മാത്രവുമാണ്. മേൽ സാഹചര്യങ്ങളിൽ, എല്ലാ വിദ്യാർത്ഥികളും ബാങ്ക് ഗ്യാരന്റി നൽകണമെന്ന ഒരു നിർബന്ധം, ധാരാളം മികവുള്ള വിദ്യാർത്ഥികളെ മതിയായ പണത്തിന്റെ കുറവുകൊണ്ട് അവരുടെ പഠനങ്ങൾ തുടരുന്നതിൽ നിന്നും തടയും. വിദ്വാനായ സർക്കാർ അഭിഭാഷകന്റെ തർക്കങ്ങൾ ഞങ്ങൾ യോഗ്യമാണെന്ന് കാണുന്നു.

15. ഓരോ കോളേജിലേക്കും വിദ്യാർത്ഥികളെ തികച്ചും മെരിറ്റടിസ്ഥാനത്തിൽ അലോട്ട്മെന്റ് രണ്ടാം എതിർകക്ഷി നടത്തുന്നതിനാൽ, വിദ്യാർത്ഥികൾ ബാങ്ക് ഗ്യാരന്റി നൽകണമെന്ന ഒരു നിർബന്ധം,

വിദ്യാർത്ഥികളുടെയും അതുപോലെ രക്ഷിതാക്കളുടെയും മേൽ അധികബാധ്യത രൂപപ്പെടുത്തും. സംസ്ഥാനത്ത് ഒരു മെഡിക്കൽ സീറ്റ് ഒരു വളരെ പ്രിയമുള്ള ഒന്നാണെന്നും, ആകയാൽ, വിദ്യാർത്ഥികൾ പ്രവേശനം നേടിയശേഷം പഠനം ഉപേക്ഷിക്കാൻ ഉള്ള സാധ്യത കഷ്ടിച്ച് മാത്രമാണ് സംഭവിക്കുന്നത്, ചിലപ്പോൾ, വിദ്യാർത്ഥികൾ അവരുടെ നിയന്ത്രണ ത്തിനതീതമായ കാരണങ്ങൾ കൊണ്ടും ഉപേക്ഷിക്കുന്നു എന്ന വസ്തുത ഞങ്ങൾ ഓർമ്മിക്കുന്നു. അതിനാൽ, അത്തരം സംഭവങ്ങൾ ഓരോ കേസിന്റെയും അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്ന താണ് നല്ലത്. എല്ലാ വിദ്യാർത്ഥികളും ബാങ്ക് ഗ്യാരന്റി ഹാജരാക്കി നൽകണമെന്ന നിർബന്ധം, അവരെ മാനേജുമെന്റുകളുടെ കാരുണ്യത്തിന് വിധേയരാക്കും. ബാങ്ക് ഗ്യാരന്റികൾ യാതൊരു ന്യായീകരണവു മില്ലാതെ മനഃസാക്ഷിയില്ലാത്ത മാനേജു മെന്റുകൾ പണമായി മാറ്റി എടുക്കുന്നതിന് സാധ്യതകളുള്ളതും ആയത് തള്ളിക്കളയു വാൻ കഴിയുന്നതുമല്ല. മേൽ പറഞ്ഞതിന് പുറമേ, ബാങ്കുകളിൽ, അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, മതിയായ പണം നിക്ഷേപിച്ചുകൊണ്ട് മാത്രമേ ബാങ്ക് ഗ്യാരന്റികൾ നേടാൻ കഴിയുകയുള്ളൂ എന്നത് സാമാന്യ അറിവാണ്. ഒരു ബാങ്ക് ഗ്യാരന്റി ആർജ്ജി ക്കുന്നതിന് മതിയായ പണം സ്വരൂപിക്കാൻ ഒരു സാധാരണ രക്ഷിതാവിന് സാധിക്കില്ല. ഹർജികക്ഷിയ്ക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ, ***ഇസ്ലാമിക് അക്കാദമി ഓഫ് എഡ്യൂക്കേഷൻ VS സ്റ്റേറ്റ് ഓഫ് കർണ്ണാടക*** [മനു/എസ്‌സി/0580/2003: (2003) 6 എസ്‌സിസി 697]-ലെ തീരുമാനത്തിലെ, പ്രത്യേകിച്ച് 8-ാം ഖണ്ഡിക അവലംബിച്ചു കൊണ്ട്, പരമോന്നത കോടതി വിദ്യാർത്ഥി കളോട് ബാങ്ക് ഗ്യാരന്റികൾ ഹാജരാക്കാൻ നിർബന്ധിക്കുന്നതിന് അനുവദിച്ചിട്ടുണ്ടെന്ന് തർക്കിച്ചു. എന്നിരുന്നാലും, ഞങ്ങൾ പ്രസ്തുത തർക്കത്തിൽ യാതൊരു യോഗ്യതയും കാണുന്നില്ല. 8-ാം ഖണ്ഡികയിൽ പരമോന്നത കോടതി വിധിച്ചതെന്താണെന്നത് താഴെ പറയും പ്രകാരമാണ്:

8. "വാദങ്ങൾക്കിടയിൽ, ചില വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഴുവൻ കോഴ്സിലേക്കുമുള്ള, അതായത്, എല്ലാ വർഷങ്ങൾക്കുമുള്ള ഫീസ്, മുൻകൂറായി സമാഹരിക്കുന്നുണ്ടെന്ന് ഞങ്ങളോട് ചൂണ്ടിക്കാണിച്ചതായി പ്രതിപാദിക്കേണ്ട താകുന്നു. കോഴ്സിലെ പഠനമദ്ധ്യേ വിദ്യാർത്ഥി സ്ഥാപനം ഉപേക്ഷിച്ചു പോകുമോ എന്നതിൽ സ്ഥാപനത്തിന് യാതൊരു ഉറപ്പും ഇല്ലാത്തതിനാലാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ബോധിപ്പിച്ചു. വിദ്യാർത്ഥി പഠനമദ്ധ്യേ കോഴ്സ് ഉപേക്ഷിക്കുന്നപക്ഷം, ശേഷിക്കുന്ന വർഷ ങ്ങളിലേക്ക് ആ സീറ്റ് ഒഴിഞ്ഞുകിടക്കുന്നതും സ്ഥാപനം സഹിക്കേണ്ടതായും വരാം എന്ന് ബോധിപ്പിച്ചു. ഞങ്ങളുടെ വീക്ഷണത്തിൽ, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ഒരു സെമസ്റ്റർ/വർഷത്തേക്ക് നിശ്ചിത ഫീസ് മാത്രമേ ഈടാക്കാൻ സാധിക്കുകയുള്ളൂ. **ഏതെങ്കിലും ഒരു പ്രത്യേക വിദ്യാർത്ഥി പഠനമദ്ധ്യേ ഉപേക്ഷിക്കും എന്ന് ഒരു സ്ഥാപനം ഗ്രഹിക്കുന്ന പക്ഷം, തത്സമയം, പരമാവധി, അതിന് വിദ്യാർത്ഥിയോട് ഒരു ബോണ്ട്/ബാങ്ക് ഗ്യാരന്റി നൽകുവാൻ ആവശ്യപ്പെടാവുന്നതും, ആയതിനാൽ വിദ്യാർത്ഥി പഠനമദ്ധ്യേ ഉപേക്ഷിച്ച് പോയാൽ തന്നെയും, മുഴുവൻ കോഴ്സിലേക്കും വേണ്ട ബാക്കി ഫീസ് സ്ഥാപനത്തിന് കിട്ടും**".

(ഊന്നൽ നൽകുന്നു)

മേൽ വാകൃത്തിൽ നിന്നും, പരമോന്നത കോടതി നിരീക്ഷിച്ചത് എന്താണെന്നാൽ, 'ഏതെങ്കിലും ഒരു പ്രത്യേക വിദ്യാർത്ഥി' പഠനമദ്ധ്യേ ഉപേക്ഷിക്കും എന്ന് ഒരു സ്ഥാപനം ഗ്രഹിക്കുന്ന പക്ഷം, തത്സമയം 'പരമാവധി' അതിന് വിദ്യാർത്ഥിയോട് ഒരു ബോണ്ട്/ബാങ്ക് ഗ്യാരന്റി നൽകുവാൻ ആവശ്യപ്പെടാവുന്നതും ആയതിനാൽ, വിദ്യാർത്ഥി പഠനമദ്ധ്യേ ഉപേക്ഷിച്ചുപോയാൽ തന്നെയും, മുഴുവൻ കോഴ്സിലേക്ക് വേണ്ട ബാക്കി ഫീസ് സ്ഥാപനത്തിന് കിട്ടും എന്ന് വ്യക്തമാകുന്നു. പ്രസ്തുത വാകൃത്തെ, വിദ്യാർത്ഥികൾ ഓരോരുത്തരും ബാങ്ക് ഗ്യാരന്റികൾ നൽകുന്നതിന് നിർബന്ധിക്കുവാൻ സ്ഥാപനത്തിന് അനിയന്ത്രിതാധികാരം ഉള്ളതുപോലെ വ്യാഖ്യാനിക്കാൻ കഴിയില്ല. അതിനാൽ, ഹർജികക്ഷികൾക്ക് പ്രസ്തുത കാരണത്തിൻ മേൽകൂടി ഏതെങ്കിലും പരിഹാരത്തിന് അർഹതയുള്ളതിൽ ഞങ്ങൾ തൃപ്തരല്ല.

16. ഹർജികക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ ആവശ്യപ്പെട്ട അവസാന സംഗതി, സംഘടനയിലെ എല്ലാ അംഗങ്ങളെയും, കോളേജിന്റെ ട്രസ്റ്റികളുടെയും ജീവനക്കാരുടെയും ആശ്രിതരാൽ നികത്തുന്നതിലേക്ക് അവരുടെ സീറ്റുകളുടെ 5% സംവരണം ചെയ്യാൻ അനുവദിക്കണമെന്നതാണ്. അങ്ങനെയുള്ള സംവരണം അനുവദിക്കുന്ന ഏതെങ്കിലും നിയമം ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ച് തരാൻ അഭിഭാഷകന് സാധിച്ചില്ല. ഞങ്ങൾ മേൽ നിരീക്ഷിച്ചതുപോലെ, ക്രമമനുസരിച്ചുള്ള കോളേജുകളിലേക്ക് അപേക്ഷകരുടെ അലോട്ടുമെന്റുകൾ മെരിറ്റടിസ്ഥാനത്തിൽ മാത്രമാണ് നടത്തുത്. ഹർജികക്ഷികൾക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ആവശ്യപ്പെട്ടതുപോലെ ഏതെങ്കിലും സംവരണം മെരിറ്റിന്റെ പരിത്യാഗത്തിൽ കലാശിക്കും. കോളേജ് ഒരു ട്രസ്റ്റോ സംഘടനയോ നടത്തിവരുന്നു എന്ന മാത്രം കാരണത്താൽ, അതിന്റെ അംഗങ്ങൾക്കോ അതിന്റെ ആശ്രിതർക്കോ വേണ്ടി സീറ്റുകളുടെ യാതൊരു സംവരണവും അനുവദിക്കാൻ പാടില്ല. അങ്ങനെയുള്ള ഏതെങ്കിലും സംവരണം മാനേജ്മെൻറുകൾക്ക് അവർ പ്രഥമഗണന നൽകുന്ന ആളുകളെ പ്രവേശിപ്പിക്കാൻ അവസരം നൽകുക മാത്രമാകുന്നതും, ആയത്, വിപരീതഫലം ഉളവാക്കുന്നത് മാത്രമാകുന്നതുമാണ്. ആയതിനാൽ പ്രസ്തുത അപേക്ഷ സ്വീകരിക്കുന്നതിൽ ഞങ്ങൾ തൃപ്തരല്ല.

മേൽപറഞ്ഞ കാരണങ്ങളാൽ ഇരു റിട്ട് ഹർജികളും തള്ളി.



GCPT. 5/3304/2019

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ്. എ.എം. ഷഫീക്ക്

&

ബഹു. ജസ്റ്റിസ്. എ.എം. ബാബു

ഷിബുവും മറ്റുള്ളവരും

Vs

സ്റ്റേറ്റ് ഓഫ് കേരള

ക്രിമിനൽ അപ്പീൽ നമ്പർ. 648, 1518/2013

2019 ഫെബ്രുവരി 1-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

പ്രതി പരേതനെ കൊലചെയ്തിട്ടുണ്ടോ എന്നതാണ് ഈ കേസിലെ ഏറ്റവും നിർണ്ണായകമായ ചോദ്യം. കോടതിക്ക് മുൻപിലുള്ള തെളിവുകൾ പരിശോധിക്കുമ്പോൾ കുറ്റകൃത്യത്തിന്റെ പ്രേരകം പ്രോസിക്യൂഷൻ തെളിയിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിലവിലെ കേസ് ഐ.പി.സി 302-ാം വകുപ്പിൻ കീഴിൽ വരുന്നതല്ലാത്തതും ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ ഭാഗം II 304-ാം വകുപ്പിൽ ശിക്ഷിക്കാവുന്ന കേസാകുന്നതുമാണ്.

## വിധിന്യായം

ജസ്റ്റിസ് എ.എം. ഷഫീക്ക്

1. ബാലരാമപുരം പോലീസ് സ്റ്റേഷന്റെ ക്രൈം നമ്പർ. 26/1996 (തിരുവനന്തപുരം സി.ബി.സി.ഐ.ഡി 104/ സിആർ/1999 ആയി അന്വേഷണം നടത്തിയിട്ടുള്ളത്)-ൽ പ്രതി/അപ്പീൽ വാദികൾ 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ (ചുരുക്കത്തിൽ ഐ.പി.സി) 302-ഉം 341-ഉം വകുപ്പുകൾ 34-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻപ്രകാരം കുറ്റക്കാരാണെന്നു കാണുകയും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻ പ്രകാരം ജീവപര്യന്തം തടവിനും 50,000/- രൂപ പിഴയ്ക്കും (അൻപതിനായിരം രൂപ മാത്രം) പിഴ ഒടുക്കാതിരുന്നാൽ ഓരോ കുറ്റത്തിനും മൂന്ന് വർഷം കഠിനതടവിനും ശിക്ഷിക്കുകയും ചെയ്ത നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതിയുടെ. വിധിന്യായത്തേയും കുറ്റസ്ഥാപനത്തിനേയും ചോദ്യചെയ്തുകൊണ്ടാണ് അപ്പീൽവാദികൾ ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 341-ാം വകുപ്പിൻ കീഴിലുള്ള കുറ്റത്തിന് പ്രത്യേക ശിക്ഷ വിധിച്ചിട്ടില്ല.

2. 29-1-1996-ന് രാത്രി ഏകദേശം 7.45 മണിയോടെ പ്രതി പരേതന്റെ വീട്ടിലേക്ക് കല്ലെറിയുകയും താക്കീത് നൽകിയിട്ടും, കല്ലെറിയൽ തുടരുകയും അശ്ലീല

വാക്കുകൾ പറയുകയും ചെയ്തു. പരേതനായ രാജേന്ദ്രൻ ഒരു ദണ്ഡുമായി വീടിനു പുറത്തേക്കു വരികയും പ്രതിയെ പിന്തുടരുകയും ചെയ്തു. രാത്രി ഏകദേശം 8.5 മണിയോടെ ഒന്നാം പ്രതി പരേതനായ രാജേന്ദ്രനെ പുറകിൽ നിന്നും മുറുകെപ്പിടിക്കുകയും രണ്ടാം പ്രതിയോട് അയാളെ കൊല്ലാൻ ആവശ്യപ്പെടുകയും ചെയ്തു. രണ്ടാം പ്രതി പരേതനെ ഒരു കത്തി കൊണ്ട് അയാളുടെ നെഞ്ചിലും വയറ്റിലും കുത്തി. രാജേന്ദ്രനെ ആശുപത്രിയിലേക്കു കൊണ്ടുപോകുകയും അവിടെ വച്ച് അയാൾ മരണത്തിനു കീഴടങ്ങുകയും ചെയ്തു.

3. തുടക്കത്തിൽ ബാലരാമപുരം പോലീസ് കേസ് അന്വേഷിച്ചു. പരേതന്റെ ബന്ധുക്കൾ ഈ കോടതിയെ സമീപിക്കുകയും ഒ.പി. നമ്പർ. 3000/1998-ൽ ഈ കോടതി നൽകിയ നിർദ്ദേശമനുസരിച്ച് അന്വേഷണം തിരുവനന്തപുരം സി.ബി.സി.ഐ.ഡി യ്ക്കു കൈമാറിയിട്ടുള്ളതുമാണ്.

4. പി.ഡബ്ല്യു 1 മുതൽ പി.ഡബ്ല്യു 12 വരെയുള്ളവരെ സാക്ഷികളായി വിസ്തരിക്കുകയും എഗ്സിബിറ്റ് പി1 മുതൽ പി 25 വരെ പ്രമാണങ്ങൾ രേഖപ്പെടുത്തുകയും എം.ഒ.1 മുതൽ എം.ഒ. 4 വരെയുള്ള തൊണ്ടിമുതലുകൾ പ്രോസിക്യൂഷൻ തിരിച്ചറിയുകയും ചെയ്തു. എഗ്സിബിറ്റ് ഡി 1 മുതൽ ഡി 3 വരെ പ്രോസിക്യൂഷൻ തെളിവിലെ വൈരുദ്ധ്യങ്ങളായി രേഖപ്പെടുത്തി. 313 പരിശോധനാവേളയിൽ അപ്പീൽവാദികൾ മുഴുവൻ പ്രോസിക്യൂഷൻ കേസും നിഷേധിക്കുകയും നിരപരാധിത്വം വാദിക്കുകയും ചെയ്തു. പ്രതി യാതൊരു പ്രതിരോധ തെളിവും ഹാജരാക്കിയില്ലെങ്കിലും 313(5) വകുപ്പിൻകീഴിൽ സമർപ്പിച്ച പത്രികയിലും ഇരയുടെ എതിർ വിസ്താരവേളയിലും, പരേതനായ രാജേന്ദ്രൻ കളരിപ്പയറ്റിൽ (കേരളത്തിലെ ഒരു പരമ്പരാഗത ആയോധനകല) നിപുണനായിരുന്നെന്നും അയാൾ കേരള കോൺഗ്രസിന്റെ ഒരു സജീവ പ്രവർത്തകനായിരുന്നതും, അയാൾ ധാരാളം രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഏർപ്പെട്ടിരുന്നതുകൊണ്ട് അയാൾക്ക് ധാരാളം രാഷ്ട്രീയ വിരോധികൾ ഉണ്ടായിരുന്നതായും, പരേതൻ ഒരു സ്ത്രീലോലുപനായിരുന്നു വെന്നും സംഭവദിവസം കൂടി തദ്ദേശവാസികൾ ഒരു സ്ത്രീയുമായുള്ള അയാളുടെ അവിഹിതബന്ധ ശ്രമത്തിൽ ഇടപെടുകയും ആയതിൽ ഒരു കലഹം ഉണ്ടാകുകയും പരേതൻ ഒരു കുളത്തിനു സമീപമുള്ള ഗ്ലാസ്സ് കഷണങ്ങളിൽ വീണു പരിക്കുകൾ പറ്റുകയും ചെയ്തതായി ബോധിപ്പിച്ചു. പരേതനെ കുറിച്ചും അയാളുടെ അവിഹിതബന്ധത്തെയും അനിയന്ത്രിത ജീവിതത്തെയും കുറിച്ചും പ്രതിയാണ് പ്രദേശത്ത് കിംവദന്തി പരത്തിയതെന്നുള്ള അവരുടെ തെറ്റിദ്ധാരണയാൽ പരേതന്റെ ബന്ധുക്കളായ സാക്ഷികൾ അവരെ തെറ്റായി കേസിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് അവർ വാദിച്ചു.

5. നിലവിലുള്ള കേസ് യാതൊരു അടിസ്ഥാനവുമില്ലാത്തതാണെന്നും പ്രതികളെ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്ന് രണ്ടാം പ്രതിയ്ക്കു വേണ്ടി ഹാജരായ വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ. വിജയഭാനുവും ഒന്നാം പ്രതിയ്ക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ശ്രീ. ആർ.വി. ശ്രീജിത്തും വാദിച്ചു. പ്രതികളുടെ കേസ് വിചാരണ കോടതി പരിഗണിച്ചിട്ടില്ലാത്തതും ആയതിൻമേൽ ചർച്ച നടന്നിട്ടില്ലാത്തതുമാണ്. കീഴ്ക്കോടതി അതിന്റെ ശരിയായ കാഴ്ചപ്പാടിൽ തെളിവ് വിവേചിച്ചറിഞ്ഞിട്ടില്ലാത്തതാണ്. പി.ഡബ്ല്യു 1 മുതൽ പി.ഡബ്ല്യു5 വരെയുള്ളവർ വിശ്വസ്തരല്ല.

അവർ സാരവത്തായ ഘടകങ്ങളിൽ പരസ്പരം വൈരുദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ അവരുടെ വിവരണം ദൃഢവിശ്വാസം പ്രചോദിപ്പിക്കുന്നില്ല. സത്യാവസ്ഥ മൂടിവയ്ക്കുന്നതിനുവേണ്ടി പ്രോസിക്യൂഷൻ നിർണ്ണായക സ്വതന്ത്ര സാക്ഷികളെ വിസ്തരിച്ചിട്ടില്ല. കുറ്റകൃത്യം നടക്കുന്ന സമയത്ത്, വൈദ്യുതി ഇല്ലായിരുന്നു. കൃത്യസ്ഥലം പോലും പ്രോസിക്യൂഷൻ നിർണ്ണയിച്ചിട്ടില്ല. പ്രതികളുടെ ആരുടേയും പ്രേരണയിൽ കുറ്റകൃത്യത്തിനു ഉപയോഗിച്ചതായി ആരോപിക്കപ്പെടുന്ന ഒരു ആയുധത്തിന്റേയും വീണ്ടെടുക്കൽ നടന്നിട്ടില്ല. പി.ഡബ്ല്യു.2 നെ വളരെ പിന്നീട് 2004-ൽ മാത്രമാണ് അന്വേഷണ സംഘം ചോദ്യം ചെയ്തത്. പ്രോസിക്യൂഷൻ കേസ് കെട്ടുകഥയുടെ അനന്തരഫലവും പ്രതി അതിന്റെ ഇരയായി തീരുകയും ചെയ്തു. പ്രതിയെ ശിക്ഷിച്ചതിൽ കീഴ്ക്കോടതി ഗുരുതരമായ പിഴവ് വരുത്തിയെന്നും ആയതിനാൽ ഈ കോടതി ഇടപെടേണ്ടതുണ്ടെന്നും നിരപരാധിയായ പ്രതിയുടെ കുറ്റവിമുക്തി ഉത്തരവ് നൽകിക്കൊണ്ട് നീതി ഉറപ്പാക്കേണ്ടതാണെന്നും അവർ വാദിച്ചു.

6. മറ്റു വിധത്തിൽ, പി.ഡബ്ല്യു.1 മുതൽ പി.ഡബ്ല്യു.5 വരെയുള്ളവരുടെ നേരിട്ടുള്ള തെളിവുകൾ പ്രബലമായതും യുക്തിയുക്തവുമാണെന്നും അവ വിശ്വസിക്കാവുന്നതാണെന്നും വിദ്വാനായ മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. എസ്. യുനാസർ വാദിച്ചു. അവ പരസ്പരം ബലപ്പെടുത്തുന്നു. നീണ്ട എതിർ വിസ്താരം ഉണ്ടായിട്ടും അവരുടെ തെളിവിൽ യാതൊരും സാരവത്തായ വൈരുദ്ധ്യങ്ങളും പുറത്ത് കൊണ്ടുവന്നിട്ടില്ല. പ്രതിഭാഗം കേസ് അവർ ഏറെക്കുറെ ഒരു അന്യസ്ഥലവർത്തിത്വ നിലപാട് സ്വീകരിച്ചതിനാൽ വ്യാജമാണെന്ന് തെളിയിക്കപ്പെട്ടു.

സാക്ഷികൾ സംഭവ സ്ഥലത്തു തന്നെ ഉടനടി ലഭ്യമായിട്ടുള്ളതും മെഡിക്കൽ തെളിവ് അവരുടെ അചഞ്ചലമായ വാദത്തെ ബലപ്പെടുത്തുന്നു. കീഴ്ക്കോടതിയുടെ നിഗമനം പൂർണ്ണമായും നീതീകരിക്കാവുന്നതും ആയതിനാൽ ഈ കോടതിയുടെ ഒരു ഇടപെടലിന്റെ ആവശ്യമില്ലാത്തതുമാണ്.

7. ഇരുഭാഗവും വിശദമായി കേട്ടതിൽ, ലഭ്യമായ തെളിവുകളുടെ വെളിച്ചത്തിൽ പ്രതി/ഇവിടത്തെ അപ്പീൽ വാദിയെ കീഴ്ക്കോടതി ശിക്ഷിച്ചിട്ടുള്ളത് നീതീകരിക്കാവുന്നതാണോ എന്നതാണ് പരിഗണിക്കേണ്ട പ്രശ്ന വിഷയം.

8. ഈ കേസിൽ എടുത്തു കാണിക്കുന്ന തെളിവ്, ചുരുക്കത്തിൽ താഴെ പറയും പ്രകാരമാണ്:—

പ്രതിയുടെ പരസ്യമായ പ്രവൃത്തികൾ തെളിയിക്കുന്നതിനായി പി.ഡബ്ല്യു. 1 മുതൽ പി.ഡബ്ല്യു.5 വരെയുള്ളവരെ അവർ സംഭവ സാക്ഷികളായി കാണിച്ചിട്ടുള്ളതിനാൽ വിസ്തരിച്ചു. പി.ഡബ്ല്യു. 1 പരേതന്റെ അനന്തരവനാണ്. എഗ്സിബിറ്റ് പി.1 പ്രഥമ വിവര മൊഴി ചമച്ചിട്ടുള്ളത് അയാളാണ്. പി.ഡബ്ല്യു.2 ഒരു സ്വതന്ത്ര സാക്ഷിയാണ്. പി.ഡബ്ല്യു.3 പരേതന്റെ ഇളയ സഹോദരനും എഗ്സിബിറ്റ് പി.2 മഹസ്സർ സാക്ഷ്യപ്പെടുത്തിയ ആളുമാണ്. കൃത്യസ്ഥലത്തു നിന്നും ശേഖരിച്ചിട്ടുള്ള എം.ഒ.1 മുറിഞ്ഞ് ഉണങ്ങിയ പ്ലാവിലകളും എം.ഒ.2 പച്ച പ്ലാവിലകളും അയാൾ തിരിച്ചറിഞ്ഞു. പി.ഡബ്ല്യു. 4 പരേതന്റെ ട്യൂഷൻ വിദ്യാർത്ഥി ആയിരുന്നു. പി.ഡബ്ല്യു.5 പരേതന്റെ ഇളയ സഹോദരനാണ്. പി.ഡബ്ല്യു.6 എഗ്സിബിറ്റ് പി-3

പ്രേതവിചാരണ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയ ആളാണ്. പരേതന്റെ എം.ഒ.3 ലുങ്കിയും എം.ഒ.4 ടവ്വലും കൂടി അയാൾ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. പി.ഡബ്ല്യു.7 എഗ്സിബിറ്റ് പി-4 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് തെളിയിച്ചിട്ടുള്ള ഡോക്ടറാണ്. പി.ഡബ്ല്യു.8 പി.ഡബ്ല്യു.1-ന്റെ എഗ്സിബിറ്റ് പി-1 മൊഴി രേഖപ്പെടുത്തുകയും ആയതിനെ അടിസ്ഥാനമാക്കി ബാലരാമപുരം പോലീസ്സ്റ്റേഷൻ 26/1996 ആയി ക്രൈം രജിസ്റ്റർ ചെയ്യുകയും ആയതിലേക്കുള്ള പ്രഥമ വിവര റിപ്പോർട്ടാണ് എഗ്സിബിറ്റ് പി-5. പ്രാരംഭ അന്വേഷണം നടത്തിയിട്ടുള്ള സർക്കിൾ ഇൻസ്പെക്ടറാണ് പി.ഡബ്ല്യു.9. അയാൾ ഇൻക്വസ്റ്റ് റിപ്പോർട്ട്, സീൻ മഹസ്സർ എന്നിവ തയ്യാറാക്കുകയും എം.ഒ. 1 മുതൽ എം.ഒ. 4 വരെ പിടിച്ചെടുക്കുകയും, എഗ്സിബിറ്റ് പി6-ഉം പി 7-ഉം മെമ്മോകൾ പ്രകാരം ഒന്നാം പ്രതിയുടേയും രണ്ടാം പ്രതിയുടേയും വീടുകളുടെ തിരച്ചിൽ നടത്തുകയും ചെയ്തു. എഗ്സിബിറ്റ് പി-8-ഉം പി-9-ഉം യഥാക്രമമുള്ള അന്വേഷണ ലിസ്റ്റുകളാണ്. എഗ്സിബിറ്റ് പി-10 പ്രതിയുടെ ശരിയായ മേൽവിലാസം നൽകുന്നതിനായി ഫയൽ ചെയ്ത റിപ്പോർട്ടാണ്. 19-2-2006-ൽ കോടതി മുമ്പാകെ കീഴടങ്ങിയിട്ടുള്ള ഒന്നാം പ്രതിയുടെ കസ്റ്റഡി റിപ്പോർട്ടാണ് എഗ്സിബിറ്റ് പി-11. എഗ്സിബിറ്റ് പി-12-ഉം പി-13-ഉം തൊണ്ടി ലിസ്റ്റുകളാണ്. എഗ്സിബിറ്റ് പി-14 രാസപരിശോധനാ റിപ്പോർട്ടാണ്. എഗ്സിബിറ്റ് പി-15 സീൻ പ്ലാൻ രേഖപ്പെടുത്തിയിട്ടുള്ള അന്നത്തെ പള്ളിച്ചൽ വില്ലേജിലെ വില്ലേജ് ആഫീസർ ആണ് പി.ഡബ്ല്യു.10. ഡിജിപി യുടെ എഗ്സിബിറ്റ് പി-16 ഉത്തരവിനെയും ക്രൈംബ്രാഞ്ച് ഐജിപി യുടെ എഗ്സിബിറ്റ് പി17 ഉത്തരവിനെയും അടിസ്ഥാനമാക്കി അന്വേഷണം ഏറ്റെടുത്ത തിരുവനന്തപുരം സിഐഡി ക്രൈംബ്രാഞ്ചിലെ ഡിറ്റക്റ്റീവ് ഇൻസ്പെക്ടറാണ് പി.ഡബ്ല്യു.11. സി.ബി.സി.ഐ.ഡി അന്വേഷണം ഏറ്റെടുത്തിട്ടുള്ളതായി അറിയിച്ചുകൊണ്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളാണ് എഗ്സിബിറ്റ് പി-18-ഉം പി-19-ഉം. തിരുവനന്തപുരം സിഐഡി ക്രൈംബ്രാഞ്ചിലെ ഡിവൈഎസ്പി യാണ് അന്വേഷണം നടത്തിയിട്ടുള്ള പി.ഡബ്ല്യു.12. എഗ്സിബിറ്റ് പി-20 റിപ്പോർട്ട് കോടതി മുമ്പാകെ ഫയൽ ചെയ്തതായി അയാൾ തെളിയിച്ചു. എഗ്സിബിറ്റ് പി-21 സത്യവാങ്മൂലവും എഗ്സിബിറ്റ് പി-22, രണ്ടാം പ്രതിയെ അയാൾ കോടതി മുമ്പാകെ 26-10-2004-ൽ കീഴടങ്ങുമ്പോൾ കസ്റ്റഡിയിൽ വാങ്ങുന്നതിനും വേണ്ടിയുള്ള റിപ്പോർട്ടാണ്. രണ്ടാം പ്രതിയുടെ മേൽവിലാസം വിശദീകരിച്ചു കൊണ്ടുള്ള റിപ്പോർട്ടാണ് എഗ്സിബിറ്റ് പി-25. രണ്ടാം പ്രതിയുടെ കുറ്റസമ്മതം അയാൾ രേഖപ്പെടുത്തിയിട്ടുള്ളതാണ്, എന്നാൽ യാതൊരു ആയുധവും വീണ്ടെടുത്തിട്ടില്ല. തൊണ്ടിമുതൽ 1-ഉം തൊണ്ടിമുതൽ 2-ഉം അയയ്ക്കുതിനു തയ്യാറാക്കിയിട്ടുള്ള സമർപ്പണ കുറിപ്പ് എഗ്സിബിറ്റ് പി-22-ഉം ഫോറൻസിക് സയൻസ് ലാബിൽ നിന്നുമുള്ള റിപ്പോർട്ട് എഗ്സിബിറ്റ് പി-24-മാണ്. പി.ഡബ്ല്യു.12 അന്വേഷണം പൂർത്തിയാക്കുകയും 12-5-2005-ൽ കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു.

9. അന്നത്തെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഓഫ് ഫോറൻസിക് മെഡിസിൻ, പി.ഡബ്ല്യു. 7 ഡോക്ടർ രമ ആയിരുന്നു. എഗ്സിബിറ്റ് പി-4 അവർ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റാണ്. രാജേന്ദ്രന്റെ ശവശരീരത്തിൽ



GCPT. 5/3304/2019

താഴെപ്പറയുന്ന മരണത്തിനു മുമ്പുള്ള പരിക്കുകൾ അവർ ശ്രദ്ധിക്കപ്പെട്ടതായി മൊഴി നൽകി:—

"1. നെഞ്ചിനു മുമ്പിൽ വലതു ഭാഗത്തായി ചരിവായി സ്ഥിതിചെയ്യുന്ന 3.5 × 0.5 സെ.മീ.ലുള്ള ആഴത്തിൽ തുളച്ചുകയറിയ മുറിവ്, ഇതിന്റെ അകഭാഗം താഴെ അഗ്രം മിഡ്ലൈനിനു വലതുഭാഗം 7 സെ.മീറ്ററും കോസ്റ്റൽ മാർജ്ജിനു താഴെ 6 സെ.മീറ്ററും ഇതിന്റെ മുകളിലെ പുറം അഗ്രം മൂർച്ചയിൽ മുറിച്ചിട്ടുള്ളതാണ്. ആമാശയ ഭാഗം താഴെയായി തുളച്ചുകയറിയതായി കാണപ്പെട്ടു. കരളിന്റെ വലതുഭാഗം താഴെ അരിക് പിത്താശയത്തിന്റെ ഭാഗികമായ വീക്കവും രക്തധമനിയിൽ വ്യക്തമായ മുറിവും കാണപ്പെട്ടു. മുറിവ് ആകമാനം ഏകദേശം 2.5 സെ.മീറ്റർ ആഴത്തിൽ ഇടതുഭാഗത്തായി പുറകിലും മുകളിലുമായി പ്രത്യക്ഷപ്പെട്ടു. ആമാശയത്തിൽ 1800 മില്ലീലിറ്റർ ദ്രാവക രക്തം ഉൾക്കൊണ്ടു.

2. പൊക്കിൾക്കൊടിയ്ക്കു വെളിയിലായി, നെഞ്ചിനു വലതുഭാഗത്ത് 3.5 × 0.2 × 0.3 സെന്റീമീറ്റർ ചരിഞ്ഞു കിടക്കുന്നതായി കാണപ്പെട്ടതും അതിന്റെ മുകളിൽ അഗ്രം 11 സെ.മീറ്റർ ആയിട്ടുള്ള ആഴത്തിലുള്ള മുറിവ്.

3. കൈയ്യിടുക്കിനു മുമ്പിൽ താഴെ നെഞ്ചിനു മുമ്പിൽ ഇടതുവശത്തായി സമാന്തരമായുള്ള 2 × 0.2 × 0.2 സെ.മീറ്റർ ആഴത്തിലുള്ള മുറിവ്.

4. ശ്രോണീഫലകത്തിന്റെ മുകളിൽ 15 സെ.മീറ്റർ താഴെയായി വലതു തുടയെല്ലിന്റെ പുറംവശത്ത് 2×1 സെ.മീറ്ററിലുള്ള പോറൽ.

5. നെഞ്ചിനു പിൻഭാഗം മിഡ്ലൈനിനു 4 സെ.മീറ്റർ ഇടതു തോളിനു 10 സെ.മീറ്റർ താഴെ 1.5×1.5 സെ.മീറ്ററിലുള്ള പോറൽ."

10. അവർ പറയുന്നതിനനുസരിച്ച്, ഉദരത്തിലേറ്റ (ഒന്നാം നമ്പർ പരിക്ക്), ആഴത്തിലുള്ള മുറിവാണ് മരണകാരണം. അഞ്ച് പരിക്കുകളിൽ, ഒന്നാം നമ്പർ പരിക്ക് തന്നെ മാരകമാണ്. എന്തെങ്കിലും മൂർച്ചയേറിയ മുറിവേൽപ്പിക്കുന്ന ആയുധത്തിന്റെ മുനയാലുള്ള ആക്രമണം കൊണ്ട് 2-ഉം 3-ഉം പരിക്കുകൾ ഉണ്ടാകാം. 1-ാം നമ്പർ പരിക്ക് ഏല്പിച്ചതിനു ശേഷം ആയുധം പിൻവലിക്കുന്ന പ്രവൃത്തിയിൽ 2-ാം നമ്പർ പരിക്ക് ഉണ്ടാകാം. കുത്തുന്നതിനുള്ള ഒരു ശ്രമത്തിൽ ഉണ്ടായതാണ് 3-ാം നമ്പർ പരിക്കെന്നാണ് അവരുടെ വിവരണം. മൂർച്ചയുള്ള മുറിവേൽപ്പിക്കുന്ന ഏക അരികോടു കൂടിയ അനുയോജ്യമായ അളവിലുള്ള ആയുധത്തിനു 1-ാം നമ്പർ പരിക്ക് ഉണ്ടാക്കുവാൻ സാധിക്കും. ഏതെങ്കിലും പരുക്കനായ വസ്തുവുമായോ പദാർത്ഥവുമായോ ശരീരം സമ്പർക്കത്തിൽ വരുമ്പോൾ 4-ഉം 5-ഉം നമ്പർ പരിക്കുകൾ ഉണ്ടാകാമെന്ന് അവർ പോലീസിനു മൊഴി നൽകിയതായി അവർ സമ്മതിച്ചു. രണ്ടാം പ്രതിയുടെ എതിർ വിസ്താര വേളയിൽ, ഒരു വ്യക്തി പൊട്ടിയ ഗ്ലാസ്സിൽ വീഴുകയാണെങ്കിൽ 1-ാം നമ്പർ പരിക്ക് ഉണ്ടാകുകയില്ലെന്നു അവൾ പറഞ്ഞു. കലഹം നട സമയത്ത് പരേതന്റെ കൈയ്യിലുണ്ടായിരുന്ന കത്തി കൊണ്ട് പരിക്ക് ഉണ്ടാകുവാൻ സാദ്ധ്യതയില്ലെും അവൾ പറഞ്ഞു.

11. രാജേന്ദ്രന്റെ മരണം വയറ്റിൽ കുത്തിയ മുറിവു കൊണ്ടും ആയതൊരു നരഹത്യ ആയിരുവെന്നും പി.ഡബ്ല്യു.4-ന്റെ തെളിവ് എഗ്സിബിറ്റ് പി-3 ഇൻക്വസ്റ്റ് റിപ്പോർട്ടുമായി കൂട്ടിയോജിപ്പിച്ചത് കാണിക്കുന്നു. രാജേന്ദ്രന്റെ കൊലപാതകം നടത്തുന്നതിനായി പ്രസ്തുത പരിക്കുകൾ ഒരു പൊതു ഉദ്ദേശ്യത്തോടെ പ്രതി

നടത്തിയിട്ടുള്ളതായി കീഴ്ക്കോടതി കണ്ടെത്തി. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കോടതി എത്തിച്ചേർന്നിട്ടുള്ള നിഗമനം നീതീകരിക്കാവുന്നതാണോ എന്നതാണ് നാം കണ്ടെത്തേണ്ടത്.

12. നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, പി.ഡബ്ല്യു.1-നേയും പി.ഡബ്ല്യു.5-നേയും സംഭവസാക്ഷികളായി ഉദ്ധരിച്ചു. പി.ഡബ്ല്യു.1-ന്റെ തെളിവിന്റെ കാതലായ ഭാഗം താഴെ പറയും പ്രകാരമാണ്:—

29-1-1996-ന് രാത്രി 7.45-ന് അയാൾ അത്താഴം കഴിച്ചശേഷം അയാളുടെ വീട്ടിൽ ഓട്ടോറിക്ഷാ നിർത്തിയിട്ടതിനുശേഷം വീടിനു പുറത്തേക്കു വന്നതായി പി.ഡബ്ല്യു.1 പറഞ്ഞു. അവിടെ ആ സമയം വൈദ്യുതി ഇല്ലാതിരുന്നതും 8 മണിയോടുകൂടി വിദ്യുച്ഛക്തി വിതരണം പുനഃസ്ഥാപിച്ചിട്ടുള്ളതുമാണ്. അയാൾ പറയുന്നപ്രകാരം, പ്രതി രാജേന്ദ്രന്റെ വീട്ടിലേക്ക് കല്ലെറിയുന്നത് അയാൾ കണ്ടിട്ടുള്ളതും, അയാൾ രാജേന്ദ്രന്റെ വീടിന്റെ മുമ്പിലെത്തിയപ്പോൾ, പ്രതി അയാളുടെ നേരേയും കല്ലെറിഞ്ഞു. പി.ഡബ്ല്യു.1 പ്രതിയോട് അവർ പരിഹസിക്കുകയാണോ എന്ന് ചോദിച്ചു. പ്രതി പരേതന്റെ വീട്ടിലേക്ക് കല്ലെറിയുന്നത് തുടർന്നു കൊണ്ടേയിരുന്നു. ആ സമയം പരേതൻ അയാളുടെ വീടിന്റെ വരാന്തയിൽ വച്ച് പി.ഡബ്ല്യു.4-നും സി.ഡബ്ല്യു.6-നും ട്യൂഷൻ ക്ലാസ്സ് നടത്തുകയായിരുന്നു. രാജേന്ദ്രന്റെ ഭാര്യ വീടിന്നു വെളിയിലേക്കു വരികയും, ആ സമയം പ്രതി ചുറ്റുമതിലിനു മുകളിലേക്ക് ചാടിക്കയറുകയും ചെയ്തു. രാജേന്ദ്രൻ ഒരു ദണ്ഡുമായി പുറത്തു വരികയും പ്രതി ചാടിക്കയറിയ സ്ഥലത്തേക്ക് പോകുകയും ചെയ്തു. പ്രതി കുളത്തിന് സമീപത്തേക്ക് പോകുകയും പെട്ടെന്ന് തിരിച്ചുവരികയും ചെയ്തു. ഒന്നാം പ്രതി തങ്കരാജ് രാജേന്ദ്രനെ മുറുകെപ്പിടിക്കുന്നതും രണ്ടാം പ്രതിയോടു രാജേന്ദ്രനെ കൊല്ലാൻ ആവശ്യപ്പെടുന്നതും അയാൾ കണ്ടുവെന്നതായിരുന്നു അയാളുടെ വിവരണം. (അവനെ കുത്തി കൊല്ലെടാ).

അതിൻപ്രകാരം 2-ാം പ്രതി മൂർച്ചയുള്ള ഒരു കഠാര എടുക്കുകയും രാജേന്ദ്രനെ അയാളുടെ ശരീരത്തിന്റെ വലതു മുകൾഭാഗത്തായി കുത്തുകയും ചെയ്തു. അയാൾ വീണ്ടും കഠാരി പിന്നോട്ടു വലിക്കുകയും രാജേന്ദ്രന്റെ നെഞ്ചിന്റെ ഇടതുഭാഗത്തായി കുത്തുകയും ചെയ്തു. അയാൾ സംഭവ സ്ഥലത്തേക്ക് എത്തിയപ്പോൾ, അയാൾക്ക് നേരെ വാൾ വീശിയെന്ന് അയാൾ കൂടുതലായി വിവരിച്ചു. പിന്നീട് പ്രതി ഓടിപ്പോയി. മറ്റു സാക്ഷികളായ വിക്രമൻ നായരും സുകുമാരനും പ്രേമചന്ദ്രനും ഇല്ലയമ്മയും സംഭവസ്ഥലത്തേക്കു വരികയും അവർ പരിക്കേറ്റയാളെ അയാളുടെ വീട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്തു. അവിടെ അത്യധികം രക്തമൊഴുകുകയും അപ്രകാരം പി.ഡബ്ല്യു.1 ഉദരത്തിനു മുകളിലായി ടവ്വൽ കൊണ്ടു കെട്ടുകയും ചെയ്തു. അയാൾ അയാളുടെ വീട്ടിൽ പോയി അയാളുടെ ഓട്ടോറിക്ഷയുമായി വന്ന് പരിക്കേററ ആളിനെ ആശുപത്രിയിൽ കൊണ്ടുപോയതായി അയാൾ കൂടുതലായി മൊഴി നൽകി. അയാൾക്ക് അത്തരമൊരു നിരുത്സാഹപ്പെടുത്തുന്ന സാഹചര്യം നേരിടേണ്ടി വന്നതിനാൽ, അയാൾക്ക് കൂടുതലായി ഡ്രൈവ് ചെയ്യാൻ കഴിയാതെ വരികയും ഓട്ടോ നേമം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും ചെയ്തു. പോലീസ് ഒരു കാർ വാടകയ്ക്ക് എടുത്ത് പരിക്കേറ്റയാളെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. പരിശോധനയ്ക്കുശേഷം പരിക്കേറ്റയാൾ മരിച്ചതായി ഡോക്ടർമാർ പ്രഖ്യാപിച്ചു.

അയാൾ പറയുന്ന പ്രകാരം, സമീപത്തുള്ള ഇലക്ട്രിക് പോസ്റ്റിലെ ട്യൂബ് ലൈറ്റിന്റെ വെളിച്ചത്തിന്റെ സഹായത്താൽ അയാൾ സംഭവത്തിന് സാക്ഷിയായി. പ്രതി ഒരു ചാന്ദ്നിയുടെ വീട്ടിൽ പോയതായും അവരുമായി വഴക്കിട്ടതായും അയാൾ കൂടുതലായി മൊഴി നൽകി. പരേതനായ രാജേന്ദ്രൻ പ്രതിയെ ശകാരിച്ചതിനാൽ പ്രതി രാജേന്ദ്രനെ കൊലചെയ്തു. അയാൾ ഇരുപ്രതികളേയും കോടതിയിൽ തിരിച്ചറിഞ്ഞു. കുറ്റകൃത്യത്തിനുപയോഗിച്ച കഠാര തിരിച്ചറിയുവാൻ അയാൾക്ക് കഴിയുമെന്നുകൂടി അയാൾ മൊഴി നൽകി. എഗ്സിബിറ്റ് പി-1 പ്രഥമവിവര മൊഴി അയാൾ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ നൽകി. പി.ഡബ്ല്യു.1-ന്റെ തെളിവിൽ കാതലായ യാതൊരു വീഴ്ചകളും വെളിവായിട്ടില്ല.

13. പി.ഡബ്ല്യു.2-നെ ഒരു സ്വതന്ത്ര സാക്ഷിയായി ഉദ്ധരിച്ചു. അയാൾ കെ.റ്റി.ഡി.സി. യിലെ ഒരു സെക്യൂരിറ്റി ഗാർഡായിരുന്നതും 29-1-1996 രാത്രി 8 മണിക്ക് സംഭവം നടത്തിയിട്ടുള്ളതുമാണ്. അയാൾ പറയുന്നപ്രകാരം, അയാൾ ഒരു ബന്ധുവിന്റെ വീട്ടിൽ പോകുകയും തിരികെ അയാളുടെ വീട്ടിലേക്ക് വരികയുമായിരുന്നു. അയാൾ രാജേന്ദ്രന്റെ വീടിനു മുന്നിലെത്തുമ്പോൾ ഒരു ശിവരാജന്റെ പറമ്പിൽ നിന്ന് ഇരു പ്രതികളും രാജേന്ദ്രന്റെ വീട്ടിലേക്ക് കല്ലെറിയുന്നതായി കണ്ടു. രാജേന്ദ്രൻ അയാളുടെ വീട്ടിൽ നിന്നും പുറത്തേക്ക് ഇറങ്ങുകയും റോഡിൽ വന്ന് "ആരാടാ വീട്ടിൽ കല്ലെറിയുന്നത്? എന്ന് ഉറക്കെ ചോദിച്ചു" . ട്യൂബ്ലൈറ്റുള്ള ഒരു ഇലക്ട്രിക് പോസ്റ്റ് അവിടെയുണ്ടായിരുന്നു. ഇരു പ്രതികളും മതിലിൽ കയറുകയും രാജേന്ദ്രന്റെ സമീപത്ത് എത്തുകയും ചെയ്തു. 1-ാം പ്രതി രാജേന്ദ്രനെ മുറുകെപ്പിടിക്കുകയും "കുത്തടാ ഷിബു" എന്ന് പ്രചോദിപ്പിക്കുകയും ചെയ്തു എന്ന് അയാൾ വിവരിച്ചു. ആ സമയം രണ്ടാം പ്രതി രാജേന്ദ്രനെ ഒരു കഠാര കൊണ്ട് അയാളുടെ ഉദരത്തിന് വലത്തായി കുത്തുകയും രാജേന്ദ്രന്റെ നെഞ്ചിന് ഇടതുവശത്തായി വീണ്ടും കുത്തുകയും ചെയ്തു. "അയ്യോ എന്നെ കുത്തിയേ" എന്ന് രാജേന്ദ്രൻ ഉറക്കെ വിളിച്ചുപറഞ്ഞു. അതുകേട്ടുകൊണ്ട്, പി.ഡബ്ല്യു.1-ഉം സുകുമാരനും രാജേന്ദ്രന്റെ അടുത്തെത്തി. അയാൾ പറയുന്ന പ്രകാരം, 2-ാം പ്രതി പി.ഡബ്ല്യു.1-നെ അതേ ആയുധം കൊണ്ട് കുത്താൻ ശ്രമിക്കുകയും, എന്നാൽ അയാൾ അതിനെ അനുനയിപ്പിക്കുകയും ചെയ്തു. പി.ഡബ്ല്യു.2-ഉം മറ്റുള്ളവരും രാജേന്ദ്രനെ അയാളുടെ വീട്ടിലേക്ക് കൊണ്ടുവന്നു. രാജേന്ദ്രന്റെ വയറ്റിൽനിന്നും രക്തം വമിക്കുകയും മുറിവ് ഒരു ടവ്വൽ കൊണ്ട് പൊതിയുകയും ചെയ്തു. പി.ഡബ്ല്യു. 1 അയാളുടെ വീട്ടിൽ പോയി അയാളുടെ ഓട്ടോറിക്ഷ കൊണ്ടുവരികയും പരിക്കേറ്റയാളെ ആശുപത്രിയിൽ കൊണ്ടു പോകുകയും ചെയ്തു എന്നുള്ളതാണ് അയാളുടെ വിവരണം. തെരുവ് വിളക്കിന്റെ സഹായത്താൽ അയാൾ സംഭവം കണ്ടു. അയാൾ പറയുന്ന പ്രകാരം, പ്രതിയെ പരേതൻ ചാന്ദ്നിയുടെ വീട്ടിലേക്ക് കല്ലെറിയുന്നതിൽനിന്നും തടഞ്ഞതുകൊണ്ടാണ് അവർ കുറ്റകൃത്യം നടത്തിയത്. ഇരുപ്രതികളേയും അയാൾ തിരിച്ചറിഞ്ഞു. അയാൾക്ക് കുറ്റകൃത്യത്തിനുപയോഗിച്ച ആയുധവും തിരിച്ചറിയാൻ കഴിഞ്ഞിട്ടുള്ളതായി അയാൾ പറഞ്ഞു. എതിർ വിസ്താരവേളയിൽ, പ്രധാന റോഡിൽനിന്നും 15 അടി അകലെയാണ് രാജേന്ദ്രന്റെ വീട് സ്ഥിതിചെയ്യുന്നതെന്ന് അയാൾ പറഞ്ഞു. പ്രസ്തുത ദിവസം മുട്ടമൂടിലുള്ള ഒരു ബന്ധുവിന്റെ വീട്ടിൽ അയാൾ പോയി. റോഡിന്റെ വടക്കുവശത്തുള്ള വീടിന്റെ മുമ്പിലായി കുറച്ചു ആൾക്കാർ കൂട്ടം കൂടിയിരുന്നതായി അയാൾ

കണ്ടതായുള്ള നിർദ്ദേശം അയാൾ നിഷേധിച്ചു. അയാൾ രാജേന്ദ്രന്റെ വീടിന്റെ മുമ്പിൽ ബസ്സിറങ്ങിയതായി അയാൾ പറഞ്ഞു. സംഭവസ്ഥലത്ത് പ്രസ്തുത സമയത്തുള്ള അയാളുടെ ആരോപിക്കപ്പെട്ട സാന്നിദ്ധ്യത്തെ സംബന്ധിച്ച് പ്രത്യേകിച്ചും, ദീർഘമായി എതിർ വിസ്താരം നടത്തി. എഗ്സിബിറ്റ് ഡി-3-ഉം ഡി-4-ഉം വൈരുദ്ധ്യങ്ങൾ രേഖപ്പെടുത്തി. പരിക്കേറ്റയാളെ ആശുപത്രിയിൽ എത്തിച്ച ആട്ടോറിക്ഷ പി.ഡബ്ല്യൂ.1-ന്റേതായിരുന്നു വെന്നും ഓടിച്ചതയാളാണെന്നും അയാൾ കൂടുതലായി മൊഴി നൽകി. പരിക്കേറ്റയാളെ അയാളും മണിയനും അജിയും ആശുപത്രിയിലെത്തിച്ചു. സിപിഐ (എം) പ്രദേശത്തെ ശക്തമായ രാഷ്ട്രീയ പാർട്ടിയാണെും ആ പ്രദേശത്ത് കേരള കോൺഗ്രസ്സ് അത്രമാത്രം ശക്തമല്ലെന്നും അയാൾ പറഞ്ഞു. പരേതൻ കളരിപ്പയറ്റിൽ പ്രമാണിയായിരുന്നോ എന്ന് പ്രതിഭാഗം സൂചിപ്പിച്ചതിന് അയാൾ അറിയില്ല എന്ന് വാദിച്ചു. രാജേന്ദ്രനെ രക്ഷിക്കണമെന്ന് തോന്നിയെങ്കിലും ഭയം കൊണ്ട് അതിനു ശ്രമിച്ചില്ലെന്ന് അയാൾ പറഞ്ഞു. രാജേന്ദ്രനെ രണ്ടാം പ്രതി കുത്തിയപ്പോൾ പി.ഡബ്ല്യു-1 സ്ഥലത്തെത്തി യതായി അയാൾ കൂട്ടിച്ചേർത്തു. രാജേന്ദ്രനെ ഒന്നാം പ്രതി മുറുകെ പിടിക്കുമ്പോൾ പി.ഡബ്ല്യു-1 അവിടെ എത്തിയിട്ടില്ലെന്ന് അയാൾ സമ്മതിക്കുകയുണ്ടായി. അയാളെ രണ്ടാം പ്രതി എതിർ വിസ്താരം നടത്തുമ്പോൾ കഴിഞ്ഞ 20 വർഷമായി പരേതനേയും അയാളുടെ കുടുംബത്തേയും അറിയുമായിരുന്നെന്ന് അയാൾ സമ്മതിച്ചു. "കുത്തടാ ഷിബു" എന്ന് ഒന്നാം പ്രതി അലറിവിളിച്ചു എന്നുള്ള അയാളുടെ മുൻപുള്ള വിവരണം അയാൾ ഉറപ്പിച്ചു. 2004-ൽ അയാൾ മൊഴി നൽകി. "അയ്യോ എന്നെ കുത്തിയേ" എന്ന് പരേതൻ ഉറക്കെ വിളിച്ചുപറഞ്ഞതായി പോലീസിനോട് അയാൾ പറഞ്ഞിട്ടില്ല എന്നയാൾ സമ്മതിച്ചു. ചാന്ദ്നി രാജേന്ദ്രന്റെ സഹോദരിയാണ്. പ്രസ്തുത ദിവസം രാത്രി 7.30-നും 8-നും ഇടയ്ക്ക് ആ പ്രദേശത്ത് പവ്വർ കട്ട് ആയിരുന്നു. പൊട്ടിയ ഗ്ലാസ്സിൽ വീണതു കൊണ്ടുണ്ടായ പരിക്കുകളാണ് പരേതന് സംഭവിച്ചതെന്ന് രണ്ടാം പ്രതിയുടെ നിർദ്ദേശം അയാൾ വ്യക്തമായി നിഷേധിച്ചു.

14. പി.ഡബ്ല്യു-3 പരേതന്റെ ഇളയ സഹോദരനാണ്. അയാൾ പറയുന്ന പ്രകാരം, രാത്രി 7.30 മണിക്ക് അയാൾ അയാളുടെ കട അടയ്ക്കുകയും കുടുംബ വീട്ടിലേക്ക് വരികയും പൂജാമുറിയിൽ പൂജയ്ക്കുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുകയും ചെയ്തു. ആ സമയം, അയാൾ റോഡിൽ നിന്നും ബഹളം കേട്ടു. ചാന്ദ്നിയുടെ വീട്ടിൽ വലിയ ഒച്ചപ്പാടുണ്ടായി. രാജേന്ദ്രൻ പുറത്തേക്കു വരികയും സ്ഥലത്തു നിന്നും പിന്മാറാൻ ആവശ്യപ്പെടുകയും ചെയ്തു. അയാൾ കുട്ടികൾക്ക് ട്യൂഷൻ എടുക്കുക യായിരുന്നു. കുടുംബവീടിനു മുമ്പിൽ കല്ലെറിയുന്ന ശബ്ദം കേൾക്കുകയും അപ്രകാരം അയാൾ വീടിനു വെളിയിലേക്കു വരികയും ആ സമയം വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു. രാജേന്ദ്രൻ പെരിങ്ങോട്ടു കുളത്തിനുനേരെ പോകുകയും പ്രതി മതിലിനുമുകളിൽ കയറി രാജേന്ദ്രന്റെ അടുത്തെത്തിയതും അയാൾ കണ്ടു എന്നതാണ് അയാളുടെ വിവരണം. പി.ഡബ്ല്യു-3 പറയുന്നതനുസരിച്ച്, ഒന്നാം പ്രതി രാജേന്ദ്രനെ മുറുകെ പ്പിടിക്കുകയും 2-ാം പ്രതിയോട് രാജേന്ദ്രനെ കൊല്ലാൻ വിളിച്ചു പറയുകയും ചെയ്തു. ആ സമയം, 2-ാം പ്രതി മൂർച്ചയേറിയ ഒരു കത്തി വലിച്ചൂരി (വെച്ചുവാ) രാജേന്ദ്രന്റെ വയറിന്റെ വലതുവശത്തായി കുത്തുകയും



GCPT. 5/3304/2019

ചെയ്തു. അയാൾ നെഞ്ചിന്റെ ഇടതു വശത്തായി വീണ്ടും കുത്തി. സാക്ഷികൾ സ്ഥലത്തെത്തിയപ്പോൾ പി.ഡബ്ല്യു.1-നെതിരെ 2-ാം പ്രതി കുറ്റകൃത്യത്തിന് ഉപയോഗിച്ച ആയുധം വീശി. അതിനുശേഷം പ്രതി സംഭവസ്ഥലത്തുനിന്നും ഓടിപ്പോയി. രാജേന്ദ്രനെ അയാളുടെ വീട്ടിലേക്കു കൊണ്ടുപോകുകയും അതിനു ശേഷം പി.ഡബ്ല്യു.1-ന്റെ ഓട്ടോറിക്ഷയിൽ ആശുപത്രിയിലേക്കു കൊണ്ടു പോകുകയും ചെയ്തു. സംഭവസ്ഥലത്തിന് അടുത്തുള്ള തെരുവുവിളക്കിന്റെ സഹായത്താൽ അയാൾ സംഭവം കണ്ടു. അയാൾ കൃത്യസ്ഥലം പോലീസിനെ കാണിക്കുകയും അയാൾ പി 2 സീൻ മഹസ്സറിന്റെ ഒരു സാക്ഷിയുമാണ്. എതിർ വിസ്താര വേളയിൽ, മൊട്ടമൂട് ജംഗ്ഷന് 15 മീറ്റർ പടിഞ്ഞാറാണ് അയാളുടെ കട സ്ഥിതിചെയ്യുന്നതെന്ന് പറഞ്ഞു. അയാൾ രാവിലെ 7 മണിക്ക് അയാളുടെ കട തുറക്കുകയും വൈകുന്നേരം 7.30 മണിക്ക് അടയ്ക്കുകയും ചെയ്യും. കുടുംബവീട്ടിൽ ഒരു കുടുംബക്ഷേത്രമുണ്ട്. പി.ഡബ്ല്യു.3-ന്റെ വീട് കടയ്ക്ക് സമീപം സ്ഥിതിചെയ്യുന്നു. അയാൾ പൂജയ്ക്ക് വേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും അയാളുടെ ഇളയ സഹോദരൻ പൂജ നടത്തുകയും ചെയ്യുന്നു. സംഭവസമയത്ത് രാജേന്ദ്രൻ ഒരു ബെൽറ്റും ലുങ്കിയും ധരിച്ചിരുന്നതും അയാളുടെ മുറിവിൽ നിന്നും ശക്തിയായ രക്തമൊഴുക്ക് ഉണ്ടാകുകയും ചെയ്തു. അയാൾ ബസിൽ ആശുപത്രിയിലേക്കുപോയി. പരേതന് ഒരു നിഞ്ജ (കരാട്ടേ അഭ്യാസികളോടൊപ്പം കാണുന്ന ചെറിയ വാൾ) ഉണ്ടായിരുന്നുവെന്ന നിർദ്ദേശം അയാൾ നിഷേധിച്ചു. കുളത്തിനു സമീപമുള്ള ഗ്ലാസ്സ് ചില്ലുകളിൽ വീണതാണ് രാജേന്ദ്രന്റെ പരിക്കുകളുടെ കാരണമെന്ന നിർദ്ദേശവും അയാൾ നിഷേധിച്ചു.

15. പി.ഡബ്ല്യു-4 രാജേന്ദ്രൻ പഠിപ്പിച്ച ഒരു വിദ്യാർത്ഥി ആയിരുന്നു. അവൾ സംഭവം കണ്ടിട്ടില്ല. എന്നാൽ സംഭവസമയത്ത് പരേതൻ അവൾക്കും സി.ഡബ്ല്യു.6-നും ട്യൂഷൻ ക്ലാസ്സ് എടുക്കുകയായിരുന്നുവെന്ന് അവൾ പറഞ്ഞു. രാത്രി 7.30 മുതൽ ആ പ്രദേശത്ത് വൈദ്യുതി തടസ്സം ഉണ്ടായിരുന്നു. പ്രതി വീടിനു മുന്നിൽ വരുകയും രാജേന്ദ്രനെ അസഭ്യം പറയുകയും ചെയ്തു. അവൾ പറയുന്നപ്രകാരം, രാജേന്ദ്രൻ വീടിനു വെളിയിൽ പോകുകയും തിരിച്ചു വരുകയും ചെയ്തു. അതിനുശേഷം, വീടിനുനേരെ കല്ലേറുണ്ടായി. രാജേന്ദ്രൻ ഒരു ദണ്ഡുമായി വീടിനു പുറത്തേക്കു വന്നു. പുറത്ത് ബഹളം നടക്കുന്നതിനാൽ അവളും സി.ഡബ്ല്യു.6-ഉം വീടിനകത്തേക്കു പോയി. രാജേന്ദ്രൻ വീടിനു പുറത്തേക്കു വന്നപ്പോൾ വൈദ്യുതി പുനഃസ്ഥാപിക്കപ്പെട്ടു. രാജേന്ദ്രൻ കുളത്തിനു നേരെ പോകുകയും കുറച്ചു സമയത്തിനുശേഷം, പി.ഡബ്ല്യു-4 പറയുന്ന പ്രകാരം രാജേന്ദ്രനെ പരിക്കുകളാൽ പി.ഡബ്ല്യു.1-ഉം മറ്റുള്ളവരും വീട്ടിലേക്കു കൊണ്ടുപോകുകയും ചെയ്തു. മുറിവുകളിൽ നിന്നും ശക്തമായി രക്തമൊഴുക്ക് ഉണ്ടാകുകയും അപ്രകാരം മുറിവിനു മുകളിൽ ഒരു ടവ്വൽ കൊണ്ടു പൊതിയുകയും ചെയ്തു. പി.ഡബ്ല്യു-1 ഒരു ഓട്ടോറിക്ഷ കൊണ്ടുവരികയും പ്രസ്തുത ഓട്ടോറിക്ഷായിൽ രാജേന്ദ്രനെ ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. എതിർ വിസ്താര വേളയിൽ, രാജേന്ദ്രന്റെ വീട് പ്രധാന റോഡിൽ നിന്നും 15 മീറ്റർ മാത്രം അകലെയാണെന്ന് അവൾ മൊഴി നൽകി.

16. പി.ഡബ്ല്യു. 5 പരേതന്റെ ഇളയ സഹോദരനാണ്. അയാൾ പറയുന്ന പ്രകാരം, 29-1-1996-ന് രാത്രി ഏകദേശം 8

മണിയോടുകൂടി സംഭവം നടന്നു. അയാൾ പതിവുപോലെ വീട്ടിൽ വരുകയും രാജേന്ദ്രൻ അയാളുടെ കുട്ടികളായ പി.ഡബ്ല്യു.4-നേയും സി.ഡബ്ല്യു.6-നേയും പഠിപ്പിക്കുന്നത് കണ്ടു. അയാൾ കുളിക്കാനായി ഒരു കിണറിനരികിൽ പോയി. അയാൾ മലവിസർജ്ജനത്തിനായി പുറത്തു പോയി തിരിച്ചുവന്നു, എന്നാൽ രാജേന്ദ്രനെ കണ്ടില്ല. അയാൾ റോഡിലേയ്ക്ക് വരുമ്പോൾ 1-ാം പ്രതി രാജേന്ദ്രനെ മുറുകെപ്പിടിക്കുന്നത് അയാൾ കണ്ടു. അയാൾ 2-ാം പ്രതിയുടെ കൈയിൽ ഒരു ദണ്ഡും ഒരു രക്തക്കറ പുരണ്ട കത്തിയും കണ്ടു. അവിടെ പി.ഡബ്ല്യു-1 വിക്രമൻ നായരേയും സുകുമാരനേയും അയാൾ കണ്ടു. അവർ രാജേന്ദ്രനെ വീട്ടിൽ കൊണ്ടുവന്നു. രാജേന്ദ്രനെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. കൃത്യസ്ഥലത്തുവച്ച് തെരുവ് വിളക്കിന്റെ വെളിച്ചത്തിൽ അയാൾ സംഭവം കണ്ടു. എതിർ വിസ്താര വേളയിൽ, അയാൾ അയാളുടെ വീട്ടിൽ എത്തുമ്പോൾ അവിടെ വൈദ്യുതി ഇല്ലായിരുന്നുവെന്ന് അയാൾ മൊഴി നൽകി. റോഡും കുളവും തമ്മിൽ ഏകദേശം 300 മീറ്റർ അകലമേയുള്ളൂ എന്ന് അയാൾ മൊഴി നൽകി. റോഡിനും വഴിയ്ക്കും ഇടയിൽ തെരുവ് വിളക്കില്ല. മതിലിനു സമീപം പ്രധാന വഴിയിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥിതിചെയ്യുന്നു. ട്യൂബ്ലൈറ്റ് ഒരു ചരിഞ്ഞ നിലയിൽ സ്ഥാപിച്ചിരിക്കുന്നു. അനുബന്ധ സാഹചര്യങ്ങളോടൊപ്പം ഒരു പ്രത്യക്ഷമായ പ്രവൃത്തിയുടെ സാഹചര്യത്തെ സംബന്ധിച്ചും അയാൾ മൊഴി നൽകി. അയാളുടെ തെളിവിനെ നിഷേധിക്കുന്ന യാതൊന്നും എതിർ വിസ്താരത്തിൽ വെളിവായിട്ടില്ല.

17. മേൽ സാക്ഷികളുടെ മൊഴികളുടെ ഒരു ആകാംക്ഷാഭരിതമായ സൂക്ഷ്മ പരിശോധന കാണിക്കുന്നത് പ്രതിയുടെ കൈകളാലാണ് പരേതൻ മരണപ്പെട്ടതെന്നാണ്. പ്രതിയുടെ പ്രത്യക്ഷമായ പ്രവൃത്തികൾ പി.ഡബ്ല്യു-1, പി.ഡബ്ല്യു.2-ഉം പി.ഡബ്ല്യു.3-ഉം പി.ഡബ്ല്യു.5-ഉം 4-ഉം അവരുടെ വിവരണം എല്ലാ വസ്തുതാ വിശദാംശങ്ങളും വ്യക്തമായി സംസാരിച്ചിട്ടുണ്ട്. വിചാരണ കോടതി വിധിച്ചിട്ടുള്ളതുപോലെ, വാക്കുകളിലെ ചെറിയ വൈരുദ്ധ്യങ്ങൾക്ക് യാതൊരു ഫലവുമില്ല. പ്രതിയുടെ തിരിച്ചറിയലും ഉച്ചരിച്ച വാക്കുകൾ ഉൾപ്പെടെയുള്ള കൊലയ്ക്കുപയോഗിച്ച മാർഗ്ഗവും സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ ആയുധം വീണ്ടെടുക്കാത്തതിന് അത്രത്തോളം യാതൊരു ഫലവുമില്ല. മാത്രവുമല്ല, ഇരുപ്രതികളേയും ഉടനെ അറസ്റ്റ് ചെയ്തിട്ടില്ല. 1-ഉം 2-ഉം പ്രതികൾ യഥാക്രമം 2006-ലും 2004-ലും കോടതി മുമ്പാകെ കീഴടങ്ങി. തെളിയിക്കപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിൽ പ്രതിഭാഗം കേസ് തെറ്റാണെന്നു തെളിയിക്കപ്പെട്ടു. അവർ ഇരുവരും ഇരയെ പരിക്കേൽപ്പിക്കുന്നതായി സാക്ഷികൾ കണ്ടു. പൊട്ടിയ ഗ്ലാസ്സ് ചില്ലുകളിൽ വീണതുകൊണ്ടാണ് പരേതന് പരിക്കുപറ്റിയതെന്നുള്ള 2-ാം പ്രതിയുടെ കേസ് പി.ഡബ്ല്യു-4 ഡോക്ടറും ദൃക്സാക്ഷികളും നിഷേധിച്ചു. പരേതൻ ഒരു സ്ത്രീലംബടനാണെന്നും അധാർമ്മിക ജീവിതം നയിക്കുന്ന ആളാണെന്നുമെന്നുള്ള വാദം ഇണങ്ങാത്ത വെറും ഒരു ആരോപണവും ആയത് തെളിഞ്ഞിട്ടില്ലാത്തതുമാണ്. അത്തരം സാഹചര്യത്തിൽ, പ്രതിയുടെ കൈകളാലാണ് രാജേന്ദ്രൻ മരണപ്പെട്ടതെന്നുള്ള വിചാരണ കോടതി ജഡ്ജിയുടെ കണ്ടെത്തലുമായി ഞങ്ങൾ യോജിക്കുന്നു. അത്രത്തോളം, വിചാരണ കോടതിയെ ന്യായീകരിക്കാവുന്നതാണ്.

18. പ്രതി പരേതനെ കൊല ചെയ്തിട്ടുണ്ടോ എന്നതാണ് ഏറ്റവും നിർണ്ണായകമായ ചോദ്യം. മുൻപിലുള്ള തെളിവുകൾ പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന വസ്തുതകൾ കൂടി കാണാം:

(i) കോടതിയെ തൃപ്തിപ്പെടുത്തുന്നതിനായി കുറ്റകൃത്യത്തിന്റെ പ്രേരകം പ്രോസിക്യൂഷൻ തെളിയിച്ചിട്ടില്ല.

(ii) രാജേന്ദ്രന്റെ കൊലപാതകത്തിനായി പ്രതിയുടെ ഭാഗത്തുനിന്നും മുൻകൂട്ടിയുള്ള യാതൊരു ആസൂത്രണവും രേഖകളിലെ തെളിവുകൾ കാണിക്കുന്നില്ല.

(iii) പരേതൻ സംഭവസ്ഥലത്ത് ഉപയോഗിക്കപ്പെട്ട ആയുധമായ ഒരു ദണ്ഡുമായി വന്നിട്ടുള്ളതായി തെളിവിൽ കൊണ്ടുവന്നിട്ടുള്ളതാണ്.

(iv) കുറ്റകൃത്യത്തിനുപയോഗിച്ച ആയുധം പ്രോസിക്യൂഷൻ വീണ്ടെടുത്തിട്ടില്ലാത്തതും തെളിയിക്കപ്പെട്ടിട്ടില്ലാത്തതുമാണ്.

(v) പരേതൻ പ്രതിക്കു നേരെ ഒരു ദണ്ഡുമായി പുറത്തുപോയിട്ടുള്ളതും പ്രതി പരേതനെ പരിക്കേൽപ്പിച്ചിട്ടുള്ളതിനുമിടയിൽ ഉള്ള സമയം, അതായത്, ഇടയ്ക്കുള്ള സമയം എന്തു സംഭവിച്ചു എന്നത് പ്രോസിക്യൂഷൻ വെളിച്ചത്തു കൊണ്ടുവന്നില്ല. ഇതിന്റെ ആനുകൂല്യം പ്രതിയ്ക്കു നൽകേണ്ടതാണ്.

19. ഇതിനെ ചുരുക്കുമ്പോൾ, യാതൊരു മുൻകൂട്ടിയുള്ള ആസൂത്രണവുമില്ല. പ്രേരകം പ്രോസിക്യൂഷൻ തെളിയിച്ചിട്ടില്ലാത്തതും, പരേതൻ, ഒരു ദണ്ഡ് ആണെങ്കിലും, നിസ്സംശയമായും ഒരു സംഭവ സ്ഥലത്തേയ്ക്ക് വഹിച്ചു കൊണ്ടുവന്നിട്ടുള്ളതുമാണ്. ഇവയെല്ലാം പരിഗണിക്കുമ്പോൾ, ഞങ്ങളുടെ കാഴ്ചപ്പാടിൽ, നിലവിലെ കേസ് ഐപിസി 302-ാം വകുപ്പിൻകീഴിൽ വരുന്നില്ല. അതിനേക്കാൾ ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ ഭാഗം II 304-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന ഒരു കേസാണിത്.

ഫലത്തിൽ, അപ്പീലുകൾ ഭാഗികമായി അനുവദിച്ചിരിക്കുന്നു. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പ് 302-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻ കീഴിൽ ഇരുപ്രതികൾക്കെതിരെയും വിചാരണ കോടതി പുറപ്പെടുവിച്ചിട്ടുള്ള കുറ്റസ്ഥാപനവും ശിക്ഷയും ഇതിനാൽ അസ്ഥിരപ്പെടുത്തുന്നു. 341-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻ കീഴിലുള്ള കുറ്റസ്ഥാപനവും അസ്ഥിരപ്പെടുത്തുന്നു. ഇരു അപ്പീൽവാദികളും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഭാഗം II 304-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻകീഴിൽ കുറ്റക്കാരാണെന്നു കാണുന്നതും എട്ടു വർഷം കഠിനതടവിനു ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമാണ്. കേസിന്റെ മുമ്പോ പിമ്പോ ഉള്ള ഘട്ടങ്ങളിൽ അവർ ഏതെങ്കിലും തടവിനു വിധേയരായിട്ടുണ്ടെങ്കിൽ പ്രതികൾക്ക് 428-ാം വകുപ്പിൻകീഴിൽ ഇളവിന് അവകാശമുണ്ടായിരിക്കുന്നതാണ്.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ. ഹരിലാൽ

&

ബഹു. ജസ്റ്റിസ് എൻ. നാഗരേഷ്

എ.പി. ശ്രീധരി ശിവരാജും മറ്റുള്ളവരും

Vs

അർജ്ജുൻ രാധാകൃഷ്ണനും മറ്റുള്ളവരും

ആർ.സി. റിവിഷൻ നമ്പർ. 397/2013

2019 മാർച്ച് 18-ന് വിധി കൽപ്പിച്ചത്

## ഉത്തരവിലെ പ്രസക്തഭാഗങ്ങൾ

പുതുതായി ആർജ്ജിച്ച കെട്ടിടം ഒരു സിറ്റിയിലാണെിരിക്കിലും വീട്ടുടമസ്ഥന്, വാടകക്കാരനെതിരെ ഒഴിപ്പിക്കൽ ഉത്തരവ് നേടുന്നതിന് മതിയായ പ്രത്യേക കാരണങ്ങൾ ഉണ്ട്. വീട്ടുടമസ്ഥൻ ഒരു പ്രത്യേക സ്ഥലത്തും കെട്ടിടത്തിലും വസിക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയുന്ന പക്ഷം, അങ്ങനെയുള്ള ആഗ്രഹം സാധാരണ വിവേകത്തിന്റെ മാനദണ്ഡത്തിൽ പരിശോധിക്കാൻ കഴിയില്ല. അത് വ്യക്തികളുടെ താത്പര്യമാണ്, ഈ കേസിൽ വീട്ടുടമസ്ഥന്റേതും.

### ഉത്തരവ്

ജസ്റ്റിസ് എൻ. നാഗരേഷ്.

1. കോഴിക്കോട് വാടക നിയന്ത്രണ കോടതിയുടെ ഫയലുകളിൽ ആർ.സി.പി. നമ്പർ. 27/2009-ലെ എതിർകക്ഷികളും-വാടകക്കാരും കോഴിക്കോട് വാടക നിയന്ത്രണ അപ്പീൽ അധികാരി II-ലെ ആർ.സി.എ. നമ്പർ. 64/2011-ലെ അപ്പീൽ വാദികളുമായ റിവിഷൻ ഹർജിക്കാർ, യഥാക്രമം 3-3-2011-ലെ ഉത്തരവിലും അതേ സംബന്ധിച്ച 26-8-2013-ലെ വിധി ന്യായത്തിലും തർക്കം പുറപ്പെടുവിക്കുന്നു.

2. 1-ാം എതിർകക്ഷി—വീട്ടുടമസ്ഥൻ ആർ.സി.പി നമ്പർ. 27/2009-ലെ ഹർജി കക്ഷിയാണ്. ഹർജി പട്ടിക കെട്ടിടവും സമീപവസ്തുവും തുടക്കത്തിൽ അയാളുടെ അമ്മയുടെ സ്വന്തമായിരുന്നു എന്ന് വീട്ടുടമസ്ഥൻ തർക്കിച്ചു. വാടകക്കാരായ 1 മുതൽ 4 വരെയുള്ള റിവിഷൻ ഹർജിക്കാരെയും ഇവിടത്തെ 2-ാം എതിർകക്ഷിയെയും ഒഴിപ്പിക്കുന്നതിന് വേണ്ടി 5/1986 എന്ന നമ്പർ ആർ.സി.പി. അമ്മ ഫയൽ ചെയ്തു. ആ ആർ.സി.പി. കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) ആക്റ്റിലെ 11(2) (ബി) വകുപ്പിൻകീഴിൽ മാത്രം അനുവദിക്കുകയും മറ്റ് കാരണങ്ങൾ നിരസിക്കുകയും ചെയ്തു. പ്രസ്തുത ആർ.സി.പി. യുമായി ബന്ധപ്പെട്ട വിധിനടത്തിപ്പ് ഹർജി നിലനിൽക്കുമ്പോൾ, അമ്മ 327/2004-ാം നമ്പർ ധനനിശ്ചയാധാരം എഴുതി കൊടുക്കുകയും ഹർജി പട്ടിക വസ്തു, ഇവിടത്തെ 1-ാം എതിർ കക്ഷി-വീട്ടുടമസ്ഥന് കൈമാറുകയും ചെയ്തു.



GCPT. 5/3304/2019

3. അതിനുശേഷം, വീട്ടുടമസ്ഥൻ, അയാൾ യു.എസ്.എ.-യിൽ ജോലിചെയ്തു വരുന്നതായും, യു.എസ്.എ.യിലെ അയാളുടെ ജോലി അയാൾ തുടരുന്നില്ലെന്നും അയാൾ കോഴിക്കോട് സ്ഥിരവാസമാക്കാൻ തീരുമാനിച്ചു എന്നും ഹർജി പട്ടിക കെട്ടിടമല്ലാതെ മറ്റു യാതൊരും വീടും കോഴിക്കോട് അയാൾക്കില്ലെന്നും അതിനാൽ പ്രസ്തുത കെട്ടിടം താമസിക്കുന്നതിനായി സത്യസന്ധമായും അയാൾക്ക് ആവശ്യമാണെന്നും പ്രസ്താവിച്ചു കൊണ്ട് നിലവിലെ ആർ.സി.പി. നമ്പർ. 27/2009 ഫയൽ ചെയ്തു. വീട്ടുടമസ്ഥന്റെ പേരിൽ ഹർജിപട്ടിക വസ്തു കൈമാറിയെന്ന്, വാടകക്കാരെ ഒഴിപ്പിക്കാൻ ഉദ്ദേശിച്ച് കപടമായി പറയുന്നതും, വീട്ടുടമസ്ഥൻ ഇപ്പോഴും യു.എസ്.എ. യിൽ ജോലി ചെയ്യുന്നതും ആ കെട്ടിടം പഴകി പൊളിഞ്ഞ ഒരു കുടിൽ പോലെയാകുന്നതും ആയത് ഹർജികക്ഷിക്കും കുടുംബത്തിനും അവരുടെ താമസത്തിന് ഉപയോഗിക്കാൻ കഴിയില്ല എന്നും വാടകക്കാർ ഹർജി എതിർത്തു കൊണ്ട് പറഞ്ഞു.

4. വീട്ടുടമസ്ഥൻ സ്വയം പി.ഡബ്ല്യു. 1 ആയി വിസ്തരിക്കുകയും എഗ്സിബിറ്റുകൾ എ1 മുതൽ എ6 വരെയുള്ള രേഖകൾ അടയാളപ്പെടുത്തുകയും ചെയ്തു. വാടകക്കാർ ആർ.ഡബ്ല്യു. 1 ആയി വിസ്തരിക്കുകയും എഗ്സിബിറ്റുകൾ ബി1 മുതൽ ബി6 വരെ അടയാളപ്പെടുത്തുകയും ചെയ്തു. വീട്ടുടമസ്ഥൻ ഒരു വീടുൾപ്പെടുന്ന 27.85 സെന്റ് വസ്തു ആർജ്ജിച്ചതായി കാണിക്കുന്ന എഗ്സിബിറ്റ് ബി2 പ്രമാണം വാടകക്കാർ ഹാജരാക്കി. വാടക നിയന്ത്രണ കോടതി, തെളിവുകളുടെ പരിശോധനയിൽ, വീട്ടുടമസ്ഥന് സത്യസന്ധമായും ഹർജി പട്ടിക കെട്ടിടം ആവശ്യമാണെന്ന നിഗമനത്തിലെത്തിച്ചേർന്നു. ആക്റ്റിന്റെ 11 (3)-ാം വകുപ്പിലെ ഒന്നാം ക്ലിപ്ത നിബന്ധന സംബന്ധിച്ച്, ഹർജിപട്ടിക വസ്തു കോഴിക്കോട് കോർപ്പറേഷനുള്ളിലാണെന്നും, എന്നാൽ, വീട്ടുടമസ്ഥന്റെ ഉടമസ്ഥതയിലുള്ള വസ്തു കരുവാറ്റൂർ പഞ്ചായത്തിലാണെന്നും ആയതിനാൽ ഒന്നാം ക്ലിപ്ത നിബന്ധന ബാധകമാക്കാൻ കഴിയില്ല എന്നും വാടക നിയന്ത്രണ കോടതി കണ്ടെത്തി. പ്രസ്തുത എഗ്സിബിറ്റ് ബി2 വസ്തു/കെട്ടിടം വീട്ടുടമസ്ഥൻ വാടകയ്ക്ക് കൊടുത്തിരിക്കുകയും ആയതിനാൽ ആ കെട്ടിടം അയാളുടെ കൈവശത്തിലാണെന്ന് പറയുവാൻ കഴിയില്ലെന്നും വാടക നിയന്ത്രണ കോടതി കൂടുതലായി കണ്ടെത്തി. തദനുസൃതമായി 13 (1)-ാം വകുപ്പിൻകീഴിൽ ഒഴിപ്പിക്കൽ ഉത്തരവ് ലഭിക്കുന്നതിന് വീട്ടുടമസ്ഥന് അർഹതയുണ്ടെന്ന് വാടക നിയന്ത്രണ കോടതി വിധിക്കുകയും 3-3-2011 തീയതിയിലെ ഉത്തരവ് പ്രകാരം അപ്രകാരം ഉത്തരവാകുകയും ചെയ്തു.

5. ആർ.സി.എ. നമ്പർ. 64/2011 ആയി വാടകക്കാർ അപ്പീൽ ഫയൽ ചെയ്തു. അപ്പീൽ കേട്ടതിനുശേഷം, വാടകക്കാർ, എഗ്സിബിറ്റ് ബി2 കെട്ടിടം വാടകയ്ക്ക് കൊടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് വീട്ടുടമസ്ഥനോട് ആരായുന്നതിന് ഐ.എ. നമ്പർ. 2540/2012-ഉം കൂടാതെ, പ്രസ്തുത കെട്ടിടം സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തുന്നതിന് ഒരു അഡ്വക്കേറ്റ് കമ്മീഷണറെ നിയോഗിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഐ.എ. നമ്പർ. 2544/2012-ഉം ഫയൽ ചെയ്തു. വാടക നിയന്ത്രണ അപ്പീൽ അധികാരി, 30-11-2012 തീയതിയിലെ ഉത്തരവ് പ്രകാരം ആർ.സി.എ.-യും അതുപോലെ തന്നെ പ്രസ്തുത ഐ.എ.-കളും തള്ളി. വാടകക്കാർ അതിൻമേൽ ആർ.സി.ആർ. നമ്പർ. 49/2013 ഈ കോടതി മുമ്പാകെ ഫയൽ ചെയ്തു.

6. ഈ കോടതി, വിഷയം പരിശോധിക്കുകയും, വീട്ടുടമസ്ഥന്റെ മറ്റൊരു കെട്ടിടത്തിന്റെ ആർജ്ജനം, വീട്ടുടമസ്ഥന്റെ ആവശ്യത്തിന്റെ സത്യസന്ധതയിൻമേൽ ഏതെങ്കിലും പ്രഭാവം ഉണ്ടായിട്ടുണ്ടോ എന്ന് പ്രശ്നവിഷയം അപ്പീൽ അധികാരിയോ അതേപോലെ തന്നെ വാടക നിയന്ത്രണ കോടതിയോ പരിശോധിച്ചിട്ടില്ലെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. പിൽക്കാലത്ത് ആർജ്ജിച്ച കെട്ടിടത്തിന്റെ സ്ഥാനം, അകലം, കൂടാതെ, മറ്റു സവിശേഷതകളും തെളിവിൽനിന്നും വ്യക്തമല്ലെന്നും, ആയത് ആക്റ്റിന്റെ 11(3)-ാം വകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനയുടെ ബാധകത തീരുമാനിക്കുന്നതിന് അനിവാര്യമാണെന്നും ഈ കോടതി അഭിപ്രായപ്പെട്ടു. പ്രസ്തുത കാര്യം പരിശോധിക്കുന്നതിനായി അതിനാൽ, വിഷയം ഈ കോടതി അപ്പീൽ അധികാരിക്ക് മടക്കി അയച്ചു. 19-3-2013 തീയതിയിലെ വിധിന്യായ പ്രകാരം, വാടകക്കാർ ഫയൽ ചെയ്ത 2540/2012, 2544/2012 എന്നീ ഇടക്കാല അപേക്ഷകളും കൂടി പരിശോധിക്കുന്നതിനും ഈ കോടതി അപ്പീൽ അധികാരിയോട് നിർദ്ദേശിച്ചു.

7. മടക്കിഅയച്ചശേഷം, അപ്പീൽ അധികാരി, പ്രാദേശിക പരിശോധന നടത്താൻ ഒരു കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ, എഗ്സിബിറ്റുകൾ സി 1-ഉം സി2-ഉം റിപ്പോർട്ടുകൾ സമർപ്പിച്ചു. പി.ഡബ്ല്യു. 1-നെ മടക്കിവിളിക്കുകയും അയാൾ കൂടുതൽ തെളിവ് നൽകുകയും ചെയ്തു. വാടകക്കാർ കൂടുതൽ തെളിവ് ഹാജരാക്കിയില്ല.

8. തെളിവിന്റെ വിശകലനത്തിൻമേൽ, ഹർജിപട്ടിക കെട്ടിടവും പിൽക്കാലത്ത് ആർജ്ജിച്ച കെട്ടിടവും ഒരേ ടൗണിനുള്ളിലല്ല എന്ന് വാടക നിയന്ത്രണ അപ്പീൽ അധികാരി അഭിപ്രായപ്പെട്ടു. എന്നാൽ, എഗ്സിബിറ്റ് ബി2 കെട്ടിടം, സാങ്കേതികമായി കോഴിക്കോട് സിറ്റി കോർപ്പറേഷൻ പരിധിക്ക് പുറത്തായി നിലകൊള്ളുന്നു. എന്നിരിക്കിലും ഇരു കെട്ടിടങ്ങളും ഒരേ "സിറ്റി" യിൽ സ്ഥിതിചെയ്യുന്നു എന്നായിരുന്നു അപ്പീൽ അധികാരിയുടെ അഭിപ്രായം.

9. എഗ്സിബിറ്റ് ബി2-ലെ കെട്ടിടം താമസത്തിന് എടുക്കാതിരുന്നത് തെളിയിക്കുന്നതിന് പ്രത്യേക കാരണങ്ങൾ വീട്ടുടമസ്ഥനുണ്ടോ എന്ന പ്രശ്നവിഷയം സംബന്ധിച്ച്, വാടകനിയന്ത്രണ അപ്പീൽ അധികാരി പി.ഡബ്ല്യു. 1 നൽകിയ തെളിവ് അവലംബിച്ചു. എഗ്സിബിറ്റ് ബി2-ലെ കെട്ടിടം ഹർജി പട്ടിക കെട്ടിടത്തിൽനിന്നും 9 കി.മീറ്റർ അകലെയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കുകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, റയിൽവേ സ്റ്റേഷൻ, ഉൾനാട് ബസ് സ്റ്റാന്റ്, മാർക്കറ്റ് മുതലായ അപ്രകാരമുള്ള സുഖസൗകര്യങ്ങൾ വളരെ അടുത്ത് ഉള്ളിടത്താണ് ഹർജിപട്ടിക കെട്ടിടം സ്ഥിതിചെയ്യുന്നത്, കൂടാതെ, എഗ്സിബിറ്റ് ബി2-ലെ കെട്ടിടം സ്ഥിതി ചെയ്യുന്നിടത്ത് സുഖസൗകര്യങ്ങൾ താരതമ്യേന കുറവാണ്. യു.എസ്.എ.-യിൽ വീട്ടുടമസ്ഥനും അയാളുടെ കുടുംബത്തിനും സമാനമായ സുഖസൗകര്യങ്ങൾ അവരുടെ വീടിന് സമീപത്ത് ഉണ്ടായിരുന്നു എന്ന് വീട്ടുടമസ്ഥൻ നൽകിയ തെളിവ് കൂടി അപ്പീൽ അതോറിറ്റി കണക്കിലെടുത്തു. എഗ്സിബിറ്റ് ബി 2-ലെ കെട്ടിടം താമസത്തിന് എടുക്കാതിരുന്നതിന് വീട്ടുടമസ്ഥൻ നൽകിയ വിശദീകരണം സാധുവും വാസ്തവവുമാണെന്നും, 11(3)-ാം വകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ കാണുന്നപോലെ പ്രത്യേക കാരണമാകുന്നു എന്നുമുള്ള നിഗമനത്തിൽ വാടകനിയന്ത്രണ അപ്പീൽ അധികാരി എത്തിച്ചേർന്നു. ഒരു പുതിയ കെട്ടിടം ആർജ്ജിച്ച ശേഷമുള്ള ആവശ്യത്തിന്റെ സത്യസന്ധത തുടർന്നും നിലനിർത്തുന്ന പ്രശ്നം സംബന്ധിച്ച്, പുതിയ കെട്ടിട

ത്തിന്റെ ആർജ്ജനം, വീട്ടുടമസ്ഥന്റെ വസ്തുനിഷ്ഠപരമായ ആവശ്യത്തിന് പൂർണ്ണമായി മങ്ങലേല്പിക്കുന്നില്ല എന്ന് വാടക നിയന്ത്രണ അപ്പീൽ അധികാരി വിധിച്ചു. ഈ ചുറ്റുപാടുകളിൽ, വാടക നിയന്ത്രണ അപ്പീൽ അധികാരി, 26-8-2013-ലെ വിധിന്യായ പ്രകാരം ആർ.സി.എ. നമ്പർ. 64/2011 തള്ളി. വാടകനിയന്ത്രണ അപ്പീൽ അധികാരിയുടെ 26-8-2013-ലെ വിധിന്യായത്തിൽ അതിന്റെ കണ്ടെത്തലുകളിൽ സങ്കടപ്പെട്ടുകൊണ്ട് വാടകക്കാർ റിവിഷൻ ഫയൽ ചെയ്തു.

10. റിവിഷൻ ഹർജിക്കാർക്ക്-വാടകക്കാർക്കുവേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ റ്റി. കൃഷ്ണനുണ്ണി, ഈ കേസിലെ മുൻ ഉത്തരവുകൾ, പ്രത്യേകിച്ച്, ആർ.സി.ആർ. നമ്പർ. 49/2013-ൽ 19-3-2013 തീയതിയിലെ ഈ കോടതിയുടെ വിധിന്യായം ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഈ കോടതി, വാടക നിയന്ത്രണ അപ്പീൽ അധികാരിക്ക് ഈ കേസ് മടക്കിയ ഉദ്ദേശ്യം അത് അവഗണിച്ചു എന്ന മുതിർന്ന അഭിഭാഷകൻ വാദിച്ചു. വീട്ടുടമസ്ഥൻ മുന്നോട്ടുവച്ച സത്യസന്ധമായ ആവശ്യത്തിന്, നടപടികൾ നിലവിലിരിക്കുന്ന കാലയളവിൽ വീട്ടുടമസ്ഥൻ, എഗ്സിബിറ്റ് ബി2 കെട്ടിടം വിലയ്ക്ക് വാങ്ങിയതിനാൽ പൂർണ്ണമായും മങ്ങലേറ്റു. വിദ്വാനായ അഭിഭാഷകൻ, പരമോന്നത കോടതിയുടെ **ഹസ്മത് റായ്-ഉം മറ്റൊരാളും Vs രഘുനാഥ് പ്രസാദ്** [മനു/എസ്സി/0604/1987: എഐആർ 1981 എസ്സി 1711]-ലെ വിധിന്യായം ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു, അതിൽ, വ്യക്തിപരമായ ആവശ്യത്തിന് കൈവശാവകാശം തേടുന്നിടത്ത്, വീട്ടുടമസ്ഥൻ വാദിക്കുന്ന ആവശ്യം, നടപടിയുടെ തീയതിയിൽ മാത്രമല്ല, ഒഴിപ്പിക്കലിന് വേണ്ടിയുള്ള അന്തിമവിധിയോ ഒരു ഉത്തരവോ ഉണ്ടാകുന്നതുവരെ തീർച്ചയായും നിലനിൽക്കും എന്ന് വിധിച്ചു. നിലവിലെ കേസിൽ, വീട്ടുടമസ്ഥൻ, പിൽക്കാലത്ത്, ഒരു പുതിയ വാസഗൃഹം വാങ്ങിയ വസ്തുത, ഹർജി പട്ടിക ഗൃഹപരിസരങ്ങളുടെ ആവശ്യം അയാൾക്ക് ഉടൻ വേണ്ടതായി നിലനിൽക്കുന്നതല്ലെന്ന് സ്ഥാപിക്കുന്നു.

11. ഹർജിപട്ടിക കെട്ടിടം വീട്ടുടമസ്ഥന് കൈമാറുന്നത് വാടകക്കാരെ ഒഴിപ്പിക്കുന്നതിന് മാത്രം ഉദ്ദേശിച്ചാണെന്ന് വിദ്വാനായ അഭിഭാഷകൻ വാദിച്ചു. യു.എസ്.എ.-യിൽ ഒരു സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്ന വീട്ടുടമസ്ഥന്റെ അവസ്ഥയും പദവിയും പരിഗണിക്കുന്നതിന് വാടകനിയന്ത്രണ അപ്പീൽ അധികാരി പരാജയപ്പെട്ടു. അയാൾ, അയാളുടെ കുടുംബാംഗങ്ങളോടൊപ്പം ഇന്ത്യയിലേക്ക് മടങ്ങുമ്പോൾ, ഒരു കുടിൽ പോലെയുള്ളതും 80 വർഷങ്ങളിലധികം പഴക്കമുള്ളതും 6 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ ഹർജിപട്ടിക കെട്ടിടത്തിൽ താമസിക്കുന്നതിന് അയാൾ ഇഷ്ടപ്പെടുമെന്നത് തികച്ചും അവിശ്വസനീയമായതാണ്. വീട്ടുടമസ്ഥൻ പുതിയതായി ആർജ്ജിച്ച കെട്ടിടം 28 സെന്റ് വ്യാപ്തിയുള്ള ഒരു സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ ഇരുനിലകളിലുമുള്ള ഒന്നാകുന്നതാണ്. പ്രസ്തുത വാസഗൃഹം ഹർജിപട്ടിക കെട്ടിടത്തിൽനിന്നും കഷ്ടിച്ച് 9 കിലോമീറ്റർ അകലെയായിട്ടുള്ളതും എല്ലാ ആധുനിക സൗകര്യങ്ങളും അതിന് സമീപം ഉള്ളതുമാണ്.

12. വിദ്വാനായ മുതിർന്ന അഭിഭാഷകൻ പറയുന്നതുപ്രകാരം, കൂടുതൽ അനുയോജ്യവും

വലിപ്പമുള്ളതുമായ ഒരു വാസഗൃഹം അതേ സിറ്റിയുടെ പ്രാന്തപ്രദേശങ്ങളിൽ വീട്ടുടമസ്ഥന്റെ കൈവശമുണ്ടെന്ന് വാടകനിയന്ത്രണ അപ്പീൽ അതോറിറ്റി കണ്ടെത്തിയതിനാൽ, അയാളുടെ ആവശ്യത്തിന്റെ സത്യസന്ധത എന്നതിന്റെ അടിസ്ഥാനം തന്നെ നില നിൽക്കുന്നതല്ലെന്നും 1965-ലെ ആക്റ്റിലെ 11 (3)-ാം വകുപ്പിലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ അനുശാസിക്കുന്നതു പോലെ പ്രത്യേക കാരണങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് പരിഗണിക്കേണ്ട യാതൊരു ആവശ്യകതയുമില്ല. മുതിർന്ന അഭിഭാഷകൻ, പരമോന്നത കോടതിയുടെ ***പശുപുലേതി വെങ്കിടേശ്വർലു*** Vs ***ദി മോട്ടോർ ആന്റ് ജനറൽ ട്രെയ്ഡേഴ്സ്*** [മനു/എസ് സി/0415/1975: (1975) 1 എസ്‌സിസി 770]-ലെ വിധിന്യായം ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു, അതിൽ, വ്യവഹാരം കോടതിയിൽ വന്നതിന്ശേഷം, ഒരു വസ്തുത ഉത്ഭവിക്കുന്ന പക്ഷം, പരിഹാര അവകാശത്തിൻമേലോ അതിന്റെ രൂപപ്പെടുത്തുന്ന രീതിയിലോ ഒരു അടിസ്ഥാനപരമായ സ്വാധീനമുണ്ടെങ്കിൽ അത് ട്രിബ്യൂണലിന്റെ മുമ്പാകെ ശുഷ്കാന്തിയോടെ കൊണ്ടുവരുന്നതും അതിൻമേൽ അതിന്റെ കണ്ണ് ചിമ്മുകയോ പരിഹാര കോടതി വിധിയെ അസംബന്ധമായോ ബാലിശമായോ അവതരിപ്പിക്കുന്ന സംഭവങ്ങളോട് കണ്ണടയ്ക്കുകയോ ചെയ്യാൻ കഴിയുന്നതുമല്ല എന്ന് വിധിച്ചു. ആക്റ്റിന്റെ 11(3)-ാം വകുപ്പിന്റെ അടിസ്ഥാനഘടകങ്ങൾ വാദിക്കുന്നതിലും തെളിയിക്കുന്നതിലും വീട്ടുടമസ്ഥൻ പരാജയപ്പെട്ടു. ഈ കോടതി നിർദ്ദേശിച്ചതുപോലെ, സന്ദർഭോചിതമായ സാഹചര്യങ്ങളിൽ പ്രശ്നവിഷയം വിശകലനം ചെയ്യുന്നതിൽ വാടക നിയന്ത്രണ അപ്പീൽ അധികാരി ദയനീയമായി പരാജയപ്പെട്ടു. അതിനാൽ, വിഷയം വീണ്ടും അപ്പീൽ അധികാരിക്ക് മടക്കിനൽകണമെന്ന് വാടകക്കാരുടെ അഭിഭാഷകൻ തർക്കിച്ചു.

13. വീട്ടുടമസ്ഥന്റെ ആഗ്രഹങ്ങൾ അവഗണിച്ചുകൊണ്ട്, ഒരു വീട്ടുടമസ്ഥൻ ഒരു പ്രത്യേക സ്ഥലത്ത് താമസിക്കണമെന്ന് വാടകക്കാരന് ആജ്ഞാപിക്കാൻ കഴിയില്ല എന്ന് വീട്ടുടമസ്ഥന് വേണ്ടി ഹാജരാകുന്ന വിദുഷിയായ മുതിർന്ന അഭിഭാഷക ശ്രീമതി സുമതി ദണ്ഡപാണി വാദിച്ചു. വാടകക്കാർക്ക് വീട്ടുടമസ്ഥനോട് കെട്ടിടത്തിലെ അയാളുടെ ആവശ്യവും തെരഞ്ഞെടുക്കലും സംബന്ധിച്ച് ആജ്ഞാപിക്കുന്നതിന് സ്വേച്ഛാധിപത്യപരമായ യാതൊരു ഭാവവും സാധ്യമല്ല എന്ന് തർക്കിച്ചുകൊണ്ട്, ഈ കോടതിയുടെ **മാധവാ** Vs **പാത്തുമാബി** [മനു/കെഇ/ 0207/ 2005: 2005 (3) കെഎൽറ്റി 369] ലെയും **ജെറി ജോസഫ്** Vs **സെൽവരാജ്** [മനു/കെഇ 0126/ 2002: 2002 (2) കെഎൽറ്റി 129]-ലെയും വിധിന്യായങ്ങൾ അഭിഭാഷക അവലംബിച്ചു. മുതിർന്ന അഭിഭാഷക പറയുന്നതനുസരിച്ച്, വാടകക്കാർക്കും മെച്ചപ്പെട്ട ഒരു വീട് ഉള്ളതും അവർക്ക് അതിൽ താമസിക്കാൻ കഴിയുന്നതുമാണ്.

14. വീട്ടുടമസ്ഥൻ മറ്റൊരു കെട്ടിടം പിൽക്കാലത്ത് ആർജ്ജിച്ച സംഭവം, വീട്ടുടമസ്ഥൻ ഉയർത്തിക്കാട്ടിയ ആവശ്യത്തെ പൂർണ്ണമായും മങ്ങലേല്പിക്കാത്തതും ഒഴിപ്പിക്കുന്നതിനുള്ള വീട്ടുടമസ്ഥന്റെ അവകാശത്തിൻമേൽ യാതൊരു അടിസ്ഥാനപരമായ സ്വാധീനവും ഇല്ലാത്തതുമാണെന്നും വീട്ടുടമസ്ഥന് വേണ്ടി വാദിച്ചു. വീട്ടുടമസ്ഥൻ വാദിച്ച ആവശ്യത്തിന്റെ സത്യസന്ധത തീരുമാനിക്കുന്നതിനായി, ഹർജിക്ക് ശേഷമുള്ള കാലയളവിലെ എല്ലാ അനന്തര സംഭവ വികാസങ്ങളും കണക്കിലെടുക്കേണ്ടപക്ഷം, ദൗർഭാഗ്യ സാഹചര്യമായ നമ്മുടെ നിയമ വ്യവഹാരത്തിലെ മന്ദഗതി-പ്രക്രിയ സമ്പ്രദായം നിലനിൽക്കുന്നിടത്തോളം ഒരുപക്ഷേ ഇതിനൊരു അവസാനമുണ്ടാകില്ല എന്ന് ഉദ്ബോധിപ്പിച്ചു


GCPT. 5/3304/2019

കൊണ്ട്, വിദുഷിയായ മുതിർന്ന അഭിഭാഷക പരമോന്നത കോടതിയുടെ **ഗയപ്രസാദ് Vs പ്രദീപ് ശ്രീവാസ്തവ** [മനു/എസ് സി/0089/2001: (2001) 2 എസ്‌സിസി 604], **പ്രതാപ് റായ് തൻവാണിയും** മറ്റൊരാളും Vs **ഉത്തംചന്ദും** മറ്റൊരാളും [മനു/എസ്‌സി/0741/2004: (2004) 8 എസ്‌സിസി 490], കൂടാതെ **പുരുഷോത്തം ആന്റ് കമ്പനി ലിമിറ്റഡ് Vs വിമല ബായ് പ്രഭുലാലും മറ്റുള്ളവരും** [മനു/എസ് സി/2480/2005: (2005) 8 എസ്‌സിസി 252] എന്നീ വിധിന്യായങ്ങൾ അവലംബിച്ചു. ഈ വിഷയത്തിൽ കോടതികൾ തികച്ചും പ്രായോഗികമായ ഒരു സമീപനം സ്വീകരിക്കേണ്ടതാണ്. വ്യവഹാരം ആരംഭിച്ച വ്യക്തിക്ക് നിഷ്ക്രിയനായി ഇരിക്കാനോ സംഭവവികാസങ്ങൾ അയാൾക്ക് നിർത്തിവയ്ക്കാനോ സാധിക്കില്ല എന്നത് സത്യമാണ്. അതിനാൽ, നിർണ്ണായക സംഭവം ഒഴിപ്പിക്കലിനായി വ്യവഹാരം ഫയൽ ചെയ്ത തീയതിയായി എടുക്കേണ്ട താണ്, അല്ലെങ്കിൽ പിൽക്കാലത്തെ സംഭവം പരിഹാരത്തിന്റെ കാരണം മാറിയതായ പ്രത്യക്ഷപ്പെടൽ ഉണ്ടാകും എന്ന് വീട്ടുടമസ്ഥനെ പ്രതിനിധീകരിക്കുന്ന മുതിർന്ന അഭിഭാഷക തർക്കിച്ചു.

15. ഞങ്ങൾ വാദപ്രതിവാദരേഖകൾ പരിശോധിക്കുകയും ഇരുഭാഗത്തുനിന്നും ഉയർന്നവാദങ്ങൾ പരിഗണിക്കുകയും ചെയ്തു. വീട്ടുടമസ്ഥന് അതേ സിറ്റിയിലോ ടൗണിലോ വില്ലേജിലോ മറ്റൊരു കെട്ടിടം അയാളുടെ ഉടമസ്ഥതയിൽ അയാളുടെ കൈവശത്തിൽ ഉണ്ടെങ്കിൽ, പ്രത്യേക കാരണങ്ങളാൽ അപ്രകാരം ചെയ്യുന്നത് ന്യായവും ശരിയുമാണെന്ന് വാടക നിയന്ത്രണ കോടതിക്ക് ബോധ്യപ്പെടു ന്നിടത്തൊഴികെ വീട്ടുടമസ്ഥന് വീട് ഒഴിഞ്ഞ് കൊടുക്കുന്നതിന് വാടകക്കാരന് ഒരു നിർദ്ദേശം ഒരു വാടകനിയന്ത്രണ കോടതി നൽകാൻ പാടില്ല എന്ന് 1965-ലെ ആക്റ്റിന്റെ 11(3)-ാം വകുപ്പിലെ ഒന്നാം ക്ലിപ്ത നിബന്ധന പ്രതിപാദിക്കുന്നു. വീട്ടുടമസ്ഥൻ ഉന്നയിച്ച ആവശ്യം, വിപരീതമായ ഏതെങ്കിലും ഘടകങ്ങളുടെ അഭാവത്തിൽ, ആയത് സത്യസന്ധമായ ഒന്നാണെന്ന് കരുതി പരിശോധിക്കേണ്ടതാണ്. [**അമ്മു-കെ. യും മറ്റുള്ളവരും Vs നഫീസയും മറ്റുള്ളവരും** [(മനു/കെഇ/2281/2015: (2015) (4) കെഎൽജെ 762)].

16. നിലവിലെ കേസിൽ, വീട്ടുടമസ്ഥൻ, അയാൾ യു.എസ്.എ-യിൽ ജോലി ചെയ്യുകയാണെും, യു.എസ്.എ-യിലെ അയാളുടെ സേവനം അവസാനിപ്പിച്ച് അയാളുടെ കുടുംബത്തോടൊപ്പം ഇന്ത്യയിലേക്ക് മടങ്ങിവരുന്നതിന് ആഗ്രഹിക്കുന്നു എന്ന് ദൃഢമായി പറയുകയും തെളിയിക്കുകയും ചെയ്തു. മടങ്ങിവരുമ്പോൾ ഹർജ്ജികക്ഷി ഹർജ്ജി പട്ടിക കെട്ടിടത്തിൽ താമസിക്കുന്നതിന് ആഗ്രഹിക്കുകയും ഉദ്ദേശിക്കുകയും ചെയ്യുന്നു. വിദേശത്ത് ജോലിചെയ്യുന്ന ഒരു ഇന്ത്യൻ പൗരന്റെ, ഇന്ത്യയിലേക്ക് മടങ്ങണമെന്നും അയാളുടെ ഉടമസ്ഥത യിലുള്ള സ്ഥലത്തും കെട്ടിടത്തിലും താമസിക്കണമെന്നും ഉള്ള ആഗ്രഹത്തെ സംശയിക്കാൻ കഴിയില്ല.

17. വീട്ടുടമസ്ഥന്, അതേ സിറ്റി, ടൗൺ അല്ലെങ്കിൽ വില്ലേജിൽ അയാളുടെ, ഉടമസ്ഥതയിലും അയാളുടെ കൈവശത്തിലും മറ്റൊരു കെട്ടിടമുണ്ടെങ്കിൽ, 11(3)-ാം വകുപ്പിൻകീഴിലെ ഉത്തരവ് ഒരു വാടകക്കാരന് എതിരായി പുറപ്പെടുവി ക്കേണ്ട ആവശ്യം ഇല്ല. ഈ കേസിൽ, നടപടികൾ നിലനിൽക്കുന്ന കാലയളവിൽ, ഹർജി പട്ടിക വസ്തുവിൽ നിന്നും 9 കിലോമീറ്റർ അകലെ വീട്ടുടമസ്ഥൻ മറ്റൊരു കെട്ടിടം വാങ്ങി. എന്നാൽ, വീട്ടുടമസ്ഥൻ പറയുന്ന പ്രകാരം, അയാൾ ഹർജി പട്ടിക കെട്ടിടത്തിൽ താമസിക്കാൻ ആഗ്രഹിക്കുന്നു.

വീട്ടുടമസ്ഥൻ പറയുന്നതനുസരിച്ച്, പിൽക്കാലത്ത് ആർജ്ജിച്ച കെട്ടിടം വാടകയ്ക്ക് കൊടുത്തിരിക്കുന്നതിനാൽ, ആയത് അയാളുടെ കൈവശത്തിലല്ല. മറ്റൊരു കെട്ടിടം വാങ്ങുന്നതിന് വീട്ടുടമസ്ഥനുള്ള സമ്മർദ്ദം വാടക നിയന്ത്രണ അപ്പീൽ അധികാരി പരിശോധിച്ചു. പുതുതായി ആർജ്ജിച്ച കെട്ടിടം കോഴിക്കോട് കോർപ്പറേഷന്റെ പ്രാദേശികമായ പരിധികൾക്ക് പുറത്താണെങ്കിലും അത് അതേ സിറ്റിയിൽ തന്നെ സ്ഥിതിചെയ്യുന്നു എന്ന നിഗമനത്തിൽ വാടകനിയന്ത്രണ അപ്പീൽ അധികാരി എത്തിച്ചേർന്നു. അത്തരത്തിലെ ഒരു നിഗമനത്തിലെത്തുന്നതിന് വാടക നിയന്ത്രണ അപ്പീൽ അധികാരി "സിറ്റി" എന്ന വാക്കിന് വളരെ വിപുലമായ ഒരു അർത്ഥം നൽകി. വീട്ടുടമസ്ഥന്റെ പുതുതായി ആർജ്ജിച്ച കെട്ടിടം ഒരേ സിറ്റിക്കുള്ളിൽ ആണോ എന്നും "സിറ്റി" എന്ന വാക്കിന് വാടകനിയന്ത്രണ അപ്പീൽ അധികാരി നൽകിയ അർത്ഥം ശരിയാണോ അല്ലയോ എന്നും ഞങ്ങൾ പരിശോധിക്കാൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ കാരണം, പുതുതായി ആർജ്ജിച്ച പ്രസ്തുത കെട്ടിടം ഒരേ സിറ്റിയിലാണെന്നിരിക്കിലും വീട്ടുടമസ്ഥന്, വാടകക്കാരനെതിരെ ഒഴിപ്പിക്കൽ ഉത്തരവ് നേടുന്നതിന് മതിയായ പ്രത്യേക കാരണങ്ങൾ ഉണ്ട്.

18. 19-2-2013 തീയതിയിലെ വിധിന്യായ പ്രകാരം, ഈ കോടതി, കേസ് മടക്കിയശേഷം വീട്ടുടമസ്ഥൻ, പിഡബ്ല്യു1 ആയി കൂടുതൽ തെളിവ് നൽകി. വീട്ടുടമസ്ഥൻ പറയുന്നപ്രകാരം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കുകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, റയിൽവേ സ്റ്റേഷനുകൾ, ഉൾനാട് ബസ് സ്റ്റാന്റ്, മാർക്കറ്റ് തുടങ്ങി അങ്ങനെയുള്ള വിവിധ സുഖസൗകര്യങ്ങൾ ഹർജി പട്ടിക കെട്ടിടത്തിന് വളരെ അടുത്ത് ലഭ്യമാണ്. എഗ്സിബിറ്റ് ബി2-ലെ പിൽക്കാലത്ത് ആർജ്ജിച്ച കെട്ടിടം ഹർജി പട്ടിക വസ്തുവിൽ നിന്നും 9 കിലോമീറ്റർ അകലെയാണ്. ആ പ്രദേശത്തെ സൗകര്യങ്ങൾ ഹർജി പട്ടിക കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശത്തെ അപേക്ഷിച്ച് വളരെ കുറവാണ്. ഈ പ്രത്യേക കാരണം, അയാളും അയാളുടെ കുടുംബവും സമാനമായ സുഖസൗകര്യങ്ങൾ യു.എസ്.എ-യിൽ ആസ്വദിക്കുന്നുവെന്നും അവർ അവരുടെ വീടിന് സമീപം അങ്ങനെയുള്ള സുഖസൗകര്യങ്ങൾ ഇഷ്ടപ്പെടുന്നു എന്നും വീട്ടുടമസ്ഥന്റെ മൊഴിയിൽ ഊന്നിപ്പറഞ്ഞു. വീട്ടുടമസ്ഥൻ ഹാജരാക്കിയ തെളിവിന്റെ അടിസ്ഥാനത്തിൽ, അയാളുടെ ആവശ്യത്തിന്റെ സത്യസന്ധത സാധൂകരിക്കുന്ന അയാളുടെ പ്രത്യേക കാരണങ്ങൾ തെളിയിക്കുന്നതിൽ വീട്ടുടമസ്ഥൻ വിജയം വരിച്ചതായി ഞങ്ങൾ നിരീക്ഷിക്കുന്നു.

19. വാടകക്കാർക്ക് വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ, ഹർജി പട്ടിക സ്ഥലം ചെറിയ അളവിലും കെട്ടിടം കുടിൽ പോലെയുള്ളതാണെന്നും വാദിച്ചു. ഈ വസ്തുതകൾ, വീട്ടുടമസ്ഥന് അത്തരത്തിലെ ഒരു കെട്ടിടത്തിൽ താമസിക്കാൻ കഴിയില്ല എന്നും, അതിനാൽ, വീട്ടുടമസ്ഥന്റെ ആവശ്യം സത്യസന്ധമായ ഒന്നാണെന്ന് പറയാൻ കഴിയില്ല എന്നും വ്യക്തമാക്കും. ആ വാദം ഹൃദയസ്പർശിയായതല്ല. വീടുകൾ ആർജ്ജിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന വ്യക്തികൾ, അവരുടെ താത്പര്യത്തിലുള്ള പ്രത്യേക പ്രദേശത്ത് വീട് ഉണ്ടാകണമെന്ന് താത്പര്യപ്പെടും. ചിലർ തിരക്കേറിയ സിറ്റി പരിധികൾക്കുള്ളിൽ ഹൃദയഭാഗത്ത്

ജീവിക്കാൻ ഇഷ്ടപ്പെടും, എന്നാൽ, ചിലർ വെറിപിടിപ്പിക്കുന്ന സമൂഹത്തിൽ നിന്നും ദൂരെമാറി ജീവിക്കാൻ ഇഷ്ടപ്പെടും. ചിലർ സ്ഥലം കുറവും കെട്ടിടം പഴകിയ താണെന്നിരിക്കിലും സിറ്റി പരിധികൾക്കുള്ളിൽ ജീവിക്കാൻ തിരഞ്ഞെടുക്കും. മറ്റു ചിലർ, വലിയ വിസ്തൃതിയിലുള്ള സ്ഥലത്തും നല്ല കെട്ടിടത്തിലും അതിന്റെ സ്ഥാനം കണക്കിലെടുക്കാതെ ജീവിക്കാൻ തിരഞ്ഞെടുക്കും. അത് വ്യക്തികളുടെ താത്പര്യമാണ്, ഈ കേസിൽ വീട്ടുടമസ്ഥന്റേതും. വീട്ടുടമസ്ഥൻ, അയാൾ ഒരു പ്രത്യേക സ്ഥലത്തും കെട്ടിടത്തിലും വസിക്കാൻ ഉദ്ദേശിക്കുന്നു എന്ന് പറയുന്നപക്ഷം, അങ്ങനെയുള്ള ആഗ്രഹം സാധാരണ വിവേകത്തിന്റെ മാനദണ്ഡത്തിൻമേൽ പരിശോധിക്കാൻ കഴിയില്ല. അത് വ്യക്തികളുടെ ആഗ്രഹത്തെ ആശ്രയിച്ചിരിക്കും. ആഗ്രഹം സത്യസന്ധമാണെന്ന് കണ്ടെത്തുന്ന പക്ഷം, അതിനെ ആദരിക്കേണ്ടതാണ്.

20. ഈ കേസിൽ ഹാജരാക്കിയ തെളിവുകൾ കണക്കിലെടുത്തുകൊണ്ട്, വീട്ടുടമസ്ഥൻ, അയാളുടെ ആവശ്യത്തിന്റെ സത്യസന്ധത നിസ്സന്ദേഹമായി തെളിയിച്ച തായും അയാളുടെ പ്രത്യേക കാരണങ്ങൾ സമർത്ഥിക്കുകയും കൂടി ചെയ്തു എന്നതാണ് ഞങ്ങളുടെ പരിഗണിത വീക്ഷണം. വാടകനിയന്ത്രണ അപ്പീൽ അധികാരി, വീട്ടുടമസ്ഥൻ മുന്നോട്ടുവച്ച പ്രത്യേക കാരണങ്ങൾ ശരിയായി വിവേചിച്ചറിഞ്ഞു. വാടകനിയന്ത്രണ അപ്പീൽ അധികാരിയുടെ കണ്ടെത്തലിൽ യാതൊരു നിയമവിരുദ്ധതയോ ക്രമരാഹിത്യമോ ഇല്ല.

21. ഈ സാഹചര്യങ്ങളിൽ റിവിഷൻ ഹർജിക്കാർ-വാടകക്കാർ ഫയൽ ചെയ്ത വാടകനിയന്ത്രണ റിവിഷൻ യാതൊരു യോഗ്യതയില്ലാത്തതും, അതിനാൽ, അത് തള്ളി.

എന്നിരുന്നാലും, റിവിഷൻ ഹർജിക്കാർക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകന്റെ അഭ്യർത്ഥന കണക്കിലെടുത്തുകൊണ്ട്, 1-ാം എതിർ കക്ഷിക്ക് ഹർജി പട്ടിക കെട്ടിടം ഒഴിഞ്ഞ് കൈവശാവകാശം നൽകുന്നതിന് ഹർജി കക്ഷികൾക്ക് താഴെ പറയുന്ന ഉപാധികളിൻ മേൽ ആറ് മാസത്തെ സമയം നൽകുന്നു:—

(i) ഈ ഉത്തരവിന്റെ ഒരു പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ടാഴ്ചക്കകം, റിവിഷൻ ഹർജിക്കാർ/വാടകക്കാർ, ഇന്നുമുതൽ ആറ് മാസത്തിനകം ഹർജി പട്ടിക കെട്ടിടം അവർ ഒഴിയും എന്ന ഒരു വാഗ്ദാനം പ്രകടിപ്പിച്ചു കൊണ്ട്, അതതു സംഗതി പോലെ, വിധി നടത്തിപ്പ് കോടതിയുടെയോ വാടക നിയന്ത്രണ കോടതിയുടെയോ മുമ്പാകെ ഒരു സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാണ്.

(ii) ഈ ഉത്തരവിന്റെ ഒരു പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം റിവിഷൻ ഹർജിക്കാർ/വാടകക്കാർ, എന്തെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ മുഴുവനായും, അതതുസംഗതിപോലെ, വിധിനടത്തിപ്പ് കോടതിയിലോ വാടകനിയന്ത്രണ കോടതിയിലോ കെട്ടിവയ്ക്കേണ്ടതും, വീഴ്ച വരുത്താതെ വാടക തുടർന്നും നൽകേണ്ടതുമാണ്.

(iii) മേൽപ്പറഞ്ഞ ഏതെങ്കിലും ഉപാധികൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ, ഗൃഹപരിസരം ഒഴിയുന്നതിന് അനുവദിച്ച സമയം സ്വയമേവ അസാധുവാകുന്നതും 1-ാം എതിർകക്ഷിക്ക്/ വീട്ടുടമസ്ഥന് ഒഴിപ്പിക്കൽ ഉത്തരവിന്റെ നടത്തിപ്പുമായി മുന്നോട്ടുപോകാൻ സ്വാതന്ത്ര്യം ഉണ്ടാകുന്നതുമാണ്.

# FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVERBMENT PRESS |
| | Nationality | : | Indian |
| | Address | : | Government Central Press,<br>Mannanthala. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department,<br>Government Secretariat,<br>hiruvananthapuram |
| 5. | Editor's Name | : | Law Secretary |
| | Nationality | : | Indian |
| | Address | : | Law Department,<br>Government Secretariat,<br>Thiruvananthapuram |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | Aravintha Babu, P. K.,<br>Law Secretary,<br>Law Department, Goverrnment of Kerala<br>on behalf of Government of Kerala |

I, Aravintha Babu, P. K hereby declare that the particulars given above are true to the best of my knowledge and belief.

:

Date

(Sd.)
Signature of Publisher.




നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
**www.keralalawsect.org**

നിയമധ്വനി

NIYAMADWANI

TITLE CODE KERMAL-15918

വാല്യം 2

RNI REG. No. KERMAL/2017/74542

ആഗസ്റ്റ് 2019

August 2019

DATE OF PUBLICATION

19-08-2019

ലക്കം 1





Printed by M. G. Sheela, the Superintendent of Government Presses, Thiruvananthapuram

Published by Aravinthababu P. K, Secretary, Law Department, Government Secretariat, Thiruvananthapuram-695 001

On behalf of Govt. of Kerala and printed at Govt. Press, Mannnanthala, Thiruvananthapuram

and published at Law Department, Secretariat, Thiruvananthapuram-695 001, Editor: Aravinthababu P. K.